
രണ്ടാം പതിപ്പ്
പരാജിതരുടെ
സുവിശേഷം
ഡോ. മൈക്കിൽ കാരിമറ്റം
mediahousecalicut.com



# പരാജിതരുടെ
# സുവിശേഷം

ഡോ. മൈക്കിൾ കാരിമറ്റം

കായേൻ മുതൽ യൂദാസ് വരെ, ബൈബിളിൽ അനേകം കഥാപാത്രങ്ങളുണ്ട്; പ്രത്യക്ഷത്തിൽ പരാജയപ്പെട്ടവർ, നീചർ, ദുഷ്ടർ, കൊലപാതകികൾ, വ്യഭിചാരികൾ. ദൈവം നൽകുന്ന രക്ഷയുടെ ചരിത്രം വിവരിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിൽ എന്തേ ഇത്രമാത്രം മ്ലേഛ കഥാപാത്രങ്ങൾ എന്ന ചോദ്യം സ്വാഭാവികമത്രെ. കഥാപാത്രങ്ങൾ മാത്രമല്ല, അനേകം സംഭവങ്ങളും ഒട്ടും മാതൃകാപരമോ ആത്മീയ ഉണർവുനൽകുന്നവയോ അല്ല. കായേന്റെ കൊലപാതകവും നോഹയുടെ മദ്യലഹരിയും നഗ്ന ശയനവും, ലോത്തിന്റെ വഴുതിവീഴലും, ദാവീദിന്റെ വ്യഭിചാരവും പോലെ എത്രയെത്ര പരാജയങ്ങൾ! എന്തെന്തു ഭീകരതകൾ! എന്താണിതിനർത്ഥം? എന്താണ് ഈ വ്യക്തികളിലൂടെയും സംഭവങ്ങളിലൂടെയും ബൈബിൾ പറയാൻ ആഗ്രഹിക്കുന്നത്? എന്ത് വെളിപാടാണ് ഇവയിലൂടെ ദൈവം നൽകുന്നത്? അത് കണ്ടെത്താനുള്ള ഒരു എളിയ ശ്രമമാണ് തിരഞ്ഞെടുത്ത ചില ബൈബിൾ കഥാപാത്രങ്ങളുടെ വിശകലനത്തിലൂടെ നടത്തുന്നത്.




MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004
Ph: 9746077500, 9746440800
email: mediahousecalicut@gmail.com
www.mediahousecalicut.com

MEDIA HOUSE
375/A, Pocket 2,
Mayur Vihar Phase-1, Delhi- 110 091
Ph: 011- 43042096, 09555642600
email: mediahousedelhi@gmail.com
www.mediahouseonline.in

Price ₹ 145/-
ISBN 978-93-85987-25-0

# പരാജിതരുടെ
# സുവിശേഷം

## ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

# പരാജിതരുടെ സുവിശേഷം

ഡോ. മൈക്കിൾ കാരിമറ്റം

mediahousecalicut.com
2016

2016
Malayāḷam
*parājitaruṭe suviśešam*
(Bible Reflections)
Author: Michael Karimattam
Copyright: Author

Layout: M. Sheeja, Media House, Kozhikode
Cover Design: Enter Media, Kozhikode

First Published - September 2013
Second Edition: July 2016

ISBN: 978-93-85987-25-0

Printed by EMBER Society, St. Alphonsa Ashram
Parayanchery, Kuthiravattam - P.O., Kozhikode - 673 016
Ph: +91 9746440700

Distribution Outside Kerala
Media House, Delhi
375-A, Pocket 2
Mayur Vihar Phase-I, Delhi-110 091
Phone: 011- 43042096, 09953484415
E-mail: mediahousedelhi@gmail.com
Website: www.mediahouseonline.in

Published by
Media House, Calicut
Noor Complex, Mavoor Rd.
Kozhikode - 673 004
Ph: +91 9746077500, +91 9746440800
E-mail: mediahousecalicut@gmail.com
Website: www.mediahousecalicut.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| 1. | പരാജയത്തിന്റെ തുടക്കം – *ആദാമും ഹവ്വായും* | 11 |
| 2. | മരണമില്ലാത്ത കൊലയാളി – *കായേൻ* | 17 |
| 3. | മദ്യലഹരി, നഗ്നശയനം – *നോഹ* | 26 |
| 4. | പരാജയത്തിന്റെ പടവുകൾ – *ലോത്ത്* | 35 |
| 5. | കാലിടറുന്ന പുരോഹിതശ്രേഷ്ഠൻ – *അഹറോൻ* | 45 |
| 6. | നരഹത്യയിലെത്തിയ ഭക്തി – *ജെഫ്താ* | 56 |
| 7. | വ്രതഭംഗത്തിലൂടെ പതനം – *സാംസൺ* | 62 |
| 8. | കാഴ്ച മങ്ങിയ പുരോഹിതൻ – *ഏലി* | 68 |
| 9. | കൃപ നഷ്ടപ്പെട്ട രാജാവ് – *സാവൂൾ* | 77 |
| 10. | അനുതാപത്തിന്റെ മാതൃക – *ദാവീദ്* | 87 |
| 11. | പകയും വിദ്വേഷവും വരുത്തിയ ദുരന്തം – *അബ്ശലോം* | 101 |
| 12. | വിജ്ഞാനം വഴിതെറ്റിയ മഹാജ്ഞാനി – *സോളമൻ* | 108 |
| 13. | മുന്നോടിക്കും കാലിടറുന്നോ? – *സ്നാപകയോഹന്നാൻ* | 119 |
| 14. | ഗുരുവിനെ തള്ളിപ്പറഞ്ഞ ശിഷ്യൻ – *പത്രോസ്* | 128 |
| 15. | ഗുരുവിനു വിലയിട്ട ശിഷ്യൻ – *യൂദാസ്* | 140 |
| 16. | കൂട്ടായ്മക്കെതിരേ വഞ്ചന – *അനനിയാസും സഫീറായും* | 155 |

# ആമുഖം

ജയിച്ചവരാണ് ചരിത്രം എഴുതുക. ലോകചരിത്രം തന്നെ വിജയിച്ചവരുടെ ചരിത്രമാണല്ലോ? ഓരോ വ്യക്തിയും ജനതയും താന്താങ്ങളുടെ ചരിത്രം എഴുതുമ്പോൾ കടന്നുപോന്ന വിജയത്തിന്റെ നാഴികക്കല്ലുകളായിരിക്കും മിഴിവോടെ ചിത്രീകരിക്കുക. സ്വന്തം പരാജയങ്ങളെ കഴിയുന്നത്ര മറച്ചുവയ്ക്കാനും, വിശദീകരിച്ചു ന്യായീകരിക്കാനും ശ്രമിച്ചെന്നും വരും. സ്വന്തം പരാജയങ്ങളുടെ ചരിത്രം എഴുതാൻ, എന്നല്ല ഓർമ്മിക്കാൻപോലും അധികമാരും ഇഷ്ടപ്പെടാറില്ല. വിജയികളുടെ ചരിത്രമാണ് ചരിത്രം. ശത്രുക്കളുടെ പരാജയം ആ ചരിത്രത്തിന് മിഴിവു നല്കുന്ന പശ്ചാത്തലം. എങ്ങനെ വിജയിക്കാം എന്നു വിജയിച്ചവരുടെ ചരിത്രം പഠിപ്പിക്കുന്നു. ആ പാഠമാണ് പാഠ്യം; അതാണ് പ്രചോദനവും ശക്തിയും നല്കുക. തോറ്റവരുടെ ചരിത്രം ആർക്കു കേൾക്കണം?

എന്നാൽ ബൈബിളിലേക്കു തിരിയുമ്പോൾ ജയിച്ചവരുടെ മാത്രമല്ല, പല വിധത്തിലും, അതും ദയനീയമായും ചിലപ്പോൾ ഭീകരമായും, പരാജയപ്പെട്ടവരുടെ ഒരുപാടു കഥകൾ കാണാൻ കഴിയും. മൊത്തം വിലയിരുത്തുമ്പോൾ, ബൈബിൾ വിജയിച്ചവരുടെ എന്നതിനേക്കാൾ പരാജയപ്പെട്ടവരുടെ ചരിത്രമാണെന്നു തോന്നും. രണ്ടു കള്ളന്മാരുടെ മധ്യേ പെരുങ്കള്ളനെപ്പോലെ, അല്ലെങ്കിൽ രണ്ടു കലാപകാരികൾക്കു നടുവിൽ കലാപനേതാവിനെപ്പോലെ, കുരിശിൽത്തൂങ്ങി, താഴെ നിന്നവരുടെയും വഴിയേ പോയവരുടെയും നിന്ദനവും പരിഹാ

സവും ഏറ്റുവാങ്ങി, വേദനയുടെയും ദുഃഖത്തിന്റെയും പരകോടിയിൽ നിലവിളിച്ചു മരിച്ച ആ നസ്രായനെക്കാൾ വലിയ പരാജിതൻ ആരുണ്ട്? അവനല്ലേ ബൈബിൾ ചരിത്രത്തിന്റെ കേന്ദ്രബിന്ദു? വെല്ലുവിളിച്ചവരെ നിശ്ശബ്ദരാക്കി കുരിശിൽ നിന്നിറങ്ങി വന്നില്ല. ഒരിക്കലും തന്നെ കൈവിടാതെ കൂടെയുണ്ട് എന്നവകാശപ്പെട്ടിരുന്ന പിതാവിന്റെ പക്കലേക്കു കണ്ണീരോടെ നിലവിളിച്ചു: “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു!” മറുപടി പറയാൻ പിതാവു വന്നില്ല. ഇതിൽപരം എന്തു പരാജയം!

ഇങ്ങനെ നോക്കുമ്പോൾ ബൈബിൾതന്നെ വലിയ പരാജയങ്ങളുടെ കഥ പറയുന്ന പുസ്തകമാണെന്നു തോന്നും. ആഴത്തിലേക്കിറങ്ങുമ്പോഴാകട്ടെ ഈ പരാജയങ്ങൾ തന്നെയാണ് വിജയമെന്നു ബോധ്യമുദിക്കും. പരാജയം എന്നു തോന്നുന്നത് വിജയത്തിന്റെ ചവിട്ടുപടി മാത്രമല്ല, അതുതന്നെയാണ് വിജയം. നിലവിളിച്ചപേക്ഷിച്ചിട്ടും ഇറങ്ങിവരാത്ത പിതാവിന്റെ കൈകളിൽ ജീവൻ സമർപ്പിച്ചുകൊണ്ട് മരിച്ച നസ്രായൻ – അവന്റെ മരണം തന്നെയാണ് മരണത്തിന്മേലുള്ള വിജയം. അതുകൊണ്ടാണല്ലോ പ്രിയശിഷ്യൻ എഴുതിയ സുവിശേഷത്തിൽ കുരിശുമരണത്തെ ഉയർത്തപ്പെടലും മഹത്വീകരണവുമായി ചിത്രീകരിക്കുന്നത്. ഒരേ സംഭവത്തെ, വ്യക്തിയെ, യാഥാർത്ഥ്യത്തെ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണാനാവും. അപ്പോൾ പലതും അപരിചിതവും വേറിട്ടുള്ളതുമായ കാഴ്ചകളായിരിക്കും. ഇപ്രകാരമൊരു വേറിട്ട കാഴ്ചയ്ക്കാണ് ഈ പുസ്തകത്തിൽ ശ്രമിക്കുന്നത്.

കായേൻ മുതൽ യൂദാസ്വരെ, ബൈബിളിൽ അനേകം കഥാപാത്രങ്ങളുണ്ട്; പ്രത്യക്ഷത്തിൽ പരാജയപ്പെട്ടവർ, നീചർ, ദുഷ്ടർ, കൊലപാതകകികൾ, വ്യഭിചാരികൾ. ദൈവം നല്കുന്ന രക്ഷയുടെ ചരിത്രം വിവരിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിൽ എന്തേ ഇത്രമാത്രം മ്ലേഛ കഥാപാത്രങ്ങൾ? മാത്രമല്ല, അനേകം സംഭവങ്ങളും ഒട്ടും മാതൃകാപരമോ ആത്മീയ ഉണർവുനല്കുന്നവയോ അല്ല. കായേന്റെ കൊലപാതകവും നോഹയുടെ മദ്യലഹരിയും നഗ്നശയനവും, ലോത്തിന്റെ വഴുതിവീഴലും, ദാവീദിന്റെ വ്യഭിചാരവും പോലെ എത്രയെത്ര മ്ലേഛതകൾ! എന്താണിതിനർത്ഥം? എന്താണ് ഈ വ്യക്തികളിലൂടെയും സംഭവങ്ങളിലൂടെയും ബൈബിൾ പറയാൻ ആഗ്രഹിക്കുന്നത്? എന്തു വെളിപാടാണ് ഇവയിലൂടെ ദൈവം നല്കുന്നത്?


നന്മയും തിന്മയും തമ്മിലുള്ള സന്ധിയില്ലാ സംഘട്ടനമാണ് ബൈബിൾ അവതരിപ്പിക്കുന്ന ചരിത്രം. അതു നന്മയുടെയോ തിന്മ

യുടെയോ മാത്രം കഥയല്ല. ഒന്നാലോചിച്ചാൽ, തിന്മയുടെ സാന്നിദ്ധ്യമല്ലേ നന്മയുടെ ശോഭ വർദ്ധിപ്പിക്കുന്നത്? രാത്രിയില്ലെങ്കിൽ പകലിന്റെ പ്രാധാന്യം തിരിച്ചറിയാൻ കഴിയുമോ? എപ്പോഴും പകൽ മാത്രമായ ഒരു ജീവിതത്തെ എങ്ങനെ വിഭാവനം ചെയ്യാനാവും? വിശപ്പില്ലെങ്കിൽ ആഹാരത്തിനു രുചിയുണ്ടാകുമോ? കറുത്ത പ്രതലമില്ലെങ്കിൽ വെളുത്ത ചോക്കുകൊണ്ടെഴുതിയാൽ തെളിയുമോ? നമുക്കു പരിചിതമായ ആകാശവും ഭൂമിയും അതിലുള്ള ചരാചരങ്ങളും അവയുടെയെല്ലാം ചരിത്രവും ഇരുളും വെളിച്ചവും മാറിമാറി പ്രതിഫലിപ്പിക്കുന്നു. വിദ്വേഷ ത്തിന്റെ സാന്നിധ്യത്തിലാണ് ക്ഷമയുടെ മഹത്വം ദൃശ്യമാകുന്നത്; മരണത്തിന്റെ സാമീപ്യത്തിലാണ് ജീവന്റെ വില മനസിലാകുന്നത്.

ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ജീവിതത്തിൽ ഇവ രണ്ടും അനിവാര്യമായിരിക്കുന്നു. ഈ ചരിത്രം അതിന്റെ പരിസമാപ്തിയിലെ ത്തുമ്പോൾ പിന്നെ തിന്മ ഉണ്ടായിരിക്കുകയില്ല. വേദനയും ദുഃഖവും, വേർപാടും കണ്ണീരും, മരണവും മുറവിളിയും ഒന്നും ഉണ്ടാവില്ല. ഒരിക്കലും അസ്തമിക്കാത്ത പകൽ, കണ്ണീരണിയാത്ത മിഴികൾ, വേദനിക്കാത്ത മനസ്സുകൾ. അവിടെ പിന്നെ ചരിത്രമില്ല, ചലനമില്ല, ആനന്ദത്തിന്റെ നിശ്ചലനിമിഷമായ നിത്യത. അതുവരെ നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം തുടരും. ആ പോരാട്ടത്തിൽ വിജയികളും പരാജിതരും ഉണ്ടാകും. എന്നാൽ പരാജിതർ എന്നു പ്രത്യക്ഷത്തിൽ തോന്നുന്നവർ യഥാർത്ഥത്തിൽ പരാജിതരാകണം എന്നില്ല; മറിച്ചും. അതേസമയം പരാജിതർക്കും ചില പാഠങ്ങൾ പഠിപ്പിക്കാനുണ്ട്. തിന്മ നിറഞ്ഞതെന്നു തോന്നുന്ന കഥാപാത്രങ്ങളും സംഭവങ്ങളും വഴിയും ബൈബിൾ ചില സുപ്രധാനസന്ദേശങ്ങൾ, ചില അമൂല്യ വെളിപ്പെടുത്ത ലുകൾ നല്കുന്നുണ്ട്.

കായേൻ ഇല്ലായിരുന്നെങ്കിൽ ആബേൽ ഇത്രകണ്ടു ശോഭിക്കു മായിരുന്നോ? ലോത്തിന്റെ പരാജയത്തിന്റെ വെളിച്ചത്തിലല്ലേ അബ്രാഹ ത്തിന്റെ വിശ്വാസവും വിശ്വസ്തയും കൂടുതൽ പ്രോജ്വലിക്കുന്നത്? ഈജിപ്തിലെ ഫറവോ ഇസ്രായേൽക്കാരെ അടിമകളാക്കുകയും വിട്ടയ്ക്കാൻ വിസമ്മതിച്ച് ഹൃദയം കഠിനമാക്കുകയും ചെയ്തില്ലായിരു ന്നെങ്കിൽ വിമോചകനായ യാഹ്വേയുടെ ശക്തിയും കാരുണ്യവും ഇത്രകണ്ട് പ്രകടമാകുമായിരുന്നോ? ആദിമാതാപിതാക്കൾ വഞ്ചിതരാ യില്ലായിരുന്നെങ്കിൽ ഒരു രക്ഷാചരിത്രം തന്നെ ഉണ്ടാകുമായിരു ന്നില്ലല്ലോ. ഒരു പടികൂടി കടന്ന് സാത്താനില്ലെങ്കിൽ പിന്നെ രക്ഷകൻ എന്തിന്? പാപമില്ലെങ്കിൽ പാപമോചനവും രക്ഷയും ആവശ്യമില്ലല്ലോ.

എന്നാൽ ഈ ലോകത്തിന്റെ അവസ്ഥയിൽ ഇതു രണ്ടുമുണ്ട്. അതിനാൽ ദുഷ്ടകഥാപാത്രങ്ങളെന്നും പരാജിതരെന്നും ദുർമാതൃകകൾ എന്നുമൊക്കെ മുദ്രകുത്തി നാം മാറ്റിനിർത്തുന്ന വ്യക്തികൾക്കും എന്തെങ്കിലുമൊക്കെ നമ്മോടു പറയാനുണ്ടാവും. അതിലുപരി, അവരിലൂടെ, അവരുടെ ജീവിതങ്ങളിലൂടെ എന്തെങ്കിലും വെളിപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നുണ്ടാകും. അതു കണ്ടെത്താനുള്ള ഒരു എളിയ ശ്രമമാണ് തിരഞ്ഞെടുത്ത ചില ബൈബിൾ കഥാപാത്രങ്ങളുടെ വിശകലനത്തിലൂടെ നടത്തുന്നത്.



# പരാജയത്തിന്റെ തുടക്കം

## ആദാമും ഹവ്വായും

*''മണ്ണിൽ നിന്നെടുക്കപ്പെട്ട നീ മണ്ണിനോടു ചേരുന്നതുവരെ
നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും.
നീ പൊടിയാണ്; പൊടിയിലേക്കു തന്നെ നീ മടങ്ങും.''* (ഉൽപ 3,19)

പരാജയത്തിന്റെയും പരാജിതരുടെയും വേരുകൾതേടി പോകുമ്പോൾ ചെന്നു നിൽക്കുന്നത് തുടക്കത്തിലാണ് - മനുഷ്യ വർഗ്ഗത്തിന്റെ തന്നെ തുടക്കത്തിൽ; അതും മറ്റെങ്ങുമല്ല, ദൈവിക സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന, എല്ലാവിധ സുഖസന്തോഷ ങ്ങളുടെയും വിളനിലമായ പറുദീസായിൽ. ഒന്നിനും കുറവില്ലാത്ത, ദൈവത്തിന്റെ പ്രതിരൂപമായി, അവികല സൃഷ്ടിയായിട്ടാണ് മനുഷ്യനു ദൈവം രൂപം നല്കിയത്. എല്ലാറ്റിന്റെയും മേൽ ആധിപത്യവും നല്കി. ''നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാല്ക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവ്വ ജീവികളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ'' (ഉൽപ 1,26). ഈ ദൈവിക പദ്ധതിയനുസരിച്ചാണ് ആദിമനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്.

ഏകാന്തത ഉണ്ടാകാതിരിക്കാൻ സ്ത്രീയും പുരുഷനുമായി, ഇണയും തുണയുമായി ദൈവം മനുഷ്യനു രൂപം നല്കി. ഒന്നിനും കുറവില്ലാത്ത, സർവ്വസന്തോഷങ്ങളുടെയും ഇടമായ പറുദീസായിൽ അവരെ കുടിയിരുത്തി. എല്ലാറ്റിന്റെയുംമേൽ ആധിപത്യം നല്കി. പറുദീസായിൽ കൃഷിചെയ്യാനും കാത്തുസൂക്ഷിക്കാനും ഉത്തര വാദിത്വവും ഏല്പിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകി. ഭൂമിയിൽ നിറയാനും അങ്ങനെ ഭൂമി മുഴുവൻ ദൈവിക പ്രതിഛായകളാൽ നിറയ്ക്കാനായി സന്താനപുഷ്ടിയെന്ന അനുഗ്രഹവും നല്കി. ദൈവത്തിന്റെ സാമീപ്യം അവർക്കു സന്തോഷം പകർന്നു; സഹവാസം അവരെ ആനന്ദ പൂരിതരാക്കി. എന്നിട്ടും അരുതാത്തത് സംഭവിച്ചു.

ഏദേൻ തോട്ടത്തിൽ സർവ്വാധികാരം നല്കിയപ്പോഴും ദൈവം ഒന്നു മാറ്റിവച്ചിരുന്നു. തോട്ടത്തിന്റെ നടുവിലുള്ള നന്മതിന്മയുടെ അറിവിന്റെ വൃക്ഷം. – ‘‘അതിൽനിന്നുമാത്രം ഭക്ഷിക്കരുത്. ഭക്ഷിക്കുന്ന ദിവസം നീ മരിക്കും.’’ (ഉൽപ 2,17). പുത്തരിയിൽ കല്ലുകടിക്കുന്ന അനുഭവം? എല്ലാം നല്കിയതിനുശേഷം എന്തിനീ വിലക്ക്? അപ്പോൾ ദൈവം മനഃപൂർവ്വം മനുഷ്യനു കെണിയൊരുക്കുകയായിരുന്നോ? ഒന്നുകിൽ എല്ലാ മരങ്ങളിൽനിന്നും ഭക്ഷിക്കാൻ അനുവദിക്കാമായിരുന്നു; അല്ലെങ്കിൽ ഇങ്ങനെ ഒരു മരം അവിടെ സ്ഥാപിക്കാതിരിക്കാമായിരുന്നു. എങ്കിൽ അതിന്റെ കനി ഭക്ഷിക്കാൻ ആഗ്രഹം ഉദിക്കുമായിരുന്നില്ലല്ലോ? കഥ തുടർന്നു വായിക്കുമ്പോൾ മനുഷ്യന്റെ പരാജയത്തിനു കാരണം ദൈവം തന്നെയാണെന്ന പ്രതീതിയാണുണ്ടാവുക. ചോദ്യം ചെയ്യപ്പെട്ട മനുഷ്യൻ തന്നെ അതു സൂചിപ്പിക്കുന്നുമുണ്ട്. ‘‘നീ എനിക്കു കൂട്ടിനു തന്ന സ്ത്രീ തന്നു, ഞാൻ തിന്നു.’’ (ഉൽപ 3, 12) എന്ന കുറ്റസമ്മത ത്തിൽ ആരോപണത്തിന്റെ ചൂണ്ടുവിരൽ നീളുന്നതു ദൈവത്തിന്റെ നേരെയാണല്ലോ.

വിലക്കപ്പെട്ട കനിയിലാണ് പരാജയത്തിന്റെ തുടക്കം കാണുക. പ്രലോഭകന്റെ ചോദ്യങ്ങൾക്കുമുമ്പിൽ ദൈവകല്പനയെ വിശദമായ വിചിന്തനത്തിനു വിധേയമാക്കിയ ആദ്യമനുഷ്യൻ ഈ കല്പനയിൽ എന്തോ ദുരൂഹതയും നിക്ഷിപ്ത താൽപര്യവുമുണ്ട് എന്നുകണ്ടു. ‘‘നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം’’ (ഉൽപ 3,5). പ്രലോഭകന്റെ ഈ സാക്ഷ്യം ദൈവത്തിന്റെ കല്പനയെക്കാൾ സ്വീകാര്യമായി തോന്നാൻ എന്താണു കാരണം?

വിലക്കപ്പെട്ടതിന്റെ ആകർഷണം ശക്തമായിരുന്നു. പഞ്ചേന്ദ്രിയങ്ങളും ഭാവനയും ചിന്തയുമടക്കം മനുഷ്യന്റെ സകല കഴിവുകളെയും അത് ആകർഷിച്ചു. ആസ്വാദ്യമാണ്; കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവുമായി അനുഭവപ്പെട്ടു. സ്ത്രീയാണ് പ്രലോഭനത്തിനു വശംവദയാവുന്നത് എന്നതിനു പ്രത്യേക പ്രാധാന്യമുണ്ടോ? ഇരുവരും ഉൾപ്പെടുന്നതാണ് സംഭവം. ഏറ്റം അധികമായി ശ്രദ്ധ ഊന്നുന്നത് ദൈവതുല്യരാക്കുന്ന അറിവ് എന്ന പ്രമേയത്തിലാണ്.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണവർ. ദൈവത്തിന്റെ തന്നെ മുഖഛായയാണവർ വഹിക്കുന്നത്. സൃഷ്ടവസ്തുക്കൾ മുഴുവന്റെമേലും ആധിപത്യവും അവർക്കുണ്ട്. എന്നിട്ടും എന്തോ ഒരു കുറവ്. അവിടെയാണ് പ്രലോഭനം കേന്ദ്രീകരിക്കുന്നത്. ദൈവതുല്യനാക്കുന്ന അറിവ്. പ്രതിഛായ എന്നാൽ പ്രതിനിധി എന്നാണർത്ഥം. അതുപോരാ; പ്രതിനിധി ഉടമസ്ഥനല്ല, കാര്യസ്ഥനാണ്. അതു കുറവായി കാണുന്ന മനുഷ്യന്റെ ഉള്ളിൽ ദൈവമാകാനുള്ള തൃഷ്ണ ഉടലെടുത്തു. ദൈവകല്പനയെ ലംഘിച്ചാലേ തന്റെ സ്വാതന്ത്ര്യം സ്ഥാപിക്കാൻ കഴിയൂ എന്ന വിചാരം ശക്തമായി. ഈ കനി ഭക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന അറിവ് തന്റെ പരമ നന്മയായി മനുഷ്യനു തോന്നി. അതു കിട്ടാത്തിടത്തോളംകാലം തനിക്കുള്ളതെല്ലാം വ്യർത്ഥവും ശൂന്യവുമായി അനുഭവപ്പെട്ടു.

പരിധിയില്ലാത്ത സ്വാതന്ത്ര്യം! ഞാൻ എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു നിശ്ചയിക്കുന്നത് ഞാൻ മാത്രം. എന്നോടു കല്പിക്കാൻ ആരെയും ഞാൻ അനുവദിക്കുകയില്ല. എന്റെ ഇഷ്ടം പ്രമാണം. എനിക്കു ഞാൻ തന്നെ നിയമം. നന്മയും തിന്മയും ഞാൻ നിശ്ചയിക്കുന്നത്. ഇതാണ് പരമമായ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം ഇല്ലാത്തിടത്തോളം കാലം ഞാൻ പൂർണ്ണനല്ല, പരതന്ത്രനാണ് എന്ന അവബോധം ശക്തമായി. ഈ ചിന്തകൾ പ്രലോഭനങ്ങളും തിന്മയിലേക്കു നയിക്കുന്നതുമാണെന്നു കരുതിയില്ല. മനുഷ്യന്റെ ശാരീരികവും മാനസികവും ബൗദ്ധികവുമായ സകല കഴിവുകളും കല്പനാലംഘനത്തിലൂടെ ലഭിക്കുമെന്നു കരുതുന്ന പരമമായ സ്വാതന്ത്ര്യത്തിലും സന്തോഷത്തിലും ഉടക്കിയപ്പോൾ മറ്റെല്ലാം ദൃഷ്ടിപഥത്തിൽ നിന്നു മറഞ്ഞു. ദൈവത്തിന്റെ സ്നേഹവും നന്മയും മറന്നു; അവിടുത്തെ കരുണയും കരുതലും മറന്നു. താൻതന്നെ ദൈവത്തിന്റെ സൃഷ്ടിയും ദാനവും ആണെന്ന സത്യവും മറന്നു. ദൈവത്തെ എതിരാളിയും അസൂയാലുവും

ശത്രുവുമായി ചിത്രീകരിക്കാൻ ഈ മാനസികാവസ്ഥ പ്രേരിപ്പിച്ചു. പ്രേരണ വന്നത് പുറമെയുള്ള തിന്മയുടെ ശക്തിയിൽ നിന്നാണെന്നു പറയുമ്പോഴും അതിന്റെ പേരിൽ ഉണ്ടാകുന്ന സംഘർഷവും സംഘട്ട നവും മനുഷ്യന്റെ ഉള്ളിൽ തന്നെയാണ് നടക്കുക.

"അവൾ അതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു അവനും തിന്നു." (ഉൽപ 3,6). വളരെ ലളിതമായ വാക്കുകളിൽ അതിഭീകരമായ ഒരു പതനത്തിന്റെ ചിത്രം വരച്ചിരിക്കുന്നു. അതോടെ എല്ലാം മാറുകയായി. കണ്ണുകൾ തുറന്നവർ തങ്ങളുടെ നഗ്നത കണ്ടു ലജ്ജിച്ചു. കല്പനയുടെ ലംഘനത്തിനുമുമ്പ് അവർ നഗ്നരായി രുന്നെങ്കിലും ലജ്ജ ഉണ്ടായിരുന്നില്ല (ഉൽപ 2,25). ആദ്യത്തെ അറിവ് തങ്ങളുടെ നഗ്നതയെക്കുറിച്ചാണ്. ദൈവകൃപയാൽ കവചിത രായിരുന്നവർക്ക് ആ വെണ്മയുടെ ഉടയാട നഷ്ടപ്പെട്ടു. നഗ്നതാ ബോധവും ലജ്ജയും അകല്ചയുടെ തുടക്കം കുറിച്ചു. നഗ്നത മറയ്ക്കാൻ അത്തിയിലകൾ കൂട്ടിത്തുന്നിയുള്ള വൃഥാശ്രമത്തിൽ പരാജിതരായവർ ഒളിക്കാൻ ശ്രമിച്ചു. കൂടെ നടന്ന, കൂട്ടിനുവരുന്ന ദൈവത്തിൽനിന്ന്, പ്രപഞ്ചത്തിൽനിന്ന്, തന്നിൽനിന്നുതന്നെ ഒളിക്കാനുള്ള ശ്രമവും പരാജയപ്പെടുകയായി. ഈ പരാജയത്തിന്റെ പടുകുഴിയിൽ നിന്നാണ് മാനവചരിത്രം ആരംഭിക്കുന്നത്.

ദൈവകല്പന ധിക്കരിച്ചവർക്കു ദൈവികസാന്നിദ്ധ്യം ഭയജന കമായി, നഷ്ടമായി. ഐക്യത്തിന്റെ പ്രതീകമായ പറുദീസായും നഷ്ട പ്പെട്ടു. മനുഷ്യജീവിതം, നമുക്കു പരിചിതമായ ജീവിതം, ഭൂമിയിൽ ആരംഭിച്ചു. ദൈവം ശിക്ഷിച്ചു പുറത്താക്കി എന്നതിനേക്കാൾ ആദിമനു ഷ്യന്റെ തീരുമാനം തന്നെ അവനെ ദൈവികമേഖലയ്ക്കു പുറത്താക്കി എന്നു പറയുന്നതാവും ബൈബിൾ നല്കുന്ന വിവരണത്തിന്റെ ശരിയായ വ്യാഖ്യാനം. കാരണം വിചാരണയും വിധിയും നടക്കുന്നതിനു മുമ്പുതന്നെ അവർക്ക് എല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. വിശദമായി വിവരിക്കുന്ന വിധിവാചകം മനുഷ്യന്റെ അനുസരണക്കേടുമൂലം സംജാതമായ പുതിയ അവസ്ഥയുടെ വ്യാഖ്യാനവും സ്ഥിരീകരണവും മാത്രമാണ്.

പരാജയത്തിലാണ് തുടക്കം; ദൈവകല്പനയുടെ ലംഘനമാ യിരുന്നു പരാജയത്തിനു കാരണം. എന്നാൽ ഈ പരാജയം അവസാന മല്ല, ആരംഭമാണ്. മനുഷ്യന്റെ സ്വഭാവവും പരിതോവസ്തകളും നിർണ്ണയിച്ചത് ഈ നിയമ ലംഘനമല്ലേ? ആദിമനുഷ്യൻ കല്പന ലംഘിക്കാതിരുന്നെങ്കിൽ ഇപ്രകാരമൊരു മനുഷ്യസമൂഹവും


മനുഷ്യചരിത്രവും, അതിന് അർത്ഥവും ലക്ഷ്യവും നല്കുന്ന രക്ഷാ ചരിത്രവും ഉണ്ടാകുമായിരുന്നില്ലല്ലോ? തങ്ങളുടെ ആദിമനിഷ്ക്ക ളങ്കതയിൽ അവർ ദൈവത്തോടൊന്നിച്ചു കഴിയുമായിരുന്നു. എന്നാൽ അതായിരുന്നില്ല ദൈവികപദ്ധതി. മനുഷ്യരക്ഷകനായി അവതരിച്ച ദൈവപുത്രന്റെ ഛായയും സാദൃശ്യവുമായിരുന്നു ആദിമനുഷ്യൻ വഹിച്ചത്. "ഇപ്രകാരമൊരു രക്ഷകനെ ഞങ്ങൾക്കു നല്കിയ ഭാഗ്യപ്പെട്ട പാപമേ " എന്ന് വി. ആഗസ്തിനോസ് ഉദ്ഘോഷിക്കുന്നത് ഇവിടെ ശ്രദ്ധേയമത്രെ. പറുദീസായിലെ അറിവിന്റെ വൃക്ഷം ഗാഗുൽത്തായിലെ ജീവന്റെ വൃക്ഷത്തിലേക്കു വിരൽ ചൂണ്ടി നിൽക്കുന്നു.

മനുഷ്യസ്വഭാവത്തിന്റെ, ദൈവിക വെളിപാടിന്റെ വെളിച്ചത്തി ലുള്ള, വിശദീകരണമാണ് മനുഷ്യസൃഷ്ടിയുടെയും പതനത്തിന്റെയും വിവരണത്തിൽ കാണുന്നത്. പ്രലോഭനവും പതനവും, പാപവും, ശിക്ഷ യുമെല്ലാം ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു എന്നതിനു രക്ഷാചരിത്രം സാക്ഷി. പറുദീസായിൽ സംഭവിച്ചത് വലിയൊരു പരാജയമായിരുന്നു; എല്ലാ പരാജയങ്ങളുടെയും തുടക്കമായിരുന്നു. എന്നാൽ അതു പരാജയം മാത്രമായിരുന്നില്ല, രക്ഷാചരിത്രത്തിനു തുടക്കം കുറിക്കുന്ന അനുഗൃഹീതമായൊരു സംഭവമായിരുന്നു. വീഴ്ച കളും ഇടർച്ചകളും അവയിൽത്തന്നെ നല്ലതെന്ന് ആരും പറയുകയില്ല. എന്നാൽ അവയിലും നന്മയിലേക്കു മുളപൊട്ടി വളരാവുന്ന ദൈവിക പദ്ധതിയുടെ ബീജം ഒളിച്ചിരിക്കുന്നുണ്ട്. ദൈവം പാപം ആഗ്രഹി ക്കുന്നില്ല, എന്നാൽ അനുവദിക്കുന്നു. പാപത്തിൽനിന്നും നന്മ പുറപ്പെടു വിക്കാൻ അവിടുത്തേക്കു കഴിയും. "ഒരു മനുഷ്യന്റെ അനുസരണ ക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും......... പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു" (റോമാ 5,19-20).

അറിവിന്റെ കനിതിന്ന് ദൈവതുല്യനാകാൻ ശ്രമിച്ചവന് പറുദീസാ നഷ്ടമായി. മണ്ണിൽ നിന്നെടുക്കപ്പെട്ടവനെ മണ്ണിനോടു മല്ലിടാനും അവസാനം മണ്ണായിത്തീരാനും ദൈവം അയച്ചു - ഭൂമി യിലേക്ക്. എന്നാൽ മനുഷ്യന്റെ ഭൂമിയിലെ ചരിത്രം പരാജയത്തിന്റെ മാത്രം ചരിത്രമല്ലല്ലോ. ഒരു മനുഷ്യൻ മരിച്ചു മണ്ണടിയുമ്പോൾ അവന്റെ സന്തതിയായി മറ്റൊരു മനുഷ്യൻ ഭൂമിയിൽ വളരുന്നു. അങ്ങനെ ചരിത്രം തുടർന്നുപോകുന്നു. ആത്യന്തികമായി എല്ലാ പരാജയങ്ങളെയും പരാജയപ്പെടുത്തി നിത്യമായി ജീവിക്കാൻ, നഷ്ടപ്പെട്ട പറുദീസായിൽ വീണ്ടും പ്രവേശിക്കാൻ കഴിയും എന്ന ദൈവത്തിന്റെ വാഗ്ദാനം

പ്രവചനരൂപത്തിൽ (ഉൽപ 3,15) സ്വീകരിച്ചുകൊണ്ടാണല്ലോ ആദ്യ മനുഷ്യൻ പറുദീസായുടെ പടിയിറങ്ങിയത്.

ആത്യന്തികമായ ഈ വിജയം ദൈവം തന്നെയാണ് മനുഷ്യനു സാധ്യമാക്കുക. അതിനുവേണ്ടി ദൈവം അവനോടു കൂടെയുണ്ടാകും – പറുദീസായ്ക്കു പുറത്ത്. മനുഷ്യന്റെ എല്ലാ പാപങ്ങളും പരാജയങ്ങളും സ്വന്തം ചുമലിൽ ഏറ്റുവാങ്ങി, പരാജയത്തിന്റെ മൂർത്തഭാവമായി കുരിശിൽ മരിച്ചവൻ സകല പരാജിതർക്കും പ്രത്യാശ നൽകുന്നു; എല്ലാ പരാജയങ്ങളെയും വിജയങ്ങളാക്കി മാറ്റുന്നു. ആദിമനുഷ്യന്റെ പരാജയമാണ് ദൈവം തന്നെ നേടിയ ഈ ആത്യന്തിക വിജയത്തിലേക്കുള്ള വഴി തുറന്നത്. അതിനാൽ പരാജയപ്പെടുമ്പോൾ നിരാശ വേണ്ടാ; പ്രത്യാശയോടെ ജീവിതത്തെ നേരിടണം. കാരണം ആ പരാജയത്തിനുള്ളിൽത്തന്നെ വിജയത്തിന്റെ തുടക്കമുണ്ട്.




# മരണമില്ലാത്ത കൊലയാളി

## കായേൻ

*''ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെമേൽ ഒരടയാളം പതിച്ചു''* (ഉൽപ 4,15).

രക്തത്തിൽ കുതിർന്നതാണ് മാനവചരിത്രം. ആ ചരിത്രത്തിന്റെ പെരുവഴികളിൽ മനുഷ്യരക്തം തളം കെട്ടിക്കിടക്കുന്നു. അതിന്റെ ഇടനാഴികളിൽനിന്ന് ആരവമുയർന്നു- ശത്രുക്കളുടെ ആക്രോശം, കൊല്ലുന്നവന്റെ അട്ടഹാസം; ചാകുന്നവന്റെ നിലവിളി; മുറിവേറ്റവന്റെ ദീനരോദനം. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ ദൃശ്യങ്ങൾ, ആരവങ്ങൾ. അതിനു മനുഷ്യവർഗ്ഗത്തോളംതന്നെ പഴക്കമുണ്ട്. പരാജിതരുടെ പട്ടികയിൽ രണ്ടാമതുപേർ ചേർക്കാവുന്ന കായേൻവരെ നീളുന്നു ആ ചരിത്രം.

കായേനെ എല്ലാവർക്കും അറിയാം. സഹോദരനെ കൊന്നവൻ. എല്ലാ കൊലപാതകികളുടെയും കുലപതി; സകല അക്രമികളുടെയും പര്യായം. ഒരിക്കലും അനുകരിക്കരുതാത്ത ദുർമ്മാതൃക ആയിട്ടാണ് സ്നേഹത്തിന്റെ അപ്പസ്തോലനായ യോഹന്നാൻ അയാളെ

ചിത്രീകരിക്കുന്നത് (1 യോഹ 3,12). ചരിക്കരുതാത്ത മാർഗ്ഗത്തെ ''കായേന്റെ മാർഗ്ഗം'' എന്നു യൂദായുടെ ലേഖനം (യൂദാ 11) വിശേഷിപ്പിക്കുന്നു. ഭൂമിയിൽ ചൊരിയപ്പെട്ട മനുഷ്യരക്തത്തിന്റെ മുഴുവൻ ഭാരം അയാളുടെ മേൽ ചുമത്തപ്പെടുന്നതായി തോന്നും. എന്തേ ഇങ്ങനെ സംഭവിക്കാൻ? യഥാർത്ഥത്തിൽ ആരാണ് കായേൻ? എന്താണ് അയാളുടെ കഥയിലൂടെ ബൈബിൾ നല്കുന്ന സന്ദേശം?

കർത്താവു വധശിക്ഷ വിധിച്ചപ്പോൾ അതിനെ മറികടക്കാനെന്നോണം ആദാം തന്റെ സഖിയെ ഹവ്വാ എന്നു വിളിച്ചു. ജീവനുള്ളവരുടെയെല്ലാം മാതാവ് എന്നു ബൈബിൾതന്നെ പേരിന്റെ അർത്ഥം പറഞ്ഞുതരുന്നു (ഉൽപ 3,19-20). പുതുതലമുറയുടെ ജനനത്തിലൂടെ മരണത്തെ മറി കടക്കാനാവും എന്നാണോ ഈ പേരിടീൽ അർത്ഥമാക്കുന്നത്? മരണത്തിന്റെ നിഴൽ ചക്രവാളത്തിൽ പതിയുമ്പോഴും ജീവന്റെ ബീജം ഉള്ളിൽ സൂക്ഷിക്കുന്നവളാണ് സ്ത്രീ. അവളിലൂടെയാണ് മനുഷ്യവർഗ്ഗം നിലനിൽക്കുന്നത്. തന്റെ ആദ്യജാതനെ കാണുമ്പോൾ ആദിമാതാവ് ഈ സത്യം ഏറ്റുപറയുന്നുണ്ട്: ''കർത്താവു കടാക്ഷിച്ച് എനിക്കൊരു പുത്രനെ ലഭിച്ചിരിക്കുന്നു'' (ഉൽപ 4,1). ''കർത്താവിന്റെ ദാനം'' എന്ന അർത്ഥത്തിലാണ് അവൾ കുഞ്ഞിനെ കായേൻ എന്നു വിളിച്ചത്. ''ഖാനാ'' എന്ന ഹീബ്രുവാക്കിൽ നിന്നാണ് കായേൻ എന്ന പേരിന്റെ ഉത്ഭവം. സമ്പാദിക്കുക, സ്വീകരിക്കുക എന്നൊക്കെയാണ് ക്രിയാധാതുവിനർത്ഥം.

ദൈവത്തിന്റെ സഹായത്താൽ ദാനമായി ലഭിച്ച ജീവന്റെ നാമ്പിനെ അവർ സ്വന്തം ജീവനേക്കാൾ വില മതിച്ചു, താലോലിച്ചു, പോറ്റിവളർത്തി. അനുജൻ ആബേലുംകൂടെ ആയപ്പോൾ കുടുംബം പൂർത്തിയായി. പറുദീസായ്ക്കു പുറത്ത് കുടുംബമെന്ന പറുദീസാ അവർക്കു ലഭ്യമായി. മക്കൾ രണ്ടുപേരും അധ്വാനശീലരും ദൈവവിശ്വാസവും ദൈവഭയവും ഉള്ള ഭക്തരുമായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ രണ്ടുപേരും ശ്രമിച്ചിരുന്നു. എന്നിട്ടും എന്തേ അതു സംഭവിച്ചു? അനുജനെ തന്റെ വയലിലേക്കു വിളിച്ചുകൊണ്ടുപോയി കൊന്നുകളയാൻ എന്തു കാരണമുണ്ടായി? എന്തിന്റെ കുറവായിട്ടാണ് ഈ ക്രൂരകൃത്യം? ദൈവത്തിന്റെ ദാനമായി ലഭിച്ചവൻ, ജീവന്റെ തിരിനാളം പിൻതലമുറയ്ക്കു കൈമാറി മനുഷ്യവർഗ്ഗത്തെ നിലനിർത്തേണ്ടവൻ എന്തേ സ്വന്തം സഹോദരന്റെ ജീവനാളം തല്ലിക്കെടുത്തി?

ഒരു ബലിയർപ്പണത്തെ തുടർന്നാണ് ആദ്യത്തെ കൊലപാതകം നടന്നത് എന്നു വിശുദ്ധഗ്രന്ഥകാരൻ പറയുമ്പോൾ അതിന് അളക്കാനാ

വാത്ത ആഴമുണ്ട്. ഒരേ ദൈവത്തിൽ വിശ്വസിക്കുന്ന രണ്ടു ഭക്തർ; ദൈവപ്രീതിക്കുവേണ്ടി തങ്ങളുടെ ഉൽപന്നങ്ങളിൽ നിന്നു കാഴ്ചയർപ്പിക്കുന്നവർ. രണ്ടുപേരും അർപ്പിച്ച കാഴ്ച വസ്തുക്കൾക്ക് എന്തെങ്കിലും കുറവോ അപാകതയോ ഉണ്ടായിരുന്നതായി സൂചനപോലുമില്ല. ഇടയൻ ആടിന്റെ ഭാഗങ്ങളും കർഷകൻ കാർഷികോൽപ്പന്നങ്ങളും ബലിയർപ്പിച്ചത് തികച്ചും സ്വാഭാവികം. അതിനുമുമ്പ് അവർ തമ്മിൽ എന്തെങ്കിലും കലഹമോ പിണക്കമോ ഉണ്ടായിരുന്നതായി ഒരു സൂചനയും ഗ്രന്ഥകാരൻ തരുന്നില്ല. എന്നാൽ ബലിയർപ്പണം വഴിത്തിരിവായിത്തീർന്നു എന്ന് എടുത്തുപറയുന്നു.

“ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല. ഇത് കായേനെ അത്യധികം കോപിപ്പിച്ചു” (ഉൽപ 4,5). പറുദീസായിൽ അറിവിന്റെ വൃക്ഷം നടുകയും അതിന്റെ പഴം തിന്നരുതെന്ന് വിലക്കുകയും ചെയ്തതുപോലെ ഒരു ദുരൂഹത ഇവിടെയും നിലനിൽക്കുന്നു. എന്താണ് കായേന്റെ ബലി സ്വീകരിക്കാതെ പോകാൻ കാരണം? തന്റെ സഹോദരന്റെ ബലി സ്വീകരിച്ച ദൈവം തന്റേതു തിരസ്ക്കരിച്ചത് തന്നെ പുറംതള്ളിയതിന്റെ അടയാളമായി അയാൾ കണ്ടെങ്കിൽ അതിന് കായേനെ കുറ്റം വിധിക്കാനാകുമോ? സഹോദരങ്ങൾക്കിടയിൽ തിരിച്ചു വ്യത്യാസം കാട്ടിയ ദൈവം തന്നെയല്ലേ തുടർന്നു വരുന്ന സംഭവപരമ്പരകൾക്കു കാരണക്കാരൻ എന്ന ചോദ്യം ന്യായമായും ഉയരാം. പ്രത്യക്ഷമായ കാരണം ഒന്നും കൂടാതെ ചിലർ തിരസ്കൃതരാകുന്നു; മറ്റുചിലർ സമ്മാനിതരും. ആദ്യസഹോദരന്മാരിൽ മാത്രമല്ല ചരിത്രത്തിലുടനീളം കാണുന്നതാണല്ലോ ഈ പ്രതിഭാസം. ഇതിനെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുന്ന വി. പൗലോസ് (റോമാ 9,1–18) ദൈവികപദ്ധതിയുടെ രഹസ്യാത്മകതയിൽ തട്ടി നിൽക്കുകയാണ്. “യാക്കോബിനെ ഞാൻ സ്നേഹിച്ചു. ഏസാവിനെയാകട്ടെ ഞാൻ വെറുത്തു എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്” (റോമാ 9,13). എന്നാൽ ഉൽപ്പത്തി ഗ്രന്ഥകാരൻ ഒരു വിശദീകരണം നല്കുന്നുണ്ട്.

“ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരുപ്പുണ്ടെന്ന് ഓർക്കണം. നീ അതിനെ കീഴടക്കണം” (ഉൽപ 4,7). കായേന്റെ പ്രവൃത്തിയിൽ അനുചിതമായി എന്തോ ഉണ്ടായിരുന്നു എന്ന സൂചനയാണല്ലോ ഈ താക്കീതിൽ മുഴങ്ങുന്നത്. കാഴ്ചയർപ്പിച്ച വസ്തുവിലല്ല

അപാകത, അർപ്പകന്റെ മനസ്സിലാണ്. സഹോദരനോടുള്ള അസൂയയും വെറുപ്പും വിദ്വേഷവും എല്ലാം കായേന്റെ ഹൃദയത്തിൽ ബലിയർപ്പണത്തിനു മുമ്പുതന്നെ കയറിക്കൂടിയിരുന്നു എന്ന ഒരു ധ്വനി ഈ വാക്കുകളിലുണ്ട്. വാതിൽക്കൽത്തന്നെ പതിയിരിക്കുന്ന പാപത്തെക്കുറിച്ചുള്ള പരാമർശം അതാണ് സൂചിപ്പിക്കുക. എന്താണിതിനു കാരണം എന്നു ബൈബിൾ പറയുന്നില്ല.

ആദിമാതാപിതാക്കൾ പറുദീസായിൽ നേരിട്ട പ്രലോഭനത്തിന്റെ മറുവശം ഇവിടെ കാണാം. ദൈവത്തെ നിഷേധിച്ച് സ്വയം ദൈവമാകാനായിരുന്നു മാതാപിതാക്കളുടെ പ്രലോഭനമെങ്കിൽ കായേന്റെ പ്രലോഭനം സഹോദരനെ തിരസ്ക്കരിക്കാനാണ്. ദൈവനിഷേധം - സഹോദരനിഷേധം എന്നിങ്ങനെ പാപത്തിന്റെ ഇരുവശങ്ങൾ ഈ പ്രലോഭനങ്ങളിൽ പ്രകടമാകുന്നു. ആദ്യത്തേതിന്റെ അനിവാര്യഫലമാണ് രണ്ടാമത്തേത്. ദൈവത്തെ നിഷേധിക്കുന്നവർ സഹോദരനെയും നിഷേധിക്കും. ഇതിനു ചരിത്രം സാക്ഷി. ദൈവത്തിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുന്നത് വ്യക്തിത്വമോ, പ്രസ്ഥാനമോ, പ്രത്യയശാസ്ത്രമോ എന്തുമാകട്ടെ, അതു സഹോദര നിഷേധത്തിലേക്കു നയിക്കുന്നത് ഇന്നും നാം കാണുന്നു. എന്നാൽ ദൈവനിഷേധകർ മാത്രമല്ല ഈ പ്രലോഭനത്തിൽ വീഴുന്നത്. ദൈവത്തെ ആരാധിക്കുന്നു എന്നു കരുതുന്നവർ തമ്മിൽത്തന്നെ നടക്കുന്ന യുദ്ധങ്ങൾക്കും നാം സാക്ഷികളാകുന്നുണ്ടല്ലോ. തങ്ങൾ കാത്തു സൂക്ഷിക്കുന്ന ദൈവചിത്രവും വിശ്വസിക്കുന്ന സംഹിതകളും ആചരിക്കുന്ന അനുഷ്ഠാനങ്ങളും മാത്രം ശരിയെന്നു ശഠിക്കുന്നവർ മറ്റുള്ളവരെകൂടെ ഒന്നുകിൽ തങ്ങളുടെ രീതി സ്വീകരിക്കാൻ നിർബന്ധിക്കുക, അല്ലെങ്കിൽ ഉന്മൂലനം ചെയ്യുക എന്ന നിലപാട് ചരിത്രത്തിന്റെ പെരുവഴികളിൽ ചിന്തിയ രക്തത്തിന്റെ കണക്ക് ആർക്കറിയാം!

ഇതു കായേന്റെ മതാത്മകത! ഭ്രാതൃഹത്യയിൽ അവസാനിക്കുന്ന മതഭ്രാന്ത്. ബലിപീഠത്തിൽ ദുർമുഖം കാട്ടിയ അസൂയയും മത്സരവും സഹോദരന്റെ നെഞ്ചിൽ പല്ലും നഖവും ആഴ്ത്തുന്നതിനു മുമ്പേ ദൈവം തന്നെ വ്യക്തമായ താക്കീതു നൽകി. പക്ഷേ അതു കേൾക്കാൻ കായേൻ ചെവികൊടുത്തില്ല. ആബേലിന്റെ ബലി സ്വീകരിച്ചവന് ആബേലിനെത്തന്നെ ബലി കൊടുക്കാൻ തീരുമാനിക്കുമ്പോൾ പാപം അവന്റെമേൽ പിടിമുറുക്കിക്കഴിഞ്ഞു എന്നു വ്യക്തം. ആചാരാനുഷ്ഠാനങ്ങളുടെപേരിൽ തുടങ്ങുന്ന അഭിപ്രായവ്യത്യാസങ്ങൾമുതൽ സർവ്വസംഹാരിയായ യുദ്ധങ്ങൾവരെ ഈ വഴിതെറ്റിയ

വിശ്വാസത്തിന്റെ ഫലമായുണ്ടാകുന്നു എന്നു പറഞ്ഞാൽ നിഷേധിക്കാനാവുമോ?

വാതിൽക്കൽ പതിയിരുന്ന പാപത്തിനു സ്വയം കീഴടങ്ങിയ കായേൻ ശ്രദ്ധാപൂർവ്വം കരുക്കൾ നീക്കി. സഹോദരനെ സൗമ്യമായി തന്റെ വയലിലേക്കു ക്ഷണിച്ചു. ഒന്നും സംശയിക്കാത്ത ആബേൽ സഹോദരനെ അനുഗമിച്ചു. "അവർ വയലിലായിരിക്കെ കായേൻ ആബേലിനോടു കയർത്ത് അവനെ കൊന്നു" (ഉൽപ 4,8). അങ്ങനെ ആദ്യമായി മരണം രംഗപ്രവേശം ചെയ്തു, ഒരു കൊലപാതകത്തിലൂടെ. ഒരു കുട്ടിക്കഥയുണ്ട്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ ചുവപ്പു നിറമില്ലായിരുന്നു. ഉദയത്തിലും അസ്തമയത്തിലും സൂര്യകിരണങ്ങൾ ശീതളമായ വെള്ളി വെളിച്ചമാണ് നല്കിയിരിക്കുന്നത്. ഭൂമിയിലെങ്ങും ഒറ്റ ചുവന്ന പൂവുമുണ്ടായിരുന്നില്ല. കായേൻ സഹോദരനെ കൊല്ലുന്നതു കണ്ട സൂര്യൻ ഞെട്ടിവിറച്ചു. ആബേലിന്റെ രക്തംപോലെ സൂര്യന്റെ മുഖം ചുമന്നു. അന്നുമുതൽ പ്രഭാതത്തിലും പ്രദോഷത്തിലും ആകാശം മുഴുവൻ സൂര്യന്റെ ചുവപ്പ് പ്രതിഫലിക്കുന്നു. ആബേലിന്റെ രക്തം മുഖത്തുതെറിച്ച ചെടികളിൽ ചുവന്ന പൂക്കൾ വിടർന്നു – എല്ലാം രക്തപുഷ്പങ്ങൾ! മനുഷ്യരക്തംകൊണ്ട് മണ്ണു കുതിർന്നു, ചുവന്നു.

വയലിൽവച്ച് കൊന്നതിനാൽ തന്റെ കുറ്റകൃത്യത്തിന് സാക്ഷികൾ ആരുമില്ല എന്നു കരുതിയ കായേനു തെറ്റി. എല്ലാം കാണുന്ന സർവ്വേശ്വരൻ തെളിവുസഹിതം കായേനെ പിടിച്ചുനിർത്തി വിചാരണ ചെയ്തു. സഹോദരന്റെ കാവല്ക്കാരനാകേണ്ടവൻ കാപാലികനായപ്പോൾ കർത്താവിന്റെ വിധിവാചകം മുഴങ്ങി: "നിന്റെ കയ്യിൽ നിന്നു നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും" (ഉൽപ 4,11). സഹോദരനെ വധിച്ചവന് എല്ലാം ശത്രുവായി മാറി. ആബേലിന്റെ രക്തം കുടിച്ച അമ്മഭൂമിയിൽ അവനഭയമില്ല. "അവിടുത്തെ സന്നിധിയിൽനിന്ന് ഞാൻ ഒളിച്ചു നടക്കണം. കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും" (ഉൽപ 4,14) എന്ന വിലാപം പരാജയത്തിന്റെ അടിത്തട്ടിൽ നിന്നാണുയർന്നത്.

സഹോദരനെ വകവരുത്തിയാൽ താൻ മാത്രമായിരിക്കും സർവ്വാധിപതി എന്നത് വ്യാമോഹമായിരുന്നു എന്ന് കായേൻ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവുതന്നെയാണ് പരാജയത്തിന്റെ ആദ്യത്തെ നല്ലവശം. കൊല്ലുന്നവന് ജീവിക്കാൻ അവകാശമില്ല എന്ന അവബോധം. അതോടൊപ്പം അടുത്തു നിൽക്കുന്നത്, അയാൾ ഏതു മതത്തിൽ

വിശ്വസിക്കുന്നവനോ, ഏതു പ്രത്യയശാസ്ത്രം സ്വീകരിക്കുന്നവനോ ഏതു പാർട്ടിയുടെ അംഗമോ ആകട്ടെ, അയാൾ എന്റെ സഹോദരനാണ് എന്ന അവബോധം ഉണർത്താൻ ഈ പരാജയം സഹായിച്ചു. "നിന്റെ സഹോദരൻ ആബേൽ എവിടെ" എന്ന ചോദ്യത്തിന് "സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ" എന്ന മറുചോദ്യത്തിൽ പ്രകടമായ ധാർഷ്ഠ്യം ഇവിടെ പത്തിമടക്കി; മുട്ടുകുത്തി. കൊലയാളിയുടെ അട്ടഹാസം പരാജിതന്റെ രോദനമായി മാറി. "കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും" - ഭയം വേട്ടയാടുന്ന മനുഷ്യന്റെ ആത്മവിലാപം.

മായ്ക്കാനും മറയ്ക്കാനുമാവാത്തവിധം കയ്യിൽ രക്തക്കറ പുരണ്ട കായേന്റെ നെറ്റിമേൽ കർത്താവ് ഒരടയാളം പതിച്ചു. നീ എന്റേതാണ്; എന്റെ സംരക്ഷണത്തിൽ നിന്നെ ഞാൻ സ്വീകരിച്ചിരിക്കുന്നു. നിന്നെ കൊല്ലാൻ ഞാൻ ആരെയും അനുവദിക്കില്ല. നിന്നെ കൊല്ലുന്നവനെതിരേ ഞാൻ ഏഴിരട്ടി പ്രതികാരം ചെയ്യും! (ഉൽപ 4,15). "മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻതന്നെ ചൊരിയും" (ഉൽപ 9,6) എന്ന താക്കീതു നല്കുന്നതിനുമുമ്പേ ദൈവം കൊലയാളിക്കു സംരക്ഷണം വാഗ്ദാനം ചെയ്യുന്നു.

അവൻ ഇനിയും സ്വതന്ത്രമായി കൊലപാതകം തുടർന്നുകൊള്ളട്ടെ എന്നല്ല ഇതിനർത്ഥം. ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം മരണത്തിന്റെ ദൈവമല്ല, ജീവന്റെ ദൈവമാണ്. പാപിയുടെ മരണമല്ല, മാനസാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത്. "ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗ്ഗത്തിൽനിന്ന് പിൻതിരിഞ്ഞ് ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം" (എസെ 33,11). താൻ ചിന്തിയത് സഹോദരന്റെ നിഷ്കളങ്ക രക്തമാണെന്ന അവബോധത്തോടെ സ്വന്തം തെറ്റ് ഏറ്റു പറയുകയും ജീവിത നവീകരണത്തിലൂടെ പരിഹാരം അനുഷ്ഠിക്കാൻ തയ്യാറാവുകയും ചെയ്യുന്നതുവരെ അവൻ അലയണം. താങ്ങാനാവാത്ത കുറ്റഭാരവും തടയാനാവാത്ത ദൈവശിക്ഷയും വഹിച്ച് ഈ ഭൂമിയിൽ ഉഴലണം. അവനെ ആരും കൊല്ലരുത്. അതെ, കായേനു മരണമില്ല. മരിക്കാൻ ദൈവം അവനെ അനുവദിക്കുന്നില്ല.

സഹോദരനെ കൊന്നു കൊലവിളിച്ചു വിജയം ആഘോഷിച്ച കായേൻ യഥാർത്ഥത്തിൽ മോചനമില്ലാത്ത പരാജയത്തിന്റെ പടുകുഴിയിൽ പതിച്ചിരിക്കുന്നു എന്ന അവബോധത്തിലെത്തിയ നിമിഷമായിരുന്നു ദൈവം അവനെ നേരിട്ട നിമിഷം. ഒരു പുതുജീവിതത്തിന് തുടക്കം കുറിക്കാൻ അവസരം നല്കുകയാണ് ദൈവം കൊലപാതകിക്ക്.

എന്നാൽ കായേന്റെ കഥ ഇവിടെ അവസാനിക്കുന്നില്ല. കർത്താവിന്റെ സന്നിധിവിട്ട്, കിഴക്ക് നോദിൽ വാസമുറപ്പിച്ച കായേൻ വിവാഹം കഴിച്ചു; സന്താനങ്ങളെ ഉല്പാദിപ്പിച്ചു. മാത്രമല്ല ഒരു നഗരം പണിതു. അതിനു സ്വന്തം മകൻ ഹെനോക്കിന്റെ പേരും നല്കി, മകനിലൂടെയും നഗരത്തിലൂടെയും തന്റെ നാമം നിലനിർത്തി - അങ്ങനെ കൊലപാതകിയായ കായേന്റെ സംസ്ക്കാരം നാഗരികതയായി വളർന്നു എന്ന് ബൈബിൾ തുടർന്നു വിവരിക്കുന്നു. കർഷകനായ കായേന്റെ സന്തതിപരമ്പര വ്യവസായങ്ങൾക്കും കലകൾക്കും തുടക്കം കുറിച്ചു. ആ സന്തതി പരമ്പരയിൽ ശത്രുതയും വിദ്വേഷവും പ്രതികാരചിന്തയും പെരുകി (ഉൽപ 4,16-24).

കായേന്റെ കഥയിലൂടെ പറഞ്ഞുവയ്ക്കാൻ ശ്രമിക്കുന്നത് ആദ്യത്തെ രണ്ടു സഹോദരന്മാരുടെ ചരിത്രം മാത്രമല്ല എന്നു വ്യക്തമാകുന്നു. കായേൻ കർഷകനും ആബേൽ ഇടയനും ആയിരുന്നു എന്ന് പറയുന്നതിൽത്തന്നെ ഈ സൂചനയുണ്ട്. ആദിമനുഷ്യൻ കായ്കനികൾ പറിച്ചുതിന്നും പിന്നീട് വേട്ടയാടിയും ഒക്കെയാണല്ലോ ജീവിച്ചിരുന്നത്. കൃഷി, ആടുമേയ്ക്കൽ മുതലായ വ്യത്യസ്ത തൊഴിലുകൾ പരിശീലിക്കാൻ തുടങ്ങിയത് എത്രയോ കാലത്തിനു ശേഷം! മാത്രമല്ല, കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും എന്ന വിലാപവും കായേൻ തന്റെ ഭാര്യയെ അറിഞ്ഞു എന്ന പ്രസ്താവനയും മറ്റു മനുഷ്യർ ഭൂമിയിലുണ്ടായിരുന്നു എന്ന സൂചന നല്കുന്നുണ്ട്. ഇവിടെ പറയുന്നത് ആദ്യത്തെ രണ്ടു മനുഷ്യവ്യക്തികളുടെ കഥയല്ല, പരസ്പരം സഹോദരങ്ങളായ മനുഷ്യവർഗ്ഗത്തിന്റെ കഥയാണ്, പരസ്പരം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിനുപകരം വെറുക്കുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യന്റെ കഥ. അപ്പോൾ ആ കഥയിൽ നാമെല്ലാം പങ്കുകാരാകുന്നു.

ബി.സി. പത്താം നൂറ്റാണ്ടിൽ സോളമന്റെ ഭരണകാലത്ത് കഥ പറയുന്ന യ്ഹ്വിസ്റ്റ് ഗ്രന്ഥകാരൻ ചരിത്രത്തിന്റെ വിശകലനത്തിലൂടെ ചില ആഴമേറിയ ഉൾക്കാഴ്ചകൾ ഈ കഥയിൽ അവതരിപ്പിക്കുന്നുണ്ട്. വാഗ്ദത്തഭൂമി തേടി മരുഭൂമിയിലൂടെ അലഞ്ഞ ഇസ്രായേൽ ജനം ഇടയന്മാരായിരുന്നു. അവർ കടന്നുപോകാൻ ശ്രമിച്ച ഏദോമ്യർ, അമോര്യർ, അമ്മോന്യർ, മൊവാബ്യർ മുതലായ രാജ്യങ്ങളുടെയെല്ലാം മുഖ്യതൊഴിൽ കൃഷിയായിരുന്നു, തങ്ങളുടെ അതിർത്തിക്കുള്ളിൽ കടക്കാൻ അവരാരും ഇടയന്മാരായ ഇസ്രായേല്യരെ അനുവദിച്ചില്ല. ഇടംവലം തിരിയാതെ, പെരുവഴിയിലൂടെ മാത്രം പൊയ്ക്കൊള്ളാമെന്നു

പറഞ്ഞിട്ടും അവരാരും സമ്മതിച്ചില്ല; മറിച്ച് യുദ്ധത്തിനു വരുകയാണ് ചെയ്തത് (സംഖ്യ 20-21). ഒരുപക്ഷേ ഈ അനുഭവം കായേൻ - ആബേൽ കഥയിൽ പ്രതിഫലിക്കുന്നുണ്ടാവാം; എന്നാൽ അതു മാത്രമല്ല.

ദാവീദിന്റെ കാലത്ത് ഇസ്രായേൽ ശക്തമായൊരു രാജ്യമായി - ഈജിപ്തിനോടും ബാബിലോണിനോടും കിടപിടിക്കുന്ന ഒരു സാമ്രാജ്യം. മഹാജ്ഞാനിയായ മകൻ സോളമൻ നഗരങ്ങൾ പണിതു. രാജ്യസുരക്ഷയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഭാരിച്ച നികുതി ചുമത്തി. ജനത്തെ അടിമകളാക്കി. രാജാവും ഉദ്യോഗസ്ഥ വൃന്ദവും നഗരത്തിന്റെ സുഖലോലുപതയിൽ മുഴുകിയപ്പോൾ അതിനായി വിയർപ്പൊഴുക്കിയ ജനം നരകയാതനകളനുഭവിച്ചു. “സോളമന് രാജ്ഞിസ്ഥാനമുള്ള എഴുന്നൂറു ഭാര്യമാരും മുന്നൂറ് ഉപനാരിമാരും ഉണ്ടായിരുന്നു” (1 രാജാ 11,3) എന്ന് ബൈബിൾ ഗ്രന്ഥ കാരൻ. യഥാ രാജാ തഥാ പ്രജ. പ്രഭുക്കന്മാർ രാജാവിനെ അനുകരിച്ചു. സാധാരണക്കാരന് സ്വത്തും കുടുംബവും ജീവൻതന്നെയും നഷ്ടമായി. അതിശ്രേഷ്ഠമായ ദേവാലയവും അംബരചുംബികളായ മണിമാളികളും കൊണ്ട് മനോഹരമായ നഗരങ്ങളുടെ പിന്നാമ്പുറങ്ങളിൽ അനേകം മനുഷ്യജീവിതങ്ങൾ പുഴുക്കളെപ്പോലെ ഇഴഞ്ഞു. അക്രമത്തിന്റെ ആസക്തിയുടെയും എല്ലാവിധ തിന്മകളുടെയും വിളനിലമായി നഗരം - നഗരത്തിന്റെ സംസ്ക്കാരമായ നാഗരികതയാണ് ഇവിടെ കായേന്റെകൂടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത്.

അപ്പോൾ കായേൻ ഒരു ചരിത്രപുരുഷൻ എന്നതിലുപരി ഒരു പ്രതീകമാണ് - ചരിത്ര യാഥാർത്ഥ്യങ്ങളെ, അതു മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതൽ ഇന്നുവരെയുള്ള രക്തത്തിൽകുതിർന്ന, ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകം. വെട്ടിപ്പിടിക്കാനും സാമ്രാജ്യങ്ങൾ പടുത്തുയർത്താനും നടത്തുന്ന പടയോട്ടങ്ങളുടെ പിന്നിൽ കായേനുണ്ട്; കുരിശു യുദ്ധങ്ങളിലും ജിഹാദുകളിലും വർഗ്ഗസമരങ്ങളിലും ഭീകരപ്രവർത്തനങ്ങളിലും എല്ലാം അവന്റെ മുഖമുദ്ര പതിഞ്ഞിരിക്കുന്നു. ചൂഷണപരമായ സമ്പദ്‌വ്യവസ്ഥകളിലും അനീതി നിറഞ്ഞ വാണിജ്യ നിയമങ്ങളിലും ഭൂരിപക്ഷത്തെ പട്ടിണിയിലാഴ്ത്തുന്ന സാമ്പത്തിക നയങ്ങളിലും കായേൻ ഒളിഞ്ഞിരിക്കുന്നു. പോരാ, ഓരോ വ്യക്തിയിലും കായേന്റെ ഭാവമുണ്ട്. സഹോദരനെ വെറുക്കുന്നവൻ കൊലപാതകി യാണ് (1 യോഹ 3,15) എന്ന തിരുവചനത്തിന്റെ വെളിച്ചത്തിൽ സർവ്വരും നിശിതമായ ആത്മശോധനയ്ക്ക് നിർബന്ധിതരാകുന്നു. അപരനു നേരെ

കായേൻ എന്ന് ആക്രോശിച്ച് വിരൽ ചൂണ്ടുന്നതിനുമുമ്പേ ഓരോരുത്തരും സ്വയം ഉള്ളിലേക്കു തിരിഞ്ഞ് സ്വന്തം മനോഭാവങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ജീവിതവീക്ഷണവും പ്രവർത്തനശൈലികളും അപഗ്രഥിക്കണം – കായേന്റെ ഭാവങ്ങൾ തിരിച്ചറിഞ്ഞു തിരുത്തണം. കർത്താവു കായേനു നല്കുന്ന ശിക്ഷയുടെയും സംരക്ഷണമുദ്രയുടെയും പൊരുൾ അപ്പോൾ സ്വായത്തമാക്കാൻ കഴിയും.

അവസാനമായി ഒന്നുകൂടി. കായേന്റെ കയ്യിലെ രക്തക്കറ മായ്ക്കാൻ കുരിശിലെ രക്തത്തിനു കഴിയും. കുഞ്ഞാടിന്റെ രക്തത്തിൽ വസ്ത്രം കഴുകി വെളുപ്പിക്കുമ്പോൾ (വെളി 7,14) വെള്ള വസ്ത്രധാരികളായി ദൈവസന്നിധിയിൽ നിൽക്കാൻ കഴിയും "ദൈവപുത്രനായ യേശുവിന്റെ രക്തം എല്ലാ പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ 1,7). ആകയാൽ ആരും നിരാശരാകേണ്ടതില്ല. കായേനും രക്ഷ ലഭിക്കാം; ലഭിക്കണം. അതാണ് ദൈവത്തിന്റെ ആഗ്രഹവും പദ്ധതിയും. സ്വന്തം തെറ്റുകൾ ഏറ്റു പറഞ്ഞും സഹോദരനെ കണ്ടറിഞ്ഞ് അംഗീകരിച്ചും പിതാവായ ദൈവത്തിലേക്കു തിരിയുമ്പോൾ കായേനും രക്ഷ ലഭിക്കും. ഇതല്ലേ കൊലയാളിയെ കൊല്ലാതെ സംരക്ഷിക്കുന്നതിന്റെ ലക്ഷ്യം?



# മദ്യലഹരി - നഗ്നശയനം

## നോഹ

*"നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയറ്റ മനുഷ്യൻ. അവൻ ദൈവത്തിന്റെ മാർഗ്ഗത്തിൽ നടന്നു"* (ഉൽപ 6,9).

എത്ര ശ്രേഷ്ഠവും വിശുദ്ധവുമായിരുന്നു ആ വ്യക്തിത്വം! രണ്ടു യുഗങ്ങൾക്കിടയിൽ, അവയെ പരസ്പരം ബന്ധിക്കുന്ന പാലമായി നിന്ന യുഗപുരുഷൻ. എല്ലാം ഏറ്റം മനോഹരമായിരിക്കുന്നു, എല്ലാം എത്ര നന്നായിരിക്കുന്നുവെന്ന് സ്രഷ്ടാവായ ദൈവം തന്നെ അത്ഭുതം കൂറിയ ആദ്യസൃഷ്ടി (ഉൽപ 1,30). മനുഷ്യന്റെ ദുഷ്ടത അതിനെ തിന്മയിലാഴ്ത്തി. രാവും പകലും തിന്മമാത്രം നിരൂപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, ദുഷിച്ചു വഷളായ മനുഷ്യസമൂഹം. അക്രമം പെരുകി; ദുഷ്ടതയ്ക്ക് അതിരുകളില്ലാതായി. മനുഷ്യനെ സൃഷ്ടിച്ചതിൽ സ്രഷ്ടാവായ കർത്താവു തന്നെ പരിതപിച്ചു. അവിടുത്തെ ഹൃദയം ദുഃഖപൂരിതമായി. മുറിവേറ്റ ദൈവഹൃദയത്തിൽനിന്ന് കഠിനമായ തീരുമാനമുണ്ടായി. മനുഷ്യനെ ഭൂമുഖത്തു നിന്നു ഞാൻ തുടച്ചുനീക്കും. സൃഷ്ടികളെയെല്ലാം ഉന്മൂലനം ചെയ്യും (ഉൽപ 6,5-7). അതികഠിനമായ വേദനയോടെ എല്ലാറ്റിനെയും തുടച്ചുമാറ്റാൻ തീരുമാനിക്കുന്ന ദൈവത്തിന്റെ മുമ്പിൽ വേറിട്ടു നിന്ന വ്യക്തിയാണയാൾ. ദുഃഖിക്കുന്ന ദൈവത്തിനു

പോലും ആശ്വാസം നല്കുന്നവൻ എന്ന ധ്വനിയുണ്ടോ അയാളുടെ പേരിന് – നോഹ.

അയാളുടെ പിതാവായ ലാമെക്ക് ആണ് ആ പേരു നല്കിയത്. ആദാമിൽ നിന്നു പത്താമത്തെ തലമുറയാണയാൾ. വിശുദ്ധ ഗ്രന്ഥ കാരൻ തരുന്ന കണക്കനുസരിച്ച് ആദാമിന്റെ മരണശേഷം 126 വർഷം കഴിഞ്ഞാണയാൾ ജനിക്കുന്നത്. ആദിപിതാവിന്റെ മരണത്തിനുശേഷം ആദ്യം ജനിക്കുന്ന കുരുന്ന്. പിതാവായ ലാമെക്കിന്റെ സ്വപ്നമാണ് ആ പേരു സൂചിപ്പിക്കുന്നത്. "കർത്താവു ശപിച്ച ഈ ഭൂമിയിലെ ക്ലേശകരമായ അധ്വാനത്തിൽ അവൻ നമുക്ക് ആശ്വാസമായിത്തീരും എന്നു പറഞ്ഞ് അവനെ നോഹ എന്നു വിളിച്ചു." ആശ്വാസം മാത്രമല്ല; പ്രത്യാശയും അയാൾ നല്കി. കർത്താവിന്റെ ക്രോധം ദിഗന്തങ്ങളിൽ ഇടിവെട്ടിയപ്പോൾ ഇളകിവിറച്ച പ്രപഞ്ചത്തിന്റെ അടിത്തട്ടുപൊട്ടി; ആകാശം ഇടിഞ്ഞുവീണു. അതിരിട്ടു നിർത്തിയിരുന്ന പ്രളയജലം ആർത്തിരമ്പി. ആദ്യസൃഷ്ടി പ്രളയജലത്തിൽ മുങ്ങി. ആരംഭത്തിലേ രൂപരഹിതമായ അവസ്ഥയിലേക്ക് എല്ലാം മടങ്ങി. ഒരു യുഗത്തിന്റെ ഒടുക്കമായിരുന്നു അത്. അപ്പോഴും ഒരു പേടകത്തിൽ പ്രത്യാശയുടെ കണികയായി കാത്തു സൂക്ഷിക്കപ്പെട്ട മനുഷ്യൻ– നോഹ.

കടന്നുപോയ യുഗത്തിൽ നിന്നവശേഷിച്ച ഏകകുടുംബം നോഹിന്റേതായിരുന്നു. ഭാര്യയും മൂന്നു പുത്രന്മാരും അവരുടെ ഭാര്യമാരും ഉൾക്കൊള്ളുന്ന അഷ്ടാംഗകുടുംബം. അയാളിലൂടെയാണ് പ്രളയാന ന്തരമുള്ള പുതുയുഗത്തിനു തുടക്കം കുറിക്കുന്നത്. ദൈവം അയാളിൽ പ്രസാദിച്ചു. അയാളുടെ പേടകത്തിലൂടെ എല്ലാ ജീവജാലങ്ങളുടെയും പിൻതുടർച്ച ഉറപ്പുവരുത്തി. സർവ്വസംഹാരിയായി പ്രളയജലം പതഞ്ഞു യർന്ന് എല്ലാറ്റിനെയും വിഴുങ്ങി, നൂറ്റമ്പതു ദിവസം കഴിഞ്ഞപ്പോൾ കർത്താവ് നോഹയെ ഓർത്തു (ഉൽപ 8,1). ആ ഓർമ്മയാണ് വീണ്ടും ഒരു പുനർ സൃഷ്ടിക്ക് ദൈവത്തെ പ്രേരിപ്പിക്കുന്നത്. എല്ലാം തകർത്ത കൊടുങ്കാറ്റിനു പകരം കർത്താവ് കുളിർ കാറ്റയച്ചു. പ്രളയജലത്തെ വീണ്ടും ചങ്ങലയ്ക്കിട്ട് അതിർത്തികൾക്കുള്ളിലൊതുക്കി. വരണ്ട കരയുണ്ടായി; കരയ്ക്കതിരിട്ട് സമുദ്രം വീണ്ടും ഒതുങ്ങിനിന്നു. കരയിൽ സസ്യലതാദികൾ മുളച്ചുപൊങ്ങി. നീണ്ട രാത്രിക്കുശേഷം പുത്തൻ പുലരിയുദിച്ചു; പ്രകാശം പരന്നു, പ്രത്യാശ വിടർന്നു.

പേടകത്തിൽ നിന്നിറങ്ങിയ നോഹ ആദ്യമേ ചെയ്തത് കർത്താവിനു ബലിപീഠം പണിത്, ആബേലിനെപ്പോലെ, കർത്താവിനു ദഹനബലിയർപ്പിക്കുകയാണ്. ബലിയുടെ ഹൃദ്യമായ പരിമളം ആസ്വദിച്ച

കർത്താവു പ്രസാദിച്ചു. മനുഷ്യൻ കാരണം ഭൂമിയെ ഇനിയൊരിക്കലും ശപിക്കുകയില്ല (ഉൽപ 9,21) ബലഹീനമായ മനുഷ്യപ്രകൃതിയെ അംഗീകരിച്ച ദൈവം നിത്യവും, നിരുപാധികവും, സാർവ്വത്രികവുമായ ഒരുടമ്പടി ചെയ്തു, നോഹിനോടും മറ്റെല്ലാ സൃഷ്ടികളോടും. ഇനി ഒരിക്കലും പ്രളയജലം ഭൂമിയെ മൂടില്ല. തിന്മയിലേക്കു തിരിഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിയുടെ ബലഹീനത അറിഞ്ഞുകൊണ്ടുതന്നെയാണ് ദൈവം ഈ ഉടമ്പടി ചെയ്തത്. പിന്നാലെ വന്ന അനേകം ഉടമ്പടികളുടെ തുടക്കമായിരുന്നു ഈ ഉടമ്പടി. നോഹയാണ് ആ ഉടമ്പടിയിൽ ദൈവത്തിന്റെ പങ്കുകാരൻ. അവനിലൂടെയാണ് പുതുയുഗത്തിൽ മനുഷ്യകുലം ഉത്ഭവിച്ചു പെരുകി ഭൂമി നിറഞ്ഞത്. അതും ദൈവത്തിന്റെ ദാനമായിരുന്നു.

ആദിപിതാവായ ആദാമിന്റെ ബദലാണ് നോഹ. ആദാമിനെപ്പോലെ "ദൈവത്തിനു പ്രീതീകരനും ദൈവികസഹവാസം അനുഭവിച്ചവനുമായിരുന്നു നോഹ. സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ." (ഉൽപ 9,7) എന്ന അനുഗ്രഹം ആദിപിതാവിനെന്നപോലെ അയാൾക്കും ലഭിച്ചു. ദൈവത്തിന്റെ സംരക്ഷണം ഒരിക്കലും പിൻവലിക്കുകയില്ല എന്ന ഉറപ്പിന് ആകാശത്തിൽ മഴവില്ല് അടയാളമായി ലഭിച്ചതു നോഹിനാണ്. എല്ലാതരത്തിലും വിശുദ്ധമായ ഒരു വ്യക്തിത്വം; പിൻതലമുറകൾക്കെല്ലാം അഭിമാനവും അനുകരണാർഹവുമായ മാതൃക. എന്നിട്ടും എന്തേ അതു സംഭവിച്ചു? എന്തേ അനുഗ്രഹമാകേണ്ടവൻ ശാപമായി മാറി?

കൃഷിയിലാണു തുടക്കം. "നോഹ ഭൂമിയിൽ കൃഷി ചെയ്യാൻ തുടങ്ങി. അവൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു" (ഉൽപ 9,20). ("മണ്ണിന്റെ മനുഷ്യനായ നോഹയാണ് മുന്തിരികൃഷി ആരംഭിച്ചത്" എന്ന് ഹീബ്രുമൂലം). ആദാമിനെപ്പോലെ തോട്ടം സൂക്ഷിപ്പുകാരനാണ് പ്രളയത്തിനുശേഷം കാണുന്ന നോഹ. അയാൾ കായേനെപ്പോലെ കൃഷിക്കാരനുമാണ്. ബൈബിളിനെന്താ കൃഷിക്കാരനോടു വിരോധമുണ്ടോ എന്നു തോന്നാം, ഈ വിവരണങ്ങൾ വായിക്കുമ്പോൾ. ഇടയന്മാർക്കു കൃഷിക്കാരോടുണ്ടായിരുന്ന വിരോധത്തിന്റെ പ്രകടനമാണോ ഇത്? എന്തായാലും "എന്റെ പിതാവ് കൃഷിക്കാരനാണ്" (യോഹ 15,1) എന്ന യേശു വചനം ഈ തെറ്റിദ്ധാരണയ്ക്കുത്തരം നല്കുന്നു. മുന്തിരികൃഷി കണ്ടു പിടിച്ചത് നോഹയാണ് എന്ന ധ്വനി ഈ വിവരണത്തിലുണ്ട്. ഈ മുന്തിരികൃഷിയാണ് തുടർന്നു വരുന്ന അശുഭ സംഭവങ്ങൾക്കു കാരണമായി ഭവിച്ചത്.

വീഞ്ഞു നല്കിയ ആശ്വാസം വിനയായിത്തീർന്നു. വീഞ്ഞിന്റെ ലഹരി തലയ്ക്കടിച്ച നോഹ തന്റെ കൂടാരത്തിൽ നഗ്നനായി കിടന്നു. അബോധാവസ്ഥയിൽ അറിയാതെ ഉടയാട അഴിഞ്ഞുപോയി എന്നല്ല, നോഹ് തന്റെ നഗ്നത അനാവരണം ചെയ്തു എന്നോ, സ്വയം നഗ്നനാക്കി കൂടാരത്തിൽ കിടന്നു എന്നോ ആണ് ഹീബ്രു മൂലത്തിനർത്ഥം. നഗ്നത വന്നുഭവിച്ചതല്ല, സ്വയം നിർമ്മിച്ചതാണ്. ആദിമാതാപിതാക്കളുടെ നഗ്നത അവർ വരുത്തിവച്ചതല്ല. അവർ സൃഷ്ടിക്കപ്പെട്ടത് അങ്ങനെ ആയിരുന്നു. കല്പനയുടെ ലംഘനത്തിലൂടെയാണ് നഗ്നത അവർക്കു ലജ്ജയ്ക്കു കാരണമായത്. തങ്ങളുടെ നഗ്നത ആരും കാണാതിരിക്കാൻ അവർ അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി. അതിന്റെ അപര്യാപ്ത അറിയാവുന്ന ദൈവം തുകൽകൊണ്ട് ഉടയാട ഉണ്ടാക്കി ഉടുപ്പിച്ചാണ് അവരെ പറുദീസായുടെ പടികടത്തിവിട്ടത്. ആ ഉടയാടയാണ് ഇപ്പോൾ അഴിച്ചു മാറ്റപ്പെട്ടത് – മനഃപൂർവ്വം.

ദൈവം നല്കിയ സംരക്ഷണ കവചമായ ഉടയാട നോഹതന്നെ എടുത്തുമാറ്റി. അതിന് അയാളെ പ്രേരിപ്പിച്ച വീഞ്ഞ് സുബോധം എടുത്തുമാറ്റുന്ന അന്തകനായി, തന്റെ തനിനിറം വെളിപ്പെടുത്തി, തുടർന്നു വരുന്ന ദുരന്തങ്ങൾക്കു തുടക്കം കുറിച്ചു. വിവസ്ത്രനായ നോഹ തന്റെ കൂടാരത്തിൽ തനിച്ചു കിടന്നത് വലിയ കുഴപ്പമാകുമായിരുന്നില്ല. എന്നാൽ ഈ കിടപ്പ് അയാളുടെ ഒരു മകൻ കണ്ടു. പിതാവിന്റെ നഗ്നത ദർശിച്ച ഹാം വിവരം തന്റെ സഹോദരങ്ങളെ അറിയിച്ചു. വാർത്ത കേട്ട ഷേമും ജാഫെത്തും സഹോദരൻ ഹാമിനെപ്പോലെ പിതാവിന്റെ നഗ്നത കാണാൻ പോയില്ല. നേരെ മറിച്ച്, ‘‘ഒരു തുണിയെടുത്ത്, തങ്ങളുടെ തോളിലിട്ട്, പുറകോട്ടു നടന്നുചെന്ന് പിതാവിന്റെ നഗ്നത മറച്ചു, അവർ മുഖം തിരിച്ചു പിടിച്ചിരുന്നതുകൊണ്ട് പിതാവിന്റെ നഗ്നത കണ്ടില്ല’’ (ഉൽപ 9,20).

മൂന്നു പുത്രന്മാർ രണ്ടു ചേരികളിലായി. പിതാവിന്റെ നഗ്നത കാണുകയും ചർച്ചാവിഷയമാക്കുകയും ചെയ്ത ഹാം ഒരുവശത്ത്, പിതാവിന്റെ നഗ്നത കാണാതെ അതു മറച്ച ഷേമും ജാഫെത്തും മറുവശത്ത്. പ്രളയജലത്തിലൂടെ ഭൂമുഖത്തെ സകല തിന്മകളും കഴുകി തുടച്ചു വൃത്തിയാക്കിയതാണ് ദൈവം. ഇവിടെ ഇതാ വീണ്ടും തിന്മയുടെ വികൃതരൂപം പ്രത്യക്ഷമാകുന്നു, അതും വിശുദ്ധനായ നോഹിലൂടെ. ആശ്വാസം നല്കിയ വീഞ്ഞ് സുബോധം എടുത്തുമാറ്റി; നന്മതിന്മയുടെ അതിരുകൾ തുടച്ചുനീക്കി. താൻ എന്താണ് ചെയ്യുന്നതെന്നറിയാതെ തന്നെ ഉടയാടകൾ പിഴുതുമാറ്റിയ നോഹ മദ്യലഹരിയുടെ

പിടിയിലായിരുന്നു. വിലക്കപ്പെട്ട പഴത്തിന്റെ ആസ്വാദ്യത കാട്ടി ആദിമാതാപിതാക്കളെ വീഴ്ത്തിയ പ്രലോഭകൻ ഇപ്പോൾ ആശ്വാസ ത്തിന്റെ രൂപത്തിൽവന്ന് തിന്മയുടെ പടുകുഴിയിൽ മനുഷ്യനെ ആഴ്ത്തി.

"ലഹരി വിട്ടുണർന്ന നോഹ തന്റെ ഇളയ മകൻ ചെയ്തത് എന്താണെന്നറിഞ്ഞു. അവൻ പറഞ്ഞു: കാനാൻ ശപിക്കപ്പെട്ടവനാകട്ടെ. അവൻ തന്റെ സഹോദരർക്കു ഹീനമായ ദാസ്യവേല ചെയ്യുന്നവനാ യിത്തീരും" (ഉൽപ 9,24-25). എന്തൊരു വിരോധാഭാസം? എന്തൊരു ധാർമ്മികരോഷം! പിൻതലമുറകൾക്കു മുഴുവൻ അനുഗ്രഹമാ കേണ്ടവൻ ഇപ്പോൾ സ്വന്തം മകനെ ശപിക്കുകയായി. ആരാണിവിടെ തെറ്റുകാരൻ? കുടിച്ചു മദിച്ച്, ഉടുതുണി ഊരിയെറിഞ്ഞ്, കൂടാരത്തിൽ ബോധമറ്റു കിടന്ന പിതാവോ, അതോ പിതാവിന്റെ അപഹാസ്യാവ സ്ഥകണ്ട് അതു സഹോദരന്മാരോടു പറഞ്ഞ മകനോ? ചോദ്യങ്ങൾ വേറെയുമുണ്ട്. ഹാം ആണ് നഗ്നത കണ്ടതെങ്കിൽ കാനാനെ ശപിക്കു ന്നത് എന്തുകൊണ്ട്? എന്താണ് ഹാമും കാനാനും തമ്മിൽ ബന്ധം? വംശാവലി പട്ടികയിൽ മൂന്നു മക്കളിൽ രണ്ടാമനാണ് ഹാം. (ഉൽപ 9,18). എന്നാൽ ഇവിടെ ഇളയവനായി പ്രത്യക്ഷപ്പെടുന്നു. മൂത്തവരെ അനുഗ്രഹിക്കുകയും ഇളയവരെ ശപിക്കുകയും ചെയ്യുക ബൈബിളിൽ സാധാരണമല്ല. എന്തേ ഇവിടെ ഇങ്ങനെ? ഷേമിനും ജാഫെത്തിനും നല്കുന്ന അനുഗ്രഹവും ചോദ്യങ്ങൾ ഉയർത്തുന്നു. കാനാനെ ഷേമിന്റെയും ജാഫെത്തിന്റെയും ദാസനാക്കുന്നു; തന്നെയുമല്ല ഷേമിന്റെ കൂടാരങ്ങളിൽ ജാഫെത്തും പാർക്കും........(ഉൽപ 9,26-27). സഹോദരൻ സഹോദരങ്ങൾക്ക് അടിമയാകണം എന്നു പിതാവുതന്നെ പ്രഖ്യാപിക്കുന്നു. രണ്ടു മക്കളെ സംരക്ഷിക്കുകയും ഒരുവനെ അടിമ യാക്കുകയും ചെയ്യുന്നു. ആരാണിവർ? എന്താണ് ദുരൂഹമായ ഈ സംഭവത്തിലൂടെ വിശുദ്ധ ഗ്രന്ഥകാരൻ കൈമാറാൻ ആഗ്രഹിക്കുന്ന സന്ദേശം?

പരാജിതനാണ് നോഹ - ദൈവത്തിന്റെയും മനുഷ്യരുടെയും മുന്നിൽ ദയനീയമായി അയാൾ പരാജയപ്പെട്ടു. അനുഗ്രഹത്തിന്റെ ഉറവിടമായിരിക്കേണ്ടവൻ ബോധപൂർവ്വം തന്റെതന്നെ സന്തതിയുടെ മേൽ ശാപം ചൊരിയുകയായി. മക്കളെ രണ്ടു തട്ടിൽ നിർത്തി, പരസ്പരം പോരടിപ്പിച്ചു. പറുദീസായിൽ ദുർമുഖം കാട്ടിയ പ്രലോഭകൻ പ്രളയാ നന്തരം വിശുദ്ധമായ ഒരു കുടുംബത്തിനുള്ളിൽ കലഹം വിതച്ചു - അതും കുടുംബനാഥനിലൂടെതന്നെ. രണ്ടു കാര്യങ്ങൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പാരജയത്തിന്റെയും ശാപത്തിന്റെയും മൂലകാര

ണമായി നിൽക്കുന്ന വീഞ്ഞും നഗ്നതയും രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ടു പ്രമേയങ്ങൾക്ക് ബൈബിളിൽ ആഴത്തിലൂന്നിയ വേരുകളുണ്ട്.

വീഞ്ഞിനെക്കുറിച്ച് ബൈബിളിൽ രണ്ടു കാഴ്ചപ്പാടുകളുണ്ട്. മനുഷ്യനു സന്തോഷം പകരാൻ ദൈവം നല്കിയ ദാനവും അതിനാൽ നല്ലതുമാണ് വീഞ്ഞ് എന്ന ഒരു കാഴ്ടപ്പാടുണ്ട്. "ആശ്വാസദായകൻ" എന്നർത്ഥമുള്ള നാമം വഹിക്കുന്ന നോഹ തന്നെയാണ് അതു കണ്ടുപിടിച്ചത് എന്ന അറിവ് വീഞ്ഞിനെ നന്മയായി ചിത്രീകരിക്കുന്നു. ക്ലേശപൂരിതമായ ഈ ഭൂമിയിൽ മനുഷ്യന് അല്പം ആശ്വാസം നല്കാനായി ദൈവം കനിഞ്ഞു തന്നതാണത്. "മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും........പ്രദാനം ചെയ്യുന്നു" (സങ്കീ 104,15). അപ്പത്തിന്റെകൂടെ സാധാരണ മനുഷ്യന്റെ പാനീയമാണ് വീഞ്ഞ്. അത് സമൃദ്ധമായുണ്ടാകുന്നത് ദൈവാനുഗ്രഹത്തിന്റെ അടയാളമാണ് (ഹോസി 2,8; ജോയേൽ 2,19). രക്ഷകനായ മിശിഹായുടെ ആഗമനത്തോടെ സംലഭ്യമാകുന്ന സമൃദ്ധിയിൽ ധാരാളം വീഞ്ഞുണ്ടാകും (ഉൽപ 49,11; ഏശ 27,2). "അന്ന് പർവ്വതങ്ങളിൽ നിന്ന് മധുരവീഞ്ഞ് ഇറ്റുവീഴും" (ജോയേൽ 3,18). വിരുന്നു സൽക്കാരത്തിന്റെ അവശ്യഘടകമായിരുന്നു വീഞ്ഞ്. അതുകൊണ്ടാണല്ലോ കാനായിൽവച്ച് യേശു അത്ഭുതകരമായി വെള്ളം വീര്യമുള്ള വീഞ്ഞാക്കിമാറ്റിയത്. ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ പുതുവീഞ്ഞിന്റെ ഉപമ ഉപയോഗിച്ചതും ശ്രദ്ധേയമത്രേ (മത്താ 9,17). അല്പം വീഞ്ഞു കുടിക്കുന്നതു നല്ലതാണെന്ന് പൗലോസ് തന്റെ ശിഷ്യനായ തിമോത്തിയോസിനെ ഉപദേശിക്കുന്നുണ്ട് (1 തിമോ 5,23). പഴയനിയമത്തിൽ ബലിയർപ്പണത്തിന്റെ അവശ്യഘടകമായിരുന്നു വീഞ്ഞ്. പുതിയ ഉടമ്പടി സ്ഥാപിക്കുന്നതു തന്നെ വീഞ്ഞ് തന്റെ രക്തമായി മാറ്റിക്കൊണ്ടാണല്ലോ. ഇന്നും വിശുദ്ധ കുർബ്ബാനയ്ക്ക് വീഞ്ഞ് അവശ്യമാണ്. ഇങ്ങനെ വീഞ്ഞിനെക്കുറിച്ച് അനേകം നല്ല കാര്യങ്ങൾ ബൈബിളിൽ കാണാം.

എന്നാൽ ഇതിന്റെ പത്തിരട്ടിയായി വീഞ്ഞിന്റെ ദോഷഫലങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ട്. ലോത്ത് നിപതിക്കാൻ കാരണം വീഞ്ഞാണ്. യാക്കോബ് ലെയായെ ഭാര്യയായി സ്വീകരിക്കാൻ നിർബന്ധിതനായതും (ഉൽപ 29, 22-25) ഹോളോഫർണസിന് തല നഷ്ടപ്പെട്ടതും (യൂദി 13,2) വീഞ്ഞിന്റെ ലഹരിയിലാണ്; "വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്" (സുഭാ 20,1) അതു മനുഷ്യനെ ദരിദ്രനാക്കും (സുഭാ 21,17). അത് ദുരിതങ്ങളും ദുഃഖവും

വരുത്തും (സുഭാ 23,29–30). മരിക്കാൻ പോകുന്നവന് തന്റെ വേദനകൾ മറക്കാൻ സഹായിക്കാനായി മാത്രമേ ലഹരിപാനീയങ്ങൾ നല്കാവൂ (സുഭാ 31,6–7). അത് സുബോധം കെടുത്തും (ഹോസി 4,11). അതിനാൽ "നിങ്ങൾ വീഞ്ഞുകുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്" (എഫ് 5,18). മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കോറി 6,10).

തന്റെ തലമുറയിലെ കറയറ്റ ഏക മനുഷ്യനായ നോഹ, പുതിയ മനുഷ്യവർഗ്ഗത്തിന്റെ ആദിപിതാവ്, ദയനീയമായി പരാജയപ്പെടാൻ കാരണം മദ്യലഹരിയാണ്. അത്രമാത്രം വിശുദ്ധനും വിവേകിയുമായ നോഹയ്ക്ക് ഇതു സംഭവിച്ചെങ്കിൽ സാധാരണക്കാർക്ക് എന്തായിരിക്കും സംഭവിക്കുക? നമ്മുടെ വീടുകളിലും തെരുവുകളിലും ഉത്തരം കാണാം. തകരുന്ന കുടുംബങ്ങൾ, പെരുകുന്ന അക്രമങ്ങൾ, നാശം വിതയ്ക്കുന്ന ആസക്തികൾ – ഏവർക്കും ദൃശ്യമാണ് നോഹിന്റെ മദ്യലഹരിയിലുടെ ബൈബിൾ നല്കുന്ന പാഠം. എന്നാൽ ഇതു മാത്രമല്ല.

നഗ്നതയാണ് നോഹിന്റെ കഥയിലെ നിർണ്ണായകമായ വഴിത്തിരിവിനു കാരണം. പിതാവിന്റെ നഗ്നത പുത്രൻ കണ്ടു, അത് സംസാര വിഷയമാക്കി. അതിന്റെ പേരിൽ ശാപം ഉച്ചരിക്കുന്ന നോഹ ഹാമിനെയെല്ലെ, കാനാനെയാണ് ശപിക്കുന്നത്. ഇത് കഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്ക് വ്യക്തമായ ഒരു സൂചന നല്കുന്നു. വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ച ഇസ്രായേൽജനം വിഗ്രഹാരാധനയിലേക്കും മറ്റ് മ്ലേഛതകളിലേക്കും വഴുതിവീഴാൻ കാരണമായത് തദ്ദേശവാസികളായ കാനാൻകാരുമായുള്ള സമ്പർക്കമാണ് (സംഖ്യ 25,1–6).

ഫലപുഷ്ടിയുടെ ദേവതയായ ബാലിനെയും അഷേറായെയുമാണ് അവർ ആരാധിച്ചിരുന്നത്. ആ ദേവതകളുടെ ഉത്സവങ്ങൾ വലിയ ആഘോഷങ്ങളായിരുന്നു. മലമുകളിലെ ആലയങ്ങളിലും കാവുകളിലും രാത്രി മുഴുവൻ നീളുന്ന ആഘോഷം. ദേവപ്രീതിക്കായി വീഞ്ഞു കുടിക്കുകയും ലൈംഗിക വേഴ്ചകളിൽ ഏർപ്പെടുകയും ചെയ്യുക അവരുടെ ആരാധനയുടെയും ആഘോഷങ്ങളുടെയും ഭാഗമായിരുന്നു. ഇപ്രകാരമുള്ള ആരാധനയ്ക്കായി നിയുക്തരായ സ്ത്രീ–പുരുഷ പുരോഹിതർ (വേശ്യകൾ) ഉണ്ടായിരുന്നു. കാനാൻകാരുടെ വിശ്വാസങ്ങളിലും ആഘോഷങ്ങളിലും ഇസ്രായേൽക്കാർ പങ്കുചേർന്നു. അങ്ങനെ തങ്ങളെത്തന്നെ അവർ മലിനരാക്കി.

"പണയം കിട്ടിയ വസ്ത്രം വിരിച്ച് ഓരോ ബലിപീഠത്തിനും അരികിൽ അവർ ശയിക്കുന്നു. പിഴയായി ഈടാക്കിയ മദ്യം അവർ


തങ്ങളുടെ ദേവന്റെ ആലയത്തിൽ വച്ചു പാനം ചെയ്യുന്നു'' (ആമോ 2,8) എന്ന ആമോസിന്റെ കുറ്റാരോപണം ഇപ്രകാരമുള്ള ആഘോഷങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ''സകല പച്ചമരച്ചുവട്ടിലും വേശ്യയെപ്പോലെ നീ വഴങ്ങി'' (ജറെ 2,20) എന്ന ജറെമിയായുടെ ഗർജ്ജനം ഈ ആരാധനാഭാസം എത്രകണ്ട് വ്യാപകമായി എന്നു വ്യക്തമാക്കുന്നു. മദ്യലഹരിയിൽ സുബോധം മങ്ങി, ലൈംഗികവേഴ്ചകളിൽ ഏർപ്പെടുന്നതിനെതിരേ ശക്തമായ താക്കീതുകൾ പ്രവാചകന്മാർ വഴി നല്കിയിരുന്നു. ആ താക്കീതുകളുടെ തുടക്കം നോഹിന്റെ ശാപത്തിൽ കാണാം. ''പുരോഹിതന്മാരും പ്രവാചകന്മാരും പോലും വീഞ്ഞുകുടിച്ചു മദിക്കുന്നു! ലഹരിപിടിച്ച് അവർ ആടിയുലയുന്നു. വീഞ്ഞ് അവരെ വഴിതെറ്റിക്കുന്നു. അവർക്കു ദർശനങ്ങളിൽ തെറ്റുപറ്റുന്നു; ന്യായവിധിയിൽ കാലിടറുന്നു. എല്ലാ മേശകളും ഛർദ്ദികൊണ്ട് നിറഞ്ഞിരിക്കുന്നു. മലിനമല്ലാത്ത ഒരു സ്ഥലവുമില്ല'' (ഏശ 28,7-8) എന്ന് ഏശയ്യാപ്രവാചകനിലൂടെ കർത്താവു വിലപിക്കാൻ മാത്രമെത്തി ഇസ്രായേൽ ജനത്തിനുമേലുണ്ടായ കാനാൻ സ്വാധീനം.

ഷേമിനും ജാഫെത്തിനും നല്കിയ അനുഗ്രഹവും ഹാമിന്റെ കുറ്റകൃത്യത്തിന്റെപേരിൽ പ്രഖ്യാപിച്ച ശാപവും കൂടുതൽ വ്യാപകമായ അർത്ഥവും ധ്വനികളും ഉൾക്കൊള്ളുന്നുണ്ട്. ഭൂമിയിൽ വസിക്കുന്ന സകലജനതകളുടെയും പൂർവ്വികരായിട്ടാണ് നോഹിന്റെ ഈ മൂന്നു മക്കൾ പരിഗണിക്കപ്പെടുന്നത്. ഷേമിന്റെ മക്കൾ സെമിറ്റിക് വംശജരായി അറിയപ്പെടുന്നു. ഇസ്രായേൽ ഈ വംശപരമ്പരയിൽ പെടും. ജാഫെത്തിന്റെ മക്കളെ പൊതുവേ ഇൻഡോ-യൂറോപ്യൻ അഥവാ ആര്യർ എന്നു വിശേഷിപ്പിക്കുന്നു. കടലിലൂടെ വന്ന് കാനാൻ ദേശത്തിന്റെ തെക്കുപടിഞ്ഞാറ് വാസമുറപ്പിച്ച ഫിലിസ്ത്യർ ഈ വംശത്തിൽ പെടും. കാനാൻ ദേശത്ത് വാസമുറപ്പിച്ചവരാണ് ഇസ്രായേല്യരും ഫിലിസ്ത്യരും; പരസ്പരം പടവെട്ടിയാണ് അവർ കഴിഞ്ഞിരുന്നതെങ്കിലും ഒരേ ഭൂമിയിലാണ് അവർ വസിച്ചിരുന്നത്. ഷേമിന്റെ കൂടാരത്തിൽ ജാഫെത് പാർക്കും എന്ന അനുഗ്രഹത്തിന്റെ പൊരുൾ ഇവിടെ തിരിയുന്നു.

ഹാമിനു നല്കിയ ശാപം കാനാന്റെമേൽ പതിക്കുന്നതിനും അർത്ഥമുണ്ട്. ഈജിപ്തിലും കാനാനിലും വസിച്ചിരുന്നവർ ഹാമിന്റെ മക്കളായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. ജോഷ്വായുടെ നേതൃത്വത്തിൽ യുദ്ധം ചെയ്ത് കാനാനിൽ പ്രവേശിച്ച ഇസ്രായേൽക്കാർ ദാവീദിന്റെ കാലത്ത് കാനാൻ മുഴുവൻ കീഴടക്കി, തദ്ദേശവാസികളെ അടിമകളാക്കി, പിതാവു തുടങ്ങിവച്ച ജോലി മകൻ സോളമൻ പൂർത്തിയാക്കി.

കാനാൻകാരുടെ ദേശം കൈവശപ്പെടുത്തുന്നതിനും അവരെ അടിമകളാക്കുന്നതിനും ദൈവത്തിന്റെ അംഗീകാരവും ആശീർവാദവുമുണ്ട് എന്നു സ്ഥാപിക്കാൻ ഹാമിന്റെ ശാപം കാനാനിൽ പതിക്കുന്നത് സഹായകമായി. പിതാവിന്റെ നഗ്നത കണ്ടതാണ് ഈ ശാപത്തിനു കാരണം എന്ന വിശദീകരണം കാനാൻകാരുടെ ആരാധനയുമായി ബന്ധപ്പെട്ട മ്ലേച്ഛതകളിലൂടെ സ്ഥിരീകരിക്കപ്പെട്ടു. ഹാമിന്റെ മേലുള്ള ശാപം ആഫ്രിക്കൻ വംശജരെ അടിമകളാക്കാൻ തങ്ങൾക്കവകാശം നല്കുന്നു എന്നു വ്യാഖ്യാനിച്ച, ജാഫെത്തിന്റെ മക്കളായി കരുതപ്പെടുന്ന, യൂറോപ്യൻ വംശജരുടെ ബൈബിൾ വ്യാഖ്യാനം ആവശ്യാനുസരണം ബൈബിൾ വളച്ചൊടിക്കുന്നതിന്റെ ഉദാഹരണമാണ്.

നോഹിന്റെ മദ്യലഹരിയുടെ നഗ്നതയും ഇന്നും വലിയൊരു താക്കീതായി നിലകൊള്ളുന്നു. മനുഷ്യവംശത്തിന്റെ സുസ്ഥിതിക്കും തുടർച്ചയ്ക്കുമായി ദൈവം നല്കിയ വലിയൊരു ദാനമാണ് സ്ത്രീപുരുഷലൈംഗികത. എന്നാൽ മനോഹരമായ ഈ ദാനം സകല അതിരുകളും മറന്ന് ദുരുപയോഗിക്കപ്പെടുന്നു. സ്ത്രീ-പുരുഷ ലൈംഗികതയെ കമ്പോളവൽക്കരിച്ച് ലാഭം കൊയ്യുന്ന വ്യവസായം ഒരു വശത്ത്. അവകാശങ്ങളുടെ പേരിൽ സകല മ്ലേച്ഛതകളിലും മുഴുകുന്ന ലൈംഗിക അരാജകത്വം മറുവശത്ത്. മൃഗങ്ങൾ പോലും ചെയ്യാത്ത സ്വവർഗ്ഗഭോഗവും ബാലപീഡനവും സ്വന്തം മക്കളെപ്പോലും ദുരുപയോഗിക്കുന്ന ലൈംഗികാസക്തിയും കാണുമ്പോൾ നോഹയുടെ ശാപം എത്ര അർത്ഥവത്താണെന്നു കാണാൻ വിഷമമില്ല. നോഹ മകനെ ശപിച്ചതിന്റെ ശരിയും തെറ്റും ബൈബിൾ അപഗ്രഥിക്കുന്നില്ല. എന്നാൽ മദ്യാസക്തി സർവ്വനാശം വിളിച്ചുവരുത്തുമെന്ന് ഉച്ചത്തിൽ പ്രഘോഷിക്കുന്നുണ്ട്. അതുതന്നെയാവണം മാതൃകാപരമല്ലാത്ത ഈ കൃത്യം ബൈബിളിൽ വിവരിക്കുന്നതിന്റെ മുഖ്യലക്ഷ്യം.



# പരാജയത്തിന്റെ പടവുകൾ

## ലോത്ത്

*''കർത്താവ് കല്പിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു. ലോത്തും കൂടെ പോയി''* (ഉൽപ 12,4).

ഉന്നതമായ ഒരു ലക്ഷ്യത്തിലേക്കു യാത്ര പുറപ്പെട്ടതായിരുന്നു ലോത്ത്, പിതൃസഹോദരനായ അബ്രാഹത്തിന്റെകൂടെ. എന്നാൽ എത്ര ഹീനമായാണ് അയാൾ പരാജയത്തിന്റെ പടുകുഴിയിൽ ചെന്നവസാനിച്ചത്! പെട്ടെന്നു സംഭവിച്ചതല്ല ഈ പതനം. അധഃപതനത്തിന്റെ പടവുകൾ ഒന്നൊന്നായി വിശുദ്ധ ഗ്രന്ഥം നമ്മുടെ മുമ്പിൽ നിരത്തി വച്ചിട്ടുണ്ട്, ഉൽപത്തി 12-19 അധ്യായങ്ങളിൽ. കുടിച്ചു ലക്കുകെട്ട്, സ്വന്തം പെൺമക്കളിൽ നിന്നു മക്കളെ ജനിപ്പിക്കുന്നത്ര ഹീനമായ അവസ്ഥയിലേക്ക് ലോത്തിനെ എത്തിച്ച പരാജയത്തിന്റെ വഴികളിൽ പിൻതലമുറകൾ ശ്രദ്ധിക്കേണ്ട വിലപ്പെട്ട പാഠങ്ങൾ വിശുദ്ധ ഗ്രന്ഥകാരൻ അടുക്കിവച്ചിട്ടുണ്ട്, പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്ന താക്കീതുകൾ. ഹീനമായ സംഭവങ്ങളെയും വ്യക്തികളുടെ ദയനീയ പരാജയങ്ങളെയും വിശദമായി അവതരിപ്പിക്കുന്നതിലൂടെ അധമവികാരങ്ങൾ ഉണർത്താനോ ജഡികസംതൃപ്തി നല്കാനോ അല്ല

ബൈബിൾ ഉദ്ദേശിക്കുന്നത്. പരാജിതരുടെ അനുഭവങ്ങൾ പാഠമാകണം; അവർ ഇടറിയ വഴികളിൽ വായനക്കാർക്കു മുൻകരുതലുണ്ടാകണം.

കൽദായരുടെ ഊറിൽ വസിച്ചിരുന്ന തേരാഹിനു മൂന്നാണ് മക്കൾ: അബ്രാം, നാഹോർ, ഹാരാൻ. ഏറ്റം ഇളയവനായ ഹാരാന്റെ മകനാണ് ലോത്ത്. പിതാവു മരിച്ചു പോയതിനാൽ അയാൾ പിതാവിന്റെ സ്ഥാനത്തു പരിഗണിക്കപ്പെട്ടു. അങ്ങനെ ലോത്ത് അബ്രാഹത്തിന്റെ സഹോദരപുത്രനും സഹോദരനുമായി. കാനാൻദേശം ലക്ഷ്യംവച്ച് ഊറിൽനിന്നു പുറപ്പെട്ട തേരാഹ് മക്കളോടൊപ്പം ഹാരാനിൽ എത്തിയപ്പോൾ യാത്ര നിർത്തി. ഹാരാൻ പട്ടണത്തിന്റെ ആകർഷണം അത്ര ശക്തമായിരുന്നിരിക്കാം. ഹാരാനിൽവച്ച് തേരാഹ് മരിച്ചു. അതിനു ശേഷമാണ് രക്ഷാചരിത്രത്തിനു തുടക്കം കുറിക്കുന്ന അബ്രാഹത്തിന്റെ വിളി. "കർത്താവ് അബ്രാമിനോടരുളിച്ചെയ്തു. നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയുംവിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക......നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും" (ഉൽപ 12,1–3).

വിളി ലഭിച്ചത് അബ്രാഹത്തിനാണെങ്കിലും സഹോദരപുത്രനായ ലോത്തും കൂടെപോയി. ഭാര്യ ഒഴികെ ലോത്തിനെ മാത്രമാണ് ബന്ധുക്കളായി അബ്രാഹം കൂടെകൊണ്ടുപോയത്. അബ്രാഹം പോയിടത്തെല്ലാം ഒരു നിഴൽപോലെ ലോത്ത് അനുഗമിച്ചു. അബ്രാഹത്തിന്റെ യാത്രയിലും പ്രാർത്ഥനയിലും ബലിയർപ്പണത്തിലും എല്ലാം അയാൾ പങ്കുചേർന്നു. പ്രത്യാശാ നിർഭരമായിരുന്നു സഹോദരങ്ങൾ ഒരുമിച്ചുള്ള ആ യാത്ര. അബ്രാഹത്തിനു ലഭിച്ച വാഗ്ദാനങ്ങളിൽ താനും പങ്കുകാരനാകും എന്ന് ലോത്ത് ന്യായമായും പ്രതീക്ഷിച്ചിട്ടുണ്ടാകും. അബ്രാഹം അനുഗ്രഹമായി മാറുമ്പോൾ ആ അനുഗ്രഹത്തിന്റെ ഫലം അനുചരർക്കും ലഭ്യമാകുമല്ലോ.

വാഗ്ദത്തഭൂമിയിൽ നിന്നകന്ന്, ഈജിപ്തിലേക്കു പോയപ്പോൾ അബ്രാഹത്തിന്റെകൂടെ ലോത്തും പോയോ എന്നു ബൈബിൾ പറയുന്നില്ല. എന്നാൽ ചാവുകടൽ ചുരുളുകളിൽ ഒന്നായ ഉൽപത്തിയുടെ വ്യാഖ്യാനത്തിൽ ഖുമ്റാൻ സന്ന്യാസികൾ എഴുതിവച്ചു, ലോത്ത് കൂടെ പോവുക മാത്രമല്ല, ഈജിപ്തിൽവച്ച് ഏറെ സമ്പന്നനായി; ഒരു ഭാര്യയെയും സമ്പാദിച്ചു എന്ന്. ബി.സി. ഒന്നാം നൂറ്റാണ്ടിലെ ഈ ലിഖിതം നല്കുന്ന സാക്ഷ്യം വിശ്വസിക്കാൻ ന്യായമുണ്ട്. കാരണം ഈജിപ്തു യാത്രയ്ക്കു ശേഷമാണ് ഇരുവരുടെയും വലിയ മൃഗസമ്പ

ത്തിനെക്കുറിച്ച് വി. ഗ്രന്ഥകാരൻ പറയുന്നത്. ''അബ്രാഹം ഭാര്യയോടും സ്വന്തമായ സകലത്തോടുംകൂടെ ഈജിപ്തിൽനിന്ന് നെഗെബിലേക്കു പോയി. ലോത്തും കൂടെ ഉണ്ടായിരുന്നു..............അവന്റെ കൂടെ പുറപ്പെട്ട ലോത്തിനും ആട്ടിൻപറ്റങ്ങളും കാലിക്കൂട്ടങ്ങളും കൂടാരങ്ങളും ഉണ്ടായിരുന്നു'' (ഉൽപ 13,1-5).

വർദ്ധിച്ച സമ്പത്തിലാണ് പ്രശ്നങ്ങളുടെ തുടക്കം. ''അവർക്ക് ഒന്നിച്ചു താമസിക്കാൻ ആ ദേശം മതിയായില്ല. കാരണം അവർക്കു വളരെയേറെ സമ്പത്തുണ്ടായിരുന്നു'' (ഉൽപ 13,6). ഇരുവരുടെയും ഇടയന്മാർ തമ്മിൽ തർക്കമുണ്ടായി. കാരണം എന്തെന്ന് ബൈബിൾ പറയുന്നില്ല. ജോലിക്കാർ രണ്ടു ഗ്രൂപ്പുകളായാണ് സ്വയം വീക്ഷിച്ചത്. സഹോദരങ്ങളായിരുന്നു ഉടമസ്ഥർ എങ്കിലും, ആ സാഹോദര്യം വേല ക്കാരിൽ ഉണ്ടായില്ല. തർക്കം കലഹമായി, കലഹം മൂത്ത് അത് സഹോ ദരബന്ധത്തെ തകർക്കുമോ എന്ന ആശങ്ക ഉണ്ടായപ്പോൾ അബ്രാഹം ഒരു ചർച്ചയ്ക്ക് മുൻകൈ എടുത്തു. ''നമ്മൾ തമ്മിൽ കലഹമുണ്ടാകരുത്. കാരണം നമ്മൾ സഹോദരങ്ങളാണ്'' (ഉൽപ 13,8). ''സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ'' എന്ന കായേന്റെ ചോദ്യത്തിന് (ഉൽപ 4,9) ഇവിടെ ഉത്തരം കാണാം. നമ്മൾ സഹോദരങ്ങളാണ്. അതാണ് അബ്രാഹത്തിനു ഏറ്റം പ്രധാനം. മറ്റെല്ലാം അതിനു ശേഷമേയുള്ളൂ. സാഹോദര്യത്തിനു കോട്ടം തട്ടാൻ സമ്പത്ത് കാരണമാകരുത്.

അതിനാൽ പരസ്പരം പിരിയാം എന്ന നിർദ്ദേശമാണ് അബ്രാഹം മുന്നോട്ടുവച്ചത്. പിരിയുമ്പോൾ ആർ എവിടെ പാർക്കണം എന്നതിനേക്കുറിച്ചും അബ്രാഹം വ്യക്തമായ നിർദ്ദേശം നല്കി. നീ തന്നെ തിരഞ്ഞെടുക്കുക; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്. ഇനി ഇടതാണ് നിനക്കിഷ്ടമെങ്കിൽ ഞാൻ വലത്തോട്ടു പോയ്ക്കൊള്ളാം. എത്ര മാന്യവും ഉദാരവും നിസ്വാർത്ഥവുമായ നിർദ്ദേശം! ഇപ്രകാരം ഒരു മനോഭാവം സ്വത്തു പങ്കുവയ്ക്കുമ്പോൾ സഹോദരങ്ങളുടെയും പങ്കുകാരുടെയും ഇടയിൽ ഉണ്ടായിരുന്നെങ്കിൽ എന്ന ദൈവത്തിന്റെ ആഗ്രഹം അബ്രാഹത്തിന്റെ വാക്കുകളിൽ മുഴങ്ങുന്നുണ്ട്. യാതൊരു ചോദ്യവും ചർച്ചയും കൂടാതെ ലോത്ത് തീരുമാനം എടുത്തു. അത് തന്റെ സമ്പത്തു വർദ്ധിപ്പിക്കാൻ സഹായകമാകുന്ന തീരുമാനമായിരുന്നു. ''ജോർദ്ദാൻ സമതലം മുഴുവൻ ജലപുഷ്ടിയുള്ള ഭൂമിയാണെന്ന് ലോത്തു കണ്ടു. അതു കർത്താവിന്റെ തോട്ടം പോലെയും........ ആയിരുന്നു. ലോത്ത് ജോർദ്ദാൻ സമതലം തിരഞ്ഞെടുത്തു'' (ഉൽപ 13,10).

അവിടെയാണ് ലോത്തിന്റെ പരാജയത്തിന്റെ തുടക്കം. വാഗ്ദാനത്തിന്റെ അവകാശിയായ സഹോദരനിൽ നിന്ന് വേർപിരിയാൻ അയാൾ തീരുമാനിച്ചു. അബ്രാഹം തന്നെയാണ് നിർദ്ദേശം മുന്നോട്ടു വച്ചത്. എന്നാൽ ലോത്തിന് മറിച്ച് ചിന്തിക്കാമായിരുന്നു. സമ്പത്തു കുറവായിരുന്നപ്പോൾ സഹോദരങ്ങളായി കഴിയാൻ സാധിച്ചുവെങ്കിൽ, ഇപ്പോഴും സാധിക്കണം. സ്വന്തം വേലക്കാരെ നിലയ്ക്കു നിർത്താൻ കഴിയണം. എന്നാൽ തന്റെ മുമ്പിൽ കണ്ട സമ്പൽ സമൃദ്ധമായ ജോർദ്ദാൻ താഴ്വരയുടെ ആകർഷണത്തിൽ അയാൾ സാഹോദര്യം മറന്നു; അബ്രാഹത്തിനു ലഭിച്ചിരുന്ന വാഗ്ദാനവും മറന്നു. സമ്പത്ത് മനുഷ്യനെ അന്ധനാക്കും എന്ന ആദ്യപാഠം വി. ഗ്രന്ഥകാരൻ ഇവിടെ പഠിപ്പിക്കുകയായി.

മെച്ചപ്പെട്ട ഭാഗം താൻ തിരഞ്ഞെടുത്തപ്പോൾ തന്റെ സഹോദരനു ലഭിക്കുന്നതെന്ത് എന്നയാൾ ചിന്തിച്ചില്ല. എതിർഭാഗത്തുണ്ടായിരുന്നത് വരണ്ട മരുഭൂമിയാണ്. അതു തനിക്കു വേണ്ടാ എന്നു തീരുമാനിച്ച ലോത്തിന് സഹോദരനെയും അവന്റെ ആവശ്യങ്ങളെയും കാണാൻ കണ്ണില്ലാതെ പോയി. യേശു ഉപമകളിൽ അവതരിപ്പിക്കുന്ന ധനവാനെപ്പോലെ (ലൂക്കാ 12,16–21; 16, 19–31). ഞാൻ, എന്റെ സ്വത്ത്, എന്റെ ഭാവി എന്ന സ്വാർത്ഥചിന്തയിലാണ് വീഴ്ചയുടെ തുടക്കം.

ആട്ടിൻപറ്റങ്ങൾക്കും കാലിക്കൂട്ടങ്ങൾക്കും ഒരുമിച്ചു പാർക്കാൻ കഴിയാത്തതിനാലാണ് സഹോദരർ പരസ്പരം പിരിഞ്ഞത്. എന്നാൽ അടുത്തരംഗത്ത് നാം ലോത്തിനെ കാണുന്നത് ജോർദ്ദാൻ സമതലത്തിൽ വലിയ ആട്ടിൻപറ്റവുമായി കഴിയുന്ന ഒരു ധനികനായല്ല, മറിച്ച് സോദോം പട്ടണത്തിൽ കുടിപാർക്കുന്ന ഒരു നഗരവാസി ആയിട്ടാണ്. എന്തേ ഇങ്ങനെ? എന്തിനുവേണ്ടിയാണ് സഹോദരനിൽ നിന്നകന്നത് എന്നുതന്നെ ലോത്തു മറന്നോ? അയാളുടെ മൃഗസമ്പത്തിനെന്തുപറ്റി? ഇടയൻ നഗരവാസിയായി. നഗരം സകല മ്ലേച്ഛതകളുടെയും കേന്ദ്രമായിരുന്നു. സോദോമിലെ ആളുകൾ മഹാപാപികളായിരുന്നു (ഉൽപ 13,13) എന്നു വി. ഗ്രന്ഥകാരന്റെ മുന്നറിയിപ്പ് ലോത്ത് എടുത്ത തീരുമാനത്തിന്റെ മൗഢ്യത്തിലേക്കും വിരൽ ചൂണ്ടുന്നു. ലോത്ത് പരാജയത്തിന്റെ രണ്ടാംപടിയിറങ്ങി, നഗരവാസത്തോടെ.

യുദ്ധത്തടവുകാരനായിട്ടാണ് ലോത്ത് മൂന്നാംഭാഗത്തു പ്രത്യക്ഷപ്പെടുന്നത്. കിഴക്കു നിന്നുവന്ന് നഗരങ്ങൾ ആക്രമിച്ച രാജാക്കന്മാർ പട്ടണവാസികളെ പിടിച്ചുകൊണ്ടുപോയ കൂട്ടത്തിൽ ലോത്തും ഉണ്ടായിരുന്നു (ഉൽപ 14,12). വിവരമറിഞ്ഞ അബ്രാഹം തന്റെ വേലക്കാരെയും

കൂട്ടി യുദ്ധത്തിനു പുറപ്പെട്ടു. ജീവൻ പണയം വച്ചുള്ള പോരാട്ടത്തിൽ അബ്രാഹം വിജയിച്ചു. ലോത്തിനെ സ്വതന്ത്രനാക്കി. മെച്ചപ്പെട്ട സ്ഥലം സ്വന്തമാക്കാൻ തന്നെ വിട്ടുപോയവനാണ് ലോത്ത് എന്ന് അബ്രാഹം കരുതിയില്ല. നമ്മൾ സഹോദരങ്ങളാണ് എന്ന മനോഭാവത്തിൽ അയാൾ ഉറച്ചു നിന്നു. സഹോദരനുവേണ്ടി ജീവൻ അപകടപ്പെടുത്തുന്ന ഉദാത്ത മായ സഹോദരസ്നേഹത്തിന് ഉത്തമ മാതൃകയാകുന്നു അബ്രഹാം; ലോത്താകട്ടെ എല്ലാം നഷ്ടപ്പെടുന്ന ഹതഭാഗ്യൻ. സഹോദരന്റെ ഔദാര്യം കൊണ്ടുമാത്രം ജീവിക്കാൻ കഴിയുന്നവൻ - എന്നാൽ അയാളുടെ ഒരു വാക്കുപോലും നമ്മൾ കേൾക്കുന്നില്ല. ഒന്നും പറയാതെ, കിട്ടിയ ദാനം അവകാശമായി കരുതി സ്വഭവനത്തിലേക്കു മടങ്ങുന്ന ലോത്ത് നന്ദിഹീനതയുടെ പ്രതീകമാണോ? വി. ഗ്രന്ഥകാരൻ പറയു ന്നില്ല; അനുവാചകർക്കു വിട്ടിരിക്കുന്നു തീരുമാനം.

സോദോമിന്റെ നാശവുമായി ബന്ധപ്പെട്ടാണ് ലോത്ത് പ്രത്യക്ഷ പ്പെടുന്ന നാലാം ഭാഗം. സോദോമിൽ നിന്നുയരുന്ന നിലവിളിയുടെ നിജസ്ഥിതി അറിഞ്ഞ് ശിക്ഷിക്കാനായി പുറപ്പെട്ട ദൈവം തന്റെ ദൂതന്മാരിലൂടെ അബ്രാഹത്തെ സന്ദർശിച്ചു. സോദോമിനുവേണ്ടി അബ്രാഹം ഒരു കച്ചവടക്കാരനെപ്പോലെ പേശി, യാചകനെപ്പോലെ ഇരന്നു. പത്തു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ ആ നഗരം നശിപ്പി ക്കുകയില്ല എന്ന വാക്കു തരുന്നതുവരെ അയാൾ കർത്താവിനെ വഴി യിൽ തടഞ്ഞു നിർത്തി വാദിച്ചു (ഉൽപ 18,16-33). എന്നാൽ കർത്താവിന്റെ ദൂതന്മാർ സോദോമിൽ എത്തിയപ്പോൾ നിലപാടുകൾ വ്യത്യസ്ത മായിരുന്നു.

നഗരവാതിൽക്കൽ ഇരിക്കുന്ന ലോത്തിനെയാണ് നാം ഈ രംഗത്ത് ആദ്യമായി കാണുന്നത്. വഴിപോക്കരുടെ വേഷത്തിൽ കടന്നു വന്ന ദൈവദൂതന്മാരെ, അവർ ആരെന്നറിയാതെ തന്നെ, യാത്രക്കാർ എന്ന നിലയിൽ തന്റെ ഭവനത്തിൽ സ്വീകരിച്ച് ആതിഥ്യം നല്കാൻ തയ്യാറായ ലോത്തിൽ ഇനിയും നന്മ അവശേഷിച്ചിട്ടുണ്ട് എന്നു നാം കാണുന്നു. നഗരത്തിന്റെ മ്ലേച്ഛതകൾ അയാളെ പൂർണ്ണമായി കീഴ്പ്പെ ടുത്തിയിട്ടില്ല. എന്നാൽ നഗരത്തെയോ നഗവാസികളിൽ ഒരുവനെ യെങ്കിലുമോ ഭാവാത്മകമായി സ്വാധീനിക്കാൻ അയാൾക്കു കഴിഞ്ഞില്ല. വീട്ടിൽ വിരുന്നുകാരായി വന്നവരെ തങ്ങളുടെ ലൈംഗിക താൽപര്യ ങ്ങൾക്കു വിട്ടുതരണം എന്നു ശഠിച്ച നഗരവാസികൾക്കു മുമ്പിൽ സ്വന്തം പെൺമക്കളെ അടിയറവയ്ക്കാൻ അയാൾ ഒരുക്കമാണ്. ധർമ്മാധർമ്മ വിവേചനത്തിൽ പാളിച്ചകൾ സംഭവിക്കുന്നത് അയാൾ ശ്രദ്ധിച്ചില്ല.

നഗരത്തിൽ വന്നു കുടിപാർത്തതാണ് ഈ ദുരിതങ്ങൾക്കു കാരണം എന്ന ചിന്ത ഉദിക്കുന്നതുപോലുമില്ല.

കാമാസക്തിയിൽ സുബോധം നഷ്ടപ്പെട്ട് അക്രമത്തിനു മുതിരുന്ന ജനക്കൂട്ടത്തിനു മുമ്പിൽ ലോത്ത് നിസ്സഹായനായി. തെളിവെടുപ്പിനു ദൈവം അയച്ച ദൂതന്മാർക്ക് വിധി നടപ്പാക്കാൻ ആവശ്യത്തിനുമിച്ചം തെളിവുകളായി. തന്റേതായി നഗരത്തിലുള്ള എല്ലാവരെയും കൂട്ടി നഗരംവിട്ടു പോകണം എന്ന ദൂതന്മാരുടെ കല്പന അനുസരിക്കാൻ ലോത്ത് ശ്രമിച്ചു. എന്നാൽ തന്റെ പുത്രിമാരെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരുന്നവരെ ബോധ്യപ്പെടുത്താൻ ലോത്തിനു കഴിഞ്ഞില്ല. ‘‘അവൻ തമാശ പറയുകയാണെന്നത്രേ അവർക്കു തോന്നിയത്’’ (ഉൽപ 19,14). ലോത്തിന്റെ വീടാക്രമിക്കാൻ വന്ന ജനക്കൂട്ടത്തെ ദൂതന്മാർ അന്ധരാക്കിയപ്പോൾ സോദോമിലെ ജനത്തിനു മുഴുവൻ കാഴ്ച നഷ്ടപ്പെട്ടോ? ദൈവികപദ്ധതികൾ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ മനസ്സ് പണ്ടേ അന്ധമായിരുന്നു. അതിരുവിട്ട ആസക്തികൾ മനുഷ്യനെ അന്ധനാക്കുന്നു എന്നായിരിക്കുമോ വി. ഗ്രന്ഥം ഇതിലൂടെ പഠിപ്പിക്കുക.

‘‘നേരം പുലർന്നപ്പോൾ ദൂതന്മാർ ലോത്തിനോടു പറഞ്ഞു. എഴുന്നേറ്റ് ഭാര്യയെയും പെൺമക്കൾ രണ്ടുപേരെയും കൂട്ടി വേഗം പുറപ്പെടുക. അല്ലെങ്കിൽ നഗരത്തോടൊപ്പം നിങ്ങളും നശിക്കും’’ (ഉൽപ 19,15). എന്നാൽ നഗരം വിടാൻ ലോത്തിനു താൽപര്യമില്ല. അവൻ മടിച്ചുനിന്നു (ഉൽപ 19,16). പരാജയത്തിന്റെ അടുത്ത പടി ഇവിടെ കാണാം – തിന്മയെന്നറിഞ്ഞിട്ടും വിട്ടുപേക്ഷിക്കാനുള്ള വിമുഖത. നഗരത്തോടുള്ള താല്പര്യം അത്ര കണ്ട് അവനിൽ വേരുറച്ചിരുന്നു. സാഹചര്യങ്ങൾ മനുഷ്യനെ തിന്മയിലേക്കു നയിക്കും. തിന്മയിൽ തഴങ്ങിയവന് അതുവിട്ടുപേക്ഷിക്കുക എളുപ്പമായിരിക്കുകയില്ല. വഴിവിട്ട ബന്ധങ്ങൾ, അതിരുകടന്ന ആസക്തികൾ, അടിമകളാക്കുന്ന ദുസ്തഴക്കങ്ങൾ – എന്തുമാകട്ടെ, വിട്ടുപേക്ഷിക്കുക എളുപ്പമായിരിക്കുകയില്ല, ദൈവത്തിന്റെ ശക്തമായ ഇടപെടൽ കൂടാതെ.

മടിച്ചുനിന്ന ലോത്തിനെയും കുടുംബത്തെയും ദൂതൻ കൈക്കുപിടിച്ച് നഗരത്തിനു പുറത്തുകൊണ്ടുപോയി വിട്ടു. ചെറുത്തുനില്ക്കാനാവാത്ത ബലപ്രയോഗമായിരുന്നു അത്. അവനോടു കരുണ തോന്നിയതുകൊണ്ടാണ് കർത്താവ് അവന്റെ ജീവിതത്തിൽ ശക്തമായി ഇടപെട്ട്, ബലപ്രയോഗം നടത്തിയത്. തിരിഞ്ഞു നോക്കാതെ ഓടി മലയിൽ കയറി രക്ഷപ്പെടണം എന്ന നിർദ്ദേശം സ്വീകരിക്കാൻ

അയാൾക്കു മനസ്സില്ല. ഞാൻ വൃദ്ധനാണ്; ഓടാനും മലകയറാനും ആരോഗ്യമില്ല എന്നൊക്കെ ഒഴിവുകഴിവു പറയുന്നതിന്റെ യഥാർത്ഥ കാരണം വേറൊന്നാണ്; നഗരംവിട്ടുപോകാൻ താല്പര്യമില്ല. അടുത്തുള്ള ചെറിയ പട്ടണത്തിൽ പോയി വസിക്കണം (ഉൽപ 19, 17–21). അതും കർത്താവു സമ്മതിച്ചു. ലോത്തിനെപ്രതി ആ പട്ടണം നശിപ്പിക്കില്ല എന്ന് ഉറപ്പും കൊടുത്തു.

എരിഞ്ഞൊടുങ്ങുന്ന നഗരത്തിൽനിന്ന് തിരിഞ്ഞു നോക്കാതെ ഓടണം എന്ന കല്പന പാതിമനസ്സോടെയാണ് ലോത്തും കുടുംബവും സ്വീകരിച്ചത്. ലോത്തിന്റെ ദുരന്തനാടകത്തിലെ അഞ്ചാംരംഗം ഈ ഓട്ടം ചിത്രീകരിക്കുന്നു. തനിക്കു സ്വന്തമായുണ്ടായിരുന്നതെല്ലാം, വിലപ്പെട്ടതായി താൻ കരുതിയതെല്ലാം, കർത്താവൊരുക്കിയ ചിതയിൽ എരിഞ്ഞമരുമ്പോൾ മുന്നോട്ടു പോകാൻ കാലുകൾ മടിച്ചു; തിരിഞ്ഞുനോക്കാൻ ഹൃദയം തുടിച്ചു. പ്രലോഭനം വലുതായിരുന്നു. ലോത്തും പുത്രിമാരും ഒരു വിധത്തിൽ പിടിച്ചുനിന്നു, പക്ഷേ അമ്മയ്ക്കു സാധിച്ചില്ല. "ലോത്തിന്റെ ഭാര്യ അവന്റെ പിറകേ വരികയായിരുന്നു. അവൾ തിരിഞ്ഞുനോക്കിയതുകൊണ്ട് ഒരു ഉപ്പുതൂണായിത്തീർന്നു" (ഉൽപ 19സ26). ചാവുകടൽ പ്രദേശത്തുവരുന്ന തീർത്ഥാടകരെ അകലെ മലയിൽ സ്ത്രീരൂപത്തിൽ ഉയർന്നു നില്ക്കുന്ന ഉപ്പുതൂൺ ചൂണ്ടികാട്ടി ഗൈഡ് പറയും: അതാ നില്ക്കുന്നു ലോത്തിന്റെ ഭാര്യ!

തിരിഞ്ഞുനോക്കിയതാണ് വിനാശകാരണമായത്. വിട്ടുപേക്ഷിച്ച തിന്മയുടെ താവളത്തിലേക്കു മടങ്ങിപ്പോകാൻ ശക്തമായ പ്രലോഭനങ്ങളുണ്ടാകാം. അതു മദ്യപാനമോ, അവിഹിതവേഴ്ചകളോ, അന്യായ മാർഗ്ഗത്തിലൂടെയുള്ള സ്വത്തു സമ്പാദനമോ, ക്ഷമിച്ചിട്ടും മറക്കാനാകാത്ത ശത്രുതയോ എന്തുമാകട്ടെ, അവിടെയെല്ലാം ഈ ഉപ്പുതൂൺ ഒരു താക്കീതായി ഉയർന്നുനിൽക്കുന്നതു കാണണം. യഥാർത്ഥത്തിൽ ഒരു സ്ത്രീ ഉപ്പുതൂണായി മാറിയോ എന്ന ചരിത്രപരമായ ചോദ്യത്തിനു പ്രസക്തിയില്ല. കൈമാറാൻ ഉദ്ദേശിക്കുന്ന സന്ദേശമാണ് പ്രധാനം.

ആറാമത്തേതും അവസാനത്തേതുമായ രംഗത്തിൽ നാം കഥയുടെ ഉച്ചസ്ഥായിയിൽ എത്തുന്നു. ചെറിയ പട്ടണമായ സോവാറിൽ വസിക്കാൻ ദൂതനിൽനിന്ന് അനുവാദം വാങ്ങിയെങ്കിലും ലോത്തിന് അവിടെയും ഇരുപ്പുറയ്ക്കുന്നില്ല. മലകയറാൻ തനിക്കാരോഗ്യമില്ല എന്നു പറഞ്ഞ വൃദ്ധൻ ഇപ്പോൾ വിവാഹപ്രായമായ രണ്ടു പുത്രിമാരുമൊത്ത് മലമുകളിലെ ഗുഹയിൽ കഴിയുന്നതാണ് അവസാനരംഗം. ഇവിടെ തീരുമാനമെടുക്കുന്നത് പുത്രിമാരാണ്. ലോത്താകട്ടെ ഒന്നും

മനസ്സിലാകാത്ത തികഞ്ഞ വിഡ്ഢിയെപ്പോലെ പ്രത്യക്ഷപ്പെടുന്നു. അയാൾ ഒന്നും അറിയുന്നില്ല; ഒരു തീരുമാനവും എടുക്കുന്നില്ല. താൻ എപ്രകാരമാണ് തിന്മയുടെ അടിത്തട്ടിലേക്കു വലിച്ചു താഴ്ത്തപ്പെടുന്നത് എന്നു മനസ്സിലാകുന്നതുപോലുമില്ല.

പുത്രിമാർ തങ്ങളുടെ ജീവിതത്തിന്റെ കടിഞ്ഞാൺ കയ്യിലെ ടുത്തു. അവരുടെ തന്ത്രങ്ങൾക്ക് പിതാവ് ഒരുപകരണമായി. "മൂത്തവൾ ഇളയവളോടു പറഞ്ഞു. നമ്മുടെ പിതാവിനു പ്രായമായി. ലോകനടപ്പനു സരിച്ച് നമ്മോടു സംഗമിക്കാൻ ഭൂമിയിൽ വേറൊരു പുരുഷനില്ല. അപ്പനെ വീഞ്ഞുകുടിപ്പിച്ച് നമുക്ക് അവനോടൊത്തു ശയിക്കാം. അങ്ങനെ അപ്പന്റെ സന്താനപരമ്പര നിലനിർത്താം" (ഉൽപ 19,31-32). നിർദ്ദേശം ഇളയവൾക്കിഷ്ടമായി. അങ്ങനെ അവർ പിതാവിനെ ഉന്മത്ത നാക്കിയതിനുശേഷം അവനിൽനിന്നു ഗർഭം ധരിച്ചു. അവൾ വന്നു കിടന്നതോ എഴുന്നേറ്റുപോയതോ അവൻ അറിഞ്ഞില്ല (ഉൽപ 19, 33-35). ഇതോടെ ലോത്ത് ചരിത്രത്തിൽനിന്ന് അപ്രത്യക്ഷനാകുന്നു.

താൻ എവിടെയാണെന്നോ, തന്റെ കൂടെയുള്ളവർ ആരെന്നോ, തനിക്ക് എന്തു സംഭവിക്കുന്നെന്നോ എന്താണ് താൻ ചെയ്യുന്നതെന്നോ ഒന്നും അറിയാൻ കഴിയാത്തവിധം അയാൾ അന്ധനായി, ശാരീരിക മായിട്ടല്ല, ആത്മീയമായി. തന്റെ ചെയ്തികളുടെമേൽ ഒരു നിയന്ത്രണവു മില്ലാത്ത വിധത്തിൽ, ഏതോ ദുഷ്ടശക്തികളുടെ പിടിയിൽ അകപ്പെട്ടു പോയി എന്നു തോന്നും ലോത്തിന്റെ അവസാനം കാണുമ്പോൾ. മദ്യപിച്ച് ലക്കുകെട്ട് സ്വയം നഗ്നനാക്കി കൂടാരത്തിൽ ശയിച്ച നോഹയിൽ നിന്ന് ഒരു പടികൂടി ആഴത്തിലാണ് പരാജയത്തിന്റെ കുഴിയിൽ ലോത്തിന്റെ സ്ഥാനം.

ലോത്തിന്റെ പുത്രിമാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പല വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ ആരംഭകാലത്ത് ഭൂമിയിൽ മനുഷ്യർ പെരുകിയതിനെക്കുറിച്ച് മെസൊപ്പൊട്ടാമിയായിൽ നിലവിലിരുന്ന ഒരു പുരാണകഥ ബൈബിളിലെ യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ ലോത്തിന്റെ കഥയുടെ ഉപസംഹാരമായി കൂട്ടിച്ചേർത്താണെന്നു പറയു ന്നവരുണ്ട്. "നമ്മോടു സംഗമിക്കാൻ ഭൂമിയിൽ വേറൊരു പുരുഷനില്ല" എന്ന പ്രസ്താവനയിലാണ് ഈ വിശദീകരണം ചുവടുറപ്പിക്കുന്നത്. അപ്പോൾ അവർ ചെയ്തത് മോശമായ ഒരു പ്രവൃത്തിയല്ല, മറിച്ച് ഏറ്റം പ്രശംസയർഹിക്കുന്ന മഹാത്യാഗമാണ് എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

മക്കൾക്കു നല്കുന്ന പേരുകളിലാണ് രണ്ടാമത്തെ വ്യാഖ്യാനം ഊന്നിനിൽക്കുന്നത്. എന്റെ അപ്പനിൽ നിന്നു ജനിച്ചവൻ (മിൻ - അബീ

എന്റെ പിതാവിൽനിന്ന്) എന്നാണത്രേ മൊവാബ് എന്ന പേരിന്റെ വാച്യാർത്ഥം. എന്റെ പിതൃഗോത്രത്തിന്റെ പുത്രൻ എന്നാവും അമ്മോൻ എന്ന പേരിനർത്ഥം (ബെൻ +അമി = എന്റെ പിതാവിന്റെ അല്ലെങ്കിൽ പിതൃഗോത്രത്തിന്റെ പുത്രൻ). വചനോല്പത്തിയുടെ ഈ വ്യാഖ്യാനം രണ്ടുതരത്തിൽ അവതരിപ്പിക്കാറുണ്ട്. തങ്ങളുടെ സിരകളിലൂടെ ഓടുന്നത് കലർപ്പില്ലാത്ത ശുദ്ധരക്തമാണ്, മറ്റു യാതൊരു ജനതയുമായി തങ്ങളുടെ രക്തത്തിനു ബന്ധമില്ല. കാരണം സ്വന്തം പിതാവിൽനിന്ന് പുത്രിയിലൂടെ ജനിച്ചവരാണ് തങ്ങൾ എന്ന് തങ്ങളുടെ കുല മഹിമ ഊന്നിപ്പറയാൻ ഈ ജനതകൾ ഉപയോഗിച്ചിരുന്ന കഥയാണിതെന്നു കരുതുന്നവരുണ്ട്. അല്ല, തങ്ങളുടെ സ്ഥിരം ശത്രുക്കളായി കണ്ടിരുന്ന അയല്ക്കാരായ അമ്മോന്യരെയും മൊവാബ്യരെയും പരിഹസിക്കാൻ ഇസ്രായേൽക്കാർ കെട്ടിച്ചമച്ച ഒരു കഥയാണിത് എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. ബൈബിളിന്റെ കാഴ്ചപ്പാടിൽ മ്ലേഛതയിൽ നിന്നു ജനിച്ചവരാണെങ്കിലും സ്വന്തമായി ഓരോ രാജ്യം നല്കി ദൈവം അവരെ അനുഗ്രഹിച്ചു എന്ന് വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (നിയ 2,17-19).

വ്യാഖ്യാനം ഏതു സ്വീകരിച്ചാലും ഇന്നു നമുക്കു ലഭിച്ചിരിക്കുന്നത് ദൈവവചനമായ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ലോത്തിന്റെ ജീവിതത്തിലെ അവസാനത്തെ സംഭവമായിട്ടാണ്. നമ്മെ സംബന്ധിച്ചിടത്തോളം അതു മാത്രമാണ് പ്രസക്തം. വലിയൊരു ഗുണപാഠം ഈ കഥയിലൂടെ ബൈബിൾ നല്കുന്നുണ്ട്. പരാജയത്തിന്റെ അടിത്തട്ടിലേക്ക് പടിപടിയായിവീണ ഒരു ദുരന്തകഥാപാത്രമാണ് ലോത്ത്. സമ്പത്തിനോടുള്ള ആസക്തിയിലാണ് അയാളുടെ വീഴ്ചയുടെ തുടക്കം. സഹോദസ്നേഹത്തേക്കാൾ സമ്പത്തിനെ അയാൾ വിലമതിച്ചു, സ്വാർത്ഥം മാത്രം നേടി. അധാർമ്മികതയുടെ താവളവും വിളനിലവുമായ നഗരത്തോടുള്ള പ്രേമമാണ് അടുത്തത്. സാഹചര്യങ്ങൾ മനുഷ്യനെ നന്മയിലേക്കും തിന്മയിലേക്കും നയിക്കാം. താൻ ജീവിച്ച സാഹചര്യങ്ങളിൽ ഭാവാത്മകമായ ഒരു സ്വാധീനവും ചെലുത്താൻ അയാൾക്കു കഴിഞ്ഞില്ല. ആകാശത്തുനിന്ന് അഗ്നി വിഴുങ്ങാൻ ഒരുങ്ങുമ്പോഴും നഗരം വിട്ടുപോകാൻ അയാൾക്കു കഴിയുന്നില്ല. ഒന്നിലും തീരുമാനമെടുക്കാൻ കഴിയാതെ പകച്ചുനിന്നവനെ ദൈവം ബലമായി പിടിച്ചു പുറത്താക്കിയിട്ടും പട്ടണത്തോടുള്ള ആകർഷണം അവസാനിക്കുന്നില്ല. പരാജയത്തിന്റെ അടിത്തട്ടിലേക്കുള്ള അവസാനത്തെ പടിയിറങ്ങുന്നതു മദ്യപിച്ചു ലക്കില്ലാതെയാണ്.

പരാജയപ്പെട്ട ലോത്തിന്റെ ചിത്രം ബൈബിൾ ഒരു ഉപകഥയായിട്ടാണ് അവതരിപ്പിക്കുന്നത്. വിശ്വാസികളുടെ പിതാവായ

അബ്രാഹത്തെക്കുറിച്ചുള്ള വിവരണത്തിന്റെ ഒരു ഉപകഥ. ഈ താരതമ്യത്തിലൂടെ അബ്രാഹത്തിന്റെ വിശ്വാസവും അനുസരണവും വീരോചിതമായി പ്രത്യക്ഷപ്പെടുന്നു. അതേസമയം ലോത്തിന്റെ പരാജയം കൂടുതൽ ദയനീയവും ബീഭത്സവുമാകുന്നു. നന്മയുടെയും തിന്മയുടെയും ചിത്രീകരണങ്ങൾ മാതൃകകളായി മുമ്പിൽ വച്ചതിനു ശേഷം വിശുദ്ധ ഗ്രന്ഥം അനുവാചകരെ ക്ഷണിക്കുന്നു. ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം.




# കാലിടറുന്ന പുരോഹിതശ്രേഷ്ഠൻ

*"നീ ഭൂമിയിലേക്കു പോയി മോശയെ കാണുക. അതനുസരിച്ച് അഹറോൻ പോയി"* (പുറ 4,27).

എത്ര ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനുവേണ്ടി അയാളെ ദൈവം തിരഞ്ഞെടുത്തു! എത്ര വിശ്വസ്തയോടെയാണയാൾ ദൈവകല്പന യനുസരിച്ചത്! ഇസ്രായേൽ സമൂഹത്തിലെ ഏറ്റം ഉന്നതനായി ദൈവം അയാളെ ഉയർത്തി. ദൈവത്തിനും ജനത്തിനും മധ്യേ പാലമായി വർത്തിക്കാൻ ദൈവം അയാളെ നിയോഗിച്ചു. ദൈവകല്പനകൾ ജനത്തെ അറിയിക്കണം. അറിവില്ലാത്ത ജനത്തെ ദൈവത്തിന്റെ മാർഗ്ഗത്തിൽ ചരിക്കാൻ പഠിപ്പിക്കണം. ജനത്തിന്റെ പ്രാർത്ഥനകളും കാണിക്കകളും ദൈവസന്നിധിയിൽ അർപ്പിക്കണം. അവരുടെ പാപങ്ങൾക്ക് മാപ്പിരക്കണം, പരിഹാരം അനുഷ്ഠിക്കണം. ദൈവത്തിന്റെ കൃപാ ദാനങ്ങൾ ജനങ്ങൾക്കു വാങ്ങിക്കൊടുക്കണം. ദൈവനാമത്തിൽ ജനത്തെ ആശീർവദിക്കണം. അനന്യമായിരുന്നു ആ വിളി. ആദ്യമേ നേതാവായ മോശയുടെ വക്താവാകുക; ദൈവം മോശയിലൂടെ അരുളിച്ചെയ്യുന്ന കാര്യങ്ങൾ ഫറവോയെയും ജനങ്ങളെയും അറിയി ക്കുക. വിമോചിതരായ ജനങ്ങളെ, മോശയോടൊപ്പം നിന്ന്, വാഗ്ദത്ത

ഭൂമിയിലേക്ക് നയിക്കണം. മറ്റാർക്കും ലഭിക്കാത്ത മഹാഭാഗ്യമാണ് അഹറോന് ലഭിച്ചത്.

എന്നിട്ടും അയാൾക്കു കാലിടറി, ഒന്നല്ല, മൂന്നുതവണ. അതും അതിഭീകരമാംവിധം. ദൈവത്തിന്റെ വഴിയിൽ ജനത്തെ നടത്തേണ്ടവൻ അവർക്കുവേണ്ടി വിഗ്രഹം നിർമ്മിച്ച്, തങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന ദൈവമായി കാളക്കുട്ടിയെ അവതരിപ്പിച്ച്, ആരാധിക്കാൻ പ്രേരിപ്പിച്ചു. മാന്യതയുടെയും ധാർമ്മികതയുടെയും സകല അതിർവരമ്പുകളും ലംഘിച്ച്, സംഘം ചേർന്ന് അഴിഞ്ഞാടാൻ ജനത്തെ കയറൂരി വിട്ടു. മോശയോടുകൂടെ നിന്ന് ജനത്തെ നേർവഴിക്കു നയിക്കേണ്ടവൻ ജനത്തിന്റെകൂടെ ചേർന്നു മോശയ്ക്കെതിരേ തിരിഞ്ഞു. ജനങ്ങളുടെ മുമ്പിൽ തന്റെ വിശ്വാസം ഏറ്റുപറഞ്ഞ് ദൈവത്തിന്റെ കരുണയ്ക്കും കരുത്തിനും സാക്ഷ്യം നല്കി ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടവൻ സ്വന്തമഹത്വം പ്രഘോഷിക്കാൻ ശ്രമിച്ചു. അവസാനം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ മരുഭൂമിയിൽ എവിടെയോവച്ച് മരിച്ചു മണ്ണടിഞ്ഞു. പരാജയത്തിന്റെ നാൾവഴികളിൽ ഏവർക്കും ഒരു താക്കീതായി ഉയർന്നു നില്ക്കുന്നു അഹറോൻ എന്ന ആദ്യപുരോഹിതൻ, പുരോഹിതശ്രേഷ്ഠൻ.

അമ്രാം-യോക്കെബെദ് ദമ്പതികളുടെ മൂന്നു മക്കളിൽ ഒരുവനാണ് അഹറോൻ. സഹോദരി മിരിയാം; അനുജൻ മോശ (പുറ 6,20; 2,4). മോശയെപ്പോലെ ജനനത്തിൽത്തന്നെ പുഴയിൽ ഒഴുകാൻ വിധിക്കപ്പെട്ടവനായിരുന്നു അഹറോൻ എന്നു ബൈബിൾ പറയുന്നില്ല. ഒരുപക്ഷേ അയാളുടെ ജനനത്തിനു ശേഷമാവാം വംശനാശം ലക്ഷ്യം വച്ചുള്ള ആ കല്പന ഫറവോ പുറപ്പെടുവിച്ചത്: "ഹെബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നദിയിൽ എറിഞ്ഞു കളയുവിൻ" (പുറ 1,22). മാതാപിതാക്കളോടൊത്ത്, മറ്റ് എല്ലാ ഇസ്രായേൽക്കാരെയുംപോലെ ആ ലേവീഗോത്രജനം ഈജിപ്തിൽ വസിച്ചു. മോശയെപ്പോലെ ഒളിച്ചോടുകയോ മരുഭൂമിയിൽ അലയുകയോ ചെയ്യേണ്ടിവന്നില്ല.

ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാൻ നിശ്ചയിച്ച സമയമായപ്പോൾ ദൈവം മരുഭൂമിയിൽവച്ച് മോശയെ വിളിച്ചു. താൻ വിക്കനാണ്, സംസാരപാടവമില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച മോശയ്ക്ക് സഹായകനായി ദൈവം തന്നെയാണ് ജ്യേഷ്ഠസഹോദരനായ അഹറോനെ നല്കിയത് (പുറ 4,14-15). മോശയ്ക്കു നല്കിയ വാഗ്ദാനമനുസരിച്ച് ദൈവം അഹറോനെ വിളിച്ച് മരുഭൂമിയിലേക്കയച്ചു. അഹറോൻ പോയി (പുറ 4,27). തുടർന്നുണ്ടായ സംഭവപരമ്പര

കളിലെല്ലാം അഹറോൻ വിശ്വസ്തനായി, മോശയോടു ചേർനുനിന്നു. അപകടകരമായ ദൗത്യവുമായി ഫറവോയെ നേരിട്ടപ്പോൾ അഹറോൻ കൂടെ ഉണ്ടായിരുന്നു. അയാൾ മോശയ്ക്ക് പ്രവാചകനെപ്പോലെ ആയിരുന്നു. സംസാരപാടവമില്ലാത്ത അനുജന്റെ വാഗ്മിയായ ജ്യേഷ്ഠൻ. സർപ്പമാകാൻ മോശയുടെ വടി നിലത്തിട്ടതും, ജലത്തെ രക്തമാക്കാൻ ജലാശയങ്ങളുടെ നേരെ നീട്ടിയതും അഹറോനാണ് (പുറ 7,10-11. 19-20).

അങ്ങനെ എത്രയെത്ര അത്ഭുതങ്ങൾ, എത്രയെത്ര അടയാള ങ്ങൾ തന്നിലൂടെ ദൈവം പ്രവർത്തിക്കുന്നത് അയാൾ കണ്ടു (പുറ 11,10). വിടുതലിനുപകരം അടിമത്തം കഠിനമായപ്പോൾ അതിനു കാരണക്കാ രായി ഈ രണ്ടു സഹോദരന്മാരെ കണ്ട് ജനം എതിർത്തപ്പോഴും പത റാതെ അഹറോൻ അനുജന്റെ കൂടെ നിന്നു, ദൈവത്തിന്റെ വാഗ്ദാന ങ്ങളിൽ വിശ്വസിച്ചുകൊണ്ട്. ദൈവം അവർ രണ്ടുപേരോടും ഒരുമിച്ചാണ് സംസാരിച്ചത്; ദൗത്യങ്ങൾ ഏല്പിച്ചത്. വിമോചകനേതൃത്വത്തിൽ മോശ യോടൊപ്പം തുല്യപങ്കാളി ആയിരുന്നു അഹറോൻ. അയാൾ സംസാരിച്ച പ്പോൾ ജനം ശ്രദ്ധിച്ചു; മേഘത്തിലൂടെ ദൈവം തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തി (പുറ 16,10). കർത്താവിന്റെ ശക്തമായ സംരക്ഷണ ത്തിന്റെ അടയാളമായി പാത്രത്തിൽ മന്ന എടുത്ത് ദൈവസന്നിധിയിൽ സൂക്ഷിച്ചു വച്ചത് അഹറോനാണ് (പുറ 16,33-34), ഇന്ന് കത്തോലിക്കാ പുരോഹിതൻ വിശുദ്ധ കുർബ്ബാന സൂക്ഷിച്ചുവയ്ക്കുന്നതുപോലെ. അപ്രതീക്ഷിതമായി അമലേക്യരുടെ ആക്രമണമുണ്ടായപ്പോൾ യുദ്ധം ചെയ്യാൻ ജോഷ്വായെ ഏല്പിച്ചിട്ട് പ്രാർത്ഥിക്കാനായി മലമുകളിലേക്കു കയറിയ മോശയുടെ കൂടെ അഹറോനുമുണ്ടായിരുന്നു. തളർന്ന മോശയുടെ കരങ്ങൾ താഴ്ന്നുപോകാതിരിക്കാൻ ഉയർത്തി പിടിച്ചത് അഹറോനാണ്, ഹൂറിന്റെകൂടെ. ഇതൊരു ശാരീരികപ്രവൃത്തി മാത്ര മായിരുന്നില്ല. ദൈവസന്നിധിയിലേക്കുയർത്തിയ നേതാവിന്റെ കരം താഴ്ന്നു പോകാതിരിക്കാൻ, അത് ഉയർത്തിപ്പിടിച്ചവനാണ് അഹറോൻ; താങ്ങും തണലുമായി നിന്നവൻ, ദൗത്യത്തിൽ പങ്കുചേർന്നവൻ, സഹോദരൻ. എന്നിട്ടും അവന് കാലിടറി.

സീനായ് മലയുടെ അടിവാരത്തു പാളയമടിച്ച ജനവുമായി ദൈവം ഒരു ഉടമ്പടി ചെയ്തു. ഉടമ്പടിയുടെ നിബന്ധനകൾ കേട്ടെഴു തിയ ഗ്രന്ഥം മോശ ജനമധ്യത്തിൽ വായിച്ചു (പുറ 24,4.7). "അപ്പോൾ അവർ പറഞ്ഞു: കർത്താവ് കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്യും. ഞങ്ങൾ അനുസരണയുള്ളവരായിരക്കും" (പുറ 24,8). തുടർന്ന് ബലിമൃഗത്തിന്റെ രക്തം ബലിപീഠത്തിലും ഉടമ്പടി ഗ്രന്ഥത്തിന്റെയും ജനത്തിന്റെയും

മേലും തളിച്ചു. കർത്താവായ ദൈവത്തെ തങ്ങളുടെ ദൈവമായും അവിടുത്തെ തിരുഹിതം തങ്ങളുടെ ജീവിതനിയമമായും ജനം മുഴുവൻ അംഗീകരിച്ചു. അങ്ങനെ അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സ്വന്തം ജനവും പുരോഹിതരാജ്യവുമായി (പുറ 19,5). പക്ഷേ എത്ര പെട്ടെന്നാണ് അവരുടെ മനസ്സ് മാറിയത്! ആ മനസ്സുമാറ്റത്തിന് അഹറോൻ ഉത്തരവാദിയായി.

ഉടമ്പടിയുടെ സ്ഥിരീകരണത്തിനുശേഷം വിശദമായ നിയമസംഹിത കർത്താവിൽനിന്നു സ്വീകരിക്കാനായി മലമുകളിലേക്കു കയറിയ മോശ മടങ്ങിവരാൻ വൈകി. നാല്പതുദിനരാത്രങ്ങൾ മോശ മലയിലായിരുന്നു (പുറ 24,12-18), ജനം അടിവാരത്തും. കാത്തിരുന്നു മുഷിഞ്ഞ ജനത്തിനുള്ളിൽ പുതിയൊരു ആശയം ഉദിച്ചു. തങ്ങൾക്ക് ആരാധിക്കണം, ആരാധന ഒരാഘോഷമാക്കണം. അതിനു കാണാൻ കഴിയുന്ന, എടുത്ത് എഴുന്നള്ളിക്കാൻ കഴിയുന്ന ഒരു ദൈവം വേണം. അവർ അഹറോനെ സമീപിച്ച് തങ്ങളുടെ ആവശ്യം അറിയിച്ചു: "ഞങ്ങളെ നയിക്കാൻ വേഗം ദേവന്മാരെ ഉണ്ടാക്കിത്തരുക. ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന മോശ എന്ന മനുഷ്യന് എന്തു സംഭവിച്ചുവെന്ന് ഞങ്ങൾക്കറിവില്ല" (പുറ 32,1). കേൾക്കാൻ കാത്തിരുന്നതുപോലെ, അഹറോൻ ഒരു മടിയും ആലോചനയും കൂടാതെ ഉടനെ പ്രതികരിച്ചു. "നിങ്ങളുടെ ഭാര്യമാരുടെയും പുത്രൻമാരുടെയും പുത്രിമാരുടെയും കാതിലുള്ള സ്വർണ്ണവളകൾ ഊരിയെടുത്ത് എന്റെ അടുത്ത് കൊണ്ടുവരുവിൻ. ജനം തങ്ങളുടെ കാതുകളിൽനിന്ന് സ്വർണ്ണവളയങ്ങൾ ഊരി അഹറോന്റെ മുമ്പിൽ കൊണ്ടുചെന്നു. അവൻ അവ വാങ്ങി മൂശയിൽ ഉരുക്കി ഒരു കാളക്കുട്ടിയെ വാർത്തെടുത്തു" (പുറ 32,2-4).

ഈജിപ്തിൽനിന്നു തങ്ങളെ പുറത്തുകൊണ്ടുവന്ന യാഹ്വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ, ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ, അവനു പകരം വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, അവയെ ആരാധിക്കരുത് എന്ന ഉടമ്പടിയുടെ ഒന്നാം പ്രമാണം, തങ്ങളുടെ മേൽ തളിക്കപ്പെട്ട ഉടമ്പടിയുടെ രക്തം ഉണങ്ങുന്നതിനുമുമ്പേ അവർ പരസ്യമായി ലംഘിച്ചു. പ്രഥമ പുരോഹിതശ്രേഷ്ഠനായ അഹറോൻ തന്നെയാണ് വിഗ്രഹം ഉണ്ടാക്കിയത് എന്ന സത്യം വിശ്വാസത്യാഗത്തിന്റെ, ഉടമ്പടിലംഘനത്തിന്റെ ഭീകരതയ്ക്കു കാഠിന്യം വർദ്ധിപ്പിക്കുന്നു. "അപ്പോൾ അവർ വിളിച്ചുപറഞ്ഞു: ഇസ്രായേലേ, ഇതാ നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന ദേവന്മാർ" (പുറ 24,4). തീർന്നില്ല അഹറോന്റെ പുരോഹിതശുശ്രൂഷ.

"അതു കണ്ടപ്പോൾ അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠം പണിതിട്ട് ഇപ്രകാരം പ്രഖ്യാപിച്ചു, നാളെ കർത്താവിന്റെ ഉത്സവദിനമായിരിക്കും. അവർ പിറ്റേന്ന് അതിരാവിലെ ഉണർന്ന് ദഹനയാഗങ്ങളും അനുരഞ്ജന യാഗങ്ങളും അർപ്പിച്ചു. ജനം തീനും കുടിയും കഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു" (പുറ 24,5-6). അതു കാനാൻകാരുടെ ഉത്സവങ്ങൾപോലുള്ള മദിരോത്സവമായിരുന്നു. എല്ലാവിധ ലൈംഗികമ്ലേഛതകളും നിറഞ്ഞ അഴിഞ്ഞാട്ടം. ആദ്യപുരോഹിതനായ അഹറോൻ തന്നെ ഈ ആഘോഷങ്ങൾക്കു മുൻകൈ എടുത്തു എന്നത് സംഭവത്തിന്റെ ഭയാനകത വർദ്ധിപ്പിക്കുന്നു; അതോടൊപ്പം പിൻതലമുറകൾക്കു നല്കുന്ന താക്കീതിന്റെ ഗൗരവവും. ഇസ്രായേലിന്റെ ആദിപാപം എന്നാണ് ഇതിനെ സാധാരണ വിശേഷിപ്പിക്കുക. അഹറോൻ സ്വർണ്ണത്തിൽ വാർത്തെടുത്ത കാളക്കുട്ടി ഇസ്രായേലിൽ പിന്നീട് നടമാടുകയും പ്രവാചകന്മാർ അതിനിശിതമായി വിമർശിക്കുകയും ചെയ്ത സകല വിഗ്രഹാരാധനയുടെയും മൂല കാരണമായി. ആദിപിതാവായ ആദത്തിന്റെ ദൈവനിഷേധമെന്ന പാപം മനുഷ്യവർഗ്ഗത്തിനു മുഴുവൻ വിനയായതുപോലെ ഇസ്രായേലിലെ ആദ്യപുരോഹിതനായ അഹറോന്റെ പാപം ജനത്തെ വലിയ നാശത്തിലേക്കു നയിച്ചു; പിൻതലമുറകളെ വിഗ്രഹാരാധനയ്ക്കു പ്രേരിപ്പിക്കുന്ന ഇടർച്ചയുടെ അടയാളവുമായി.

ജനങ്ങളുടെ താല്പര്യത്തിനുവഴങ്ങി, അവരുടെ തന്നെ സ്വർണ്ണം വാങ്ങി പുരോഹിതശ്രേഷ്ഠൻ വിഗ്രഹം നിർമ്മിച്ചു കൊടുത്തതും അവരെ അഴിഞ്ഞാടാൻ അനുവദിച്ചതും വലിയൊരു താക്കീതാണ്. അതിന്റെ പ്രാധാന്യവും പ്രസക്തിയും ഇന്നും കുറഞ്ഞിട്ടില്ല. ദൈവവചനം പഠിപ്പിച്ച്, ദൈവഹിതമനുസരിച്ച്, ദൈവത്തിന്റെ വഴിയേ ജനത്തെ നയിക്കാൻ നിയുക്തരാകുന്ന പുരോഹിതന്മാർ തന്നെ പല ഓമനപ്പേരുകളിലും പ്രോത്സാഹിപ്പിക്കുന്നത് വിഗ്രഹാരാധനയല്ലേ എന്ന ചോദ്യം ഏവരെയും കർശനമായ ഒരാത്മശോധനയ്ക്കു പ്രേരിപ്പിക്കണം.

ചില സ്ഥലങ്ങളിൽ പ്രതിഷ്ഠിക്കുന്ന ചില വിശുദ്ധരുടെ പ്രതിമകൾക്കു പ്രത്യേക ശക്തിയുണ്ടെന്നു പ്രചരിപ്പിച്ച് ആളുകൂട്ടുകയും അർത്ഥം സ്വരുക്കൂട്ടുകയും ചെയ്യുക അസാധാരണമല്ലല്ലോ. അത്ഭുതപ്രവർത്തകൻ ദൈവം മാത്രമാണെന്നും വിശുദ്ധർ മധ്യസ്ഥരും ദൈവത്തിന്റെ ഉപകരണങ്ങളും മാത്രമാണെന്ന സത്യം മറന്ന് പുരോഹിതർ തന്നെ വിശുദ്ധരെ അത്ഭുതപ്രവർത്തകരായി ചിത്രീകരിക്കുകയും ജനശ്രദ്ധ ദൈവത്തിലേക്കെന്നതിനേക്കാൾ വിശുദ്ധരുടെയും അവരുടെ

പ്രതിമകളുടെയും അടുക്കലേക്കു തിരിക്കുകയും ചെയ്യുമ്പോൾ അഹറോൻ പുനർജനിക്കുകയല്ലേ എന്ന സംശയമുണരുന്നു. യേശുവിലുള്ള തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞതിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുത്തിയ വിശുദ്ധരെ അനുകരിക്കുന്നതിനുപകരം അവരെ കൊല്ലാൻ ഉപയോഗിച്ച ആയുധങ്ങൾ വിശുദ്ധ വസ്തുക്കളായി സങ്കല്പിച്ച് എഴുന്നള്ളിക്കുകയും എഴുന്നള്ളിക്കൽ തന്നെ മദ്യലഹരിയുടെയും അനാശാസ്യപ്രവർത്തനങ്ങളുടെയും അകമ്പടിയോടെ ആകുകയും ചെയ്യുമ്പോൾ കാളക്കുട്ടിയിലൂടെ ബൈബിൾ നല്കുന്ന സന്ദേശത്തിനു പ്രസക്തി നഷ്ടപ്പെട്ടില്ല എന്നു നാം കാണുന്നു.

ജനത്തിന്റെ വിശ്വാസത്യാഗത്തെക്കുറിച്ച് ദൈവത്തിൽനിന്നു തന്നെ അറിഞ്ഞ മോശ അവരെ നശിപ്പിക്കാനൊരുങ്ങിയ ദൈവത്തിനു മുമ്പിൽ പ്രണമിച്ച് മധ്യസ്ഥം യാചിച്ചു (പുറ 32,7-14). ദൈവം സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുത്ത കല്പലകകൾ മോശ മലയടിവാരത്തുവച്ച് എറിഞ്ഞുടച്ചു. ഉടമ്പടി ലംഘിക്കപ്പെട്ടിരിക്കുന്നു എന്ന പ്രഖ്യാപനമായിരുന്നു അത്. "അവൻ കാളക്കുട്ടിയെ എടുത്ത് തീയിലിട്ടു ചുട്ടു; അത് ഇടിച്ചുപൊടിച്ച് പൊടി വെള്ളത്തിൽ കലക്കി ഇസ്രായേൽ ജനത്തെക്കൊണ്ടു കുടിപ്പിച്ചു" (പുറ 32,19-20). "ഈ ജനത്തിന്റെമേൽ ഇത്ര വലിയൊരു പാപം വരുത്തിക്കാൻ അവർ നിന്നോടെന്തു ചെയ്തു?" (പുറ 32,21) എന്ന മോശയുടെ ചോദ്യത്തിന് മറുപടിയായി അഹറോൻ പൊട്ടൻ കളിക്കുകയായി. ജനം നിർബന്ധിച്ചു. അവർ സ്വർണ്ണം കൊണ്ടുവന്നു. ഞാൻ അതു തീയിലിട്ടു. അപ്പോൾ കാളക്കുട്ടി പുറത്തുവന്നു (പുറ 32,22-24). എത്ര ബാലിശവും അപഹാസ്യവുമായ മറുപടി!

ജനത്തെ നയിക്കേണ്ടവൻ അവരെ വഴി പിഴപ്പിച്ചതിനുശേഷം പിഴ അവരുടെമേൽത്തന്നെ കെട്ടിവയ്ക്കുന്ന നിരുത്തരവാദിത്വപരമായ ഒഴിഞ്ഞുമാറൽ! എന്നാൽ മോശ തുടർന്നു പ്രതികരിച്ചില്ല എന്നതും അതീവ ശ്രദ്ധയർഹിക്കുന്നു. അഹറോന്റെ അനുവാദത്തോടെ അഴിഞ്ഞാടിയ ജനത്തെ ശിക്ഷിക്കാൻ മോശ ആജ്ഞാപിച്ചു. ലേവീപുത്രന്മാർ ആജ്ഞ അനുസരിച്ചു; മൂവായിരത്തോളം പേരെ വധിച്ചു (പുറ 32,25-29).

അഴിഞ്ഞാടിയ ജനത്തെ വധിച്ചപ്പോൾ അതിന് അവർക്കു പ്രേരണ നല്കിയ അഹറോനെ എന്തേ ശിക്ഷിച്ചില്ല എന്ന ചോദ്യം ന്യായമായും ഉദിക്കുന്നു. തുടർന്നുവരുന്ന സംഭവത്തിലും ഇതേ ചോദ്യം ഉന്നയിക്കപ്പെടുന്നുണ്ട്. ശിക്ഷിക്കപ്പെട്ടില്ല എന്നു മാത്രമല്ല, ഈ അഹറോനും പുത്രന്മാരുമാണ് ഇസ്രായേൽ ജനത്തിനു പുരോഹിതരായി വർത്തിച്ചത് എന്ന് ബൈബിൾ തുടർന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഇസ്രായേലിലെ പൗരോഹിത്യം അഹറോന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യമാണ്. ദൈവകല്പന അനുസരിച്ചു തന്നെയാണ് മോശ അയാളെയും മക്കളെയും പുരോഹിതന്മാരായി അഭിഷേകിച്ചതും, അങ്ങനെ ഇസ്രായേലിൽ പുരോഹിത ശുശ്രൂഷയ്ക്കു തുടക്കം കുറിച്ചതും (ലേവ്യ 8-9). പുരോഹിതർ വിശുദ്ധരായിരിക്കണം; അതിനുവേണ്ടി വിളിക്കപ്പെട്ടവരാണവർ. എന്നാൽ അവരും ആദാമിന്റെ മറ്റു മക്കളെപ്പോലെ പാപത്തിനധീനമായ മനുഷ്യപ്രകൃതി സ്വീകരിച്ചവരാണ്. അവർക്കും വിശുദ്ധീകരണം ആവശ്യമുണ്ട്. അതിനാൽ പുരോഹിതൻ തനിക്കുവേണ്ടി ത്തന്നെയാണ് ആദ്യമേ പാപപരിഹാര ബലിയർപ്പിക്കുന്നത് (ലേവ്യ 16,6).

അധികാരവുമായി ബന്ധപ്പെട്ട വിഷയത്തിലാണ് അഹറോന് അടുത്തതായി കാലിടറിയത് (സംഖ്യ 12,1-16). ഇവിടെയും അയാൾ ജനത്തിന്റെ കൂടെ കൂടി. ഇത്തവണ മോശയ്ക്കെതിരേ തിരിഞ്ഞതാണ് കാലിടറാൻ കാരണം. ജനം മുഴവൻ മോശയുടെ നേതൃത്വത്തെ പലപ്പോഴും വിമർശിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോൾ നേതൃത്വത്തിൽത്തന്നെ പിളർപ്പുണ്ടായി. സഹോദരങ്ങളുടെ മൂവർ സംഘത്തിൽ മൂത്തവർ രണ്ടുപേർ, മിരിയാമും അഹറോനും, മോശയ്ക്കെതിരേ തിരിഞ്ഞു. നേതൃനിരയിലുണ്ടായിരുന്ന ഈ പിളർപ്പ് അതീവ ഗുരുതരമായിരുന്നു. സ്വന്തം സഹോദരരും സഹപ്രവർത്തകരും തിരിഞ്ഞു കുത്തുമ്പോൾ മോശയുടെ അധികാരവും ആധികാരികതയും അപകടത്തിലായി. എന്താണ് ഇതിനവരെ പ്രേരിപ്പിച്ചത് എന്നു വ്യക്തമല്ല. മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെ പ്രതി മരിയാമും അഹറോനും അവനെതിരേ സംസാരിച്ചു (സംഖ്യ 12,1). ഇതാണ് എടുത്തുപറയുന്ന ഏകകാരണം.

മോശയുടെ ഭാര്യ ഇസ്രായേൽക്കാരി അല്ലായിരുന്നു. മിദിയാൻ പുരോഹിതനായ ജെത്രോയുടെ മകളായിരുന്നു അവൾ (പുറ 2,21). കുഷ്യസ്ത്രീ എന്ന വിശേഷണം മറ്റൊരു ഭാര്യയെ സൂചിപ്പിക്കുന്നു എന്ന വാദത്തിനു കാര്യമായ പിൻതുണയില്ല. മിദിയാൻ എന്നതിന്റെ ഒരു പര്യായമായി "കുഷ്യ" എന്നുപയോഗിച്ചതാവാം. ഏതായാലും സ്ത്രീ വിഷയമാണ് പ്രശ്നം. ഒരുപക്ഷേ നേതാവിന്റെ ഭാര്യ എന്ന പേരിൽ അവൾക്കു സമൂഹത്തിൽ ലഭിച്ച അംഗീകാരവും അധികാരവും സഹോദ രങ്ങളിൽ അസൂയ ഉണർത്തിയതാവാം. എന്നാൽ കുറ്റാരോപണം ഭാര്യയ്ക്കെതിരേയല്ല, മോശയ്ക്കെതിരേയാണ്. അതും ഏറ്റം നിർണ്ണായകമായ വിഷയത്തിൽ.

കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്?

ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ? (സംഖ്യ 12,2). മോശയുടെ പ്രഥമസ്ഥാനം തന്നെയാണ് ഇവിടെ പ്രശ്നം. തനിക്ക് ഒന്നാമനാകണം എന്ന ആഗ്രഹം മറ്റുപല രൂപത്തിലും ഭാവത്തിലും പുറത്തുവരുന്നു. ദൈവം നിശ്ചയിക്കുന്ന അധികാരിയെയും അധികാര സംവിധാന ത്തെയും അംഗീകരിക്കാതെ, നേതൃത്വം സ്വയം ഏറ്റെടുക്കാനുള്ള ഈ കുത്സിത ശ്രമത്തിന് ദൈവം നേരിട്ടിടപെട്ടാണ് തടയിട്ടത് (സംഖ്യ 12,4-8). മോശയെ ദൈവം തന്റെ ഭവനമായ ഇസ്രായേലിൽ സകല ഉത്തരവാദിത്വങ്ങളും ഏല്പിച്ചിരിക്കുന്നു. മറ്റുള്ളവർക്കു നല്കുന്ന വെളിപാടുകളിൽനിന്നു വ്യത്യസ്തമായി ദൈവം മോശയോട് മുഖാഭി മുഖം സംസാരിക്കുന്നു. അങ്ങനെ അയാളെ മറ്റെല്ലാ പ്രവാചകന്മാർക്കും വെളിപാടിന്റെ സ്വീകർത്താക്കൾക്കും ഉപരി പ്രതിഷ്ഠിച്ചതോടെ നേതൃതർക്കത്തിനു പഴുതടച്ചു. അടുത്തതു ശിക്ഷാവിധിയാണ്.

കർത്താവിന്റെ കോപം അവർക്കെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ വിട്ടുപോയി. കൂടാരത്തിന്റെ മുകളിൽ നിന്ന് മേഘം മാറിയപ്പോൾ മിരിയാം കുഷ്ഠം ബാധിച്ച് മഞ്ഞുപോലെ വെളുത്തു (സംഖ്യ 12,9-10). എന്താണിത്? രണ്ടുപേരും ഒരേ തെറ്റുചെയ്തിരിക്കെ ഒരാൾക്കു മാത്രം ശിക്ഷ? അവൾ സ്ത്രീ ആയതുകൊണ്ടോ? വി. ഗ്രന്ഥം ഉത്തരം നല്കു ന്നില്ല. എന്നാൽ ഒരു കാര്യം വ്യക്തം. ആദ്യത്തെ ഇടർച്ചയിൽ എന്നതു പോലെ ഇവിടെയും ദൈവം അഹറോനെ ശിക്ഷയിൽനിന്ന് ഒഴിവാ ക്കുന്നു, തന്റെ പുരോഹിതനായി തിരഞ്ഞെടുക്കപ്പെട്ടവനാകയാൽ ദൈവ ത്തിന്റെ പ്രവൃത്തികൾ ചോദ്യം ചെയ്യാൻ ആർക്കാണവകാശം? പക്ഷേ ദൈവത്തിന്റെ ഈ ഔദാര്യവും കരുതലും അഹറോൻ തന്റെ അവകാശ മായി പരിഗണിക്കരുത്. ദൈവം മറച്ചു പിടിച്ചതു കൊണ്ടുമാത്രം മാന്യത നഷ്ടപ്പെടാത്ത എത്രയോ പിൻഗാമികൾ! അവരും ഇക്കാര്യം മറക്കരുത്.

മൂന്നാമത്തെ വീഴ്ചയിൽ അഹറോന്റെ കൂടെ മോശയും വീണു. അതു മാരകമായ വീഴ്ചയായിരുന്നു. വാഗ്ദത്തഭൂമിയെന്ന സ്വപ്നം നഷ്ടമാക്കിയ പതനം. മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ വിശപ്പും ദാഹവും അനുഭവിച്ച ജനം മോശയ്ക്കും അഹറോനും എതിരേ പിറു പിറുത്തു. ആത്യന്തികമായി ദൈവത്തിനെതിരേയുള്ള പ്രതിഷേധ മായിരുന്നു അത്. വർഷങ്ങൾ. കഴിഞ്ഞിട്ടും വാഗ്ദത്തഭൂമിയെന്ന സ്വപ്നം അങ്ങകലെ, നോക്കെത്താ ദൂരത്തിൽ ചക്രവാളങ്ങൾക്കപ്പുറത്ത് ഒളിച്ചപ്പോൾ മടുപ്പു തോന്നുക തികച്ചും സ്വാഭാവികം.

കുടിവെള്ളം കിട്ടാത്തതിന്റെ പേരിൽ ജനം പിറുപിറുക്കുകയും ദൈവം അത്ഭുതകരമായി പാറയിൽനിന്ന് അവർക്കു ജലം നല്കുകയും

ചെയ്ത രണ്ടു സംഭവങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ട്. ആദ്യത്തേത് സീനായ് മലയിലേക്കുള്ള യാത്രാമധ്യേ (പുറ 17,1-7). രണ്ടാമത്തേതാകട്ടെ സീനായ് ഉടമ്പടിക്കുശേഷം ലക്ഷ്യമില്ലാത്തതുപോലെ മരുഭൂമിയിലൂടെ അലഞ്ഞ നാല്പതു വർഷത്തിൽ എന്നോ (സംഖ്യ 20,1-13). ഒരേ സംഭവത്തിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണിതെന്നു കരുതുന്ന വരുണ്ട്. ആദ്യത്തേത് ഏലോഹിസ്റ്റ് (E) പാരമ്പര്യത്തിലും രണ്ടാമത്തേ പുരോഹിത (P) പാരമ്പര്യത്തിലും പെടുന്നുവെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ജനം പ്രതിഷേധിച്ചതിനാൽ ആ സ്ഥലത്തിന് പരീക്ഷിക്കുക എന്നർത്ഥമുള്ള "മാസാ" എന്നും കലഹിക്കുക എന്നർത്ഥമുള്ള "മെരീബാ" എന്നും പേരുണ്ടായി എന്ന് ആദ്യ വിവരണത്തിൽ കാണുന്നു (വഴഖ 17, 7). "ഇതാണ് മെരീബായിലെ ജലം" എന്നു പറയുന്നതിലൂടെ സംഖ്യാ പുസ്തകവും (സംഖ്യ 20,13) ഇതേ സ്ഥലത്തെയും സംഭവ ത്തെയുമാണ് ഉദ്ദേശിക്കുന്നതെന്നനുമാനിക്കാം. എന്നാൽ രണ്ടാത്തേതിൽ മാത്രമേ മോശയുടെയും അഹറോന്റെയും മേൽ ശിക്ഷാവിധി പ്രസ്താ വിക്കുന്നുള്ളൂ.

വിലപിച്ചപേക്ഷിച്ച ജനത്തിന് പാറയിൽനിന്ന് കുടിനീരുകൊടു ക്കാൻ ദൈവം നേതാക്കന്മാരോടു കല്പിച്ചു. "കർത്താവ് മോശയോട് അരുളിച്ചെയ്തു. നിന്റെ വടി കയ്യിലെടുക്കുക. നീയും നിന്റെ സഹോദരൻ അഹറോനുംകൂടി സമൂഹത്തെ വിളിച്ചുകൂട്ടി വെള്ളം പുറപ്പെടുവിക്കാൻ അവരുടെ മുമ്പിൽവച്ച് പാറയോട് ആജ്ഞാപിക്കുക, വെള്ളം പുറപ്പെടു വിച്ച് ജനത്തിനും മൃഗങ്ങൾക്കും കൊടുക്കുക. കല്പനയനുസരിച്ച് മോശ കർത്താവിന്റെ മുമ്പിൽനിന്ന് വടിയെടുത്തു" (സംഖ്യ 20,7-9). ഇത്രയും ശുഭം. പിന്നീടാണ് അരുതാത്തത് സംഭവിച്ചത്.

"മോശയും അഹറോനുംകൂടി പാറയ്ക്കുമുമ്പിൽ ജനങ്ങളെ ഒന്നിച്ചുകൂട്ടി. മോശ പറഞ്ഞു. ധിക്കാരികളേ കേൾക്കുവിൻ. നിങ്ങൾക്കു വേണ്ടി ഈ പാറയിൽനിന്ന് ഞങ്ങൾ ജലം പുറപ്പെടുവിക്കണമോ? മോശ കയ്യുയർത്തി പാറയിൽ രണ്ടുപ്രാവശ്യം വടി കൊണ്ടടിച്ചു. ധാരാളം ജലം പ്രവഹിച്ചു; മനുഷ്യരും മൃഗങ്ങളും അതിൽനിന്നു കുടിച്ചു" (സംഖ്യ 20,10-11). ഈ പ്രവൃത്തി കർത്താവിന് അപ്രീതികരമായി ശിക്ഷാവിധി ഉടനെ ഉണ്ടായി: "ഇസ്രായേലിൽ എന്റെ വിശുദ്ധി വെളിപ്പെടത്തക്കവിധം ദൃഢമായി നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ട് ഞാൻ ഈ ജനത്തിനു കൊടുക്കുന്ന ദേശത്ത് ഇവരെ എത്തിക്കുന്നത് നിങ്ങളായി രിക്കുകയില്ല (സംഖ്യ 20,13). ഇപ്രകാരമൊരു ശിക്ഷ നല്കാൻമാത്രം എന്തു തെറ്റാണവർ ചെയ്തത്?

രണ്ട് കുറ്റങ്ങളാണ് അവർക്കെതിരേ ആരോപിക്കുന്നത്. 1. ദൃഢമായി വിശ്വസിച്ചില്ല. 2. കർത്താവിന്റെ വിശുദ്ധി വെളിപ്പെടുത്തി യില്ല. അവരുടെ പ്രവൃത്തി സൂക്ഷ്മമമായി പരിശോധിച്ചാൽ ഈ രണ്ട് ആരോപണങ്ങളും ശരിയാണെന്നു വ്യക്തമാകും. പാറയോട് ആജ്ഞാപിക്കാൻ മാത്രമാണ് കർത്താവ് കല്പിച്ചിരുന്നത്. അതിനു പകരം മോശ വടികൊണ്ട് പാറമേൽ അടിച്ചു; അതും ഒന്നല്ല രണ്ടു തവണ. ഇത് വിശ്വാസക്കുറവിന്റെ അടയാളമായി കാണാൻകഴിയും. അതിനേക്കാൾ ഗൗരവാവഹമാണ് രണ്ടാമത്തെ ആരോപണം. ജനത്തിനു മുമ്പിൽ അവർ കർത്താവിന്റെ വിശുദ്ധി വെളിപ്പെടുത്തിയില്ല. ഇതു വിശദീകരണം ആവശ്യപ്പെടുന്നു.

ജനങ്ങളുടെ ന്യായമായ ആവശ്യം നിർവ്വഹിച്ചുകൊടുക്കാനാണ് ദൈവം അവരോടാവശ്യപ്പെട്ടത്; അവരെ ശകാരിക്കാനോ ശാസിക്കാനോ അല്ല. അവരുടെ പരാതിക്കു തക്കതായ കാരണമുണ്ടായിരുന്നു. എന്നാൽ മോശ അവരെ ധിക്കാരികളേ എന്നു വിളിച്ചു ശാസിച്ചുകൊണ്ടാണ് പ്രഭാഷണം ആരംഭിക്കുന്നതുതന്നെ. തുടർന്നുവരുന്ന വാക്കുകൾ അഹങ്കാരവും ഗർവ്വും പ്രകടമാക്കുന്നു. "ഞങ്ങൾ നിങ്ങൾക്കുവേണ്ടി ഈ പാറയിൽ നിന്നു ജലം പുറപ്പെടുവിക്കണമോ?" രണ്ടുതവണ പാറയിൽ ആഞ്ഞടിക്കുന്നത് പാറയിൽ വെള്ളം ഇരിക്കുന്ന സ്ഥലം തനിക്കു കൃത്യമായി അറിയാമെന്നും തന്റെ അടിയുടെ ശക്തിയാലാണ് ജലം ഒഴുകുന്നതെന്നുമുള്ള പ്രതീതി ജനിപ്പിക്കുന്നു. ഇവിടെ ദാഹിച്ചു വലഞ്ഞ ജനത്തിന് ജലം കൊടുക്കുന്നത് ദൈവമല്ല, മോശയും അഹറോനുമാണ്.

തങ്ങൾ ദൈവത്തിന്റെ കൈയിലെ ഉപകരണങ്ങൾ മാത്രമാണെന്നു മറന്നതാണ് പതനത്തിനു കാരണം. നേതൃത്വവും അതിനാവശ്യമായ കഴിവുകളും എല്ലാം ദാനമായി ദൈവം നല്കിയതാണെന്ന സത്യം ജനമധ്യത്തിൽ ഏറ്റുപറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുപകരം അവർ സ്വന്തം മഹത്വം തേടി. ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു ( 1 കോറി 4,7) എന്ന് വി. പൗലോസിന്റെ ചോദ്യം ഇവിടെ പ്രസക്തമാകുന്നു. കാരുണ്യത്തിലാണ് ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും ഏറ്റം അധികം വെളിപ്പെടുന്നത്. പുറപ്പാടു സംഭവം മുഴുവൻ ദൈവകാരുണ്യത്തിന്റെ പ്രകടനമായിരുന്നു. അത് ജനങ്ങൾക്ക് അനുഭവവേദ്യമാക്കാനും വ്യാഖ്യാനിച്ചു കൊടുക്കാനും അങ്ങനെ ദൈവസ്നേഹത്തിലും ഭക്തിയിലും അവരെ വളർത്താനും വേണ്ടി വിളിക്കപ്പെട്ടവർ സ്വന്തം മഹത്വം തേടിയത് വലിയ പാപമായി. അതിനുള്ള

ശിക്ഷയാണ് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ മരുഭൂമിയിൽ വച്ചു മരിക്കുക എന്നത്.

കുറ്റത്തിനാനുപാതികമല്ല ശിക്ഷ എന്നു തോന്നാം. ആയുഷ്ക്കാലം മുഴുവൻ വിശ്വസ്തനായിരുന്നിട്ടും ഈ ചെറിയ ഒരു വീഴ്ചയുടെ പേരിൽ വാഗ്ദത്തഭൂമിയിൽ പ്രവേശം നിഷേധിക്കുന്നത് കഠിനമല്ലേ? കുറ്റത്തിന്റെ കാഠിന്യം അതു ചെയ്യുന്ന ആളെ അനുസരിച്ച് ഏറിയും കുറഞ്ഞും ഇരിക്കും. ഇവിടെ ദൈവത്തിന്റെ വക്താക്കളും പ്രതിനിധികളുമായി ജനത്തെ നയിക്കാൻ കടപ്പെട്ടവർ ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിക്കുന്നു. അതു ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ്, ആദാമിന്റേതുപോലൊരു പാപം. അഹറോനും മോശയും വാഗ്ദത്തഭൂമിക്കുപുറത്ത്വച്ച് മരിച്ച് സംസ്ക്കരിക്കപ്പെട്ടു. അവരുടെ ദൗത്യം ദൈവം മറ്റുള്ളവരെ ഏല്പിച്ചു. എന്നാൽ അവർ നിത്യമായി ശിക്ഷിക്കപ്പെട്ടു എന്ന് ഇതിനർത്ഥമില്ല. തങ്ങളെ ഏല്പിച്ച ദൗത്യം നിറവേറ്റിക്കഴിയുമ്പോൾ ഓരോരുത്തരും തിരോധാനം ചെയ്യണം എന്ന പൊതുപാഠവും ഇവിടെ നല്കുന്നു.

ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയവനും പ്രഥമനുമായ പുരോഹിതനായിരുന്നു അഹറോൻ. ലേവിയുടെ ഗോത്രത്തിൽ അഹറോന്റെ കുടുംബത്തിൽനിന്നു മാത്രമാണ് പുരോഹിതന്മാരുണ്ടായിരുന്നത്. എന്നാൽ അഹറോന്റെ പൗരോഹിത്യം ശാശ്വതമായിരുന്നില്ല. നിത്യപുരോഹിതനായ യേശുക്രിസ്തു ജനിച്ചത് യൂദായുടെ ഗോത്രത്തിലാണ്. യേശുവിന്റെ ഏക ആത്മബലിയോടെ പഴയ നിയമത്തിലെ എല്ലാ ബലികളും പൂർത്തിയായി; കാലഹരണപ്പെട്ടു. അഹറോന്റെ പൗരോഹിത്യവും അവസാനിച്ചു. മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ എന്നാണ് യേശു അറിയപ്പെടുന്നത് (ഹെബ്രാ 7-10).

അഹറോന്റെ ഇടർച്ചകളും അവിശ്വസ്തതകളുമാണ് ഈ മാറ്റത്തിനു കാരണം എന്നു ബൈബിൾ പറയുന്നില്ല. എന്നാലും അഹറോന്റെ വീഴ്ചകൾ മറച്ചുവയ്ക്കാതെ എടുത്തുകാട്ടുന്നതിലൂടെ വലിയ താക്കീതുകളാണ് വിശുദ്ധ ഗ്രന്ഥം നല്കുന്നത്. ജനത്തെ ദൈവോന്മുഖമായി നയിക്കാൻ വിളിക്കപ്പെട്ടവർ അവരെ വഴി തെറ്റിക്കുന്നത് വലിയ ശിക്ഷ വിളിച്ചുവരുത്തും എന്ന് ഈ ചരിത്രം സൂചിപ്പിക്കുന്നു. അഹറോന്റെ കാളക്കുട്ടിയുടെയും അധികാരമോഹത്തിന്റെയും ഗർവ്വിന്റെയും പ്രസക്തി ഇന്നും നഷ്ടപ്പെട്ടില്ലല്ലോ!



# 6

# നരഹത്യയിലെത്തിയ ഭക്തി

## ജെഫ്താ

*''അയ്യോ! മകളേ, നീ എന്നെ ദുഃഖത്തിലാഴ്ത്തിയല്ലോ. നീ എന്നെ വല്ലാത്ത വിഷമത്തിലാക്കിയിരിക്കുന്നു''* (ന്യായാ 11,35).

പ്രാണനുതുല്യം സ്നേഹിക്കുന്ന ഏകപുത്രിയെ കുരുതി കഴിക്കാൻ നിർബന്ധിതനായ ഒരു ഹതഭാഗ്യനാണ് ജെഫ്താ. ന്യായാ 11,1-12,7 ൽ അയാളെക്കുറിച്ചുള്ള വിവരണം കാണാം. മറ്റാരുമല്ല, സ്വന്തം മനഃസാക്ഷി തന്നെയാണ് അയാളെ നിർബന്ധിച്ചത്. ഇങ്ങനെ ഒരു ദുരന്തം ഉണ്ടാകുമെന്ന് കർത്താവിനു നേർച്ച നേർന്നപ്പോൾ അയാൾ കരുതിയില്ല. എന്നാൽ നേർന്ന നേർച്ച നിറവേറ്റാൻ കടപ്പെട്ടിരിക്കുന്നു എന്നയാളുടെ മനഃസാക്ഷി പറഞ്ഞു. അതീവദുഃഖത്തോടെയാണെങ്കിലും, അയാൾ മകളെ ബലികഴിച്ചു. എന്തായിരുന്നു ഇങ്ങനെ ഒരു നേർച്ചയ്ക്ക് അയാളെ പ്രേരിപ്പിച്ചത്? ഇപ്രകാരം ഒരു നേർച്ച നേരാൻ അയാൾക്കവകാശമുണ്ടോ? നേർന്നാൽ നിറവേറ്റാൻ കടമയുണ്ടോ?

തങ്ങളെ ആക്രമിക്കുന്ന അമ്മോന്യർക്കെതിരേ പട നയിക്കാൻ വേണ്ടിയാണ് ഗിലയാദുകാർ ജെഫ്തായെ വിളിച്ചുവരുത്തിയത്. നേതൃത്വം ഏറ്റെടുത്ത ജെഫ്താ അമ്മോന്യരുമായി ഒരു സന്ധിസംഭാഷണത്തിനൊരുങ്ങി (ന്യായാ 11,12-27). ജെഫ്തായുടെ ദീർഘമായ

സന്ദേശം ഇസ്രായേൽ ചരിത്രത്തിന്റെ ഒരു സംക്ഷിപ്ത വിവരണമാണ്. അനുവാചകരെ ആ ചരിത്രം അനുസ്മരിപ്പിക്കുകയാണ് ദീർഘമായ ഈ വിവരണത്തിന്റെ ഉദ്ദേശ്യം. തങ്ങളെ യുദ്ധങ്ങളിൽ നയിച്ചതു കർത്താവായ ദൈവമാണെന്നും, കർത്താവാണ് തങ്ങൾക്ക് ആവാസഭൂമി തന്നതെന്നും, അതു കാത്തുസൂക്ഷിക്കാൻ കർത്താവുതന്നെ സഹായിക്കുമെന്നും ഈ വിവരണത്തിലൂടെ അറിയിക്കുന്നു. തങ്ങൾക്കെതിരേ യുദ്ധത്തിനുവരാൻ അമ്മോന്യർക്ക് യാതൊരു ന്യായവുമില്ല. അന്യായമായി യുദ്ധത്തിനു വന്നാൽ കർത്താവിനെത്തന്നെ ആയിരിക്കും അവർ എതിരിടുക. ഫലത്തെക്കുറിച്ചു സംശയം വേണ്ടാ.

എന്നാൽ ജെഫ്തായുടെ സന്ധി സന്ദേശം സ്വീകരിക്കാൻ അമ്മോന്യർ തയ്യാറായില്ല. യുദ്ധം അനിവാര്യമായിത്തീർന്നു. അപ്പോൾ "കർത്താവിന്റെ ആത്മാവ് ജെഫ്തായുടെ മേൽ ആവസിച്ചു" (ന്യായാ 11,29). തന്നിൽ നിറഞ്ഞ കർത്താവിന്റെ ശക്തിയാൽ പ്രേരിതനായ ജെഫ്താ അമ്മോന്യർക്കെതിരേ പട നയിച്ചു. പടപുറപ്പാടിനു മുമ്പേ അയാൾ ഒരു നേർച്ച നേർന്നു: "അങ്ങ് അമ്മോന്യരെ എന്റെ കയ്യിൽ ഏല്പിക്കുമെങ്കിൽ ഞാൻ അവരെ തോല്പിച്ച്, ജേതാവായി തിരികെ ചെല്ലുമ്പോൾ എന്നെ എതിരേൽക്കാൻ പടിവാതില്ക്കലേക്ക് ആദ്യം വരുന്നത് ആരായാലും അയാളെ ഞാൻ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കും" (ന്യായാ 11,31).

കർത്താവ് പ്രാർത്ഥന കേട്ടു. ജെഫ്താ അമ്മോന്യരെ നിഷ്പ്രയാസം തോൽപിച്ചു. "അമ്മോന്യർ ഇസ്രായേലിനു കീഴടങ്ങി" (ന്യായാ 11,33). വിജയശ്രീലാളിതനായി മടങ്ങിവരുന്ന പിതാവിനെ എതിരേൽക്കാൻ, തപ്പുകൊട്ടി നൃത്തച്ചുവടുകൾവച്ച്, ആഹ്ലാദപൂരിതയായി ഏകമകൾ ഇറങ്ങിവന്നു; ചെങ്കടൽ കടന്നപ്പോൾ മിരിയാം എന്നപോലെ (പുറ 15,20-21). ഗാനവും നൃത്തവും വിജയാഘോഷത്തിന്റെ ഭാഗമാണ്. പിതാവിനെ അഭിനന്ദിക്കാൻ, തന്റെ പിതാവിലൂടെ ഇസ്രായേലിനു നല്കിയ വൻവിജയത്തിന്റെ പേരിൽ ദൈവത്തിനു നന്ദി പറയാൻ, ജനത്തിന്റെ സന്തോഷവും അഭിമാനവും പ്രകടിപ്പിക്കാൻ വേണ്ടിയാണ് മകൾ അതു ചെയ്തത്. പിതാവു ചെയ്തിരുന്ന പ്രതിജ്ഞയെപ്പറ്റി അവൾക്ക് അറിവുണ്ടായിരുന്നില്ല.

പ്രതീക്ഷയ്ക്കു വിരുദ്ധമായി മകളെ വാതിൽക്കൽ കണ്ട ജെഫ്താ ഞെട്ടി. തന്റെ നേർച്ചയും പ്രതിജ്ഞയും തനിക്കും കുടുംബത്തിനും വലിയ വിനയായതോർത്ത് അയാളുടെ ഹൃദയം പിടഞ്ഞു. യാഥാർത്ഥ്യം മകളോടു പറയാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല.

‘‘ഞാൻ കർത്താവിനു വാക്കുകൊടുത്തുപോയി. നേർച്ചയിൽ നിന്നു പിന്മാറാൻ എനിക്കു സാധിക്കുകയില്ല’’ (ന്യായാ 11,35). യാതൊരു ഭയവും സങ്കോചവുംകൂടാതെ മകൾ മറുപടി പറഞ്ഞു: ‘‘പിതാവേ അങ്ങു കർത്താവിനു വാക്കു കൊടുത്തെങ്കിൽ അതനുസരിച്ച് എന്നോടു ചെയ്തു കൊള്ളുക. കർത്താവ് ശത്രുക്കളായ അമ്മോന്യരോട് പ്രതികാരം ചെയ്തല്ലോ’’ (ന്യായാ 11,36). മകളുടെ ഏകയാചന അയാൾ സ്വീകരിച്ചു. സഖിമാരോടൊപ്പം പർവ്വതങ്ങളിൽപോയി തന്റെ കന്യകാത്വത്തെ ഓർത്തു വിലപിക്കാൻ അവളെ അനുവദിച്ചു. വിലാപം കഴിഞ്ഞു മടങ്ങിവന്നവളെ പിതാവുതന്നെ കർത്താവിനു ദഹനബലിയായി അർപ്പിച്ചു (ന്യായാ 11,37-40).

ഇപ്രകാരം ഒരു ക്രൂരകൃത്യത്തിന് എന്താണ് ജെഫ്താ‌യെ പ്രേരിപ്പിച്ചത്? എന്തു സന്ദേശമാണ് ഈ നരബലിയുടെ ചിത്രീകരണത്തിലൂടെ വിശുദ്ധഗ്രന്ഥം നല്കാൻ ശ്രമിക്കുന്നത്? ഉത്തരം തേടുമ്പോൾ രണ്ടുകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. 1. ആരായിരുന്നു ജെഫ്താ, എന്തായിരുന്നു അയാളുടെ ജീവിതപശ്ചാത്തലവും ജീവിതാനുഭവങ്ങളും 2. ബലിയർപ്പണത്തെ, പ്രത്യേകിച്ചും നരബലിയെ സംബന്ധിച്ച് അന്നു നിലവിലിരുന്ന കാഴ്ചപ്പാട് എന്തായിരുന്നു?

ഗിലെയാദിന് ഒരു വേശ്യയിൽ ജനിച്ച പുത്രനായിരുന്നു ജെഫ്താ. അയാളുടെ അമ്മയെക്കുറിച്ച് ഒരു വേശ്യ എന്നല്ലാതെ മറ്റൊന്നും നമുക്കറിവില്ല. സ്വന്തം സഹോദരങ്ങളാണ് അയാളെ പരിഹസിച്ച്, പടിയടച്ചു പുറത്താക്കിയത്. വീട്ടിൽനിന്നു പുറത്താക്കപ്പെട്ടവനെ നാട്ടുകാർ നാട്ടിൽനിന്നും ഓടിച്ചു. അങ്ങനെ അപഹാസ്യനും പരിത്യക്തനുമായ അയാൾ ചെന്നു ചേർന്നത് ഒരു നീചസംഘത്തിലാണ്. വീട്ടിൽനിന്നും നാട്ടിൽനിന്നും ഉണ്ടായ തിരസ്ക്കരണം അയാളിൽ അപകർഷതാബോധം വർദ്ധിപ്പിച്ചു. അപകർഷതാബോധം പ്രതികാര ചിന്തയിലേക്കു നയിച്ചു. ചുറ്റും ഉണ്ടായിരുന്ന കൂട്ടുകാർ വിദ്വേഷത്തിനും തജ്ജന്യമായ ക്രൂരതയ്ക്കും ഇന്ധനം പകർന്നു.

ഈ രോഷവും പകയുമാണ് തന്നെ തേടിവന്ന ഗിലയാദിലെ ശ്രേഷ്ഠന്മാരുടെ മുമ്പിൽ ചൊരിയുന്നത്. നിങ്ങൾ എന്നെ വെറുക്കുകയും എന്റെ പിതാവിന്റെ ഭവനത്തിൽനിന്ന് അടിച്ചിറക്കുകയും ചെയ്തില്ലേ! അപകടത്തിൽപെട്ടപ്പോൾ നിങ്ങൾ എന്റെയടുക്കൽ വന്നിരിക്കുന്നുവോ? (ന്യായാ 11,7). ശ്രേഷ്ഠന്മാർ താണുവീണപേക്ഷിച്ചപ്പോൾ അയാളുടെ ആത്മാഭിമാനം ഉണർന്നു. നേതാവാക്കാമെങ്കിൽ വരാം എന്നായി. തന്നെ

ആട്ടിയോടിച്ചവരോട് പകരം വീട്ടുന്നതിന്റെ മധുരം നുകരാൻ അവസരമായി ഇതിനെ അയാൾ കണ്ടു. അപ്പോൾ യുദ്ധത്തിൽ വിജയിക്കുക എന്നത് സ്വന്തം അഭിമാനപ്രശ്നമായി. പലപ്പോഴും മനുഷ്യൻ ജീവനേക്കാൾ അഭിമാനത്തെ വിലമതിക്കും. ഇത് നേർച്ചയുടെ ഒരു വശം.

കർത്താവിന്റെ ആത്മാവ് ആവസിച്ച് അയാളെ ശക്തിപ്പെടുത്തിയെങ്കിലും യുദ്ധത്തിൽ ജയിക്കുമെന്ന് ഉറപ്പില്ല. സന്ധിസംഭാഷണം പരാജയപ്പെട്ടതിനാൽ യുദ്ധത്തിനു പോകാതിരിക്കാനും വയ്യ. ഈ സാഹചര്യത്തിൽ കർത്താവിന്റെ സഹായം ഉറപ്പുവരുത്തുകയാണ് ആദ്യമേ ചെയ്യേണ്ടതും ഏറ്റം പ്രധാനപ്പെട്ടതും ആയ കാര്യം എന്നയാൾക്കു തോന്നി. അതിനായി എടുക്കുന്ന തീരുമാനത്തിൽ അന്നു നിലവിലിരുന്നതും സമൂഹത്തിൽനിന്ന് അയാൾ ആർജ്ജിച്ചതുമായ മനോഭാവം നിർണ്ണായകപങ്കു വഹിച്ചു. ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ ആഗ്രഹിക്കുന്നവർ പ്രതീക്ഷിക്കുന്ന അനുഗ്രഹത്തിന് ആനുപാതികമായ കാഴ്ച നല്കണം എന്ന വിശ്വാസം പൊതുവേ നിലവിലിരുന്നു. ദൈവത്തിന്റെ ഔദാര്യത്തിൽ എന്നതിലുപരി നീതിയിൽ ആശ്രയിച്ചവരാണ് ആനുപാതികമായ കാഴ്ചകൾ സമർപ്പിക്കാൻ തത്രപ്പെട്ടത്. ഈ ശ്രമത്തിനുപിന്നിൽ ഒരു കച്ചവടമനോഭാവമുണ്ടെന്നത് എന്തെങ്കിലും കുറ്റമോ കുറവോ ആയി കണ്ടില്ല. കാനാൻകാരുടെ മതാത്മകതയിൽ നിന്നു കൈവന്നതായിരുന്നു ഈ മനോഭാവം.

ദൈവത്തിന് അർപ്പിക്കാവുന്നതിൽ ഏറ്റം വലുതാണ് നരബലി. ഇസ്രായേൽക്കാർ വസിച്ചിരുന്ന ദേശത്തും ചുറ്റുപാടുമുള്ള ജനതകൾ വലിയ ആവശ്യങ്ങൾ വരുമ്പോൾ തങ്ങൾ ആരാധിച്ചിരുന്ന ദേവന്മാരെ പ്രീതിപ്പെടുത്താനായി മനുഷ്യക്കുരുതി നടത്തുക പതിവായിരുന്നു. ഈ വിശ്വാസത്തിന്റെയും ആചാരത്തിന്റെയും സ്വാധീനം ഇസ്രായേൽക്കാർക്കിടയിലും ഉണ്ടായി. വലിയൊരു ദേശീയ പ്രതിസന്ധിയിൽ ദൈവസഹായം തേടാനായി യൂദാരാജാവായ ആഹാസ് സ്വന്തം പുത്രനെ ബലിയർപ്പിച്ചു (2 രാജാ 16,3). സമറിയായുടെ പതനത്തിന് ഒരു മുഖ്യകാരണം അവർ നടത്തിയ നരബലി ആയിരുന്നുവെന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു (2 രാജാ 17,7). യൂദാ രാജാവായ മനാസ്സെയും സ്വപുത്രനെ ബലിയർപ്പിക്കുകയുണ്ടായി (2 രാജാ 21,6). ഇപ്രകാരമുള്ള നരബലി ഇസ്രായേലിൽ വിരളമായിരുന്നില്ല എന്ന് പ്രവാചകവിമർശനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട് (ജറെ 7,31). "കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്?.....എന്റെ അതിക്രമങ്ങൾക്കുപകരമായി എന്റെ ആദ്യജാതനെ ഞാൻ നല്കണമോ?" (മിക്കാ

6, 7) എന്ന ഭക്തന്റെ ചോദ്യം മിക്കാ പ്രവാചകൻ ഉദ്ധരിക്കുമ്പോൾ ഈ ആചാരം എത്ര വ്യാപകമായിരുന്നുവെന്ന് വ്യക്തമാകുന്നു.

ഇപ്രകാരം ഒരു മനോഭാവം സ്വന്തമാക്കിയിരുന്ന ജെഫ്താ യുദ്ധ വിജയത്തിനായി നരബലിയർപ്പിക്കാം എന്നു നേർന്നതിൽ ആശ്ചര്യപ്പെടാനില്ല. കർത്താവിനു നേരുന്ന നേർച്ചകൾ നിറവേറ്റണം എന്നത് വിട്ടുവീഴ്ചയില്ലാത്ത ഒരു നിയമമായി അയാൾ കരുതി. മതാത്മകതയിൽ കർശനമായ നിഷ്ഠയുള്ള ഒരു ഭക്തനായിരുന്നു അയാൾ. അയാളുടെ ഭക്തിയും നിഷ്ഠയും വഴി തെറ്റിയതായിരുന്നു എന്നു മാത്രം. വി. പൗലോസ് എടുത്തുകാട്ടുന്ന യഹൂദരുടെ വഴിതെറ്റിയ തീഷ്ണതപോലെ (റോമാ 10,2)

നരബലി കർത്താവ് ആഗ്രഹിക്കുന്നില്ല എന്ന് അബ്രാഹത്തിന്റെ കാലംമുതൽ വ്യക്തമാക്കിയതാണ്. ഏകജാതനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ കല്പിച്ച ദൈവം തന്നെയാണ് അവസാനനിമിഷം തടഞ്ഞത്. ''കുട്ടിയുടെമേൽ കൈവയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ബോധ്യമായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കുതരാൻ നീ മടിച്ചില്ല'' (ഉൽപ 22,12). അതായിരുന്നു ദൈവത്തിന് ആവശ്യം - പൂർണ്ണമായ അനുസരണത്തിലൂടെ പ്രകടമാകുന്ന വിശ്വാസം. കൊടുക്കുന്ന കാഴ്ചയുടെ വലുപ്പമനുസരിച്ചല്ല ദൈവം കൃപ വർഷിക്കുക എന്ന് പ്രവാചകന്മാർ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. ''മനുഷ്യാ നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്?'' (മിക്കാ 6,8).

ജെഫ്തായ്ക്ക് ഇതറിയാൻ കഴിഞ്ഞില്ല. തനിക്കു യുക്തമെന്നു തോന്നിയത് അയാൾ ചെയ്തു (ന്യായാ 21,25). എന്നാൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാകുന്നു. നരബലി അർപ്പിക്കേണ്ടിവന്നതിലല്ല അയാൾക്കു ദുഃഖം, അതു തന്റെ ഏകമകൾ ആയതിനാലാണ്. അപ്പോൾ മറ്റാരെയും ബലിയർപ്പിക്കാൻ ഒരുക്കമായിരുന്നു എന്നു ചുരുക്കം. എല്ലാ മനുഷ്യജീവനും ഒരുപോലെ വിലപ്പെട്ടതാണെന്ന് അയാൾ കരുതിയില്ല. എല്ലാ മനുഷ്യരും ആർക്കെങ്കിലും പ്രിയപ്പെട്ട മകനോ മകളോ ആയിരിക്കുമല്ലോ. നരഹത്യ തെറ്റാണ് എന്ന ബോധ്യമല്ല, ഏകമകൾ നഷ്ടമാകുന്നു എന്നതാണ് വിലാപകാരണം.

വഴിതെറ്റിയ മതാത്മകതയുടെയും അന്ധമായ ഭക്തിയുടെയും

ഉദാഹരണമാണ് ജെഫ്താ. ദൈവത്തെക്കുറിച്ച് വികലമായ കാഴ്ചപ്പാടായിരുന്നു അയാൾ വച്ചു പുലർത്തിയത്. ദൈവം ആഗ്രഹിക്കുന്നത് നീതിയും കരുണയും വിനയവും ആണെന്ന് അയാൾ മനസ്സിലാക്കിയില്ല. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്താ 9,13) എന്നു പഠിപ്പിച്ച ദൈവപുത്രൻ വരുന്നതിന് എത്രയോ കാലം മുമ്പാണയാൾ ജീവിച്ചിരുന്നത്! മനുഷ്യജീവന്റെ മേൽ തനിക്കധികാരമില്ലെന്നും നിഷ്കളങ്കനെ കൊല്ലുന്നതു വലിയ പാതകമാണെന്നും അയാൾക്കറിയില്ലായിരുന്നു. തനിക്കധികാരമില്ലാത്ത ഒരു കാര്യം നേർച്ച നേർന്നാൽ അതു നിറവേറ്റാനുള്ള കടമയല്ലെന്നും അയാൾക്കു വിശ്വസിക്കാനായില്ല, അന്തിപ്പാസിനു സംഭവിച്ചതുപോലെ (മർക്കോ 6,26).

രക്ഷാചരിത്രത്തിൽ വലിയൊരു താക്കീതായി നില്ക്കുന്നു ഏകപുത്രിയെ ബലിയർപ്പിച്ച ജെഫ്താ; മതവിശ്വാസത്തിന്റെയും ഭക്തിയുടെയും പേരിൽ ആരും ആരെയും കൊല്ലരുത് എന്ന താക്കീത്. പക്ഷേ, ആരു കേൾക്കാൻ! മതനിന്ദയും ദൈവദൂഷണവും ആരോപിച്ച് എത്ര നിഷ്ക്കളങ്കജീവൻ ഇന്നും കുരുതി കഴിക്കപ്പെടുന്നു! ദേവപ്രീതിക്കും ഉദ്ദിഷ്ടകാര്യസാധ്യത്തിനുമായി നടക്കുന്ന നരബലികൾക്ക് ഇന്നും അന്ത്യമായിട്ടില്ലല്ലോ. സ്നേഹസ്വരൂപനും സകലരുടെയും പിതാവും എല്ലാ സൃഷ്ടികളോടും കരുണയുള്ളവനുമായ ദൈവത്തിൽ വിശ്വസിക്കുമ്പോൾ ഇപ്രകാരം വഴി തെറ്റുന്ന, തെറ്റിക്കുന്ന മതഭ്രാന്തുകൾക്ക് അറുതിവരും. അതിനുവേണ്ടിയാണല്ലോ ദൈവപുത്രന് മനുഷ്യനായി അവതരിച്ചതും സ്വന്തം ആത്മബലിയിലൂടെ സകല ബലികൾക്കും അന്ത്യം കുറിച്ചതും.




# വ്രതഭംഗത്തിലൂടെ പതനം

## സാംസൺ

*"കർത്താവ് തന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല"*

(ന്യായാ 16,20).

കരുത്തനായിരുന്നു അയാൾ. ഇസ്രായേൽജനം കണ്ടതിൽ ഏറ്റം ശക്തനായ മനുഷ്യൻ. ജനനത്തിനുമുമ്പുതന്നെ കർത്തൃശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്ത് മാറ്റിവയ്ക്കപ്പെട്ടവൻ. വന്ധ്യയ്ക്ക് ദൈവത്തിന്റെ പ്രത്യേക കരുണാകടാക്ഷത്താൽ ജനിച്ച പുത്രൻ. ഇസ്രായേൽ ജനത്തെ ഫിലിസ്ത്യാധിപത്യത്തിൽനിന്നു മോചിപ്പിക്കാനായി പ്രത്യേകം നിയോഗിക്കപ്പെട്ടവൻ. ദൈവത്തിന്റെ ആത്മാവ് ശക്തി പകർന്നപ്പോൾ അവൻ അജയ്യനായി, ആയിരങ്ങളെ ഒറ്റയ്ക്കു വകവരുത്താൻ മാത്രം ശക്തൻ. എന്നിട്ടും അയാൾ വീണു. ശക്തി ചോർന്നുപോയി; കാഴ്ചപോയി. സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ശത്രുക്കളുടെ തടവറയിൽ കോമാളിവേഷം കെട്ടാൻ നിർബന്ധിതനായി. ആ തിരഞ്ഞെടുക്കപ്പെട്ടവൻ സ്വന്തം കയ്യാൽ ജീവിതം ഒടുക്കിയപ്പോൾ അത് ആയിരങ്ങളുടെ മരണത്തിനും കാരണമായി. കരുത്തനായ സാംസൺ ഇടറിയ വഴികൾ ബൈബിൾ വിവരിക്കുന്നുണ്ട്, ന്യായാധിപന്മാർ 13-16 അധ്യായങ്ങളിൽ.

അസാധാരണമായിരുന്നു സാംസന്റെ ജനനം. ദാൻ ഗോത്രത്തിൽപെട്ട മനോവായുടെ ഭാര്യ വന്ധ്യയായിരുന്നു. ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവൾക്കു ജനിക്കാൻ പോകുന്ന ശിശുവിനെ സംബന്ധിച്ച് മുന്നറിയിപ്പു നൽകി. ശിശു ആരായിരിക്കുമെന്നും അയാളുടെ ദൗത്യം എന്തെന്നും അതിനായി അയാളും അമ്മയും എങ്ങനെ ഒരുങ്ങണം എന്നും നിർദേശവും നല്കി. ‘‘നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടരുത്. അവൻ ജനനം മുതൽ ദൈവത്തിനു നാസീർ വ്രതക്കാരനായിരിക്കും. അവൻ ഫിലിസ്ത്യരുടെ കയ്യിൽനിന്ന് ഇസ്രായേലിനെ വിടുവിക്കാൻ ആരംഭിക്കും’’ (ന്യായാ 13,5). ശിശുവിന്റെ ജനനത്തിനൊരുക്കമായി അവൾതന്നെ വ്രതശുദ്ധി പാലിക്കണം. ലഹരിപാനീയങ്ങൾ കഴിക്കരുത്; അശുദ്ധമായ ഒന്നിനെയും തൊടുകപോലുമരുത്. ദൂതൻ ഈ നിർദ്ദേശങ്ങൾ മനോവയോട് ആവർത്തിച്ചു (ന്യായ 13,8-14).

മാറ്റിനിർത്തുക, കർത്താവിനു സമർപ്പിക്കുക എന്നർത്ഥമുള്ള ‘‘നാസാർ’’ എന്ന ഹീബ്രുക്രിയാധാതുവിൽനിന്നാണ് ‘‘നാസീർ’’ എന്ന വാക്കിന്റെ ഉത്ഭവം. കർത്താവിനു സമർപ്പിതനെന്ന നിലയിൽ, സമൂഹത്തിൽനിന്നു വേർതിരിച്ച്, മാറ്റിനിർത്തപ്പെട്ടവൻ എന്നാണ് വാക്കിനർത്ഥം. കർതൃശുശ്രൂഷയ്ക്കായി ജനനത്തിനുമുമ്പേ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു അയാൾ. ശിംശോൻ എന്നാണ് മാതാപിതാക്കൾ അയാൾക്കു പേരിട്ടത്. സൂര്യൻ എന്നർത്ഥമുള്ള ശെമെശ് എന്ന വാക്കിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. തങ്ങളുടെ അന്ധകാരപൂർണ്ണമായ സാമൂഹികജീവിതത്തിൽ സൂര്യനെപ്പോലെ അയാൾ പ്രകാശം പരത്തും എന്ന പ്രതീക്ഷയാവാം ഈ പേരിനു പിന്നിലുള്ളത്. സാംസൺ എന്നത് ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിൽനിന്നു വന്ന ഉച്ചാരണമാണ്. പ്രതീക്ഷിച്ചതിൽനിന്ന് എത്ര അകലെയാണ് അയാൾ അസ്തമിച്ചത്! ജനത്തിനു വിമോചനത്തിന്റെ പ്രകാശമാകേണ്ടവൻ രണ്ടു കണ്ണും നഷ്ടപ്പെട്ട്, ഒരിക്കലും പൊട്ടിക്കാനാവാത്ത ഓട്ടു ചങ്ങലയാൽ ബന്ധിതനായി, ഫിലിസ്ത്യരുടെ തടവറയിൽ, കഴുതയെപ്പോലെ ധാന്യം പൊടിക്കുന്ന ചക്കു തിരിക്കുമ്പോൾ ഒരു കരുത്തന്റെ ദയനീയ പതനം നാം കാണുന്നു. പെട്ടെന്നല്ല അതു സംഭവിച്ചത്.

ദാൻ ഗോത്രത്തിലാണ് സാംസന്റെ ജനനം. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഏറ്റം പ്രാധാന്യം കുറഞ്ഞ ഒന്നായിരുന്നു ദാൻ. അവർക്കുകിട്ടിയ അവകാശഭൂമി യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾക്കിടയിലായിരുന്നു. എന്നാൽ അവകാശഭൂമി മുഴുവനായി പിടിച്ചടക്കാനോ, കീഴടക്കിയതുതന്നെ സ്വന്തമായി നിലനിർത്താനോ അവർക്കു

കഴിഞ്ഞില്ല. അവർ ഫിലിസ്ത്യരുടെ ആധിപത്യത്തിലായി (ന്യായാ 14,4). "ഫിലിസ്ത്യരാണ് ഞങ്ങളുടെ ഭരണാധികാരികൾ എന്നു നിനക്കറിഞ്ഞു കൂടേ" (ന്യായാ 15,11) എന്ന ചോദ്യത്തിൽ ഈ ചരിത്രവസ്തുത പ്രതിഫലിക്കുന്നുണ്ട്. ഫിലിസ്ത്യരുടെ ആധിപത്യത്തിൽനിന്ന് തന്റെ ജനത്തെ മോചിപ്പിക്കുക എന്നതായിരുന്നു സാംസണിൽ നിക്ഷിപ്തമായ ദൗത്യം. അതിന് ആവശ്യമായ കരുത്തും ദൈവം അയാൾക്കു നല്കി. ഇരുപതുവർഷം അവൻ ഇസ്രായേലിൽ ന്യായാപലനം നടത്തി (ന്യായാ 16,31) എന്ന അവലോകനം എന്താണ് അർത്ഥമാക്കുന്നതെന്നു വ്യക്തമല്ല. ഒറ്റപ്പെട്ട ചില സാഹസികതകൾ ഒഴിച്ചാൽ സാംസൺ ഇസ്രായേലിൽ ന്യായപാലനം നടത്തിയതായോ ഫിലിസ്ത്യർക്കെതിരേ യുദ്ധം ചെയ്തതായോ ബൈബിൾ പറയുന്നില്ല.

തിമ്നായിൽ വച്ചു കണ്ടുമുട്ടിയ ഫിലിസ്ത്യയുവതിയോടു പ്രേമം ഉള്ളിൽ ഉദിച്ചതോടെയാണ് സാംസന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്, പതനവും. ഫിലിസ്ത്യർക്കെതിരേ പൊരുതാൻ കർത്താവ് ഒരുക്കിയ അവസരമായിരുന്നു ഇതെന്ന് വി. ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു (ന്യായാ 14,4). ആ വിവാഹം ഒരു ദുരന്തത്തിൽ കലാശിച്ചു. കുറെ ഫിലിസ്ത്യരെ വധിക്കാൻ സാംസണ് കളമൊരുക്കുക മാത്രമാണ് ആ വിവാഹം ചെയ്തത്. ഒന്നിനുപുറകെ ഒന്നായി പ്രതികാരനടപടികൾ, കൂട്ടക്കൊല (ന്യായാ 14 – 15). ഓരോ അവസരത്തിലും കർത്താവിന്റെ ആത്മാവ് അവനിൽ ശക്തമായി ആവസിച്ചു (ന്യായാ 14,6.19; 15,14) എന്ന് എടുത്തു പറയുന്നതിലൂടെ അയാളുടെ അമാനുഷികശക്തിയുടെ ഉറവിടം എന്തെന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

ഭാര്യ നഷ്ടപ്പെട്ട സാംസൺ ആശ്വാസംതേടി ഗാസായിലെ ഒരു വേശ്യാലയത്തിലേക്കു പോയി. തന്നെ പിടിക്കാൻ കാവൽനിന്ന പടയാളികൾക്കു പിടികൊടുക്കാതെ അർദ്ധരാത്രിക്കെണീറ്റ്, താഴിട്ടു പൂട്ടിയിരുന്ന കോട്ടവാതിൽ ചട്ടങ്ങളടക്കം പിഴുതെടുത്ത് തോളിൽവച്ച്, അറുപതു കിലോമീറ്റർ അകലെയുള്ള ഹെബ്രോണിലേക്കു കൊണ്ടു പോയത് (ന്യായാ 15,1–3) അതിമാനുഷിക ശക്തിയുടെ അടയാള മായിരുന്നു. ഈ സംഭവത്തിലൂടെ ആരെയെങ്കിലും ന്യായം വിധിച്ചതോ, ആർക്കെങ്കിലും മോചനം നല്കിയതോ ആയി ബൈബിൾ രേഖപ്പെടു ത്തിയിട്ടില്ല. എന്നാൽ അമാനുഷികശക്തിക്കൊപ്പം സ്ത്രീ വിഷയത്തി ലുള്ള അയാളുടെ ബലഹീനത എടുത്തുകാട്ടുന്നുണ്ട്.

ഇതുവരെ കണ്ട രണ്ടു സ്ത്രീകൾക്കും പേരില്ല. എന്നാൽ മൂന്നാ മത്തവൾക്കു പേരുണ്ട്. ദലീലാ. ഭക്ത എന്നാണ് പേരിനർത്ഥം. എന്നാൽ ആരോടായിരുന്നു അവൾക്കു ഭക്തി എന്നു വ്യക്തമല്ല. സാംസന്റെ

ശക്തിയുടെ രഹസ്യം കണ്ടെത്താൻ ഫിലിസ്ത്യപ്രഭുക്കൾ അവളെ നിർബന്ധിച്ചു; വലിയ തുക പാരിതോഷികം നല്കാമെന്നു പ്രലോഭിപ്പിച്ചു. മൂന്നു പ്രാവശ്യം കബളിപ്പിച്ചെങ്കിലും അവളുടെ നിരന്തരമായ യാചനയും പരിഭവങ്ങളും അയാളെ അത്യധികം അസ്വസ്ഥനാക്കി. കാരണം അയാൾ ദലീലയെ അത്രകണ്ടു സ്നേഹിച്ചിരുന്നു (ന്യായ 16,4), തിമ്നായിലെ ഫിലിസ്ത്യയുവതിയെ സ്നേഹിച്ചതുപോലെ. സ്ത്രീകളും അവരോടുതോന്നിയ സ്നേഹവും സാംസന്റെ ബലഹീനതകളായിരുന്നു. നിർബന്ധം കൊണ്ടു പൊറുതിമുട്ടിയപ്പോൾ അയാൾ തന്റെ രഹസ്യം വെളിപ്പെടുത്തി: "ജനനം മുതലേ ഞാൻ നാസീർ വ്രതക്കാരനാണ്. മുടി വെട്ടിയാൽ എന്റെ ശക്തി നഷ്ടപ്പെട്ട് ഞാൻ മറ്റു മനുഷ്യരെപ്പോലെ യാകും" (ന്യായാ 16,17). രഹസ്യം ചോർന്നു കിട്ടിയെന്നു മനസ്സിലാക്കിയ ദലീലാ ഫിലിസ്ത്യനേതാക്കളെ വിവരമറിയിച്ചു. മടിയിൽ കിടത്തി ഉറക്കിയ സാംസന്റെ മുടി വടിച്ചുകളയാൻ അവൾ സഹായിച്ചു. ഫിലിസ്ത്യർ അവന്റെ രണ്ടു കണ്ണും ചൂഴ്ന്നെടുത്തു; ചങ്ങലകൊണ്ട് ബന്ധിച്ച് ഗാസായിലെ തുറുങ്കിൽ അടച്ചു, അയാൾ കോട്ടവാതിൽ പിഴുതെടുത്ത അതേ പട്ടണത്തിൽ.

ഫില്സ്ത്യർ തങ്ങളുടെ ദേവനായ ദാകോന് കൃതജ്ഞതാ ബലിയർപ്പിച്ചു; അജയ്യനായ ശത്രുവിനെ തോൽപിക്കാൻ കഴിഞ്ഞതിനാൽ ഉത്സവം ആഘോഷിച്ചു. ആഘോഷിക്കാൻ മൂവായിരം പേർ ശാലയിൽ സമ്മേളിച്ചു. സാംസനെ കൊണ്ടുവന്ന് വിഢിവേഷം അവതരിപ്പിച്ചു രസിച്ചു. അപ്പോൾ സാംസൺ ഉള്ളുരുകി പ്രാർത്ഥിച്ചു: "ദൈവമായ കർത്താവേ, എന്നെ ഓർക്കണമേ. ഞാൻ നിന്നോടു പ്രാർത്ഥിക്കുന്ന, എന്നെ ശക്തനാക്കണമേ..........എന്റെ കണ്ണുകളിൽ ഒന്നിനു ഫിലിസ്ത്യരോടു പ്രതികാരം ചെയ്യാൻ എന്നെ ശക്തിപ്പെടുത്തണമേ!" (ന്യായ 16,28). കെട്ടിടം താങ്ങി നിർത്തിയിരുന്ന തൂണുകൾ തള്ളിമറച്ച്, കെട്ടിടം തന്റെ തലയിൽ വലിച്ചു വീഴ്ത്തി. അവിടെ കൂടിയിരുന്ന ഫിലിസ്ത്യരെല്ലാം മരിച്ചു. മരണസമയത്ത് അവൻ കൊന്നവർ ജീവിച്ചിരിക്കുമ്പോൾ കൊന്നവരേക്കാൾ അധികമായിരുന്നു" (ന്യായാ 16,30).

പാളിപ്പോയ ഒരു ജീവിതമാണ് സാംസന്റേത്. അശ്രദ്ധയും അഹ ങ്കാരവുമാണ് പതനത്തിനു കാരണം. ഭീകരമായ ദുരന്തത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ ഇന്നും ഏറെ പ്രസക്തമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു. വ്രതസ്ഥനാണ് താൻ എന്ന് അയാൾക്കറി യാമായിരുന്നു. കർത്താവിനുവേണ്ടി മാറ്റി നിർത്തപ്പെട്ടവൻ ആയതിനാൽ വ്രതശുദ്ധി പാലിക്കാൻ കടപ്പെട്ടിരുന്നു. അശുദ്ധമായതൊന്നും സ്പർശി ക്കരുത്; ലഹരിപാനീയങ്ങൾ കഴിക്കരുത്; മുടി മുറിക്കരുത്. കർത്താ

വിന്റെ യോദ്ധാവാണ് നാസീർ വ്രതക്കാരൻ. കർത്താവു നയിക്കുന്ന യുദ്ധം വിശുദ്ധ യുദ്ധമാണ്. അതിൽ പങ്കെടുക്കുന്ന യോദ്ധാക്കാൾ വിശുദ്ധരായിരിക്കണം. 24 മണിക്കൂറും അവർ വ്രതശുദ്ധി പാലിക്കണം. എപ്പോൾ യുദ്ധ കാഹളം മുഴങ്ങിയാലും പുറപ്പെടാൻ തയ്യാറായിരിക്കണം.

എന്നാൽ സാംസൺ ഇതൊന്നും ഗൗരവമായി പരിഗണിച്ചില്ല. തന്റെ ഏഴു മുടിച്ചുരുളുകൾ നഷ്ടപ്പെടാതെ സൂക്ഷിച്ചാൽ എല്ലാം ഭദ്രം എന്നയാൾ കരുതി; മാത്രമല്ല ഉറച്ചു വിശ്വസിച്ചു. അതാണല്ലോ തന്റെ ശക്തിയുടെ രഹസ്യമായി അയാൾ ദലീലായ്ക്കു വെളിപ്പെടുത്തുന്നത്. കാതൽ ദ്രവിച്ചു വീഴാറായി നില്ക്കുന്ന മരത്തെ താങ്ങി നിർത്തുന്ന പുറന്തോടുപോലെ, സാംസൺ തന്റെ വ്രതത്തിന്റെ ബാഹ്യാടയാളമായ മുടിച്ചുരുളുകൾ കേടുകൂടാതെ സൂക്ഷിച്ചു. ബാക്കിയൊന്നും അയാൾക്കു പ്രധാനമായി തോന്നിയില്ല.


കർത്താവിന്റെ ആത്മാവാണ് തന്നിൽ പ്രവർത്തിക്കുന്നതും ശക്തിപകരുന്നതും എന്ന് അയാൾ മനസ്സിലാക്കിയില്ല. അവസാന നിമിഷത്തിലെ പ്രാർത്ഥന ഒഴികെ ഒരിക്കൽ മാത്രമേ അയാൾ പ്രാർത്ഥനാപൂർവ്വം കർത്താവിലേക്കു തിരിഞ്ഞുള്ളൂ. അതു ദാഹം കൊണ്ടു വലഞ്ഞപ്പോൾ ജലത്തിനുവേണ്ടി ആയിരുന്നു (ന്യായാ 15,18). മാതാപിതാക്കളുടെ കല്പന അനുസരിച്ചില്ല. തനിക്കു തോന്നിയത് അയാൾ ചെയ്തു. സ്വന്തം തോന്നലുകൾ പ്രമാണമായി സ്വീകരിച്ചു. സിംഹക്കുട്ടിയെ ചീന്തിക്കീറിയതും തന്നെ വരിഞ്ഞുകെട്ടിയ വടം വലിച്ചു പൊട്ടിച്ചതും കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരങ്ങളെ അടിച്ചുവീഴ്ത്തിയതും കോട്ടവാതിൽ പിഴുതെടുത്തതും സ്വന്തം ശക്തിയാലാണെന്ന് തെറ്റിദ്ധരിച്ചു, അഹങ്കരിച്ചു. ഏതപകടത്തിൽപ്പെട്ടാലും രക്ഷപ്പെടാൻ തനിക്കു കഴിയും എന്ന ഗർവ്വ് അയാളെ അന്ധനാക്കി.

നാസീർ വ്രതസ്ഥൻ അശുദ്ധമായതൊന്നും സ്പർശിക്കുക പോലും അരുത് (നാസീർ വ്രതത്തെക്കുറിച്ച് സംഖ്യ 6,1–21 ൽ വിശദമായി പ്രതിപാദിക്കുന്നതു കാണുക.) ചത്ത സിംഹത്തിന്റെ അസ്ഥികൂടത്തിനകത്തുകണ്ട തേൻ എടുത്തു തിന്നുന്നിടത്തു തുടങ്ങി അശുദ്ധ ബന്ധങ്ങൾ. ചത്ത കഴുതയുടെ താടിയെല്ലെടുത്തത് അശുദ്ധമാക്കുന്ന പ്രവൃത്തിതന്നെ. വിജാതീയരുമായി സമ്പർക്കമരുത്, വിവാഹബന്ധത്തിൽ ഏർപ്പെടരുത് എന്ന കല്പന തനിക്കു ബാധകമായി അയാൾ കരുതിയില്ല. വേശ്യാ സംസർഗ്ഗം പാപമായി പരിഗണിച്ചില്ല. താൻ വ്രതസ്ഥനാണ് എന്നറിയാമായിരുന്നെങ്കിലും വ്രതനിയമങ്ങൾ അനുസരിച്ചു ജീവിക്കാൻ കൂട്ടാക്കിയില്ല. തന്നെ തിരഞ്ഞെടുത്തു

ശക്തിപ്പെടുത്തുന്ന ദൈവത്തെക്കുറിച്ചു ചിന്തിക്കാനോ പ്രാർത്ഥിക്കാനോ അയാൾക്കു തോന്നിയില്ല. ജനനത്തിനുമുമ്പുതന്നെ വിശുദ്ധമായ ഒരു ലക്ഷ്യത്തിനുവേണ്ടി ദൈവം നിശ്ചയിച്ചു മാറ്റി നിർത്തിയവനാണ് താൻ എന്ന ചിന്ത അയാളുടെ മനസ്സിലേക്കു കടന്നുവന്നതുപോലുമില്ല. അവസാനം കർത്താവിലേക്കു തിരിയുന്നതു തന്നെ പശ്ചാത്തപിച്ചു മാപ്പിരക്കാനല്ല, തന്റെ കണ്ണു ചൂഴ്ന്നെടുത്തവർക്കെതിരേ പ്രതികാരം ചെയ്യാനുള്ള ശക്തിക്കുവേണ്ടിയാണ്.

ഒരു വ്രതസ്ഥന്റെ ദയനീയമായ പരാജയം വിശദമായി ചിത്രീകരിക്കുന്നതിലൂടെ ബൈബിൾ വ്യക്തമായ ചില പാഠങ്ങളും ശക്തമായ താക്കീതുകളും നല്കുന്നുണ്ട്. വ്രതത്തിന്റെ ചൈതന്യവും ലക്ഷ്യവും മറന്ന്, ബാഹ്യമായ അടയാളങ്ങൾ മാത്രം കൊണ്ടു നടക്കുന്നത് സാംസന്റെ മുടിച്ചുരുകൾ പോലെയാണ്. അവയ്ക്കുമാത്രം ആരെയും രക്ഷിക്കാനാവില്ല. മാമ്മോദീസായിലാണ് ക്രൈസ്തവൻ ആദ്യവ്രതം ചെയ്യുന്നത്. പിന്നീട് പല കൂദാശകളിലും ഈ വ്രതം ആവർത്തിക്കുന്നു. സന്ന്യാസവ്രതം അതിന്റെ കൂടുതൽ ഗൗരവാവഹവും അടിസ്ഥാന പരവുമായ സമർപ്പണമാണ്. സമർപ്പിത ജീവിതത്തിൽ ബാഹ്യാടയാളങ്ങൾ മാത്രം സൂക്ഷിച്ചാൽ പോരാ എന്ന് സാംസന്റെ ദുരന്തം പഠിപ്പിക്കുന്നു. നിസ്സാരങ്ങളെന്നു തോന്നുന്ന ചെറിയ തെറ്റുകളിൽ അശ്രദ്ധമായി വീഴുന്നവർ സാവകാശം വലിയ തെറ്റിൽ വീഴുമ്പോൾ അറിയില്ല. "കർത്താവുതന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല" (ന്യായാ 16,20) എന്ന പ്രസ്താവന ആർക്കും സംഭവിക്കാവുന്ന ഒരു ദുരന്തത്തിലേക്കു വിരൽ ചൂണ്ടുന്നു.

സമർപ്പിത ജീവിതം ബാഹ്യാടയാളങ്ങളിൽ ഒതുങ്ങി നില്ക്കുന്നില്ല. അതുപോലെ തന്നെ ദൈവം തന്ന ദാനങ്ങളും കഴിവുകളും സ്വന്തം എന്നു കരുതി അഹങ്കരിക്കുന്നത് അപകടകരമയിരിക്കും. തന്നവനു തിരിച്ചെടുക്കാനും കഴിയും എന്നോർക്കണം. എടുത്ത വ്രതത്തോട്, അത് മാമ്മോദീസായോ, വിവാഹമോ, സന്ന്യാസമോ, പൗഹിത്യമോ, ഏതുമാകട്ടെ, നിരന്തരം വിശ്വസ്തത പുലർത്തിയില്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തത്തിന്റെ ചിത്രം സാംസണിൽ തെളിയുന്നു. അയാൾക്കു മുടിച്ചുരുളുകൾ പോയി, കാഴ്ചപോയി, സ്വാതന്ത്ര്യം പോയി; അവസാനം ജീവനും നഷ്ടപ്പെട്ടു. താൻതന്നെ വലിച്ചു താഴെയിട്ടു തകർത്ത കെട്ടിടാവശഷ്ടങ്ങൾക്കിടയിൽ ചതഞ്ഞരഞ്ഞ സാംസൺ വലിയൊരു പ്രതീകവും താക്കീതുമാണ്. വ്രതഭംഗത്തിലൂടെ സ്വന്തം ജീവനാണ് ഒരാൾ തകർക്കുന്നത്; അതോടൊപ്പം മറ്റ് അനേകരുടെയും.



# കാഴ്ച മങ്ങിയ പുരോഹിതൻ

## ഏലി

*"ദൈവത്തിന്റെ പേടകം എന്നു കേട്ടപ്പോൾത്തന്നെ ഏലി വാതില്പടിക്കരികേയുള്ള പീഠത്തിൽനിന്നു പുറകോട്ടു മറിഞ്ഞു. വൃദ്ധനും ക്ഷീണിതനുമായ അവൻ കഴുത്തൊടിഞ്ഞു മരിച്ചു"*
(1 സാമു 4,18).

രണ്ടു കാലഘട്ടങ്ങൾക്കു മധ്യേയാണ് അയാളുടെ സ്ഥാനം. ഇസ്രായേൽചരിത്രം ന്യായാധിപന്മാരുടെ കാലത്തുനിന്നു രാജാക്കന്മാരുടെ കാലത്തേക്കു മാറുന്ന സാഹചര്യത്തിലായിരുന്നു ഏലി ഷീലോയിൽ കർത്താവിന്റെ പേടകത്തിനരികെ പുരോഹിതശുശ്രൂഷ ചെയ്തതും നാല്പതുവർഷം ഇസ്രായേലിൽ ന്യായപാലനം നടത്തിയതും. 1 സാമു 1,9–4,18 ൽ അയാളെക്കുറിച്ചുള്ള വിവരണം കാണാം. "എന്റെ ദൈവം യാഹ്‌വേ" എന്നർത്ഥമുള്ള "ഏലിയാഹു" എന്ന പേരിന്റെ ഹ്രസ്വരൂപമാണ് ഏലി. പേരു സൂചിപ്പിക്കുന്നതുപോലെ കർത്താവിനെ മാത്രം ദൈവമായി സ്വീകരിച്ച് ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്ത പുരോഹിതനാണ് ഏലി. എന്നാൽ എത്ര

വലിയ ദുരന്തത്തിലാണ് ആ പുരോഹിതന്റെ ജീവിതം അവസാനിച്ചത്! ഏലിയുടെ വഴിയിലെ ഇടർച്ചകൾ പരിശോധിക്കുമ്പോൾ പുരോഹിതർക്കു മാത്രമല്ല, കുട്ടികളുടെ വിശ്വാസ-സ്വഭാവരൂപവൽക്കരണത്തിൽ ഉത്തരവാദിത്വമുള്ള സകലർക്കും വിലയേറിയ ഗുണപാഠങ്ങൾ പഠിക്കാനാവും.

ദേവാലയ വാതിലിനു പുറത്താണ് നാം ആദ്യമായി ഏലിയെ കാണുന്നത്. "പുരോഹിതനായ ഏലി ദേവാലയത്തിന്റെ വാതിൽപടിക്കുസമീപം ഒരു പീഠത്തിൽ ഇരിക്കുകയായിരുന്നു" (1 സാമു 1,9). അവിടെത്തന്നെയാണ് അയാളുടെ അവസാനവും (1 സാമു 4,18). ദേവാലയത്തിനു പുറത്തിരുന്ന് എല്ലാം നിരീക്ഷിക്കുന്നു, പക്ഷേ മനസ്സിലാകുന്നില്ല; കേൾക്കുന്നു, പക്ഷേ ഗ്രഹിക്കുന്നില്ല. അവന് ഒന്നും കാണാൻ കഴിയാത്ത വിധം കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു (1 സാമു 3,2). കാഴ്ചമങ്ങുക മാത്രമല്ല, അവൻ മിക്കവാറും അന്ധനായിരുന്നു (1 സാമു 4,15). ഇതു വെറും ശാരീരികമായ അന്ധത മാത്രമായിരുന്നില്ല. കാഴ്ച നഷ്ടപ്പെടുന്നതിനെക്കുറിച്ച് രണ്ടുതവണ വി. ഗ്രന്ഥകാരൻ ആവർത്തിച്ചു പറയുന്നതിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്. ശാരീരികമായ കാഴ്ച നഷ്ടപ്പെട്ടതിലുപരി വിശ്വാസത്തിന്റെ ഉൾക്കാഴ്ചയും അയാൾക്കു നഷ്ടപ്പെട്ടിരുന്നു.

ദേവാലയത്തിനുള്ളിൽ, കർത്തൃസാന്നിധ്യത്തിന്റെ അടയാളമായ പേടകത്തിനുമുമ്പിൽ, വന്ധ്യയായ ഒരു സ്ത്രീ വന്ന് കർത്താവിനോട് നിശ്ശബ്ദമായി തന്റെ വേദനകൾ പങ്കുവയ്ക്കുന്നത് മദ്യപിച്ച് ഉന്മത്തയായ ഒരുവളുടെ വ്യർത്ഥ ജല്പനങ്ങളായി അയാൾക്കു തോന്നി. വേദനിക്കുന്ന മനുഷ്യന്റെ ഹൃദയവ്യഥ കണ്ടറിയാൻ കഴിയാത്തവണ്ണം അയാൾക്കു കാഴ്ച നഷ്ടപ്പെട്ടു. കണ്ണീരൊഴുക്കുന്ന ഹന്നാ ദേവാലയത്തിനുള്ളിൽ പേടകത്തിനുമുമ്പിൽ നില്ക്കുമ്പോൾ, ദേവാലയ കാവൽക്കാരൻ എന്നപോലെ വാതിലിനുപുറത്ത്, പീഠത്തിൽ കാഴ്ചക്കാരനായി ഇരിക്കുകയാണ് കാഴ്ചമങ്ങിയ പുരോഹിതൻ.

ഇത് വല്ലാത്തൊരു വിരോധാഭാസം തന്നെ. ജനത്തിന്റെ നൊമ്പരങ്ങൾ തൊട്ടറിഞ്ഞ് അവർക്കുവേണ്ടി കർത്താവിന്റെ മുമ്പിൽ നിലവിളിക്കേണ്ടവൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവളെ ഉന്മത്തയെന്നു വിളിച്ച് അവഹേളിക്കുന്നു. പ്രാർത്ഥനതന്നെ മുടക്കാൻ ഒരുമ്പെടുന്നു. "ഏലി അവളോടു പറഞ്ഞു: എത്രനേരം നീ ഉന്മത്തനായിരിക്കും? നിന്റെ ലഹരി അവസാനിപ്പിക്കുക" (1 സാമു 1,14). പ്രഭാതത്തിൽത്തന്നെ ഒരു സ്ത്രീ മദ്യപിച്ചു ലക്കുകെട്ട് ദേവാലയത്തിൽവന്ന് പുലമ്പുന്നു എന്നു

കരുതാൻ അയാളെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരിക്കും? ബൈബിൾ പറയുന്നില്ല. എന്നാൽ പറയാതെ പറയുന്ന ഒരു കാര്യമുണ്ട്. ആ പുരോഹിതന് ജനവുമായുള്ള ബന്ധം പറ്റെ അറ്റുപോയിരിക്കുന്നു. ദുഃഖവും ഉന്മാദവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധം കാഴ്ച മങ്ങിയിരിക്കുന്നു.

എന്നാൽ കരുണയുടെ ഉറവിടം അയാളിൽ പൂർണ്ണമായി വറ്റിയിട്ടില്ല. ഹന്നായുടെ സങ്കടകാരണവും പ്രാർത്ഥനയുടെ ലക്ഷ്യവും മനസ്സിലാക്കിയപ്പോൾ ആശ്വാസവാക്കു പറയാൻ അയാൾക്കു കഴിയുന്നുണ്ട്. സമാധാനമായി പോവുക. ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചുതരട്ടെ (1 സാമു 1,17). ഹന്നാ അയാളുടെ വാക്കുകൾ ദൈവിക അരുളപ്പാടായി സ്വീകരിച്ചു. “പിന്നീടൊരിക്കലും അവളുടെ മുഖം മ്ലാനമായിട്ടില്ല” (1 സാമു 1,18).

കാഴ്ച മാത്രമല്ല കേൾവിയും മന്ദീഭവിച്ചിരുന്നു. ദൈവത്തിന്റെ ശബ്ദം തിരിച്ചറിയാൻ കഴിയാത്തവിധം അയാളുടെ കാതുകൾക്കും മാന്ദ്യം സംഭവിച്ചു കഴിഞ്ഞു. ദൈവശുശ്രൂഷയ്ക്കായി തന്റെ ആദ്യമകൻ സാമുവേലിനെ ഹന്നാ ദേവാലയത്തിൽ പ്രതിഷ്ഠിച്ചത് ഏലിയുടെ കൈകളിലാണ്. ബാലൻ ദേവാലയത്തിൽ വളർന്നു. ദൈവസന്നിധിയിൽ പേടകത്തിനടുത്താണ് സാമുവേൽ കിടന്നിരുന്നത്; ഏലിയാകട്ടെ സ്വന്തം മുറിയിലും. സാമുവേൽ അകത്തും ഏലി പുറത്തും എന്നു സൂചിപ്പി ക്കാനുവുമോ ഈ വിശദാംശം വി. ഗ്രന്ഥകാരൻ എടുത്തു പറയുന്നത്? (1 സാമു 3,2–3). ഈ വിവരണത്തിനിടയിലാണ് ഏലിയുടെ കാഴ്ചമങ്ങിയതിനെക്കുറിച്ച് വി. ഗ്രന്ഥകാരൻ പരാമർശിക്കുന്നത്.

ഉറക്കത്തിൽ ആരോ തന്നെ പേരുചൊല്ലി വിളിക്കുന്നതുകേട്ട് ഞെട്ടി ഉണർന്ന സാമുവേൽ ഏലിയുടെ അടുക്കലേക്ക് ഓടിച്ചെന്ന് ഞാനിതാ വന്നിരിക്കുന്നു, അങ്ങെന്നെ വിളിച്ചല്ലോ എന്ന് പറയുമ്പോൾ ഞാൻ നിന്നെ വിളിച്ചില്ല പോയി കിടന്നുകൊള്ളൂ എന്നേ അയാൾക്കു പറയാനായുള്ളൂ. രണ്ടാംതവണയും ഇതുതന്നെ ആവർത്തിച്ചു. സാമു വേലിന് കർത്താവിന്റെ സ്വരം അപരിചിതമായിരുന്നു; ആദ്യമായാണല്ലോ അവൻ അതു കേൾക്കുന്നത്. ഏലിക്കും കർത്താവാണ് ബാലനെ വിളിക്കുന്നതെന്നു മനസ്സിലായില്ല. ദൈവഹിതമനുസരിച്ച്, ദൈവത്തിന്റെ വഴിയിൽ ജനത്തെ നയിക്കേണ്ടവന് ദൈവസ്വരം തിരിച്ചറിയാൻ കഴിയാതെ പോകുന്നു, കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട് പൗരോ ഹിത്യം ദയനീയമായി പരാജയപ്പെടുന്നു (1 സാമു 3,1–6).

മൂന്നാം തവണയും വിളി ആവർത്തിച്ചപ്പോൾ ഏലിക്കു മനസ്സി

ലായി കർത്താവാണ് ബാലനെ വിളിക്കുന്നതെന്ന്. വിളിക്കുത്തരം നല്കാൻ അവനു വാക്കുകൾ പറഞ്ഞുകൊടുത്തു: "കർത്താവേ അരുളിച്ചെയ്താലും, അങ്ങേ ദാസനിതാ ശ്രവിക്കുന്നു" (1 സാമു 3,9). കാഴ്ചയും കേൾവിയും മങ്ങിയതേ ഉള്ളൂ, പൂർണ്ണമായി നഷ്ടപ്പെട്ടിട്ടില്ല. ദൗത്യത്തിൽ പരാജയപ്പെടുന്ന ഒരു പുരോഹിതനാണ് ഏലി. അയാളുടെ പരാജയം ഇതു മാത്രമായിരുന്നില്ല.

തന്റെ മക്കളെ ദൈവഭയത്തിലും ധാർമ്മികതയിലും വളർത്തുന്നതിൽ പരാജയപ്പെട്ടത് കൂടുതൽ ഗൗരവാവഹമായി. പ്രായമായ പുത്രന്മാർ വൃദ്ധനായ പിതാവിനെ മാനിച്ചില്ല, ദൈവത്തെപ്പോലും ഭയപ്പെട്ടതുമില്ല. ഭക്തർ ദേവാലയത്തിൽ അർപ്പിക്കുന്ന ബലിമൃഗത്തിന്റെ ഒരുപങ്ക് പുരോഹിതർക്കുള്ളതാണ്. അത് എന്താണെന്ന് നിയമം കൃത്യമായി അനുശാസിക്കുന്നുണ്ട്. ബലിയർപ്പിക്കുന്ന മൃഗത്തിന്റെ നെഞ്ച് അഹറോനും പുത്രന്മാർക്കും ഉള്ളതാണ്. സമാധാനബലിക്കുള്ള മൃഗത്തിന്റെ വലത്തെ കുറക് പ്രത്യേക കാഴ്ചയായി പുരോഹിതനു നല്കണം.............. (ലേവ്യ 7, 31-36; 2,3; 6, 26-29; 7,5-10. 14-18). എന്നാൽ ഏലിയുടെ പുത്രന്മാർ ഈ നിയമങ്ങളൊന്നും തങ്ങൾക്കു ബാധകമായി കരുതിയില്ല.

വേലക്കാരെ വിട്ട് ജനങ്ങളിൽ നിന്ന് തങ്ങൾക്കിഷ്ടമുള്ളവ ബലമായി പിടിച്ചെടുത്തു. തങ്ങൾക്ക് അനുവദിച്ചതിലും അർഹമായതിലും കൂടുതൽ ജനങ്ങളിൽനിന്നു നിർബന്ധിച്ചു വാങ്ങുന്നിടത്ത് സ്വന്തം സ്ഥാപിത താല്പര്യങ്ങൾക്കായി, അത് സ്ഥാപന നിർമ്മിതിയോ ആഘോഷമോ മറ്റെന്തുമാകട്ടെ ഏലിയുടെ മക്കൾ വീണ്ടും തല പൊക്കുന്നു. അങ്ങനെ ഏലിയുടെ പുത്രന്മാരുടെ പാപം ദൈവസന്നിധിയിൽ ഗുരുതരമായിത്തീർന്നു. അത്ര അശ്രദ്ധയോടെയാണ് അവർ കർത്താവിനുള്ള അർച്ചനയെ വീക്ഷിച്ചത് (1 സാമു 4,12-17).

ഇതുകൊണ്ടു തീർന്നില്ല ഏലിയുടെ മക്കളായ പുരോഹിതന്മാരുടെ അധാർമ്മിക ചെയ്തികൾ. സമാഗമകൂടാരത്തിന്റെ പ്രവേശനകവാടത്തിൽ ജോലി ചെയ്തിരുന്ന സത്രീകളോടൊത്ത് അവർ ശയിച്ചിരുന്ന വിവരവും അവൻ അറിഞ്ഞു (1 സാമു 4,22). മക്കളുടെ ദുർനടപ്പിനെക്കുറിച്ച് ഏലി കേട്ടറിയുന്നുണ്ട്; അവരെ തിരുത്താൻ ശ്രമിക്കുന്നുമുണ്ട് (1 സാമു 4,23-25). എന്നാൽ വൈകിപ്പോയി. മക്കൾ അനുസരിക്കാൻ കൂട്ടാക്കിയില്ല. കാഴ്ചയും കേൾവിയും ധാർമ്മികമായ ഇഛാശക്തിയും അധികാരവും നഷ്ടപ്പെട്ട വൃദ്ധപിതാവ്; ആർത്തിയും കാമാസക്തിയും മുറ്റിയ പുത്രന്മാർ. ഒരു കാലഘട്ടത്തിലെ പൗരോഹിത്യത്തിന്റെ ചിത്രം ഇപ്രകാരമാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ഇത് പണ്ടെങ്ങോ

കഴിഞ്ഞുപോയ ഒരു സംഭവത്തിന്റെ ചരിത്ര വിവരണം മാത്രമല്ല എന്ന് ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ ഉൾക്കിടിലത്തോടെ നാം അറിയുന്നു.

പിതാവിന്റെ അശ്രദ്ധയും കഴിവുകേടും മക്കളുടെ ധാർഷ്ഠ്യവും ആസക്തയും ഏലിയുടെ പുരോഹിത പരമ്പരതന്നെ അറ്റുപോകാൻ കാരണമായി. എന്നാൽ പെട്ടെന്ന് ഒരു നിമിഷം സംഭവിച്ചതല്ല അത്. ദൈവംതന്നെ പ്രവാചകന്മാരിലൂടെ വീണ്ടും വീണ്ടും ആവർത്തിച്ച് താക്കീതുകൾ നല്കിയിരുന്നു. "കർത്താവയച്ച ഒരാൾ ഏലിയോടു പറഞ്ഞു: ഇസ്രായേൽ മക്കൾ ദഹനബലിക്ക് അർപ്പിച്ചതെല്ലാം നിന്റെ പിതൃഭവനത്തിനു ഞാൻ കൊടുത്തു.......... നിങ്ങൾ എന്റെ ജനം എനിക്കർപ്പിക്കുന്ന സകല ബലികളുടെയും വിശിഷ്ടഭാഗം തിന്നു കൊഴുത്തു. എന്നെക്കാൾ കൂടുതലായി നിന്റെ മക്കളെ നീ ബഹുമാനിക്കുന്നതെന്ത്?" (1 സാമു 2,28-36). ഏലിയുടെ പുരോഹിതപരമ്പര അറ്റുപോകുമെന്ന് ആ ദൈവപുരുഷൻ തുടർന്നു താക്കീതുനല്കി. എന്നാൽ ഫലമുണ്ടായില്ല.

ബാലനായ സാമുവേൽ വഴി വീണ്ടും കർത്താവ് ഏലിക്കും കുടുംബത്തിനും കൂടുതൽ ശക്തമായ താക്കീതു നല്കി. "മക്കൾ ദൈവ ദൂഷണം പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാത്തതുമൂലം അവന്റെ കുടുംബത്തിന്റെ മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്താൻ പോവുകയാണെന്നു ഞാൻ പറയുന്നു. ഏലികുടുംബത്തിന്റെ പാപത്തിന് ബലികളും കാഴ്ചകളും ഒരിക്കലും പരിഹാരമാവുകയില്ല എന്നു ഞാൻ പറയുന്നു" (1 സാമു 3,12-14). പ്രഭാതത്തിൽ സാമുവേലിൽനിന്ന് കർത്താവിന്റെ വിധിവാചകം ശ്രവിച്ച ഏലിക്ക് ഒന്നേ പറയാനുള്ളൂ. "അതു കർത്താവാണ്; അവിടുത്തേക്കു യുക്തമെന്നു തോന്നുന്നതു പ്രവർത്തിക്കട്ടെ" (1 സാമു 3,18).

അവസാനം അതു സംഭവിച്ചു. ഫിലിസ്ത്യർ ആക്രമിച്ചപ്പോൾ പരാജയപ്പെട്ട ഇസ്രായേൽ സൈന്യം കർത്താവിന്റെ പേടകം തങ്ങളുടെ കൂടെ ഉണ്ടെങ്കിൽ വിജയം വരിക്കാൻ കഴിയുമെന്നു കരുതി. എന്നാൽ അഫെക്കിലെ പടക്കളത്തിലേക്കു കൊണ്ടുവന്ന ഉടമ്പടിയുടെ പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു. ഏലിയുടെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹാസും യുദ്ധത്തിൽ കൊല്ലപ്പെട്ടു. വാർത്തയറിഞ്ഞ ഏലി മറിഞ്ഞുവീണ് കഴുത്തൊടിഞ്ഞു മരിച്ചു. 98 വയസ്സായ അയാൾ അപ്പോഴും ദേവാലയത്തിനു പുറത്ത്, വാതില്ക്കൽ, പീഠത്തിന്മേൽ ഇരിക്കുകയായിരുന്നു (1 സാമു 4, 6-18).

ഇതുകൊണ്ടവസാനിച്ചില്ല ഏലിയുടെ പരാജയത്തിന്റെ പരിണതഫലങ്ങൾ. അഫെക്കിലെ പരാജയത്തെ തുടർന്ന് തീർത്ഥാടന കേന്ദ്രമായ ഷീലോ നശിപ്പിക്കപ്പെട്ടു. കർത്താവിനോടു മറുതലിക്കു ന്നവർക്കു നേരിടുന്ന നാശത്തിന്റെ പ്രതീകമായി മാറി ഷീലോ. "എന്റെ നാമം ഞാൻ ആദ്യം പ്രതിഷ്ഠിച്ച ഷീലോയിൽ ചെന്നു നോക്കുവിൻ. എന്റെ ജനമായ ഇസ്രായേലിന്റെ ദുഷ്ടത നിമിത്തം ഞാൻ അവിടെ എന്താണു ചെയ്തതെന്നു കാണുവിൻ" (ജറെ 7,13). "..........ഈ ഭവനത്തെ ഞാൻ ഷീലോ പോലെയാക്കും. ഈ നഗരത്തെ ഭൂമുഖ ത്തുള്ള സകല ജനതകൾക്കും ശപിക്കാനുള്ള മാതൃകയാക്കും" (ജറെ 26,6). ബി.സി. ആറാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ, ജറുസലെം ദേവാലയ ത്തിനു സംഭവിക്കാൻ പോകുന്ന ദുരന്തത്തെക്കുറിച്ച് ജറെമിയായിലൂടെ വന്ന കർത്താവിന്റെ അരുളപ്പാടാണിത്.

ഫിലിസ്ത്യർ പിടിച്ചെടുത്ത പേടകം അധികം താമസിയാതെ അവർ ഇസ്രായേലിലേക്കുതന്നെ തിരിച്ചയച്ചു (1 സാമു 6). പലേടത്തും സൂക്ഷിച്ചതിനുശേഷം അവസാനം അത് നോബിൽ പ്രതിഷ്ഠിച്ചു. പഴയ ജറുസലെം പട്ടണത്തിൽനിന്ന് ഏകദേശം ഒന്നര കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന, പുതിയ ജറുസലെം നഗരത്തിന്റെ തന്നെ ഭാഗമായ, സ്കോപ്പൂസ് മലയാണ് (Mount Scopus) ബൈബിളിൽ പറയുന്ന നോബ് എന്നു പൊതുവേ കരുതപ്പെടുന്നു. ഏലിയുടെ പിൻമുറക്കാരായിരുന്നു അവിടെ ശുശ്രൂഷ ചെയ്തിരുന്ന പുരോഹിതന്മാർ. ഏലിയുടെ പുത്രൻ ഫിനെഹാസിന്റെ മകൻ അഹിത്തൂബിന്റെ പുത്രൻ അഹിയാ ആയിരുന്നു സാവൂളിനുവേണ്ടി പുരോഹിതശുശ്രൂഷ ചെയ്തിരുന്നത് (1 സാമു 14,3). അയാളുടെ സഹോദരൻ അബിമെലെക്ക് ആയിരുന്നു നോബിലെ പ്രധാന പുരോഹിതൻ (1 സാമു 22,11). ഒളിച്ചോടിയ ദാവീദിനുവേണ്ടി പ്രാർത്ഥി ക്കുകയും, ഭക്ഷണവും വാളും കൊടുക്കുകയും ചെയ്തതിന്റെ പേരിൽ സാവൂൾ നോബിലുണ്ടായിരുന്ന പുരോഹിതരെയെല്ലാം വധിച്ചു (1 സാമു 22,1-19).

എന്നാൽ അഹിമെലെക്കിന്റെ പുത്രൻ അബിയാഥർ കൂട്ടക്കൊല യിൽനിന്ന് ഓടി രക്ഷപ്പെട്ട് ദാവീദിന്റെയടുക്കൽ അഭയം പ്രാപിച്ചു (1 സാമു 22,20-23). ദാവീദിന്റെ മരണംവരെ അയാൾ പുരോഹിത ശുശ്രൂഷ അനുഷ്ഠിച്ചു. അയാളോടൊപ്പം മറ്റൊരു കുടുംബത്തിൽ പെട്ട സാദോക്കിനെയും ദാവീദ് പുരോഹിതനായി നിയമിച്ചിരുന്നു (2 സാമു 8,17). എന്നാൽ ദാവീദിന്റെ മരണത്തിനു തൊട്ടുമുമ്പുണ്ടായ

ഉപജാപത്തിൽ അബിയാഥർ അദോനിയായുടെ പക്ഷം ചേർന്നതിനാൽ സോളമൻ അയാളെ പുരോഹിതപദവിയിൽനിന്ന് നീക്കം ചെയ്തു. ജന്മദേശമായ അനാത്തോത്തിലേക്കു പറഞ്ഞയച്ചു. "ഇങ്ങനെ കർത്താവ് ഷീലോയിൽവച്ച് ഏലിയുടെ ഭവനത്തെപ്പറ്റി അരുളിച്ചെയ്തതു പൂർത്തിയായി" (1 രാജാ 2,26-27). അബിയാഥറിനുപകരം സാദോക്കിനെ പ്രധാന പുരോഹിതനാക്കി. അയാളിൽനിന്നാണ് സദ്ദൂക്കായരുടെ ഉത്ഭവം. അവരിൽനിന്നു മാത്രമായിരുന്നു പില്ക്കാലത്ത് പ്രധാനപുരോഹിതന്മാർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. എ.ഡി. 67 ൽ ജറുസലെം യുദ്ധത്തോടെ സ്ഥാനം നഷ്ടപ്പെട്ട സാമുവേലിന്റെ മകൻ ഫിനഹാസ് വരെ ഇതു തുടർന്നു. അതോടെ ഇസ്രായേലിൽ പൗരോഹിത്യം തന്നെ അവസാനിച്ചു. അങ്ങനെ ഒരു പിതാവിന്റെ അശ്രദ്ധയും ഉത്തരവാദിത്വ രാഹിത്യവും കാരണം ആ കുടുംബത്തിന്റെ പൗരോഹിത്യം തന്നെ കുറ്റിയറ്റുപോയി.

എന്തു പാഠമാണ് ഈ ദുരന്തത്തിലൂടെ ബൈബിൾ പഠിപ്പിക്കുന്നത്? ഏലി പ്രത്യക്ഷത്തിൽ എന്തെങ്കിലും തെറ്റു ചെയ്തതായി ബൈബിൾ പറയുന്നില്ല. തെറ്റ് മുഖ്യമായും പിതാവിന്റേതല്ല, മക്കളുടേതാണ്. എന്നാൽ പിതാവ് കുറ്റമുക്തനല്ല. ചെയ്യേണ്ട കാര്യങ്ങൾ സമയത്തു ചെയ്തില്ല എന്നതാണ് അയാളുടെ മുഖ്യമായ തെറ്റ്. അത് ഉപേക്ഷയായിരുന്നു. മക്കൾ തെറ്റു ചെയ്യുന്നതു കണ്ടിട്ടും, അതു നാട്ടിൽ മുഴുവൻ പാട്ടായിട്ടും, വേണ്ട വിധത്തിൽ ഇടപെടാനോ, മക്കളെ ശാസിച്ചും ശിക്ഷിച്ചും നേർവഴിക്കു നയിക്കാനോ ഏലിക്കു സാധിച്ചില്ല. മാത്രമല്ല, പലതും അയാൾ അറിഞ്ഞില്ല; കണ്ടതും കേട്ടതും ഒട്ടും മനസ്സിലാക്കിയതുമില്ല. അതുകൊണ്ട് അയാളുടെ വംശം അസ്തമിച്ചു; ശുശ്രൂഷ ചെയ്തിരുന്ന ദേവാലയം ശാപത്തിന്റെ പഴമൊഴിയായി.

ഇത് വലിയൊരു പാഠമാണ് നല്കുന്നത്. മറ്റുള്ളവരെ നേരായ വഴിക്ക് നയിക്കാൻ കടപ്പെട്ടവർ, അത് മാതാപിതാക്കളോ, അധ്യാപകരോ, സാംസ്ക്കാരിക നേതാക്കളോ, ന്യായാധിപരോ, പുരോഹിതരോ ആരുമാകട്ടെ, തങ്ങളുടെ കർത്തവ്യം ശരിക്കു നിർവ്വഹിച്ചില്ലെങ്കിൽ വലിയ ദുരന്തങ്ങളുണ്ടാകും. അതിന് ഇരുകൂട്ടരും ഉത്തരവാദികളായിരിക്കുകയും ചെയ്യും. ഏലിയുടെ കുടുംബത്തിന്റെ മേൽ കർത്താവിന്റെ ശിക്ഷാവിധി പതിച്ചത് മക്കൾ തെറ്റു ചെയ്യുന്നു എന്നറിഞ്ഞിട്ടും അവരെ തിരുത്താതിരുന്നതുകൊണ്ടാണ് (1 സാമു 4,13) എന്നു സാമുവേലിലൂടെ ദൈവം അരുളിച്ചെയ്ത തിരുവചനം അനേകം പ്രവാചകന്മാരിലൂടെ ചരിത്രത്തിൽ ആവർത്തിക്കപ്പെട്ടു.


"നിസ്സാരൻ മുതൽ മഹാന്മാർവരെ എല്ലാവരും അന്യായ ലാഭത്തിൽ ആർത്തി പൂണ്ടിരിക്കുന്നു. പുരോഹിതനും പ്രവാചകനും ഒന്നുപോലെ കപടമായി പെരുമാറുന്നു. അവർ അശ്രദ്ധമായിട്ടാണ് എന്റെ ജനത്തിന്റെ മുറിവുകൾ വച്ചു കെട്ടുന്നത്" (ജറെ 6,13-14). ഹ്രസ്വ ദൃഷ്ടികളും സ്വാർത്ഥമതികളുമായ നേതാക്കന്മാർ താൽക്കാലിക ലാഭത്തിൽ ശ്രദ്ധയൂന്നുമ്പോൾ ജനത്തിനു മുഴുവൻ സംഭവിക്കാൻ പോകുന്ന ഭീകര ദുരന്തത്തെക്കുറിച്ചു ചിന്തിക്കുന്നതേയില്ല. ബി.സി. 587 ൽ നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി; മതിലുകൾ തകർത്തു. ദേവാലയം അഗ്നിക്കിരയാക്കി. ഈ ദുരന്തങ്ങൾ കണ്ടു ഹൃദയം പൊട്ടി വിലപിക്കുന്ന വിലാപ ഗ്രന്ഥകാരൻ ഈ നാശത്തി നെല്ലാം കാരണമായി വിരൽ ചൂണ്ടുന്നത് ജനത്തെ നയിക്കാൻ നിയുക്ത രായിരുന്ന ആത്മീയ നേതാക്കളുടെ നേരെയാണ്. "നിന്റെ പ്രവാചകന്മാർ കണ്ടത് വഞ്ചനാത്മകമായ വ്യാജദർശനങ്ങളാണ്. നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കാൻവേണ്ടി നിന്റെ അതിക്രമങ്ങൾ അവർ മറനീക്കി ക്കാണിച്ചില്ല" (വിലാ 2,14).

ജറുസലെമിന്റെ പതനത്തിന് ഏകദേശം 150 വർഷംമുമ്പ് പ്രവചിച്ച ഹോസിയാ പ്രവാചകനിലൂടെ കർത്താവ് ശക്തമായി ഈ സന്ദേശം നല്കിയിരുന്നു. "ആരും തർക്കിക്കേണ്ട, കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിതാ നിനക്കെതിരെയാണ് എന്റെ ആരോപണം......... പുരോഹിതനെപ്പോലെ തന്നെ ജനവും. അവരുടെ ദുർമ്മാർഗ്ഗങ്ങൾക്ക് അവരെ ഞാൻ ശിക്ഷിക്കും" (ഹോസി 4,4-9).

പുരോഹിതനെപ്പോലെ ജനവും! അതാണ് ഹോസിയായുടെ സാമൂഹികവിശകലനം. ആശാൻ അക്ഷരമൊന്നു പിഴച്ചാൽ അമ്പ ത്താറുപിഴയ്ക്കും ശിഷ്യൻ എന്ന പഴമൊഴി ഇവിടെ പ്രസക്തമാകുന്നു. ജനത്തെ നന്മയിലേക്കു നയിക്കാൻ കടപ്പെട്ടവരാണ് പുരോഹിതരും അധ്യാപകരും; അവരുടെ മതവും ജാതിയും പ്രത്യയശാസ്ത്രവും എന്തു തന്നെയാവട്ടെ. എന്നാൽ ഈ ആത്മീയാചാര്യന്മാർക്കും നേതാക്കൾക്കും കാഴ്ചമങ്ങുകയും കേൾവി മന്ദീഭവിക്കുകയും ജീവിതവഴിയിൽ, നേതൃത്വ പാതയിൽ, കാലിടറുകയും ചെയ്യുന്നതുവഴി സമൂഹം സർവ്വനാശത്തി ലേക്കു കൂപ്പുകുത്തിയാൽ ആശ്ചര്യപ്പെടേണ്ടതുണ്ടോ? അതിഥി ദൈവ മാണെന്നും അയല്ക്കാരൻ സഹോദരനാണെന്നും സർവ്വലോകത്തിനും സമാധാനം നല്കുകയാണ് മതത്തിന്റെ ധർമ്മമെന്നും പഠിപ്പിക്കുന്ന വിശ്വമതങ്ങളുടെ ആചാര്യന്മാർതന്നെ മറിച്ചു ചിന്തിക്കുകയും

പ്രവർത്തിക്കുകയും ചെയ്യാൻ തുടങ്ങിയാൽ എന്തു സംഭവിക്കും എന്ന് നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നു.

ലൈംഗിക പീഡനം, ബാലപീഡനം, വഴിവിട്ട സ്വത്തു സമ്പാദനം, കടിഞ്ഞാണില്ലാത്ത ആസക്തികൾ, എത്ര കിട്ടിയാലും തൃപ്തി യാവാതെ പാവപ്പെട്ടവന്റെ കഞ്ഞിക്കലത്തിൽ കയ്യിട്ട് വാരുന്ന സഹസ്രകോടീശ്വരുടെ നിർലജ്ജമായ ആർത്തി, ആർത്തിക്ക് വഴിതെളിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ – എണ്ണിയാലൊടുങ്ങാതെ നീളുന്നു ആത്മീയ നേതൃത്വത്തിൽ സംഭവിക്കുന്ന അപചയത്തിന്റെ പട്ടിക. കാഴ്ച നഷ്ടപ്പെട്ട പുരോഹിതനാണ് ഏലി, എന്നു കഴുത്തൊടിഞ്ഞു മരിച്ച അയാളുടെ വംശം തന്നെ അറ്റുപോയി എന്ന വസ്തുത ഏലിയെ കുറ്റം വിധിച്ചു ശിക്ഷിക്കാനല്ല, ഏലിയുടെ പിൻമുറക്കാരായ ആചാര്യന്മാർക്കും നേതാക്കൾക്കും താക്കീതിന്റെ ഒരു ചൂണ്ടുപലക യായിട്ടാണ് ചരിത്രത്തിന്റെ പൊതുവഴിയിൽ ബൈബിൾ സ്ഥാപിച്ചിരിക്കുന്നത്. അപകടസാധ്യത ഏറിയ കൊടും വളവിൽ വച്ചിരിക്കുന്ന അടയാളംപോലെ.




# കൃപ നഷ്ടപ്പെട്ട രാജാവ്

## സാവൂൾ

*"സാവൂൾ സ്വന്തം വാളിന്മേൽ വീണു മരിച്ചു"* (1 സാമു 31–4).

ഇസ്രായേൽജനത്തെ ഭരിച്ച ആദ്യത്തെ രാജാവാണ് ബഞ്ചമിൻ ഗോത്രജനും കിഷിന്റെ പുത്രനുമായ സാവൂൾ. ഇരുപതുവർഷം അയാൾ ഇസ്രായേലിൽ രാജാവായിരുന്നു. 1 സാമു 9–31 അദ്ധ്യായങ്ങളിൽ അയാളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. നാനൂറിൽപരം തവണ ആ പേര് പഴയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്, മുഖ്യമായും സാമുവേൽ ഒന്നാം പുസ്തകത്തിൽ. ചോദിക്കുക, യാചിക്കുക എന്നർത്ഥമുള്ള ശാആൽ എന്ന ഹീബ്രുവാക്കിൽനിന്നാണ് ശാവോൽ എന്ന പേരിന്റെ ഉത്ഭവം. ദൈവത്തോടു ചോദിച്ചു വാങ്ങിയത് എന്നാണ് ധ്വനി. സാവൂൾ എന്ന ഉച്ചാരണം ഇംഗ്ലീഷിന്റെ സ്വാധീനത്തിൽ നിന്നുവരുന്നു.

പേരു തികച്ചും അന്വർത്ഥമായിരുന്നു. കാരണം ഇസ്രായേൽ ജനത്തിന്റെ നിരന്തരമായ യാചനയ്ക്കും നിർബന്ധത്തിനും വഴങ്ങി ദൈവംതന്നെ തിരഞ്ഞെടുത്തു കൊടുത്തതാണ് സാവൂളിനെ അവർക്കു രാജാവായി. ദൈവികനിർദ്ദേശം അനുസരിച്ച് സാമുവേൽ പ്രവാചകൻ അയാളെ രഹസ്യത്തിൽ അഭിഷേകം ചെയ്തു. "കർത്താവ് തന്റെ

ജനത്തിന്റെ ഭരണാധികാരിയായി നിന്നെ അഭിഷേചിച്ചിരിക്കുന്നു'' (1 സാമു 10,1). അടയാളങ്ങളിലൂടെ കർത്താവ് തന്റെ തിരഞ്ഞെടുപ്പ് സ്ഥിരീകരിച്ചു (1 സാമു 10,2-16). അഭിഷേകത്തെ തുടർന്ന് ''ദൈവം അവന് ഒരു പുതിയ ഹൃദയം നല്കി'' (1 സാമു 10,9). ''കർത്താവിന്റെ ആത്മാവ് അവനിൽ ശക്തമായി പ്രവർത്തിച്ചു'' (1 സാമു 10,10). മിസ്പായിൽ വിളിച്ചുകൂട്ടിയ ഇസ്രായേൽ ജനത്തിനു മുമ്പിൽവച്ച് പരസ്യമായി നറുക്കെടുപ്പിലൂടെ സാവൂളിനെ രാജാവായി തിരഞ്ഞെടുത്തു (1 സാമു 10,17-27). അവനെക്കാൾ കോമളനായി ഇസ്രായേലിൽ മറ്റാരുമില്ലായിരുന്നു. അവന്റെ തോളൊപ്പം ഉയരമുള്ള മറ്റാരും ഉണ്ടായിരുന്നില്ല (1 സാമു 9, 2; 10, 23-24).

രാജാവിനുവേണ്ടി മുറവിളികൂട്ടിയിരുന്ന ജനം ആഹ്ലാദാരവത്തോടെ അയാളെ രാജാവായി സ്വീകരിച്ചു (1 സാമു 10,24). ഏറെ താമസിയാതെ അയാൾ തന്റെ കരുത്തു തെളിയിച്ചു. ദൈവത്തിന്റെ തിരഞ്ഞെടുപ്പും ജനത്തിന്റെ അംഗീകാരവും ശരിയായിരുന്നു എന്നു വ്യക്തമായി. അതിസാഹസികവും അപ്രതീക്ഷിതവുമായ വിധത്തിലാണ് ഗിബെയാ പട്ടണത്തിന് ഉപരോധമേർപ്പെടുത്തിയിരുന്ന അമ്മോന്യസൈന്യത്തെ തോൽപ്പിച്ച് നഗരവാസികളെ രക്ഷിച്ചത് (1 സാമു 11,1-11). അതോടെ ഇസ്രായേലിന് ഒരു രാജാവുണ്ടെന്നു ചുറ്റുപാടുമുള്ള ജനതകൾ അറിഞ്ഞു. ഇസ്രായേൽ ജനത്തിന്റെ ഭയവും അപകർഷതാബോധവും അകന്നു; ആത്മാഭിമാനം ഉണർന്നു. തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത, ഒറ്റജനം ആണെന്ന അവബോധം അവർക്കു ശക്തിയും ധൈര്യവും പകർന്നു.

തുടർന്നുണ്ടായ യുദ്ധങ്ങളിലെല്ലാം സാവൂൾ അത്ഭുതാവഹമായി വിജയംവരിച്ചു. അസംഘടിതരും ഭയചകിതരും, പലപ്പോഴും അയൽ രാജ്യങ്ങളുടെ അടിമകളും ആയി കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ ശക്തമായ ഒറ്റ ജനമായി വാർത്തെടുത്തത് സാവൂളാണ്. അയാൾ ഇട്ട അടിത്തറയിലാണ് പുറകെ വന്ന ദാവീദും സോളമനും തങ്ങളുടെ സാമ്രാജ്യം പടുത്തുയർത്തിയത്. നിസ്വാർത്ഥനും നിർഭയനുമായ ഒരു നേതാവായിരുന്നു സാവൂൾ. അയാൾ തനിക്കായി സ്വത്തുസമ്പാദിച്ചില്ല; കൊട്ടാരങ്ങൾ നിർമ്മിച്ചില്ല. മറ്റു രാജാക്കന്മാരെപ്പോലെ അനേകം ഭാര്യമാരും ഉപനാരികളും അടങ്ങുന്ന വലിയൊരു അന്തപുരത്തിനു രൂപം കൊടുത്തതുമില്ല. ആദർശധീരനും ഉത്തമനുമായ ഒരു രാജാവായിരുന്നു സാവൂൾ. എന്നിട്ടും അയാൾ ദയനീയമാംവിധം പരാജയപ്പെട്ടു. എത്ര ഭീകരമായിരുന്നു ആ പതനം! സാവൂളിന്റെ ദുരന്തവഴിക

ളുടെ വിവരണം ബൈബിൾ ഗ്രന്ഥകാരൻ ഒന്നൊന്നായി അടുക്കി വച്ചിട്ടുണ്ട്.

ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്നു പ്രഖ്യാപിക്കുകയും രാജാവായി അഭിഷേചിക്കുകയും ചെയ്ത സാമുവേൽ തന്നെയാണ് അയാളുടെ പതനത്തിന് തുടക്കം കുറിച്ചത്. രാജാവാകണമെന്ന് സ്വപ്നത്തിൽപോലും ആഗ്രഹിച്ചതല്ല സാവൂൾ. പിതാവിന്റെ കാണാതായ കഴുതകളെതേടിയാണ് അയാൾ ആ പട്ടണത്തിൽ എത്തിയത്. തന്നെ രാജാവാക്കാൻ കർത്താവു തീരുമാനിച്ചിരിക്കുന്നു എന്ന സാമുവേലിന്റെ സന്ദേശം അയാൾക്കു വിശ്വസിക്കാനായില്ല (1 സാമു 9,15–21). മിസ്പായിൽ ഒരുമിച്ചു കൂട്ടിയ ജനത്തിനുമുമ്പിൽ വച്ച് നറുക്കു വീണപ്പോൾ സാവൂൾ ഭാണ്ഡങ്ങൾക്കിടയിൽ ഒളിച്ചിരിക്കുകയായിരുന്നു (1 സാമു 10,22). നഷ്ടപ്പെട്ട കഴുതകളെ തേടി ഇറങ്ങിയ ആ കൃഷീവലന്റെ തലയിൽ രാജകിരീടം വച്ചുകൊടുത്തത് സാമുവേലാണ്. എന്നാൽ ഒരു രാജാവിനു വേണ്ട പിന്തുണ നല്കാൻ സാമുവേൽ തയ്യാറായില്ല. രാജ ധർമ്മത്തെക്കുറിച്ച് വിശദമായി പ്രസംഗിച്ചെങ്കിലും (1 സാമു 10,25) ആവശ്യനേരത്തു കൂടെ നില്ക്കാൻ സാമുവേൽ ഉണ്ടായില്ല.

ഇസ്രായേലിൽ രാജാവുണ്ടായിരിക്കുന്നു എന്നു കേട്ട ഫിലിസ്ത്യർ അതു തങ്ങൾക്കെതിരേ ഒരു ഭീഷണിയായി മനസ്സിലാക്കി, മുളയിലേ നുള്ളിക്കളയാൻ തീരുമാനിച്ചു. മുപ്പതിനായിരം രഥങ്ങൾ, ആറായിരം കുതിരപ്പടയാളികൾ, എണ്ണമറ്റ കാലാൾപ്പട (1 സാമു 13,5), ഇങ്ങനെ അതിശക്തമായ ഒരു ശത്രു സൈന്യത്തെ നേരിടാൻ സാവൂളിനുണ്ടായിരുന്നത് വേഗത്തിൽ വിളിച്ചുകൂട്ടിയ വാരിക്കുന്തവും കുറുവടികളും ആയുധമാക്കിയ കൃഷിക്കാരുടെ ഒരു സമൂഹമാണ്. വാളും കുന്തവും ആയുധമായുണ്ടായിരുന്നത് സാവൂളിനും മകൻ ജോനാഥനും മാത്രം (1 സാമു 13,22). യുദ്ധം തുടങ്ങുന്നതിനുമുമ്പ് ബലിയർപ്പിച്ച് കർത്താവിന്റെ സഹായം തേടുക ആവശ്യമാണെന്ന് സാവൂൾ വിശ്വസിച്ചു. അതിനായി സാമുവേൽ വരും എന്നു അയാൾ പ്രതീക്ഷിച്ചു. എന്നാൽ ഏഴുദിവസം കാത്തിരുന്നിട്ടും സാമുവേൽ വന്നില്ല. സൈന്യത്തിൽ അസ്വസ്ഥതയുണ്ടായി. പലരും വിട്ടുപോകാൻ തുടങ്ങി. ഇനിയും കാത്തിരിക്കുന്നത് മൗഢ്യമായിരിക്കും, അതു വലിയ വിപത്തിനു കാരണമാകും എന്നു സാവൂൾ കരുതി. പട തുടങ്ങുന്നതിന് ഒരുക്കമായി കർത്താവിനു ബലിയർപ്പിച്ചു (1 സാമു 13,1–9).

ബലിയർപ്പണം കഴിഞ്ഞപ്പോൾ സാമുവേൽ എത്തി. തനിക്കുവേണ്ടി കാത്തിരിക്കാതെ സാവൂൾ ബലിയർപ്പിച്ചതിൽ അയാൾ

ക്രുദ്ധനായി. അതു കർത്താവിന്റെ കല്പന ധിക്കരിക്കലായി വ്യാഖ്യാനിച്ചു. സാവൂൾ നിരത്തിയ കാരണങ്ങളൊന്നും സാമുവേലിനു സ്വീകാര്യമായില്ല. വിധിവാചകം ഉടനെ ഉണ്ടായി: "കർത്താവിന്റെ കല്പനകൾ നീ അനുസരിക്കായ്കയാൽ, തന്റെ ഹിതാനുവർത്തിയായി ഒരാളെ അവിടുന്ന് തിരഞ്ഞെടുത്തിട്ടുണ്ട്. ജനത്തിനു രാജാവായിരിക്കാൻ അവിടുന്ന് അവനെ നിയോഗിച്ചുകഴിഞ്ഞു" (1 സാമു 13,14). നിർബന്ധിച്ചു രാജാവാക്കിയ സാമുവേൽ തന്നെ ഇപ്പോൾ ജനത്തിന്റെ മുമ്പിൽവച്ച് തിരസ്ക്കരിക്കുന്ന ശിക്ഷാവിധി പ്രഖ്യാപിച്ചത് സാവൂളിനെ മാനസികമായി തളർത്തിയിട്ടുണ്ടാവും. കൂടെ ഉണ്ടായിരുന്ന പടയാളികളിൽ ഭൂരിഭാഗവും വിട്ടുപോയി. അവശേഷിച്ച വെറും അറുനൂറു പേരെയും കൊണ്ടാണ് ഫിലിസ്ത്യസൈന്യത്തെ നേരിട്ടത്. എന്നിട്ടും യുദ്ധം ജയിക്കാൻ കർത്താവ് അയാളെ സഹായിച്ചു. പക്ഷേ സാവൂളിന്റെ വിവേകത്തിലും തീരുമാനം എടുക്കാനുള്ള കഴിവിലും കാര്യമായ ഇടിവു സംഭവിച്ചതായി തോന്നും തുടർന്നുള്ള പ്രവർത്തനങ്ങൾ കാണുമ്പോൾ.

യുദ്ധത്തിന്റെ വിവരണത്തിൽ ഇതു പ്രകടമാകുന്നു. ഇസ്രായേൽജനത്തെ മുഴുവൻ അസ്വസ്ഥരാക്കുന്ന ഒരു നേർച്ചയാണ് യുദ്ധം തുടങ്ങുന്നതിനുമുമ്പേ സാവൂൾ എല്ലാവർക്കും ബാധകമാക്കിയത്. സന്ധ്യയ്ക്കുമുമ്പേ ആരും ഒരു ഭക്ഷണവും കഴിക്കരുത് (1 സാമു 14.24). ഈ പ്രതിജ്ഞ അറിയാതിരുന്ന ജോനാഥൻ ഒരു തുള്ളി തേൻ രുചിച്ചതിന്റെ പേരിൽ നേർച്ച ലംഘിച്ചു എന്ന കുറ്റം ആരോപിച്ച് സ്വന്തം മകനെ വധിക്കാൻ ഒരുങ്ങുമ്പോൾ (1 സാമു 14, 44) അന്ധമായ വിശ്വാസവും ഭക്തിയും അയാളുടെ മനസ്സിന്റെ സമനില തെറ്റിച്ചോ എന്നു സംശയമുദിക്കുന്നു. ജനത്തിന്റെ ശക്തമായ എതിർപ്പാണ് അന്ന് ജോനാഥന്റെ ജീവൻ രക്ഷിച്ചത്.

മിസ്പായിൽ വച്ചു ശിക്ഷാവിധി പ്രഖ്യാപിച്ചെങ്കിലും സാമുവേൽ സാവൂളിന് ഒരവസരം കൂടെ നല്കി, തന്റെ വിധേയത്വം തെളിയിക്കാൻ. എന്നാൽ സാവൂൾ അവിടെയും പരാജയപ്പെട്ടു (1 സാമു 15,1-9). അമലേക്യരെ, മനുഷ്യരും മൃഗങ്ങളും മറ്റു സർവ്വസമ്പത്തും അടക്കം, നിശ്ശേഷം നശിപ്പിക്കണം എന്ന കല്പന സാവൂൾ പൂർണ്ണമായി നടപ്പാക്കിയില്ല. രാജാവായ "അഗാഗിനെയും, ആടുമാടുകൾ, കൊഴുത്ത മൃഗങ്ങൾ, കുഞ്ഞാടുകൾ എന്നിവയിൽ ഏറ്റം നല്ലതിനെയും നശിപ്പിക്കാതെ സൂക്ഷിച്ചു. നിന്ദ്യവും നിസ്സാരവും ആയവയെ മാത്രം അവർ നശിപ്പിച്ചു" (1 സാമു 15,9). കർത്താവിനു ബലിയർപ്പിക്കാൻ വേണ്ടി മാറ്റിവച്ചതാണെന്ന വിശദീകരണം സ്വീകാര്യമായില്ല. വിശുദ്ധ

യുദ്ധത്തിന്റെ നിയമമനുസരിച്ച് ശത്രുക്കളെ സർവ്വസമ്പത്തും അടക്കം ദഹനബലിയായി അർപ്പിക്കണം. അങ്ങനെ കർത്താവിനായി മാറ്റിവച്ച തിനെ സാവൂൾ സ്വന്തമാക്കി എന്നതാണ് ആരോപണം. കർത്താവിന്റെ വിധി ഉടനെ ഉണ്ടായി.

"കർത്താവ് സാമുവേലിനോടരുളിച്ചെയ്തു. സാവൂളിനെ രാജാവാക്കിയതിൽ ഞാൻ ഖേദിക്കുന്നു. അവൻ എന്നിൽ നിന്നകലുകയും എന്റെ കല്പനകൾ നിറവേറ്റാതിരിക്കുകയും ചെയ്തിരിക്കുന്നു" (1 സാമു 15,10-11). കർത്താവിൽ നിന്നകന്നു - അതാണ് സാവൂളിനെതിരേ അവതരിപ്പിക്കുന്ന കുറ്റപത്രത്തിലെ പ്രധാന ആരോപണം. അനുസരണക്കേട് ഈ അകല്ചയുടെ അടയാളമായി. സാമുവേൽ രാത്രി മുഴുവൻ കണ്ണീരോടെ സാവൂളിനുവേണ്ടി മാധ്യസ്ഥം യാചിച്ചെങ്കിലും ഫലമുണ്ടായില്ല. സാവൂളിനെതേടി പുറപ്പെട്ട സാമുവേലിനു കിട്ടുന്നത് ശിക്ഷാവിധിയെ ന്യായീകരിക്കുന്ന മറ്റൊരു തെളിവാണ്. സാവൂൾ തനിക്കുവേണ്ടി കാർമ്മലിൽ വിജയസ്തംഭം നാട്ടിയിട്ട് മടങ്ങിപ്പോയിരിക്കുന്നു (1 സാമു 15,12). ഗിൽഗാലിൽ വച്ചു കണ്ടുമുട്ടിയ സാമുവേൽ സാവൂളിനെ വിചാരണ ചെയ്തു; അവന്റെ കുറ്റം അനിഷേധ്യമാംവിധം സ്ഥാപിച്ചു. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്ന പാഠത്തിനുപുറമെ അന്തിമമായ വിധിയും പ്രഖ്യാപിച്ചു. "കർത്താവിന്റെ വചനം നീ തിരസ്ക്കരിച്ചതിനാൽ അവിടുന്ന് രാജത്വത്തിൽനിന്ന് നിന്നെയും തിരസ്ക്കരിച്ചിരിക്കുന്നു" (1 സാമു 15,23).

സ്വന്തം പാപം ഏറ്റുപറഞ്ഞ് മാപ്പിരന്നെങ്കിലും സാവൂളിനു മാപ്പു ലഭിച്ചില്ല. ശിക്ഷാവിധി വീണ്ടും രണ്ടുതവണകൂടി ആവർത്തിക്കുക മാത്രമാണ് സാമുവേൽ ചെയ്തത് (1 സാമു 15,24-28). അതോടെ സാമുവേൽ സാവൂളുമായുള്ള ബന്ധം വിച്ഛേദിച്ചു. "സാമുവേൽ പിന്നീടൊരിക്കലും സാവൂളിനെ കണ്ടില്ല. അവനെ ഓർത്ത് സാമുവേൽ ദുഃഖിച്ചു. സാവൂളിനെ ഇസ്രായേലിന്റെ രാജാവാക്കിയതിൽ കർത്താവ് ഖേദിച്ചു" (1 സാമു 15,35). ഇതോടെ സാവൂളിന്റെ ഔദ്യോഗിക ജീവിതത്തിലെ ആദ്യഘട്ടം പൂർത്തിയായി, പരാജയത്തിന്റെയും. എത്ര വലിയ പ്രതീക്ഷകളോടെ ആയിരുന്നു കർത്താവ് അയാളെ രാജാവായി വാഴിച്ചത്. എന്നാൽ അനുസരണക്കേടും പിന്നെ സ്വാർത്ഥതാൽപര്യങ്ങളും അയാളെ വഴിതെറ്റിച്ചു. "കർത്താവ് ദുഃഖിച്ചു" എന്നു രണ്ടു തവണ പറയത്തക്കവിധം പാളിപ്പോയി ആ ജീവിതം. ഇനി നാം കാണുന്നത് ഏതാണ്ട് പൂർണ്ണമായും മനസ്സിന്റെ സമനില തെറ്റിയ സാവൂളിനെയാണ്.

കർത്താവിന്റെ കല്പനയനുസരിച്ച് സാമുവേൽ ദാവീദിനെ രഹസ്യത്തിൽ രാജാവായി അഭിഷേചിച്ചു (1 സാമു 16,1–13). അതോടെ "കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയി. അവിടുന്നയച്ച ഒരു ദുരാത്മാവ് അവനെ പീഡിപ്പിച്ചു" (1 സാമു 16,14). ഒരിക്കൽ നല്കിയ രാജാഭിഷേകം റദ്ദാക്കിയതിന്റെ സൂചനയാണിത്. കർത്താവിന്റെ സംരക്ഷണവും ശാക്തീകരണവും പിൻവലിക്കപ്പെട്ടു. ദുരാത്മാവിനെക്കുറിച്ചുള്ള പരാമർശം അയാളുടെ മാനസികാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. വിഭക്ത വ്യക്തിത്വമെന്നോ, മനോവിഭ്രാന്തിയെന്നോ വിഷാദ രോഗം എന്നോ വിശേഷിപ്പിക്കാവുന്ന ഒരവസ്ഥ. ഇനിയുള്ള സാവൂളിന്റെ ജീവിതം തനിക്കുപകരം അഭിഷിക്തനായ ദാവീദിന്റെ ജീവിതവുമായി ഇഴ പിണഞ്ഞു കിടക്കുന്നു.

ദാവീദുമായുള്ള ബന്ധത്തിൽ സാവൂളിന്റെ മനസ്സിലെ ദ്വന്ദ്വ സ്വഭാവം പ്രകമടാകുന്നു. മാനസികോല്ലാസത്തിനും ആശ്വാസത്തിനും വേണ്ടിയാണ് ദാവീദിനെ രാജകൊട്ടാരത്തിലേക്കു കൊണ്ടുവന്നത്. ദാവീദിന്റെ സംഗീതം സാവൂളിന് ആശ്വാസവും താൽക്കാലികമായ സൗഖ്യവും നല്കി. സാവൂൾ ദാവീദിനെ സ്നേഹിച്ചു, ആദരിച്ചു. തന്റെ അംഗരക്ഷകനും സേനാനായകനുമായി നിയോഗിച്ചു (1 സാമു 16,14–23). എന്നാൽ ദാവീദിന്റെ വിജയങ്ങൾ സാവൂളിനെ അസൂയാലുവും അസ്വസ്ഥനുമാക്കി. ഗോലിയാത്തിനെ വധിച്ച് ട്രോഫിയെന്നപോലെ ആ മല്ലന്റെ തല കുന്തത്തിൽ തൂക്കിവരുന്ന ദാവീദിനെ ഇസ്രായേൽജനം ഹർഷാരവത്തോടെ എതിരേറ്റു. തപ്പും തുടിയുമായി ആടിപ്പാടിവന്ന കന്യകമാർ പാടി. "സാവൂൾ ആയിരങ്ങളെ കൊന്നു. ദാവീദ് പതിനായിരങ്ങളെയും" (1 സാമു 18,7). സാവൂൾ രോഷാകുലനായി; തന്റെ സ്ഥാനത്ത് ദാവീദു രാജാവാകാൻ പോകുന്നു എന്ന ഭയം അയാളിൽ ഉണർന്നു. അപകർഷതാബോധവും ഭയവും ശത്രുതയായി വളർന്നു. അവശേഷിച്ചിരുന്ന യാഥാർത്ഥ്യബോധവും അയാൾക്കു നഷ്ടപ്പെട്ടു. ഇനി അങ്ങോട്ട് ഒരേ ഒരു ചിന്തയേയുള്ളൂ. ഏതുവിധേനയും ദാവീദിനെ വക വരുത്തണം. അവൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം തന്റെ ജീവനും രാജത്വവും സുരക്ഷിതമല്ല.

സ്വന്തം അംഗരക്ഷകനെ ഭയക്കുന്ന രാജാവ്, പടത്തലവനെ ശത്രുവായി കാണുന്ന ഭരണാധിപൻ. ദാവീദിനെ വധിക്കാൻ പല തവണ ശ്രമിച്ച് അയാൾ പരാജയപ്പെട്ടു. ഭ്രാന്തുനടിച്ച് കുന്തം എറിഞ്ഞപ്പോൾ ദാവീദ് ഒഴിഞ്ഞുമാറി (1 സാമു 18,11). ഫിലിസ്ത്യർ ദാവീദിനെ വധിച്ചുകൊള്ളും എന്നു കരുതി മകൾ മിഖാളിനു സ്ത്രീധനമായി ആവശ്യപ്പെട്ട

നൂറു ഫിലിസ്ത്യരുടെ അഗ്രചർമ്മം എണ്ണിയേല്പ്പിച്ചപ്പോൾ (1 സാമു 18,25-27) ആ ശ്രമവും പരാജയപ്പെട്ടു. ഭാര്യയായി കൊടുത്ത മകളുടെ മുറിയിൽ ഉറങ്ങിക്കിടക്കുന്ന ദാവീദിനെ വധിക്കാൻ പടയാളികളെ നിയോഗിച്ചത് മിഖാളിന്റെ അവസരോചിതവും ധീരവുമായ ഇടപെടൽ മൂലം നിഷ്ഫലമായി (1 സാമു 19,1-17). ഒളിച്ചോടിയ ദാവീദിനെ സഹായിച്ചു എന്നതിന്റെ പേരിൽ നോബിലെ പുരോഹിതരെ കൂട്ടക്കുരുതിക്ക് ഇരയാക്കുമ്പോൾ സാവൂളിന് തികച്ചും സുബോധം നഷ്ടപ്പെട്ടതുപോലെ തോന്നും (1 സാമു 22,6-19). അസൂയയും ഭയവും അവനെ അത്രകണ്ട് അന്ധനാക്കിക്കഴിഞ്ഞു, ചിത്തഭ്രമം ബാധിച്ചതുപോലെ.

ഭയന്ന് ഒളിച്ചോടുന്ന ദാവീദിനെ തേടിയുള്ള യാത്രകളെക്കുറിച്ചു മാത്രമാണ് നാം തുടർന്നു കേൾക്കുന്നത്. പലതവണ ദാവീദ് തന്റെ നിരപരാധിത്വം തെളിയിക്കുകയും സാവൂൾ തന്നെ അതു സമ്മതിക്കുകയും ചെയ്തു (1 സാമു 24; 26). "എന്റെ മകനേ, ദാവീദേ, നീ അനുഗൃഹീതനാണ്. എല്ലാ കാര്യങ്ങളിലും നീ വിജയിക്കും" (1 സാമു 26,25). ഈ അനുഗ്രഹവചസ്സുകളാണ് ദാവീദുമായുള്ള ബന്ധത്തിൽ സാവൂളിൽ നിന്ന് അവസാനമായി നാം കേൾക്കുന്നത്. എല്ലാ വിധത്തിലും തകർന്നെങ്കിലും അയാളുടെ ഉള്ളിൽ നന്മ തീർത്തും വറ്റിപ്പോയിട്ടില്ല എന്ന് ഈ അന്തിമാനുഗ്രഹം വ്യക്തമാക്കുന്നു.

ഫിലിസ്ത്യരുമായി നടത്തിയ, ഗിൽബൊവാക്കുന്നിലെ, അന്തിമപോരാട്ടത്തോടെയാണ് സാവൂളിന്റെ ദുരന്തനാടകത്തിനു തിരശ്ശീല വീഴുന്നത്. ദാവീദിനെ വേട്ടയാടുന്നതിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ച സാവൂൾ രാജ്യത്തിന്റെ സുരക്ഷയും സൈന്യത്തിന്റെ സുസജ്ജതയും ജനത്തിന്റെ സംരക്ഷണവും എല്ലാം മറന്നു. അതിനിടയിൽ ശത്രുക്കളായ ഫിലിസ്ത്യർ ശക്തിയാർജ്ജിച്ചു. തനിക്കെതിരേ വരുന്ന ശത്രുസൈന്യത്തെ നേരിടാൻ വേണ്ട സൈന്യസജ്ജീകരണമോ മനഃസാന്നിദ്ധ്യമോ സാവൂളിനുണ്ടായിരുന്നില്ല. ദൈവഹിതം അറിയാൻ തനിക്കു പരിചിതവും ലഭ്യവുമായ സകല മാർഗ്ഗങ്ങളും പരീക്ഷിച്ച് പരാജയപ്പെട്ടു.

ഇനി ഒന്നുമാത്രം അവശേഷിച്ചു. താൻ പിതൃതുല്യം സ്നേഹിച്ചാദരിച്ച ഗുരുഭൂതൻ; തനിക്കു ദൈവഹിതം വെളിപ്പെടുത്തിത്തന്നിരുന്ന പ്രവാചകൻ; തന്നെ രാജാവായി അഭിഷേകം ചെയ്ത ആചാര്യൻ - സാമുവേൽ. സാമുവേലിന്റെ ഉപദേശം തേടാൻ കഴിയും എന്നയാൾ കരുതി. ജീവിച്ചിരുന്നപ്പോൾ തിരസ്ക്കരിച്ചെങ്കിലും ഈ ദേശീയ പ്രതിസന്ധിയിൽ സാമുവേൽ തന്നെ തിരസ്കരിക്കുകയില്ല എന്നയാൾ

വ്യാമോഹിച്ചു. അതിനായി എൻദോറിലെ മന്ത്രവാദിനിയുടെ സഹായം തേടി (1 സാമു 28,3–25).

പ്രതീക്ഷിച്ചതിനു വിപരീതമായിരുന്നു ഫലം. മന്ത്രവാദിനിയുടെ തന്ത്രഫലമായി ദർശനത്തിൽ പ്രത്യക്ഷപ്പെട്ട സാമുവേൽ നല്കിയത് ആശ്വാസമോ ഉപദേശമോ ആയിരുന്നില്ല, വധശിക്ഷയ്ക്കുള്ള വിധി തീർപ്പായിരുന്നു. "നീയും നിന്റെ പുത്രന്മാരും നാളെ എന്നോടു ചേരും. ഇസ്രായേൽ സൈന്യത്തെയും കർത്താവ് ഫിലിസ്ത്യരുടെ കൈകളിൽ ഏല്പിക്കും" (1 സാമു 28,19). വിധി കേട്ടു ഞെട്ടിയ സാവൂൾ പ്രജ്ഞയറ്റു നിലം പതിച്ചു. ബോധം തെളിഞ്ഞപ്പോൾ അയാളുടെ ശക്തി മുഴുവൻ ചോർന്നുപോയിരുന്നു, ശരീരത്തിന്റെയും മനസ്സിന്റെയും. തനിക്കുവേണ്ടി സാമുവേലിനെ വിളിച്ചുവരുത്തിയ മന്ത്രവാദിനിയുടെ നിർബന്ധത്തിനു വഴങ്ങി അവൾ ഒരുക്കിയ തന്റെ അന്ത്യഅത്താഴം കഴിച്ച് സാവൂൾ തിരിച്ചുപോയി. അപ്പോൾ രാത്രി ആയിരുന്നു (1 സാമു 28,25), പുറത്തു മാത്രമല്ല, സാവൂളിന്റെ ഉള്ളിലും. എന്നിട്ടും അയാൾ ഒളിച്ചോടിയില്ല.

തളർന്ന ശരീരവും അതിലേറെ തകർന്ന മനസ്സുമായിട്ടാണ് സാവൂൾ പിറ്റേന്ന് സുശക്തമായ ഫിലിസ്ത്യസൈന്യത്തെ നേരിട്ടത്. ഭയപ്പെട്ടതുതന്നെ സംഭവിച്ചു. ഇസ്രായേൽ സൈന്യം തോറ്റോടി. അനേകർ മരിച്ചുവീണു. ഫിലിസ്ത്യസൈന്യം സാവൂളിനെയും മക്കളെയും വളഞ്ഞു. പുത്രന്മാർ മൂന്നുപേർ കൊല്ലപ്പെട്ടു. മാരകമായി പരിക്കേറ്റ സാവൂൾ ശത്രുക്കൾതന്നെ അവഹേളിക്കാതിരിക്കാൻ സ്വന്തം വാളിന്മേൽവീണ് ജീവനൊടുക്കി (1 സാമു 31,1–7). അങ്ങനെ സാമുവേലിലൂടെ അറിയിക്കപ്പെട്ട ശിക്ഷാവിധി നടപ്പിലായി. രാജഭരണം എന്ന പുതിയ പരീക്ഷണം ഇസ്രായേലിൽ പരാജയപ്പെട്ടു. ഫിലിസ്ത്യർ ആധിപത്യം പുനഃസ്ഥാപിച്ചു. സാവൂൾ രാജാവാകുന്നതിനുമുമ്പുള്ള അവസ്ഥ വീണ്ടും സംജാതമായി.

സാവൂളിന്റെ പരാജയകാരണങ്ങൾ പരിശോധിക്കുമ്പോൾ ആദ്യമേ ശ്രദ്ധയിൽപ്പെടുന്ന ഒരു തിരുവചനമുണ്ട്. "കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയി" (1 സാമു 16,14). അത് സാവൂളിന്റെ കുറ്റം കൊണ്ടായിരുന്നു. സാമുവേൽ വഴി ലഭിച്ച അഭിഷേകത്തോടെയാണ് കർത്താവിന്റെ ആത്മാവ് സാവൂളിൽനിറഞ്ഞ് ഒരു പുതിയ ഹൃദയം നല്കി, അയാളെ ഒരു പുതിയ മനുഷ്യനാക്കി മാറ്റിയത് (1 സാമു 10,9–10). ദൈവം ഏല്പിക്കുന്ന ദൗത്യം നിറവേറ്റാനുള്ള ശക്തി പകർന്നത് ഈ ആത്മാവാണ് എന്ന കാര്യം സാവൂൾ ഗൗനിച്ചില്ല. സ്വന്തം താല്പര്യങ്ങളും തോന്നലുകളും അനുസരിച്ചല്ല, ദൈവത്തിന്റെ

നിർദ്ദേശമനുസരിച്ചാണ് പ്രവർത്തിക്കേണ്ടത് എന്ന് അയാൾ കരുതിയതുമില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽപെട്ട സാവൂൾ തനിക്ക് അനുവദനീയമല്ല എന്നറിയാമായിരുന്നിട്ടും ബലിയർപ്പിക്കാൻ തുനിഞ്ഞു. കർത്താവാണു യുദ്ധം നയിക്കുന്നതും ജയം നല്കുന്നതും എന്ന കാര്യം മറന്നു.

മാനുഷികവിവേകവും വിശ്വാസത്തിൽനിന്നു വരുന്ന അനുസരണവും തമ്മിലുണ്ടായ സംഘട്ടനത്തിൽ തനിക്ക് ഉചിതമെന്നു തോന്നിയത് അയാൾ ചെയ്തു. അത് അനുസരണക്കേടും വിശ്വാസരാഹിത്യവും പ്രകടമാക്കുന്നതാണെന്ന് സാവൂൾ കരുതിയില്ല. കർത്താവിന്റെ കല്പന ലംഘിച്ചതാണ് സാവൂളിനെതിരേ ഉന്നയിക്കുന്ന രണ്ടാമത്തെ ആരോപണം. തന്റെ മഹത്വത്തിനായി വിജയസ്തംഭം സ്ഥാപിക്കുമ്പോൾ അമലേക്യർക്കെതിരേ നേടിയ വിജയം സ്വന്തം നേട്ടമായി അയാൾ പരിഗണിച്ചു; ദൈവമാണ് നയിച്ചതെന്ന കാര്യം മറന്നു. ആവർത്തിച്ച അനുസരണക്കേടാണ് കർത്താവിന്റെ ആത്മാവ് അയാളെ വിട്ടുപോകാൻ കാരണം എന്നു വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു, സാംസന്റെ കാര്യത്തിൽ എന്നതുപോലെ.

ദാവീദിനോടു തോന്നിയ അസൂയയും ഭയവുമാണ് പരാജയം പൂർണ്ണമാക്കിയത്. ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ കഴിയാത്തവിധം അയാളുടെ മനസ്സ് അന്ധമായി. ഉത്തരവാദിത്വങ്ങളെല്ലാം ഉപേക്ഷിച്ചു നടത്തിയ വേട്ടയാടൽ വഴി രാജ്യത്തിന്റെ സുരക്ഷയും തന്റെ ജീവൻ തന്നെയും അപകടത്തിലാക്കുകയാണ് എന്നു സാവൂൾ മനസ്സിലാക്കിയില്ല.

സാവൂളിന്റെ പരാജയങ്ങൾ വിവരിക്കുന്ന വി. ഗ്രന്ഥകാരൻ അതിലൂടെ ചില വ്യക്തമായ താക്കീതുകൾ നല്കുന്നുണ്ട്. ''വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല'' (ഹെബ്രാ 11,6) എന്ന പ്രബോധനത്തിന് നല്ലൊരു സാക്ഷ്യമാണ് സാവൂളിന്റെ അനുഭവം. നിസ്സാരമെന്നു തോന്നാവുന്ന അനുസരണക്കേടുകളും ഉപേക്ഷകളും വലിയ വീഴ്ചയിലേക്കു നയിക്കാം. രാജത്വം ആഗ്രഹിച്ചില്ലെങ്കിലും രാജാവായി കഴിഞ്ഞപ്പോൾ അതു തന്റെ കുടുംബാവകാശമായി കരുതി, പിൻതലമുറയ്ക്കു കൈമാറാവുന്ന പൈതൃകം. എല്ലാ അധികാരവും ദൗത്യവും ദൈവത്തിന്റെ ദാനമാണ് എന്ന വസ്തുത വിസ്മരിക്കരുത്.

അസൂയ മനുഷ്യനെ അന്ധനാക്കുന്നു, അകാരണമായ സംശയവും ഭയവും ജനിപ്പിക്കുന്നു. ഭയം ശത്രുതയിലേക്കും അക്രമത്തിലേക്കും നയിക്കുന്നു, അവസാനം തന്റെതന്നെ നാശത്തിലേക്കും.

അംഗരക്ഷകനെ ശത്രുവായിക്കണ്ട സാവൂളിന് ആരെയും വിശ്വസിക്കാൻ കഴിഞ്ഞില്ല. ദൈവകല്പന തുടർച്ചയായി ലംഘിക്കുന്നവർക്കു ദൈവഹിതം തിരിച്ചറിയാൻ കഴിയാതെവരും.

അന്തരാത്മാവിൽ നിമന്ത്രിക്കുന്ന ദൈവസ്വരത്തിന് കാതടയ്ക്കുന്നവർ പിന്നെ ശ്രമിച്ചാലും ആ സ്വരം കേൾക്കാൻ കഴിയാതെ വരും. അതാണ് സാവൂളിനു സംഭവിച്ചത്. ഫിലിസ്ത്യ സൈന്യത്തെ കണ്ട് ഭയവിഹ്വലനായപ്പോഴാണ് സാവൂൾ ആദ്യമായി ദൈവഹിതം ആരായുന്നത്. അവൻ കർത്താവിനോട് ആരാഞ്ഞു. പക്ഷേ കർത്താവ് സ്വപ്നത്തിലൂടെയോ ഉറീമിലൂടെയോ പ്രവാചകന്മാരിലൂടെയോ ഉത്തരം നല്കിയില്ല (1 സാമു 28,6). ഏതു വിധേനയും കർത്താവിന്റെ ഹിതം അറിയണം എന്നു തീരുമാനിച്ച അയാൾ അതിനായി നിഷിദ്ധമാർഗ്ഗങ്ങൾ സ്വീകരിച്ചു. അത് അന്തിമവിധി ഉറപ്പിച്ചു.

പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ, ദൈവവചനത്തിലൂടെ, മേലധികാരികളിലൂടെ നിരന്തരം ദൈവഹിതത്തിനു കാതോർത്തില്ലെങ്കിൽ അവസാനം ആ തിരുഹിതം അറിയാൻ കഴിയാതെവരും, ദൈവവും അവിടുത്തെ സ്വരവും അന്യമായിത്തീരും. സ്വന്തം അന്ധതയിൽ അടച്ചിടപ്പെടുന്നവന് സർവ്വനാശമാണവശേഷിക്കുക. ദൈവകൃപ നഷ്ടപ്പെട്ടതാണ് സാവൂളിനു സംഭവിച്ച ഏറ്റം വലിയ ദുരന്തം. ഇത് ഏവർക്കും വലിയൊരു താക്കീതായി നിലകൊള്ളുന്നു. നില്ക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചു കൊള്ളട്ടെ (1 കോറി 10,12).




# അനുതാപത്തിന്റെ മാതൃക

## ദാവീദ്

*''ഞാൻ കർത്താവിനെതിരായി പാപം ചെയ്തുപോയി. ദാവീദു പറഞ്ഞു''* (2 സാമു 12,13).

മോശ കഴിഞ്ഞാൽ പഴയനിയമത്തിൽ ഏറ്റം കൂടുതൽ പരാമർശിക്കപ്പെടുന്ന വ്യക്തിയാണ് ദാവീദ്. എണ്ണൂറിൽപരം തവണ പഴയനിയമത്തിൽ ആ പേരു പ്രത്യക്ഷപ്പെടുന്നുണ്ട്, പുതിയ നിയമത്തിൽ അറുപതു തവണയും. ഇസ്രായേലിനെ ഒരു ജനതയായി രൂപപ്പെടുത്തുന്നതിൽ മോശ വഹിച്ചതിനു സമാനമായൊരു പങ്കാണ് ആ ജനതയെ ശക്തമായ ഒരു രാജ്യവും രാഷ്ട്രവുമായി പടുത്തുയർത്തുന്നതിൽ ദാവീദു വഹിച്ചത്. ഇസ്രായേലിലെ ആദ്യരാജാവ് സാവൂളായിരുന്നെങ്കിലും ഒരു രാജവംശത്തിന് തുടക്കം കുറിച്ചത് ദാവീദാണ്.

ഇസ്രായേൽ രാജവംശത്തിൽ മാത്രമല്ല, രക്ഷാചരിത്രത്തിൽത്തന്നെ സുപ്രധാനമായ ഒരു സ്ഥാനം ദാവീദിനുണ്ട്. വരാനിരുന്ന രക്ഷകൻ ദാവീദിന്റെ പുത്രൻ എന്നാണറിയപ്പെടുന്നത്. ഒരു മികച്ച ഗായകനായിരുന്നു ദാവീദ്. സങ്കീർത്തനഗ്രന്ഥം ദാവീദിന്റെ പേരിൽ

അറിയപ്പെടുന്നു. അനേകം സങ്കീർത്തനങ്ങൾ ദാവീദു തന്നെ രചിച്ചതാണെന്നതിൽ വ്യാഖ്യാതാക്കൾക്കു സംശയമില്ല. ദൈവം അയാളെ പുത്രനായി സ്വീകരിച്ചു (സങ്കീ 2,7), സമൃദ്ധമായനുഗ്രഹിച്ചു, നിരന്തരമായി സഹായിച്ചു; വലിയ വാഗ്ദാനങ്ങൾ നല്കി വളർത്തി. മറ്റെല്ലാ രാജാക്കന്മാരേക്കാൾ വലിയവനാക്കി.

എന്നിട്ടും അയാൾ പരാജയപ്പെട്ടു, രണ്ടുതവണ. ആ പരാജയങ്ങൾ ദാവീദിന്റെ കുടുംബത്തിനു മാത്രമല്ല, ഇസ്രായേൽ ജനതയ്ക്കു തന്നെ വലിയ ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും കാരണമായി. എന്നാൽ പരാജയകാരണം മനസ്സിലാക്കി, പാപം ഏറ്റുപറഞ്ഞ് മാപ്പിരക്കാനും സ്വയം തിരുത്താനും ദാവീദു തയ്യാറായി. അങ്ങനെ ഒരേസമയം ദൈവകൃപയുടെയും അനുതാപത്തിന്റെയും മാതൃകയായി പ്രശോഭിക്കുന്നു ദാവീദ്. ദാവീദിനെക്കുറിച്ചുള്ള വിവരണങ്ങൾ 1 സാമു 16–31; 2 സാമു; 1 രാജാ 1–2 എന്നീ ബൈബിൾ ഭാഗങ്ങളിൽ കാണാം. ഏകദേശം 42 അധ്യായങ്ങൾ ദാവീദിന്റെ വ്യക്തിത്വവും ചെയ്തികളും വിശദമാക്കുന്നു.

ബേത്‌ലെഹം നിവാസിയായ ജെസ്സെയുടെ മകനായിരുന്നു ദാവീദ്. ജെസ്സെ ഓബെദിന്റെയും ഓബെദ് ബൊവാസിന്റെയും പുത്രനായിരുന്നു. മൊവാബ്യസ്ത്രീ ആയ റൂത്തിൽനിന്നാണ് ബൊവാസിന് ഓബെദ് ജനിച്ചത് (റൂത്ത് 4,18–22). അങ്ങനെ വിജാതീയരും അയൽക്കാരുമായ മൊവാബ്യരോട് ദാവീദിനു രക്തബന്ധമുണ്ടായിരുന്നു. ജെസ്സെയുടെ എട്ടുമക്കളിൽ ഏറ്റം ഇളയവനായിരുന്നു അയാൾ. സ്വന്തം പിതാവിന്റെ ദൃഷ്ടിയിൽപോലും പ്രാധാന്യമില്ലാത്തവൻ. അതുകൊണ്ടാണല്ലോ പുത്രന്മാരെയെല്ലാം വിളിച്ചുകൂട്ടാൻ സാമുവേൽ പറഞ്ഞപ്പോൾ ദാവീദിനെ വിളിക്കാതിരുന്നത്. സാമുവേൽ നിർബന്ധിച്ചതുകൊണ്ടു മാത്രമാണ് അവസാനം വിളിച്ചത്. അപ്പോൾ ദാവീദ് വയലിൽ ആടുമേയ്ക്കുകയായിരുന്നു (1 സാമു 16,10–12).

മറ്റു സഹോദരന്മാരെല്ലാം സുമുഖരും ശക്തരുമായിരുന്നു. എന്നാൽ ദാവീദിൽ ആകർഷകമായി ഒന്നും ഉണ്ടായിരുന്നില്ല. മറ്റെല്ലാ സഹോദരന്മാരും പടക്കളത്തിലായിരുന്നപ്പോൾ ദാവീദ് ആടുകളുടെ പിന്നാലെ നടക്കുകയായിരുന്നു. അതായിരുന്നു അയാളെ ഏല്പിച്ചിരുന്ന ജോലി. സഹോദരന്റെ സംസാരത്തിൽനിന്ന് ഇത് വ്യക്തമാകുന്നു. സഹോദരരുടെ ക്ഷേമവാർത്ത അറിഞ്ഞുവരാൻ പിതാവയച്ച ദാവീദിനെ പടക്കളത്തിൽ കണ്ട മൂത്ത സഹോദരൻ ഏലിയാബ് കുപിതനായി. “നീ എന്തിന് ഇവിടെ വന്നു? കുറെ ആടുള്ളതിനെ മരുഭൂമിയിൽ ആരെ ഏല്പിച്ചിട്ടു പോന്നു? നിന്റെ അഹന്തയും ദുഷ്ടതയും എനിക്കറിയാം.

നീ വന്നത് യുദ്ധം കാണാനല്ലേ?'' (1 സാമു 16,28). അത്രകണ്ടു പുഛമായിരുന്നു സഹോദരന്മാർക്കുപോലും അവനോട്. ആ ദാവീദിനെയാണ് ദൈവം പ്രത്യേകമായി സ്നേഹിച്ച്, തിരഞ്ഞെടുത്തത്, രാജാവായി അഭിഷേകം ചെയ്തത്. അന്നുമുതൽ കർത്താവിന്റെ ആത്മാവ് ദാവീദിന്റെമേൽ ശക്തമായി പ്രവർത്തിച്ചു (1 സാമു 16,13).

രാജാഭിഷേകത്തിനു ശേഷമുള്ള ദാവീദിന്റെ ജീവിതത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. ആദ്യഘട്ടത്തിൽ സാവൂളിന്റെ അംഗരക്ഷകനായി തുടങ്ങി, പിന്നീട് സാവൂളിനെ ഭയന്ന് വനാന്തരങ്ങളിൽ അലഞ്ഞതിനുശേഷം ഒടുവിൽ ഫിലിസ്ത്യരുടെ അടുക്കൽ അഭയം തേടുന്നു. സാവൂളിന്റെ മരണത്തോടെ ഈ കാലഘട്ടം അവസാനിക്കുന്നു (1 സാമു 16–31). രണ്ടാം ഘട്ടത്തിൽ ദാവീദ് ആദ്യം യൂദായുടെ മാത്രവും പിന്നീട് പന്ത്രണ്ടു ഗോത്രങ്ങളുടെയും രാജാവായി വാഴുന്നു. വലിയ കൃപകളുടെയും നിരന്തരമായ ഉയർച്ചയുടെയും കാലമാണിത് (2 സാമു 1,1–10). ബത്ഷേബാ സംഭവത്തോടെ ആരംഭിച്ച് മരണത്തിൽ അവസാനിക്കുന്ന (2 സാമു 11–1 രാജാ 2) മൂന്നാംഘട്ടം വീഴ്ചയുടെയും പരാജയങ്ങളുടെയും കയ്പേറിയ ദുരന്തങ്ങളുടെയും കാലമാണ്. മൂന്നു കാലഘട്ടങ്ങളിൽനിന്നും, പ്രത്യേകിച്ച് മൂന്നാമത്തെ കാലഘട്ടത്തിൽ നിന്ന്, വിലയേറിയ പാഠങ്ങൾ പഠിക്കാനുണ്ട്.

രാജാഭിഷേകം സ്വീകരിച്ചെങ്കിലും അക്കാര്യം രഹസ്യമായി വച്ചുകൊണ്ടാണ് ദാവീദ് സാവൂളിന്റെ അടുക്കൽ വരുന്നത്. വിഷാദരോഗത്തിനടിപ്പെട്ട സാവൂളിന് ദാവീദിന്റെ സംഗീതം ആശ്വാസം പകർന്നു. വാളും കുന്തവും ചാട്ടുളിയുമായി വന്ന ഫിലിസ്ത്യമല്ലൻ ഗോലിയാത്തിനെ കവിണയും കല്ലുമായി നേരിട്ട ആ ആട്ടിടയൻ ഒറ്റയേറിന് മല്ലനെ വീഴ്ത്തി; സഞ്ചിയിൽ നാലു കല്ലുകൾ ഇനിയും ബാക്കി! കാരണം കർത്താവിന്റെ ആത്മാവാണ് അവനിൽ പ്രവർത്തിച്ചിരുന്നത്. ഈ യുദ്ധം കർത്താവിന്റേതാണ്. അവിടുന്ന് നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിക്കും (1 സാമു 17,47) എന്ന് ദാവീദ് ഉറച്ചു വിശ്വസിച്ചു, ഉറക്കെ പ്രഖ്യാപിച്ചു. അങ്ങനെ ഇസ്രായേലിൽ ഒരു ദൈവമുണ്ട് എന്നു ലോകമെല്ലാം അറിയണം; കർത്താവിനു രക്ഷിക്കാൻ വാളും കുന്തവും വേണ്ടാ. തമ്പുരുമീട്ടുന്ന വിരലുകൾ വാളെടുക്കാനും മികവുറ്റതാണെന്നു മനസ്സിലാക്കിയ സാവൂൾ ദാവീദിനെ അംഗരക്ഷകനാക്കി; സേനാധിപനാക്കി.

വിഷാദരോഗം അസൂയയ്ക്കും ഭയത്തിനും വഴി തുറന്നപ്പോൾ ദാവീദിനെ ശത്രുവായി കണ്ട സാവൂൾ അയാളെ ഏതുവിധേനയും

ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. എന്നാൽ തന്നെ വേട്ടയാടുന്ന സാവൂളിനെ ദാവീദ് വെറുത്തില്ല; പലപ്പോഴും വധിക്കാൻ അവസരം കിട്ടിയിട്ടും നുള്ളി നോവിക്കുകപോലും ചെയ്തില്ല. കർത്താവിന്റെ അഭിഷിക്തനെതിരേ കരമുയർത്തുന്നത് കഠിനപാപമാണെന്ന് അയാൾ വിശ്വസിച്ചു, അനുയായികളെ പഠിപ്പിച്ചു (1 സാമു 24,4–7; 26, 1–12). അങ്ങനെ രാജാവിനോടും രാജസിംഹാസനത്തോടുമുള്ള ആദരവും വിധേയത്വവും ഹൃദയത്തിൽ സൂക്ഷിക്കുക മാത്രമല്ല, പകർന്നു നല്കുകയും ചെയ്തു.

ഒളിച്ചോടി വനാന്തരങ്ങളിൽ വസിച്ച ദാവീദിന്റെയടുക്കലേക്ക് അയാളുടെ കുടുംബാംഗങ്ങളെല്ലാം വന്നു, സാവൂളിന്റെ പ്രതികാരനടപടി ഭയന്ന്. പീഡിതർ, കടമുള്ളവർ, അസന്തുഷ്ടർ എന്നിങ്ങനെ പലരും അവനു ചുറ്റുംകൂടി (1 സാമു 22,1–2). അവരെയെല്ലാം ഒരുമിച്ചു കൂട്ടി, യുദ്ധ പരിശീലനം നല്കി, ശക്തമായ ഒരു ഒളിപ്പോർ സേനയ്ക്കു രൂപം കൊടുത്തു. കൂട്ടക്കുരുതിയിൽനിന്ന് രക്ഷപ്പെട്ട് ഒളിച്ചോടിവന്ന അബായാഥർ ദാവീദിന്റെ സംഘത്തിനു പുരോഹിതനായി; അവർക്കുവേണ്ടി ദൈവഹിതം ആരാഞ്ഞു. അങ്ങനെ ഭാവിയിൽ വരാൻ പോകുന്ന രാജഭരണത്തിന് ദാവീദ് ഒരുങ്ങി; അനുചരന്മാരെ ഒരുക്കി. ഫിലിസ്ത്യരുടെ ഇടയിൽ വസിക്കുമ്പോൾ അവരെയും മറ്റു ജനതകളെയും കൊള്ളയടിച്ച് കൊള്ളമുതൽ യൂദാ നിവാസികൾക്കിടയിൽ വിതരണം ചെയ്തുകൊണ്ട് തന്റെ ജനത്തിന്റെ സ്നേഹാദരവുകൾക്കു പാത്രമായി; ഫിലിസ്ത്യർ ഇതറിഞ്ഞതുമില്ല. ഈ പ്രവാസകാലത്ത് എല്ലാ വിധത്തിലും ഭാവിക്കുവേണ്ടി കർത്താവ് ദാവീദിനെ ഒരുക്കുകയായിരുന്നു.

നലം തികഞ്ഞ ഒരു നയതന്ത്രജ്ഞനും രാഷ്ട്രമീമാംസകനും യുദ്ധ വിദഗ്ദ്ധനുമായാണ് രണ്ടാം ഘട്ടത്തിൽ ദാവീദു പ്രത്യക്ഷപ്പെടുന്നത്. സത്യസന്ധവും ആത്മാർത്ഥവുമായിരുന്നില്ല അയാളുടെ ലക്ഷ്യങ്ങളും ചെയ്തികളും എന്ന് ഇതിനർത്ഥമില്ല. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ ഒറ്റ ജനതയാണെന്ന് അയാൾ ഉറച്ചു വിശ്വസിച്ചു. ആ ജനതയെ ഒരുമിച്ചുകൂട്ടി പടുത്തുയർത്തുകയാണ് തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവികദൗത്യം എന്ന് ദാവീദു മനസിലാക്കി. ഓരോ തീരുമാനവും ചെയ്തികളും ഈ ലക്ഷ്യത്തിലേക്കു നയിക്കുന്നതായിരുന്നു. സാവൂളിന്റെ കിരീടവും തോൾവളയും തനിക്കു കാഴ്ചവച്ച അമലേക്യനെ കൊന്നത് ഇതിനൊരു തെളിവാണ് (2 സാമു 1,1–10).

മുറിവേറ്റ സാവൂളിനെ അയാൾ ആവശ്യപ്പെട്ടതനുസരിച്ച് താൻ കൊന്നു എന്നു പറഞ്ഞ അമലേക്യൻ പ്രതീക്ഷിച്ചത് വലിയ പാരിതോഷികമായിരുന്നു. കാരണം ദാവീദ് സാവൂളിനെ ഭയന്ന് ഒളിച്ചോടുകയാ

ണെന്ന് എല്ലാവർക്കും അറിയാമായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കൊന്നത് വധശിക്ഷയർഹിക്കുന്ന കുറ്റമായി ദാവീദ് വിധിച്ചു. സാവൂളിനെ ശത്രുവായിട്ടല്ല, കർത്താവിന്റെ അഭിഷിക്തനായിട്ടാണ് ദാവീദ് കണ്ടത്. സാവൂളിന്റെയും തന്റെ ഉറ്റമിത്രം ജോനാഥന്റെയും മരണത്തിൽ ഹൃദയം തകർന്ന് ദാവീദാലപിച്ച വിലാപഗാനം (2 സാമു 1, 19–27) ഏവർക്കും ദൃശ്യമായ മറ്റൊരു തെളിവായിരുന്നു.

പിതൃഗോത്രമായ യൂദാ തന്നോടു വിശ്വസ്തമായിരിക്കും എന്നു തീർച്ചയുണ്ടായിരുന്ന ദാവീദ് സ്വദേശത്തേക്കു തിരിച്ചു വന്നപ്പോൾ വാസസ്ഥലമായി തിരഞ്ഞെടുത്തത് സ്വന്തം നഗരമായ ബേത്‌ലെഹം അല്ല, പൂർവ്വ പിതാക്കന്മാരുടെ ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്ന ഹെബ്രോൺ ആണ്. തിരഞ്ഞെടുപ്പ് തികച്ചും പ്രതീകാത്മകമായിരുന്നു, പന്ത്രണ്ടു ഗോത്രങ്ങളോടുമുള്ള പ്രതിബദ്ധതയുടെ പ്രതീകം. യൂദായിലെ ജനങ്ങൾ വന്ന് അവനെ രാജാവായി അഭിഷേകം ചെയ്തു (2 സാമു 2,1–4). ഫിലിസ്ത്യർ കൊന്ന്, തലവെട്ടി, ബേത്ഷാന്റെ ഭിത്തിയിൽ കെട്ടിത്തൂക്കിയ സാവൂളിന്റെയും പുത്രന്മാരുടെയും ജഡം അവിടെനിന്ന് മോഷ്ടിച്ച് തങ്ങളുടെ നഗരത്തിൽ കൊണ്ടുവന്നു സംസ്കരിച്ച യാബെഷ് ഗിലയാദുകാർക്ക് (1 സാമു 31,8–13) ദാവീദ് അയയ്ക്കുന്ന സന്ദേശത്തിൽ അനുനയത്തിന്റെയും അതേസമയം ഭീഷണിയുടെയും സ്വരമുണ്ട് (2 സാമു 2,5–6). സാവൂളിനോടുള്ള അവരുടെ സ്നേഹവും നന്ദിയും നന്നായി അറിയാവുന്ന ദാവീദു നല്കുന്ന സന്ദേശത്തിലെ ധ്വനി ഇതാണ്. സാവൂളിനോടു നിങ്ങൾ കാണിച്ച ആദരവിന് നന്ദിയും പ്രശംസയും. എന്നാൽ ഇപ്പോൾ സാവൂളില്ല; ഞാൻ യൂദായുടെ രാജാവാണ്. എന്നോടു ചേരുന്നതാണ് നാം ഇരുവർക്കും നല്ലത്. അല്ല ശത്രുതയാണാഗ്രഹിക്കുന്നതെങ്കിൽ ഒരുങ്ങിയിരുന്നുകൊള്ളുക!

സാവൂളിന്റെ മരണത്തിനുശേഷം മകൻ ഇഷ്ബോഷെത്ത് ഇസ്രായേലിൽ രാജാവായി. യൂദാമാത്രം ദാവീദിനോടുകൂടെ നിന്നു. ഏഴുവർഷത്തിലേറെ ഇരുകൂട്ടരും തമ്മിൽ യുദ്ധം തുടർന്നു (2 സാമു 2,8–31). തന്റെ പിതാവിന്റെ ഉപനാരി റിസ്പായോടൊത്ത് ശയിച്ചതിന്റെ പേരിൽ ഇഷ്ബോഷെത്ത് സൈന്യാധിപൻ അബ്നേറിനെ ശാസിച്ചു. കാരണം അബനേർ രാജാവാകാനുള്ള ശ്രമത്തിന്റെ ആദ്യപടിയായി അയാൾ ഈ സംഭവത്തെ കണ്ടു. മരിച്ച രാജാവിന്റെ ഭാര്യയെ സ്വന്തം ഭാര്യയാക്കുന്നത് രാജസിംഹാസനത്തിന്മേൽ അവകാശം നല്കുമായിരുന്നു. ക്രുദ്ധനായ അബ്നേർ ദാവീദിന് തന്റെ പിന്തുണ പ്രഖ്യാപിച്ചു.

ഇസ്രായേൽ ജനത്തെ മുഴുവൻ ദാവീദിന്റെ പിന്നിൽ അണിനിരത്തും എന്ന വാഗ്ദാനവുമായി തിരിച്ചുപോയ അബ്നേറിനെ ദാവീദിന്റെ സേനാധിപൻ യോവാബ് ചതിയിൽ വധിച്ചു (2 സാമു 3,6–27). തന്റെ സഹോദരൻ അഹ്സലിനെ അബ്നേർ വധിച്ചതിന്റെ പ്രതികാര മായിരുന്നു അത് (2 സാമു 2,23). തന്നെയുമല്ല, അബ്നേർ വന്നാൽ തന്റെ സൈന്യാധിപസ്ഥാനം അയാൾ കരസ്ഥമാക്കും എന്ന് യൊവാബ് ന്യായമായും ഭയന്നു.

അബ്നേറിന്റെ മരണ വാർത്തയറിഞ്ഞ ദാവീദ് ദുഃഖാർത്തനായി വിലപിച്ചു. കൊന്നവരെക്കൊണ്ട് പരിഹാരം ചെയ്യിച്ചു (2 സാമു 3,29–39). തുടർന്ന് ഇഷ്ബോഷെത്തിനെ വധിച്ച് അയാളുടെ തല ദാവീദിന്റെ മുമ്പിൽ കാഴ്ചവച്ചവരെക്കൊന്ന്, കൈകാലുകൾ വെട്ടിയെടുത്ത് ഹെബ്രോണിലെ കുളത്തിനരികെ കെട്ടിത്തൂക്കി; വീണ്ടും വിലാപഗാനം ആലപിച്ചു (2 സാമു 4,1–12). ഈ കൊലപാതകങ്ങളിൽ ദാവീദിനു പങ്കില്ലെന്നു മനസ്സിലാക്കിയ ഇസ്രായേൽജനം ദാവീദിനെ തങ്ങളുടെ രാജാവായി വീണ്ടും, മൂന്നാംതവണ, അഭിഷേകം ചെയ്തു (2 സാമു 5,1–5). ഇപ്പോൾ ദാവീദ് യൂദായുടെ മാത്രമല്ല, പന്ത്രണ്ടു ഗോത്രങ്ങൾക്കും രാജാവാണ്. ഒരു ഗോത്രത്തിനുമാത്രം തന്റെമേൽ അവകാശമുണ്ടാ കുന്നത് രാജ്യത്തിന്റെ കെട്ടുറപ്പിനും നിലനില്പിനും കോട്ടമാകും എന്നു ദാവീദു കണ്ടു. അതിനാൽ ഹെബ്രോണിൽനിന്നു ഭരണകേന്ദ്രം മാറ്റാൻ തീരുമാനിച്ചു. അതായിരുന്നു അടുത്ത നടപടി.

യൂദാഗോത്രത്തിന്റെയും ബെഞ്ചമിൻ ഗോത്രത്തിന്റെയും നടുവിൽ, ഒരു ഗോത്രത്തിനും അവകാശമില്ലാത്ത പട്ടണമായിരുന്നു ജറുസലെം. അത് ഇസ്രായേൽക്കാർ ഇനിയും കീഴടക്കിയിരുന്നില്ല. അജയ്യം എന്നു കരുതപ്പെട്ടിരുന്ന ജബൂസ്യരുടെ ആ നഗരത്തെ തന്ത്ര പരമായ നീക്കങ്ങളിലൂടെ ദാവീദ് പിടിച്ചെടുത്ത് ഇസ്രായേൽരാജ്യത്തിന്റെ തലസ്ഥാനമാക്കി (2 രാജാ 5,6–10). അത് ദാവീദിന്റെ നഗരമെന്നറിയപ്പെട്ടു. എല്ലാ ഗോത്രങ്ങൾക്കും അവിടെ തുല്യസ്ഥാനമുണ്ടായി. കർത്താവിന്റെ പേടകം കൊണ്ടുവന്നു പ്രതിഷ്ഠിച്ചതോടെ ജറുസലെം ഇസ്രായേലിന്റെ മതാത്മക തലസ്ഥാവുമായി (2 സാമു 6).

ശത്രുക്കളായ അയൽരാജ്യങ്ങളെ യുദ്ധം ചെയ്ത് തോൽപിച്ച് സാമന്തരാക്കി. മറ്റ് അയൽ രാജ്യങ്ങളുമായി ഉടമ്പടികൾ വഴി സഖ്യം ഉറപ്പിച്ചു. അങ്ങനെ ദാവീദിന്റെ ഭരണത്തിൻകീഴിൽ ഇസ്രായേൽ ഒറ്റ ജനതയായി. സാവൂളിന്റെ മരണത്തോടെ ഉണ്ടായ തകർച്ചയിൽ നിന്ന്, സ്വന്തം ചിതയിൽനിന്ന് ഫീനിക്സ് പക്ഷികൾ എന്നപോലെ, ഇസ്രാ

യേൽ ശക്തമായ ഒരു രാഷ്ട്രമായി ഉയിർത്തെഴുന്നേറ്റു, ഈജിപ്തി നോടും ബാബിലോണിനോടും കിടപിടിക്കുന്ന ഒരു സാമ്രാജ്യം.

വിജയങ്ങൾക്ക് മകുടം ചാർത്തിക്കൊണ്ട് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. കർത്താവിന്റെ പേടകത്തിനുവേണ്ടി ആലയം നിർമ്മി ക്കാൻ ആഗ്രഹിച്ച ദാവീദിനെ കർത്താവ് നാഥാൻ പ്രവാചകൻ വഴി തന്റെ ഉടമ്പടിയുടെ സദ്വാർത്ത അറിയിച്ചു. ദാവീദിന്റെ ഭവനവുമായി കർത്താവ് ഉടമ്പടി ചെയ്യും. ദാവീദിന്റെ രാജവംശം എന്നേക്കും നിലനില്ക്കും. ഒരിക്കലും തള്ളിക്കളയുകയില്ല (2 സാമു 7,1-17). ഈ വാഗ്ദാനമാണ് രക്ഷകനായ മിശിഹായെ സംബന്ധിച്ച് പിന്നീടുണ്ടായ സകലപ്രവ ചനങ്ങളുടെയും തുടക്കം. സന്തോഷംകൊണ്ട് വീർപ്പുമുട്ടിയ ദാവീദിന് തന്റെ നന്ദിയും സന്തോഷവും വിവരിക്കാൻ വാക്കുകൾ കിട്ടിയില്ല. "അടിയന് അങ്ങയോട് എന്തു പറയാനാവും?" (2 സാമു 18-19). മഹത്വ പൂർണ്ണമായിരുന്നു രാജഭരണത്തിന്റെ രണ്ടാംഘട്ടം. എന്നാൽ അതിഭയാ നകമായൊരു പതനത്തിന്റെ മുന്നോടിയാണതെന്ന് ആരും കരുതിയില്ല, ദാവീദുപോലും.

രാജഭരണത്തിന്റെ മൂന്നാംഘട്ടത്തിൽ തികച്ചും വ്യത്യസ്ത നായൊരു ദാവീദിനെയാണ് നാം കാണുന്നത്. ഫിലിസ്ത്യരുടെ വിരുന്നു ശാല തന്റെയും വിരുന്നുകാരുടെയും മേൽ വലിച്ചുവീഴ്ത്തി തകർത്ത സാംസണെപ്പോലെ, താൻ പടുത്തുയർത്തിയതെല്ലാം സ്വന്തം കൈ കൊണ്ട് ഇടിച്ചു തകർക്കുന്ന ഒരു പ്രതീതിയാണ് തുടർന്നുള്ള വിവരണ ങ്ങൾ നല്കുന്നത്. ദുരാശയുടെ ഒരു ചെറിയ കനലായി തുടങ്ങി, ഉമിത്തീ പോലെ നീറി, അവസാനം കാട്ടുതീപോലെ ആളിപ്പടർന്ന് ദാവീദിന്റെ കുടുംബത്തെ ദഹിപ്പിച്ച് ഇസ്രായേൽ ജനത്തിന്റെമേൽ സർവ്വനാശം വരുത്തിവച്ച സംഹാരാഗ്നിയായി മാറിയതിന്റെ സംഭ്രമ ജനകമായ നാൾവഴികൾ വി. ഗ്രന്ഥകാരൻ മറകൂടാതെ നിരത്തിവച്ചിട്ടുണ്ട് 2 സാമു 11-24 അധ്യായങ്ങളിൽ.

ആലസ്യത്തിലാണ് തുടക്കം. തന്റെ ദൂതന്മാരോട് അപമര്യാദ യായി പെരുമാറി, തന്നെ അവഹേളിച്ച അമ്മോന്യരോട് (2 രാജാ 10,1-5) പ്രതികാരം ചെയ്യാൻ അയച്ച സൈന്യം അവരുടെ തലസ്ഥാനനഗരമായ റബ്ബാ വളഞ്ഞ് ഉപരോധമേർപ്പെടുത്തി, ആക്രമണത്തിനൊരുങ്ങുമ്പോൾ ദാവീദ് സ്വസ്ഥനായി തന്റെ കൊട്ടാരത്തിലായിരുന്നു. ഇതൊരു പുതിയ ചിത്രം. ഇതുവരെ ദാവീദ് സൈന്യത്തിന്റെ കൂടെ മുൻനിരയിൽത്തന്നെ ഉണ്ടായിരുന്നു. ഉച്ചയുറക്കം കഴിഞ്ഞ്, നിദ്രയുടെ ആലസ്യം മാറ്റാനായി

മട്ടുപ്പാവിൽ ഉലാത്തിയ ദാവീദ് അകലെ ഒരു സ്ത്രീ കുളിക്കുന്നതു കണ്ടു. ജഡികാസക്തി സട വിടർത്തി.

അവൾ ആരെന്ന് അന്വേഷിച്ചറിഞ്ഞു. തന്റെ വിശ്വസ്ത സേവകനും ധീരപോരാളിയുമായ ഊറിയായുടെ ഭാര്യ ബത്ഷേബാ. ദാവീദിന്റെ 37 വീരയോദ്ധാക്കളിൽ ഒരുവനായ ഏലിയാമിന്റെ മകനായിരുന്നു ഊറിയാ. ഏലിയാം ആകട്ടെ ദാവീദിന്റെ വിശ്വസ്തനും വിവേകിയും കൂശാഗ്രബുദ്ധിയുമായ അഹിത്തോഫലിന്റെ പുത്രൻ (2സാമു 15,12; 23,35). മൂന്നു തലമുറകളായി തനിക്കു സേവനം അനുഷ്ഠിക്കുന്ന ഒരു കുടുംബത്തിലെ അംഗം, തന്റെ സൈനികന്റെ ഭാര്യ, ആണ് അവൾ എന്നറിഞ്ഞിട്ടും ദാവീദിന് ഒരു സങ്കോചവും ഉണ്ടായില്ല. ആസക്തി അയാളെ അത്രകണ്ട് അന്ധനാക്കിയിരുന്നു. ആളയച്ച് അവളെ വരുത്തി, കൂടെ ശയിച്ചു. ആഗ്രഹപൂർത്തി വരുത്തി വീട്ടിലേക്കു തിരിച്ചയച്ചു, വലിച്ചെറിയുന്നു കറിവേപ്പിലപോലെ. അതുകൊണ്ട് എല്ലാം തീർന്നു എന്നു കരുതിയ ദാവീദിന് തെറ്റി, അത് എല്ലാറ്റിന്റെയും തുടക്കമായിരുന്നു – സർവ്വനാശത്തിന്റെ ആരംഭം.

"ഞാൻ ഗർഭിണിയാണ്" എന്ന ബത്ഷേബായുടെ സന്ദേശം ദാവീദിന്റെ ഉള്ളിൽ വെള്ളിടിവെട്ടി; മനസ് യഥാർത്ഥ്യബോധത്തിലേക്കുണർന്നു. ശിശുവിന്റെ പിതൃത്വം ഭർത്താവിന്റെമേൽ കെട്ടിവച്ച് മാനം കാക്കാനായി അടുത്ത ശ്രമം. യുദ്ധഭൂമിയിൽനിന്ന് ഊറിയായെ ആളയച്ചു വരുത്തി, സൽക്കരിച്ച് ഉന്മത്തനാക്കി, വീട്ടിൽ ഭാര്യയുടെ അടുത്തേക്ക് പോയ്ക്കൊള്ളാൻ പറഞ്ഞയച്ചു. പക്ഷേ ഊറിയ പോയില്ല. മറ്റൊരുവന്റെ സന്തതിയുടെ, അത് രാജാവിന്റേതുതന്നെ ആയാലും, പിതൃത്വം ഏറ്റെടുക്കാൻ അയാൾക്കു മനസ്സില്ലായിരുന്നു. അരമനരഹസ്യം അങ്ങാടിയിൽ പരസ്യമായത് ദാവീദുമാത്രമേ അറിയാതിരുന്നുള്ളൂ. അയലത്തെ സുന്ദരിയുടെ വരവും പോക്കും അവളുടെ വീട്ടിലേക്കുള്ള പട്ടാളക്കാരുടെ യാത്രയുമെല്ലാം രഹസ്യത്തിലായിരുന്നില്ലല്ലോ. പിറ്റേദിവസവും തന്റെ ശ്രമം പരാജയപ്പെട്ടപ്പോൾ ദാവീദ് കഠിനമായ തീരുമാനമെടുത്തു. അയാളെ കൊന്നുകളയുക! എന്നാൽ തന്റെമേൽ പഴി വീഴരുത്. തന്ത്രം ദാവീദുതന്നെ മെനഞ്ഞു. അതു രേഖപ്പെടുത്തിയ തീട്ടൂരം ഊറിയാവഴിതന്നെ സൈന്യാധിപൻ യോവാബിന്റെ അടുക്കൽ എത്തിച്ചു. പിറ്റേദിവസം ഉണ്ടായ ഏറ്റുമുട്ടലിൽ ശത്രുശരമേറ്റ് ഊറിയാ നിലംപതിച്ചു. വാർത്തയറിഞ്ഞ ദാവീദ് വിലാപകാലം കഴിഞ്ഞപ്പോൾ അത്യുദാരനായി. യുദ്ധത്തിൽ മരിച്ച സൈനികന്റെ ഭാര്യയെ സ്വന്തം അന്തഃപുരത്തിൽ രാജ്ഞിയായി സ്വീകരിച്ചു. ജനപ്രീതി നേടാൻ ഇനി

എന്തു വേണം! എന്നാൽ ‘‘ഈ പ്രവൃത്തി കർത്താവിനിഷ്ടമായില്ല’’ (2 സാമു 12,27).

രാജാവിനെ കുറ്റപ്പെടുത്താനോ ചോദ്യം ചെയ്യാനോ ആരും ധൈര്യപ്പെട്ടില്ല; സ്വന്തം ജീവൻ കൊണ്ട് പന്താടാൻ ആർക്കുണ്ട് താൽപര്യം? ദൈവം അയച്ച നാഥാൻ പ്രവാചകൻപോലും അനുനയരൂപ ത്തിലാണ് ആരംഭിച്ചത്. മഹാരാജാവേ, നമ്മുടെ നാട്ടിൽ വലിയൊരതിക്രമം നടന്നിരിക്കുന്നു എന്നു പറഞ്ഞ് ആടിന്റെ കഥയിൽ തുടങ്ങിയ സംഭാഷണം പകുതി കേട്ടപ്പോൾ ദാവീദിന്റെ ധാർമ്മികരോഷം ഉണർന്നു; നീതിബോധം സടകുടഞ്ഞെണീറ്റു. രാജ്യത്തെ അത്യുന്നത ന്യായാധിപൻ എന്ന തന്റെ ദൗത്യം നിർവ്വഹിച്ചു, വിധി പ്രസ്താവിച്ചു: ‘‘ആ മനുഷ്യൻ മരിക്കണം’’ (2 സാമു 12,1-5).

തന്റെമേൽത്തന്നെയാണ് ആ വിധി എന്ന അവബോധം ഇടിത്തീപോലെ ഉള്ളിൽ പതിച്ചത് നാഥാന്റെ വിശദീകരണത്തിലാണ് (2 സാമു 12,7-12). ആടിന്റെ പിറകെ മരുഭൂമിയിൽ അലഞ്ഞ ആ ഇടയച്ചെക്കനെ ഇസ്രായേലിന്റെ ചക്രവർത്തിയാക്കി ഉയർത്തിയ കാരുണ്യത്തിന്റെ നാൾവഴികൾ എണ്ണി നിരത്തിയതിനു പിന്നാലെ വിധിയുണ്ടായി: ‘‘എന്നെ നിരസിച്ച്, ഹിത്യനായ ഊറിയായുടെ ഭാര്യയെ നീ സ്വന്തമാക്കിയതു കൊണ്ട് നിന്റെ ഭവനത്തിൽ നിന്നു വാൾ ഒഴിയുകയില്ല. കർത്താവ് അരുളിച്ചെയ്യുന്നു. നിന്റെ സ്വന്തം ഭവനത്തിൽ നിന്നു തന്നെ നിനക്കു ഞാൻ ഉപദ്രവം ഉണ്ടാക്കും. നിന്റെ കൺമുമ്പിൽവച്ച് ഞാൻ നിന്റെ ഭാര്യമാരെ അന്യനുകൊടുക്കും. പട്ടാപ്പകൽ അവൻ അവരോടൊത്തു ശയിക്കും. നീ ഇതു രഹസ്യമായി ചെയ്തു. ഞാനിത് ഇസ്രായേലിന്റെ മുഴുവൻ മുമ്പിൽവച്ച് പട്ടാപ്പകൽ ചെയ്യിക്കും’’ (2 സാമു 12,10-12).

വലിയ വിലകൊടുത്ത് താൻ പടുത്തുയർത്തിയതെല്ലാം, തന്റെ ജീവനും കുടുംബവും രാജത്വവും സാമ്രാജ്യവുമെല്ലാം ഒരു ചീട്ടുകൊട്ടാരംപോലെ തകർന്നു വീഴുന്നത് സംഭ്രാന്തിയോടെ ദാവീദു കണ്ടു. തന്റെ ഉള്ളിൽ മുളയെടുത്ത വൈകാരിക സംഘർഷം ഇത്രപെട്ടെന്ന് ഒരു കൊടുങ്കാറ്റായി വളർന്ന് എല്ലാം തല്ലിത്തകർക്കുന്നതുകണ്ട് ദാവീദു ഞെട്ടി. ആ ഞെട്ടലിൽ അവൻ മറ്റൊരു മനുഷ്യനായിത്തീർന്നു. ഒന്നേ ദാവീദിനു പറയാനുള്ളൂ: ‘‘ഞാൻ കർത്താവിനെതിരായി പാപം ചെയ്തുപോയി’’ (2 സാമു 12,13). തകർന്ന ഹൃദയത്തിൽ നിന്നൊഴുകിയതായിരുന്നു ആത്മാർത്ഥമായ ആ കുറ്റസമ്മതം. മറുപടിയും ഉടനെ ഉണ്ടായി. ‘‘നാഥാൻ പറഞ്ഞു. നിന്റെ പാപം ഞാൻ ക്ഷമിച്ചിരിക്കുന്നു. നീ മരിക്കുകയില്ല’’ (2 സാമു 12,13). ദാവീദിന് ജീവൻ ദാനമായി കിട്ടി പക്ഷേ മറ്റു ശിക്ഷകളെല്ലാം ഏല്ക്കേണ്ടിവന്നു.

ശേഷിച്ചകാലം ദാവീദു ജീവിച്ചു തീർത്തത് ഈ പാപബോധ ത്തിന്റെ വലിയ ഭാരവും പേറിയാണ്. ദാവീദിന്റേതെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള 51-ാം സങ്കീർത്തനത്തിൽ അനുതാപിയായ ദാവീദിന്റെ ഹൃദയവിലാപം കേൾക്കാം. "കർത്താവേ....എന്നോടു ദയതോന്നണമേ. ..........പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്ക ണമേ...........അങ്ങേക്കെതിരായി, അങ്ങേക്കുമാത്രം എതിരായി ഞാൻ പാപം ചെയ്തു. അങ്ങയുടെ മുമ്പിൽ ഞാൻ തിന്മ പ്രവർത്തിച്ചു......... എന്റെ പാപങ്ങളിൽ നിന്നു മുഖം മറയ്ക്കണമേ......അങ്ങയുടെ സന്നിധി യിൽനിന്ന് എന്നെ തള്ളിക്കളയരുതേ..... അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുത്തുകളയരുതേ.... രക്തപാതകത്തിൽനിന്ന് എന്നെ രക്ഷിക്കണമേ" (സങ്കീ 51,1-14). അനുതാപത്താൽ തകർന്ന ഹൃദയത്തിൽ നിന്നൊഴുകിയ രക്തം കണ്ണീരിൽ ചാലിച്ചാണ് ഈ വിലാപഗാനം ദാവീദെഴുതിയത് - എക്കാലത്തും അനുതാപികൾക്ക് വഴികാട്ടിയായ ഗാനം.

ഒരു കുടുംബിനിയെ ബലാൽക്കാരം ചെയ്തു; അവളുടെ ഭർത്താവിനെ വധിച്ചു - ഈ തെറ്റുകൾ ദൈവത്തിന്റെ മുമ്പിൽ വയ്ക്കുമ്പോൾ അതിഭീകരമായൊരു ചിത്രമായി വളരുന്നു. തന്റെ അയല്ക്കാരനോടു ചെയ്ത അതിക്രമം കർത്താവിനോടു തന്നെ ചെയ്തതാണെന്ന് അയാൾ അറിഞ്ഞു. ഇല്ലായ്മയിൽ നിന്ന് തന്നെ വളർത്തി വലുതാക്കി, ചക്രവർത്തിയാക്കിയ ദൈവത്തോട്, "എന്തു കൊണ്ട് എന്നെ അനുസരിക്കാതെ എന്റെ മുമ്പിൽ ഈ തെറ്റു ചെയ്തു?" (2 സാമു 12,9). ഇതാണ് പാപത്തിന്റെ കേന്ദ്രം; ഇതുതന്നെ പാപത്തിന്റെ ആഴും. ദൈവം തനിക്കാരാണെന്നും തനിക്കുവേണ്ടി എന്തുചെയ്തു എന്നുമുള്ള അവബോധത്തിന്റെ പശ്ചാത്തലത്തിൽ അക്ഷന്തവ്യമായ അപരാധമാണ് താൻ ചെയ്തത് എന്ന ബോധമുണരുന്നു. ഒന്നു മാത്രമേ ഇനി ചെയ്യാൻ കഴിയൂ, കരുണയ്ക്കായി മോചനത്തിനായി, യാചിക്കുക. അതാണ് ദാവീദ് തന്റെ ശിഷ്ടജീവിതകാലം മുഴുവൻ ചെയ്തത്.

കുറ്റബോധത്താൽ തകർന്ന ദാവീദിന് പലതിലും ശ്രദ്ധിക്കാ നായില്ല. സ്വന്തം മക്കളുടെയും പ്രജകളുടെയും മുമ്പിൽ ധാർമ്മികമായ അധികാരം നഷ്ടപ്പെട്ടു. അവരുടെ തെറ്റുകൾ വിലയിരുത്താനോ തിരുത്താനോ കഴിഞ്ഞില്ല. ഭീകരമായിരുന്നു ഫലം. പല ഭാര്യമാരിൽ നിന്നും ജനിച്ച മക്കൾ തമ്മിൽ അസൂയയും ആസക്തിയും മാത്സര്യവും വർദ്ധിച്ചു. മകൻ അമ്നോൻ മകൾ താമാറിനെ ബലാൽക്കാരം ചെയ്ത തിനുശേഷം നഷ്ടപ്പെട്ട ചാരിത്ര്യത്തിന്റെ അടയാളമെന്നപോലെ കീറിയ

വസ്ത്രവുമായി തെരുവിലേക്ക് ഇറക്കിവിട്ടു (2 സാമു 13,1-22). ദാവീദുതന്നെയാണ് അവളെ അമ്നോന്റെയടുത്തേക്കു പറഞ്ഞയച്ചത്. കോപിച്ചെങ്കിലും ശിക്ഷിക്കാൻ ദാവീദിനു സാധിച്ചില്ല, തന്റെതന്നെ ചെയ്തികൾ മകൻ ആവർത്തിക്കുന്നതായി കണ്ടതിനാൽ.

താമാറിന്റെ സഹോദരൻ കോപം ഉള്ളിലൊതുക്കി പകരം വീട്ടാൻ അവസരം കാത്തിരുന്നു. വീണ്ടും ദാവീദുതന്നെയാണ് അമ്നോനെ അബ്ശലോമിന്റെ വിരുന്നിനു പറഞ്ഞയച്ചത്. അതു കൊലച്ചതിയായിരുന്നു (2 സാമു 13, 23-38). മൂത്ത പുത്രൻ നഷ്ടപ്പെട്ട ദാവീദിനു നിലവിളിക്കാനല്ലാതെ മറ്റൊന്നിനും കഴിഞ്ഞില്ല. ഒളിച്ചോടിയ അബ്ശലോം യൊവാബിന്റെ മധ്യസ്ഥതയിൽ തിരിച്ചുവന്നു. അയാൾ തനിക്കെതിരേ കലാപം ഒരുക്കിയത് ദാവീദറിഞ്ഞില്ല; ജനങ്ങളെ തനിക്കെതിരായി തിരിച്ചതും തന്റെ പടയാളികൾപോലും കൂറുമാറിയതും ദാവീദറിഞ്ഞില്ല. രാജാവ് ജനങ്ങളിൽനിന്ന് അത്രമാത്രം അകന്നുകഴിഞ്ഞിരുന്നു. ഹെബ്രോണിൽവച്ച് കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ എല്ലാം വൈകിപോയിരുന്നു. ഒളിച്ചോട്ടം മാത്രം അവശേഷിച്ചു (2 സാമു 14-15).

സ്വന്തം മകനെ ഭയന്ന് വീടുവിട്ടോടിയ ദാവീദിനെ വഴിപോക്കൻ അധിക്ഷേപിച്ചു (2 സാമു 16,5-14). തന്നെ അവഹേളിച്ച ഷിമേയിയോട് ക്ഷമിക്കുകയല്ലാതെ മറ്റൊന്നും അപ്പോൾ ചെയ്യാൻ കഴിഞ്ഞില്ല; ഷിമേയിക്കെതിരേ നടപടിയെടുക്കാൻ മകൻ സോളമനോടു പറഞ്ഞത് മരണത്തിനു തൊട്ടുമുൻപാണ് (1 രാജാ 2,8-9). കൊട്ടാരം സൂക്ഷിക്കാൻ വിട്ടിട്ടുപോന്ന ഉപനാരിമാരെ മട്ടുപ്പാവിൽവച്ച് പരസ്യമായി ബലാൽക്കാരം ചെയ്ത് അബ്ശലോം തന്റെ രാജത്വം സ്ഥാപിച്ചു; ഊറിയായുടെ പിതാമഹനും ദാവീദിന്റെ വിശ്വസ്ത ഉപദേഷ്ടാവുമായ അഹിത്തോഫലിന്റെ ഉപദേശമനുസരിച്ചായിരുന്നു അത് (2 സാമു 16,15-23). തുടർന്നുണ്ടായ യുദ്ധത്തിൽ അബ്ശലോം കൊല്ലപ്പെട്ടതോടെയാണ് ഈ ആഭ്യന്തരകലാപം അവസാനിച്ചത്. മകന്റെ ജീവൻ രക്ഷിക്കണം എന്ന് ദാവീദ് കല്പിച്ചിരുന്നെങ്കിലും സൈന്യാധിപൻ യൊവാബുതന്നെ മരകൊമ്പിൽ മുടിയുടക്കി തൂങ്ങിക്കിടന്ന അവന്റെ നെഞ്ചിൽ മൂന്നു കുന്തങ്ങൾ കുത്തിയിറക്കി (2സാമു 18,14). "എന്റെ മകനേ, അബ്ശലോം..... നിനക്കുപകരം ഞാൻ മരിച്ചിരുന്നെങ്കിൽ" (2 സാമു 18,33) എന്ന ദാവീദിന്റെ വിലാപം സൈന്യത്തിൽ ഉണർത്തിയത് സഹതാപമല്ല അവജ്ഞയും നിരാശയുമായിരുന്നു.

കലാപമൊതുങ്ങി, ദാവീദു തിരിച്ചുവന്നെങ്കിലും ഷേബായുടെ നേതൃത്വത്തിൽ യൂദാ ഒഴികെ പതിനൊന്നു ഗോത്രങ്ങളും ദാവീദിനെ

തിരേ തിരിഞ്ഞു. വളരെ ക്ലേശിച്ചാണ് ആ കലാപം അടിച്ചമർത്തിയത്. പക്ഷേ ദേശത്തിന്റെ ഐക്യവും സമാധാനവും ഉള്ളിൽനിന്നുതന്നെ തകർന്നുകൊണ്ടിരുന്നു. മരണത്തിനു തൊട്ടുമുമ്പായി ദാവീദ് മറ്റൊരു തെറ്റുകൂടി ചെയ്തു – ജനസംഖ്യ എടുത്തു (2 സാമു 24). ദൈവജനത്തെ എണ്ണാൻ പാടില്ല എന്നായിരുന്നു നിയമം. തന്റെ പ്രജകളുടെ എണ്ണത്തിൽ രാജാവ് ഊറ്റം കൊള്ളരുത് എന്നതായിരുന്നു കാരണം. കുറ്റകൃത്യം കഴിഞ്ഞപ്പോൾ ദാവീദിനു മനഃസാക്ഷിക്കുത്തുണ്ടായി. പാപം ഏറ്റു പറഞ്ഞു മാപ്പിരന്നു; കർത്താവ് ക്ഷമിച്ചെങ്കിലും ശിക്ഷയുണ്ടായി (2 സാമു 24,10–17).

വാർദ്ധക്യത്തിൽ രോഗശയ്യയിലായ ദാവീദിന്റെ ദുഃഖങ്ങൾ തീർന്നില്ല. പിതാവു മരിക്കാൻ പോകുന്നു എന്നു മനസ്സിലാക്കിയ, ശേഷിച്ച പുത്രരിൽ മൂത്തവനായ അദോനിയാ സ്വയം രാജാവായി പ്രഖ്യാപിച്ചു. ആദ്യന്തം ദാവീദിന്റെകൂടെ ഉണ്ടായിരുന്ന സൈന്യാധിപൻ യൊവാബും പുരോഹിതൻ അബിയാഥറും അയാൾക്കു പിൻതുണ പ്രഖ്യാപിച്ചു. നാഥാൻ പ്രവാചകൻ ഇടപെട്ട് ബത്ഷേബായിലൂടെ ദാവീദിനെ വിവരം ധരിപ്പിച്ചു. തനിക്കു തന്നിരുന്ന വാഗ്ദാനത്തെ അനുസ്മരിപ്പിച്ചു. ദാവീദ് ഉണർന്നു പ്രവർത്തിച്ചു. സോളമനെ രാജാവായി പ്രഖ്യാപിച്ചു; രാജാഭിഷേകത്തിനും എഴുന്നള്ളത്തിനും നിർദ്ദേശങ്ങൾ നല്കി. ഇതു വീണ്ടും പ്രതിസന്ധി സൃഷ്ടിച്ചു. അതവസാനിക്കുമ്പോൾ അദോനിയായും യൊവാബും കൊല്ലപ്പെട്ടു; അബിയാഥർ നാടുകടത്തപ്പെട്ടു. തുടർന്ന് മകൻ സോളമന്റെ ഭരണമായി.

തെറ്റായ ഒരാഗ്രഹത്തിൽ തുടങ്ങിയതാണ് ദാവീദിന്റെ പതനം. ആഗ്രഹം അഭിലാഷമായി, ആസക്തിയായി. ആ കാമാഗ്നിയിൽ എല്ലാം വെന്തെരിഞ്ഞു, മാന്യതയും കുടുംബവും രാജ്യവും. ഒരു നിമിഷനേരം കർത്താവിനെ വിസ്മരിച്ചതുകൊണ്ടു സംഭവിച്ച ഭീകരദുരന്തങ്ങളുടെ ഫലം ദാവീദു മാത്രമല്ല ജനം മുഴുവൻ അനുഭവിക്കേണ്ടിവന്നു. ദാവീദിന്റെ ഒരു മകൾ ബലാല്ക്കാരത്തിനിരയായി; പത്ത് ഉപനാരികൾ പട്ടാപ്പകൽ ആക്രമിക്കപ്പെട്ടു, അതും സ്വന്തം പുത്രനാൽ. പുത്രന്മാരിൽ മൂന്നു പേർ വധിക്കപ്പെട്ടു. മറ്റാരുമല്ല, സ്വന്തം സഹോദരന്മാർ തന്നെയാണ് അവരെ കൊന്നത്. തീർന്നില്ല ദുരന്തങ്ങൾ. രാജ്യം ആഭ്യന്തരകലാപത്തിൽ ആണ്ടു. അവസാനം സോളമന്റെ മരണത്തിനുശേഷം രണ്ടായി പിളർന്നു. ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം ഇവിടെ പ്രകടമാകുന്നു.

വഴിതെറ്റിയ ആഗ്രഹങ്ങൾ വരുത്തിവയ്ക്കുന്ന ദുരന്തത്തോടൊപ്പം മറ്റു ചില പാഠങ്ങൾകൂടി ഈ വിവരണങ്ങൾ നല്കുന്നുണ്ട്. സ്ത്രീയുടെ


നഗ്നസൗന്ദര്യമാണ് ഈ ദുരന്തങ്ങൾക്കു തുടക്കം കുറിച്ചത്. മലയിൽ നിന്നുരുട്ടിവിട്ട കല്ലുപോലെ, ഉരുളുന്തോറും ശക്തിയാർജ്ജിച്ച് സർവ്വതും തകർത്തു. മറ്റുള്ളവർക്കു പാപകാരണമാകുന്നവർ ശ്രദ്ധിക്കണം. അതു തങ്ങളുടെ വേഷമാകട്ടെ, സംസാരമാകട്ടെ, പ്രവർത്തനമാകട്ടെ, ഇത് തീക്കളിയാണ്. ലാഭം കൊയ്യാൻവേണ്ടി മനുഷ്യനഗ്നത കച്ചവടച്ചരക്കാക്കുന്ന പരസ്യക്കമ്പനികൾ മാത്രമല്ല, മാന്യതയുടെ അതിരുകൾ ലംഘിച്ച്, മറ്റുള്ളവരിൽ ആസക്തി ഉണർത്തുംവിധം, വസ്ത്രം ധരിച്ചും ധരിക്കാതെയും ശരീരം പ്രകടിപ്പിക്കുന്നവർ വലിയ ദുരന്തങ്ങൾ വരുത്തിവയ്ക്കും എന്നതിന് അനുദിനം കേൾക്കുകയും കാണുകയും ചെയ്യുന്ന ലൈംഗിക പീഡനങ്ങൾ സാക്ഷി. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നല്കുന്നവർ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരി കല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതായിരിക്കും" (മത്താ 18,6).

ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ ബന്ധിപ്പിച്ച്, അവരെ ഇണയും തുണയുമാക്കി, മക്കൾക്കു ജന്മം നല്കി നേർവഴിക്കു നടത്താൻ വേണ്ടിയാണ് ദൈവം മനുഷ്യനെ സത്രീയും പുരുഷനുമായി സൃഷ്ടിച്ചത്. ഏകപത്നീ-പതി വ്രതമാണ് വിവാഹത്തെ സംബന്ധിച്ച ദൈവികപദ്ധതി (ഉൽപ 1,26-30; 2,18). എന്നാൽ ദാവീദിനു ഭാര്യമാർ ഏഴുണ്ടായിരുന്നു (2 സാമു 3,2-5). ഇതിനെ ഒരു തെറ്റായി എടുത്തു പറഞ്ഞു ശാസിക്കുന്നില്ലെങ്കിലും സൂചനകൾ നല്കുന്നുണ്ട്. പല ഭാര്യമാരിൽ ജനിച്ച മക്കൾ തമ്മിലാണ് ആസക്തിയും, ശത്രുതയും പകയും വളർന്നത്. ദാമ്പത്യജീവിതത്തിൽ പാലിക്കേണ്ട വിശ്വസ്തതയ്ക്ക് ഇവിടെ ഊന്നൽ നൽകുന്നു.

മാതാപിതാക്കളും മേലധികാരികളും മക്കളെയും ജനങ്ങളെയും നേർവഴിക്ക് നയിക്കണം. തെറ്റു കാണുമ്പോൾ തിരുത്തണം, ശാസിക്കണം. വേണ്ടിവന്നാൽ ശിക്ഷിക്കണം. അല്ലെങ്കിൽ ദാവീദിന്റെ കുടുംബത്തിനു സംഭവിച്ചതായിരിക്കും അനുഭവം. പക്ഷേ, തിരുത്തണമെങ്കിൽ സ്വന്തം ജീവിതം കുറ്റമറ്റതായിരിക്കണം. ധാർമ്മികാധികാരം നഷ്ടപ്പെട്ടവർക്ക് എങ്ങനെ മറ്റുള്ളവരെ ശാസിക്കാനാവും? കോടികൾ കട്ടെടുക്കുന്ന മേലധികാരികൾ ചെറിയ തുക കൈക്കൂലി വാങ്ങുന്ന കീഴുദ്യോഗസ്ഥരെ ശിക്ഷിക്കുന്നതുപോലെ അപഹാസ്യമാകില്ലേ അത്? മദ്യപിക്കുന്ന പിതാവിന് മദ്യപിക്കരുതെന്ന് മക്കളെ ഉപദേശിക്കാൻ കഴിയുമോ?

അനുതാപത്തിന്റേതാണ് ദാവീദു നല്കുന്ന ഏറ്റം വലിയ പാഠം. താൻ ചെയ്തതു തെറ്റു മാത്രമല്ല, ദൈവത്തിനെതിരേയുള്ള പാപമാ

ണെന്ന് ദാവീദു തിരിച്ചറിഞ്ഞു, ഏറ്റുപറഞ്ഞു, അനുതപിച്ചു. കർത്താവ് തന്നെ തിരുസന്നിധിയിൽനിന്നു തള്ളിക്കളയില്ല എന്നു വിശ്വസിച്ചു; തള്ളിക്കളയരുതേ എന്നു പ്രാർത്ഥിച്ചു. അതുതന്നെയാണ് ദാവീദിന്റെ കഥ സവിസ്തരം പ്രതിപാദിക്കുന്നതിലൂടെ ബൈബിൾ നല്കുന്ന പാഠം. പാപിയുടെ മരണമല്ല, മാനസാന്തരമാണ് ദൈവം അനുഗ്രഹിക്കുന്നത് "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെ ക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" (ലൂക്കാ 15,7) എന്ന യേശുവചനം ദാവീദിന്റെ പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരമാണ്. ഏവർക്കും പ്രത്യാശ നല്കുന്ന വാഗ്ദാനം.




# പകയും വിദ്വേഷവും വരുത്തിയ ദുരന്തം

## അബ്ശലോം

*"തന്റെ സഹോദരി താമാറിനെ മാനഭംഗപ്പെടുത്തിയതിനാൽ അവൻ അമ്നോനെ വെറുത്തു"* (2 സാമു 13,22).

ദാവീദിന്റെ ഏഴു ഭാര്യമാരിൽ രാജപുത്രി മാഖായുടെ മകനായിരുന്നു അബ്ശലോം. "ഇസ്രായേലിലെങ്ങും അബ്ശലോമിനെപ്പോലെ സുന്ദരനായി ആരും ഉണ്ടായിരുന്നില്ല. അടി മുതൽ മുടിവരെ തികവുറ്റവനായിരുന്നു അവൻ. അവന്റെ മുടി വെട്ടുമ്പോൾ വർഷത്തിലൊരിക്കലാണതു വെട്ടുക, മുടി വളർന്ന് ഭാരമാകുന്നതുകൊണ്ടത്രെ അത് വെട്ടുന്നത് - കത്രിച്ചു കളയുന്ന മുടി രാജത്തൂക്കത്തിന് ഇരുനൂറു ഷെക്കൽ ഭാരമുണ്ടായിരുന്നു" (2 സാമു 14, 25-26). പിതാവ് സമാധാനം എന്നോ സമാധാനത്തിന്റെ പിതാവ് എന്നോ വിവർത്തനം ചെയ്യാം അബ്ശലോം എന്ന പേരിനെ. എന്നാൽ പേരു നൽകുന്ന പ്രതീക്ഷയ്ക്കു കടകവിരുദ്ധമായിരുന്നു അയാളുടെ ജീവിതം. അയാൾക്കു സമാധാനമുണ്ടായില്ല, മറ്റാർക്കും അയാൾ സമാധാനം നല്കിയതുമില്ല. സ്വന്തം സഹോദരനെ ചതിയിൽ വധിക്കുകയും സ്വപിതാവിനെതിരേ കലാപം

ഉയർത്തുകയും ഇസ്രായേൽ രാജ്യത്തെത്തന്നെ വലിയൊരു പിളർപ്പിന്റെ വക്കിലെത്തിക്കുകയും ചെയ്ത ഒരു ദുരന്ത കഥാപാത്രമാണ് അബ്ശലോം. 2 സാമു 3,2–5; 13–18 അധ്യായങ്ങളിൽ അയാളെക്കുറിച്ചുള്ള വിവരണം കാണാം.

അനേകം ഭാര്യമാരുണ്ടായിരുന്ന ദാവീദിന്റെ അന്തഃപുരത്തിൽ നിന്നാണ് ദുരന്തത്തിന്റെ തുടക്കം. "ദാവീദിന്റെ മകൻ അബ്ശലോമിന് സുന്ദരിയായ ഒരു സഹോദരിയുണ്ടായിരുന്നു. താമാർ എന്നായിരുന്നു അവളുടെ പേര്. ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ അവളെ കാംക്ഷിച്ചു" (2 സാമു 13,1). സഹോദരനിൽ ആസക്തി ഉണർത്തിയ താമാറിന്റെ സൗന്ദര്യം കുടുംബ കലഹത്തിനും ദുരന്തങ്ങൾക്കും തുടക്കം കുറിച്ചു. തന്റെ ആഗ്രഹം നിറവേറ്റാൻ സുഹൃത്തായ യോനാദാബ് ഉപദേശിച്ച തന്ത്രം പ്രയോഗിച്ച് അമ്നോൻ വിജയിച്ചു. അസുഖം നടിച്ചു കിടന്ന അയാളുടെ കിടപ്പറയിലേക്ക്, വരാൻ പോകുന്ന ഭവിഷ്യത്തുകൾ അറിയാതെ, ദാവീദുതന്നെ മകൾ താമാറിനെ പറഞ്ഞയച്ചു; സഹോദരി തന്റെ മുറിയിൽ വച്ചു പാകം ചെയ്യുന്ന ഭക്ഷണം കഴിച്ചാലേ തന്റെ അസുഖം മാറൂ എന്ന അമ്നോന്റെ അപേക്ഷയനുസരിച്ചാണ് ദാവീദു പ്രവർത്തിച്ചത്. തന്റെ ഭവനത്തിൽ, അന്തഃപുരത്തിലും മക്കളുടെ ഇടയിലും, എന്തു സംഭവിക്കുന്നു എന്ന് പിതാവായ ദാവീദ് അറിഞ്ഞിരുന്നില്ല.

അമ്നോന്റെ ബലാൽക്കാരശ്രമത്തെ യുക്തിവിചാരം കൊണ്ടും യാചനകൊണ്ടും തടുക്കാൻ ശ്രമിച്ച താമാർ പരാജയപ്പെട്ടു. "ഇല്ല സഹോദരാ എന്നെ അപമാനിക്കരുതേ! ദയവായി രാജാവിനോടപേക്ഷിക്കുക. അവൻ എന്നെ നിനക്കു വിവാഹം ചെയ്തു തരും. അവൾ കേണപേക്ഷിച്ചു" (2 സാമു 13,13). അവൻ അപേക്ഷ കേട്ടില്ല. ബലം പ്രയോഗിച്ച് അവളുമായി ശയിച്ചു. കാര്യം കഴിഞ്ഞപ്പോൾ അവൻ അവളെ വെറുത്തു. അമ്നോന് താമാറിനോടു തോന്നിയ വികാരം സ്നേഹമല്ല, കാമമായിരുന്നു, മനുഷ്യനെ അന്ധനാക്കുന്ന അതിശക്തമായ വികാരം. മുറിവിട്ടു പോകാൻ വിസമ്മതിച്ച അവളെ അമ്നോൻ ബലമായി പിടിച്ചു പുറത്താക്കി പടിയടച്ചു.

കന്യകാത്വം നഷ്ടപ്പെട്ടതിന്റെ അടയാളമായി വസ്ത്രം വലിച്ചുകീറി, തലയിൽ കൈവച്ച് ഉറക്കെ നിലവിളിച്ച് തെരുവിലൂടെ നടന്നുവരുന്ന സഹോദരിയെ അബ്ശലോം കണ്ടു. കാരണം മനസ്സിലാക്കിയ അബ്ശലോം നിശ്ശബ്ദത പാലിച്ചു. പുകയുന്ന അഗ്നി പർവ്വതം പോലെ, പക ഉള്ളിലൊതുക്കി, പ്രതികാരത്തിനായി അവസരം കാത്തി

രുന്നു. സംഭവത്തെക്കുറിച്ചറിഞ്ഞ ദാവീദ് കോപിച്ചു. എന്നാൽ ആ കോപം കൊണ്ടു ഫലമുണ്ടായില്ല. അമ്നോനെ ശാസിക്കാനോ ശിക്ഷിക്കാനോ ദാവീദ് തയ്യാറായില്ല; അഥവാ ധൈര്യപ്പെട്ടില്ല (2 സാമു 13,15-22). താൻ ബത്ഷേബായോടു ചെയ്തതും ഇതുതന്നെയാണല്ലോ എന്ന ചിന്ത അയാളുടെ ധാർമ്മികശക്തി ചോർത്തിക്കളഞ്ഞതുകൊണ്ടാവാം.

രണ്ടു വർഷത്തിനുശേഷമാണ് അബ്ശലോം പ്രതികാരത്തിന് അവസരം കണ്ടെത്തിയത്. അപ്പോഴേക്കും താമാർ സംഭവം എല്ലാവരും മറന്നിരിക്കും. അല്ലെങ്കിൽ വന്നുപോയ ഒരത്യാഹിതമായി അംഗീകരിച്ചിരിക്കും. താൻ ചെയ്തതു വഞ്ചനയായിരുന്നു എന്ന് അമ്നോനും ബോധ്യമുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഇതിൽ എന്തു ചിന്തിക്കാൻ! നാട്ടുനടപ്പല്ലേ എന്നു കരുതിയിട്ടുണ്ടാവാം. പക്ഷേ, അവഹേളിതയായി, ഇനി ഒരു വിവാഹത്തിനു സാധ്യതയില്ലാതെ, തന്റെ വീട്ടിൽ പാർക്കുന്ന സഹോദരിയുടെ മുഖം അബ്ശോലമിന്റെ ഉള്ളിലെ പ്രതികാരാഗ്നിക്ക് ഇന്ധനം പകർന്നു.

അബ്ശലോം തന്ത്രപൂർവ്വം കരുക്കൾ നീക്കി. തന്റെ ആടുകളുടെ രോമം കത്രിക്കുന്നതിന്റെ ആഘോഷത്തിന് ദാവീദിനെയും പുത്രന്മാരെയും ക്ഷണിച്ചു. ദാവീദ് ഒഴിഞ്ഞുമാറി. എന്നാൽ അബ്ശോലമിന്റെ നിർബന്ധത്തിനു വഴങ്ങി രാജപുത്രന്മാരെ വിരുന്നിനു പോകാൻ അനുവദിച്ചു. മുൻകൂർ നിശ്ചയിച്ചിരുന്നതനുസരിച്ച് വീഞ്ഞുകുടിപ്പിച്ച് ഉന്മത്തനാക്കിയ അമ്നോനെ അബ്ശലോമിന്റെ സേവകർ വധിച്ചു. മറ്റു രാജപുത്രന്മാർ ഭയന്ന് ഓടിരക്ഷപ്പെട്ടു (2 സാമു 13,23-29). ദാവീദിന്റെ ക്രോധത്തെ ഭയന്ന് അബ്ശലോം തന്റെ മാതൃപിതാവായ ഗഷൂർരാജാവ് തൽമായിയുടെ അടുക്കൽ അഭയം പ്രാപിച്ചു (2 സാമു 13,30-38).

മൂന്നു വർഷങ്ങൾക്കുശേഷമാണ് അടുത്ത സംഭവം. അമ്നോന്റെ മരണത്തിലുള്ള ദുഃഖം ശമിച്ചപ്പോൾ ദാവീദ് അബ്ശലോമിനെ കാണാൻ ആഗ്രഹിച്ചു (2 സാമു 13,38). രാജാവിന്റെ ആഗ്രഹം മനസ്സിലാക്കിയ സൈന്യാധിപൻ യോവാബ് കൗശലപൂർവ്വം പദ്ധതിയൊരുക്കി. അഭിനയവിദഗ്ധയായ ഒരു തെക്കോവാക്കാരിയുടെ സഹായത്തോടെ ദാവീദിനെ കുടുക്കി, അബ്ശലോമിനെ തിരികെ കൊണ്ടുവരാൻ അനുവാദം വാങ്ങി (2 സാമു 14, 1-27). തിരിച്ചു വന്ന അബ്ശലോം തലസ്ഥാനഗരിയിൽ നിന്നകലെ സ്വന്തം ഭവനത്തിൽ വസിച്ചു. അയാളെ കാണാൻ ദാവീദ് കൂട്ടാക്കിയില്ല. രണ്ടു വർഷങ്ങൾക്കു ശേഷമാണ്, വീണ്ടും യൊവാബിന്റെ മധ്യസ്ഥതയിൽ അബ്ശലോമിന് ജറുസലേമിലേക്കു വരാൻ ദാവീദ് അനുവാദം നല്കിയത്. തന്റെ സന്നിധിയിൽ

പ്രണമിച്ച പുത്രനെ രാജാവ് ചുംബിച്ചു (2 സാമു 14,33). അത് സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും സ്വാഗതത്തിന്റെയും സൂചനയായിരുന്നു. ശാസനയായി ഒറ്റ വാക്കുപോലും ദാവീദിൽനിന്നു നാം കേൾക്കുന്നില്ല. മകന്റെ ഉള്ളിലിരിപ്പ് ആ പിതാവിനറിയാൻ കഴിഞ്ഞില്ല.

അബ്ശലോമിന്റെ അടുത്ത നോട്ടം രാജസിംഹാസനത്തിലേക്കായിരുന്നു. അതു കഴിവതും വേഗം പിടിച്ചെടുക്കണം എന്ന് അയാൾ തീരുമാനിച്ചു. തന്റെ പദ്ധതി ആരും അറിയാതെ ഒരുക്കി. ഓരോ ആവശ്യങ്ങൾക്കായി രാജകൊട്ടാരത്തിൽ വരുന്നവരെ വഴിക്കു വച്ചു തടഞ്ഞുനിർത്തി രാജാവിനെതിരേ ദുഷ്പ്രചരണങ്ങൾ ആരംഭിച്ചു. "നിന്റെ കാര്യം വളരെ ന്യായമാണ്. പക്ഷേ, നിന്റെ വ്യവഹാരം കേൾക്കാൻ രാജാവ് ആരെയും നിയോഗിച്ചിട്ടില്ലല്ലോ" (2 സാമു 15,3). താൻ രാജാവായിരുന്നെങ്കിൽ എത്രവേഗം അവരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുമായിരുന്നു. എന്നാൽ താനല്ലല്ലോ രാജാവ്! പ്രചരണം സാവധാനം ഫലമുളവാക്കി. ജനത്തിന്റെ ഹൃദയം അവനിലേക്കു ചാഞ്ഞു.

തന്റെ മൂക്കിനു താഴെ നടക്കുന്ന ഈ ഉപജാപങ്ങളെക്കുറിച്ചും ദാവീദ് അറിഞ്ഞില്ല. രാജാവിന്റെ ചിന്തയും ശ്രദ്ധയും മറ്റെവിടെയോ ആയിരുന്നു. അതുകൊണ്ടാണല്ലോ ഒരു നേർച്ച നിറവേറ്റാനായി ഹെബ്രോണിലേക്കു പോകാൻ അനുവാദം ചോദിച്ചപ്പോൾ ആശീർവാദവും നല്കി പറഞ്ഞയച്ചത് (2 സാമു 15,7-9). ഹെബ്രോണിലാണ് താൻ ഭരണം ആരംഭിച്ചതെന്ന കാര്യം ദാവീദ് മറന്നോ? ഉപജാപങ്ങൾ അതിവേഗം ശക്തിപ്പെട്ടു. ദാവീദിന്റെ മുഖ്യ ഉപദേഷ്ടാവായ അഹിത്തോഫെൽ അബ്ശലോമിനു പിന്തുണ നല്കി. ദേശത്തുടനീളം ദൂതന്മാരെ അയച്ച് ജനങ്ങളെ തന്റെ പക്ഷം ചേർത്തു. വലിയൊരു സംഘം തന്നോടുകൂടെ ഉണ്ട് എന്നുറപ്പായപ്പോൾ ജറുസലേമിലേക്ക് സൈന്യസമേതം മാർച്ചുചെയ്യാൻ തീരുമാനിച്ചു.

ദാവീദ് അറിഞ്ഞപ്പോഴേക്കും വൈകിപ്പോയി. കാര്യങ്ങൾ കൈവിട്ടുപോയി എന്നു മനസ്സിലാക്കിയ ദാവീദിന് ഇനി ഒന്നേ അവശേഷിച്ചിട്ടുള്ളൂ. ഒളിച്ചോടുക! താൻ പിടിച്ചടക്കി രാജ്യത്തിന്റെ തലസ്ഥാനമാക്കി, ദാവീദിന്റെ പട്ടണമെന്നും ദൈവത്തിന്റെ നഗരമെന്നും വിളിച്ച ജറുസലെമിൽ നിന്നും കർത്താവിന്റെ പേടകത്തിന്റെ സന്നിധിയിൽ നിന്നും പരാജിതനായ ദാവീദ് പരിവാരങ്ങളുമൊത്ത് അതിവേഗം നഗരം വിട്ടു. തലമൂടി, കണ്ണീരൊഴുക്കി വിലപിച്ചുകൊണ്ട്, മരുഭൂമിയിലേക്കു പലായനം ചെയ്തു (2 സാമു 15,13-16,14).

നിർബാധം നഗരത്തിൽ പ്രവേശിച്ച അബ്ശലോം അഹത്തോഫ

ലിന്റെ ഉപദേശമനുസരിച്ച് "കൊട്ടാരത്തിനു മുകളിൽ ഒരു കൂടാരം ഒരുക്കി. അവിടെ ഇസ്രായേൽക്കാർ കാൺകെ അബ്ശലോം പിതാവിന്റെ ഉപനാരികളെ പ്രാപിച്ചു" (2 സാമു 16,22). രാജാവകാശം കൈവശമാക്കിയതിന്റെ അടയാളമായിരുന്നു ഇത്. എല്ലാം ശുഭമായി, സാമ്രാജ്യം തന്റെ കൈപ്പിടിയിൽ ഒതുങ്ങി എന്നു അബ്ശലോം കരുതി. പക്ഷെ അയാൾക്കു തെറ്റി. തന്റെ പരാജയത്തിന്റെ അടിസ്ഥാനശില ഉറപ്പിക്കുകയാണ് നീചവും നികൃഷ്ടവുമായ ഈ പ്രവൃത്തിയിലൂടെ താൻ ചെയ്തത് എന്ന് അയാൾ അപ്പോൾ മനസ്സിലാക്കിയില്ല. ആസക്തിയും ദുരയും അയാളെ അത്രകണ്ട് അന്ധനാക്കിയിരുന്നു.

ഒളിച്ചോടിയ പിതാവിനെ പിടികൂടി വധിച്ചാലേ തന്റെ ഭരണം സുസ്ഥിരമാകൂ എന്ന് അബ്ശലോമിനറിയാമായിരുന്നു. അഹിത്തോഫെൽ ഉപദേശം നല്കി: "പന്തീരായിരം പേരേയുംകൂട്ടി ഇന്നു രാത്രി ഞാൻ ദാവീദിനെ പിന്തുടരട്ടെ. അവൻ ക്ഷീണിച്ച് ധൈര്യം കെട്ടിരിക്കുമ്പോൾ ഞാൻ ചെന്ന് ആക്രമിക്കും. കൂടെയുള്ളവർ ഓടിപ്പോകും. രാജാവിനെ മാത്രം ഞാൻ കൊന്നുകളയും..... ഒരാളെ മാത്രമേ നീ കൊല്ലാൻ നോക്കുന്നുള്ളൂ" (2 സാമു 17,1–3). തന്റെ പേരക്കിടാവായ ഊറിയായോടു ചെയ്ത അതിക്രമത്തിന് ദാവീദിനോടു പ്രതികാരം ചെയ്യാൻ ഒരവസരമായി അയാൾ കരുതിയിട്ടുണ്ടാവും. ഈ നിർദ്ദേശം നല്ലതെന്നു തോന്നിയെങ്കിലും മറ്റൊരുപദേഷ്ടാവായ ഹൂഷായിയുടെ അഭിപ്രായവും കൂടി കേട്ടിട്ടാവട്ടെ തീരുമാനം എന്ന് അബ്ശലോം നിശ്ചയിച്ചു.

രാജാവിന്റെ ധൈര്യവും ശക്തിയും യുദ്ധപാടവവും എല്ലാം വിശദമായി വിവരിച്ചതിനുശേഷം ഹൂഷായ് നല്കിയ ഉപദേശം ഇതായിരുന്നു. ഉടനെ പുറപ്പെടുന്നത് അപകടകരമാണ്. ഇസ്രായേൽ ജനത്തെ മുഴുവൻ ഒരുമിച്ചുകൂട്ടി യുദ്ധം ചെയ്യുക. ദാവീദിനെയും സൈന്യത്തെയും നിഷ്പ്രയാസം പരാജയപ്പെടുത്താൻ കഴിയും. കൂടുതൽ മെച്ചമെന്നു തോന്നിയ ഈ നിർദ്ദേശമാണ് അബ്ശലോം സ്വീകരിച്ചത്. തനിക്കെതിരേ ദാവീദയച്ച ചാരനാണ് ഹൂഷായ് എന്ന് അബ്ശലോം മനസ്സിലാക്കിയില്ല. അതും കർത്താവിന്റെ പദ്ധതിയായിരുന്നു (2 സാമു 17,5–14).

ഹൂഷായിയുടെ നിർദ്ദേശമനുസരിച്ച് അബ്ശലോം യുദ്ധം നയിച്ചു. ദയനീയമായിരുന്നു പരാജയം. വേഗത്തിൽ തട്ടിക്കൂട്ടിയ ആൾക്കൂട്ടം യോവാബിന്റെ നേതൃത്വത്തിൽ അണിനിരന്ന പരിചയസമ്പന്നമായ ദാവീദിന്റെ സൈന്യത്തെ എതിരിട്ടത് വനത്തിൽ വച്ചായിരുന്നു. യുദ്ധഭൂമി തിരഞ്ഞെടുത്തത് യൊവാബ്. അയാൾ ഒരുക്കിയ കെണിയിൽ

അബ്ശലോമും സൈന്യവും വീണു. അനേകർ കൊല്ലപ്പെട്ടു. കോവർ കഴുതയുടെ പുറത്ത് ഓടിരക്ഷപ്പെടാൻ ശ്രമിച്ച അബ്ശലോമിന്റെ അഴകിന്റെ അടയാളമായ മുടി ഒക്കുവൃക്ഷത്തിന്റെ ചില്ലയിൽ ഉടക്കി. ആകാശത്തിനും ഭൂമിക്കും മധ്യേ നിസ്സഹായനായി തൂങ്ങിക്കിടന്ന അയാളെ നെഞ്ചിൽ കുന്തമിറക്കി യൊവാബ് കൊന്നുകളഞ്ഞു. അടുത്തുകണ്ട കുഴിയിൽ വലിച്ചെറിഞ്ഞ ശവത്തിനു മുകളിൽ ഒരു കല്ക്കൂമ്പാരം ഉണ്ടാക്കിയതോടെ അയാളുടെ കഥ കഴിഞ്ഞു.

സുന്ദരനായിരുന്നു അബ്ശലോം; അയാളുടെ സഹോദരി താമാറും. സഹോദരിയുടെ സൗന്ദര്യം പരാജയത്തിനു തുടക്കം കുറിച്ചു. തന്റെ അഭിമാനവും സൗന്ദര്യത്തിലകവുമായി കരുതി സൂക്ഷിച്ച നീണ്ടമുടി അയാളുടെ പരാജയത്തിനു മുദ്രവച്ചു. പ്രത്യക്ഷത്തിൽ നല്ലതെന്നു തോന്നുന്നത് എപ്പോഴും നല്ലതായിരിക്കണം എന്നില്ല; നന്മയിലേക്കു നയിച്ചെന്നും വരില്ല. ഒരു പരിധിവരെ ദാവീദിന്റെ അശ്രദ്ധയും അവിവേകവുമാണ് അബ്ശലോമിന്റെ പതനത്തിനു കാരണം എന്നു തോന്നാം. സഹോദരിക്കു നേരിട്ട അപമാനത്തെ ദാവീദു ഗൗരവമായി കരുതി പ്രതികരിക്കാതിരുന്നതിനാൽ അമ്നോനോട് അബ്ശലോമിനു ശത്രുത തോന്നിയതിൽ കുറെയൊക്കെ ന്യായീകരണം കണ്ടെത്താനും കഴിയും. എന്നാൽ പകയും പ്രതികാരവും ഒന്നിനും പരിഹാരമാവുകയില്ല എന്നു പഠിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ആരും അത് അയാളെ പഠിപ്പിച്ചുമില്ല. അതിനുവേണ്ടി മനുഷ്യവർഗ്ഗം തന്നെ ഒരായിരം വർഷം കാത്തിരിക്കേണ്ടിവന്നു, "ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ...... ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കുക" (ലൂക്കാ 6,27–29) എന്ന പ്രബോധനം നല്കിയ ദൈവപുത്രന്റെ സന്ദേശം ലഭിക്കാൻ.

വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാതെ പോയതാണ് അമ്നോന്റെ പരാജയത്തിനു കാരണം. മനുഷ്യന് ഊർജ്ജവും പ്രവർത്തനക്ഷമതയും നല്കുന്നത് വികാരങ്ങളാണ്. എന്നാൽ അധമവികാരങ്ങളെ കയറൂരിവിട്ടാൽ ഉരുൾപൊട്ടി ഒഴുകുന്ന മലവെള്ളംപോലെ അത് വഴിയിൽ കാണുന്നതിനെയെല്ലാം വിഴുങ്ങും. പഞ്ചേന്ദ്രിയങ്ങളിലൂടെ കടന്നുവരുന്ന കാര്യങ്ങളാണ് വികാരങ്ങളെ ഉണർത്തുന്നത്. അതിനാൽ കണ്ണിനും കാതിനും നാവിനും കാവൽ ഏർപ്പെടുത്തണം. കർശനമായ ആത്മനിയന്ത്രണം പാലിച്ചില്ലെങ്കിൽ അധമവികാരങ്ങൾ വളർന്ന് സർവ്വനാശം വിതയ്ക്കും എന്ന് ദാവീദിന്റെ അനുഭവത്തിനുപുറമേ അമ്നോന്റെയും അബ്ശലോമിന്റെയും കഥകളും പഠിപ്പിക്കുന്നു. അശ്ലീല

സംസാരങ്ങളിലും കാഴ്ചകളിലും അഭിരമിക്കുന്നവർക്കു തങ്ങളുടെ അധമവികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാതെ പോയാൽ അതിൽ അത്ഭുതത്തിനു വകയില്ല.

ദുരയാണ് അബ്ശലോമിന്റെ പരാജയത്തിന്റെ അവസാന കാരണം. അതിമോഹം അയാളെ അന്ധനാക്കി. രാജസ്ഥാനം കരസ്ഥമാക്കാൻ വേണ്ടി ഏതക്രമത്തിനും അയാൾ തയ്യാറായി. സ്വന്തം പിതാവിന്റെ ഭാര്യമാരുടെകൂടെ പരസ്യമായി ശയിക്കാൻ അയാൾ മടിച്ചില്ല. പിതാവിന്റെ ജീവൻ വേട്ടയാടുന്നതിൽ ഒരുതെറ്റും അയാൾ കണ്ടില്ല. അധികാരമോഹം അയാളെ അന്ധനാക്കി, വിവേകം നശിപ്പിച്ചു; ജീവനും നഷ്ടപ്പെടുത്തി. അബ്ശലോമിന്റെ ശവത്തിനു മുകളിൽ വാരിക്കൂട്ടിയ കല്ക്കൂന വലിയൊരു താക്കീതായി നില്ക്കുന്നു, ഇന്നും ഏറെ വിലപ്പെട്ടതും കാലിക പ്രസക്തിയുള്ളതുമായ ഒരടയാളമായി.




# വിജ്ഞാനം വഴിതെറ്റിയ മഹാജ്ഞാനി

## സോളമൻ

*"സോളമൻ രാജാവ് അനേകം വിദേശവനിതകളെ പ്രേമിച്ചു..........അവർ അവന്റെ ഹൃദയം വ്യതിചലിപ്പിച്ചു"*
(1 രാജാ 11,1–3)

മഹാജ്ഞാനിയാണ് സോളമൻ. ജ്ഞാനത്തിനു പേരുകേട്ട മധ്യപൗരസ്ത്യദേശത്തും ഈജിപ്തിലും ഉണ്ടായിരുന്ന സകലജ്ഞാനികളെയും വെല്ലുന്നതായിരുന്നു സോളമന്റെ ജ്ഞാനം (1 രാജാ 4,30–31). ജ്ഞാനത്തിന്റെ പേരിൽ അദ്ദേഹം ലോകപ്രശസ്തനായി. ഇന്നും സോളമൻ ഏറ്റവും അധികം അറിയപ്പെടുന്നത് ജ്ഞാനത്തിന്റെ പേരിലാണ്. ദൈവമാണ് സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും നല്കിയത് (1 രാജാ 4,29). ബൈബിളിലെ നാലുഗ്രന്ഥങ്ങൾ (സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം) അദ്ദേഹം രചിച്ചതായി കരുതപ്പെട്ടിരുന്നു. ആധുനിക ബൈബിൾ വിജ്ഞാനീയം ഈ അഭിപ്രായത്തെ അംഗീകരിക്കുന്നില്ലെങ്കിലും, സോളമന്റെ ജ്ഞാനത്തിന് യഹൂദ–ക്രൈസ്തവ

പാരമ്പര്യങ്ങളിലുള്ള പ്രാധാന്യം ഇതു വ്യക്തമാക്കുന്നു. യേശുക്രിസ്തു തന്നെ സോളമനെ ഏറ്റം വലിയ ജ്ഞാനി ആയിട്ടാണ് ചിത്രീകരിക്കുന്നത് (ലൂക്കാ 11,31).

മുന്നൂറിൽപരം തവണ സോളമന്റെ പേര് പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്, പന്ത്രണ്ടു തവണ പുതിയ നിയമത്തിലും. ബൈബിളിലെ പതിനൊന്ന് അധ്യായങ്ങൾ (1 രാജാ 1–11) അയളുടെ ചെയ്തികൾ വിവരിക്കാനായി മാറ്റിവച്ചിരിക്കുന്നു. സമാധാനം, സുസ്ഥിതി എന്നർത്ഥമുള്ള ശാലോം എന്ന ഹീബ്രുവാക്കിൽ നിന്നാണ് പേരിന്റെ ഉത്ഭവം. ഹീബ്രുവിൽ ശ്ലോമോ എന്ന പേര് ഇംഗ്ലീഷ് ഉച്ചാരണത്തിന്റെ സ്വാധീനത്തിൽ സോളമൻ ആയി. പേര് തികച്ചും അന്വർഥമായിരുന്നു. സോളമന്റെ കാലത്ത് ഇസ്രായേലിൽ സമാധാനവും വലിയ സമൃദ്ധിയുമുണ്ടായി. സോളമന് ഒരു യുദ്ധവും നയിക്കേണ്ടിവന്നില്ല. ഇതെല്ലാമാണെങ്കിലും സോളമന്റെ പരാജയങ്ങൾ ബൈബിൾ മറച്ചുവയ്ക്കുന്നില്ല. അവസാനത്തെ 42 വാക്യങ്ങളിൽ പരാജയവും പരാജയകാരണങ്ങളും വിവരിക്കുന്നുണ്ട്. കർത്താവിനോടു പരിപൂർണ്ണ വിശ്വസ്ത പാലിച്ചില്ല (1 രാജാ 11,4) എന്നതാണ് അയാളുടെ ജീവിതത്തിന് വിശുദ്ധ ഗ്രന്ഥകാരൻ നല്കുന്ന അന്തിമ വിലയിരുത്തൽ. സോളമന്റെ മരണത്തിനു ശേഷം പിൻഗാമിയുടെ അടുക്കൽ ജനങ്ങൾ അവതരിപ്പിക്കുന്ന പരാതികളും യാചനകളും തുടർന്നുണ്ടായ രാജ്യത്തിന്റെ പിളർപ്പും (1 രാജാ 12,1–20) സോളമന്റെ ഭരണത്തെ സംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം പ്രദാനം ചെയ്യുന്നു. സോളമന്റെ വിജയ പരാജയവഴികൾ പരിശോധിക്കുമ്പോൾ വിലപ്പെട്ട ചില ഉൾക്കാഴ്ചകൾ ലഭിക്കും.

ഒരു രാഷ്ട്രീയ കലാപത്തിനിടയിൽ, അന്തഃപുരത്തിൽ നടന്ന ഉപജാപങ്ങളുടെ ഫലമായിട്ടാണ് സോളമൻ അഭിഷിക്തനായത് (1 രാജാ 1,1–40). വൃദ്ധനും ശയ്യാവലംബിയുമായ ദാവീദിന്റെ അവശേഷിക്കുന്നവരിൽ മൂത്ത മകനായ അദോനിയാ രാജാവറിയാതെ സ്വയം രാജാവായി പ്രഖ്യാപിച്ചു. സൈന്യാധിപൻ യൊവാബും പുരോഹിതൻ അബിയാഥറും അയാളെ പിൻതുണച്ചു. അപകടം മണത്തറിഞ്ഞ നാഥാൻ പ്രവാചകൻ ബത്ഷേബായുടെ നാവിൽ വാക്കുകൾ വച്ചുകൊടുത്തു. അവൾ പറഞ്ഞു തീരുന്നതിനുമുമ്പേ നാഥാൻ നേരിൽ പ്രത്യക്ഷപ്പെട്ട് അവളുടെ വാക്കുകൾ സ്ഥിരീകരിച്ചു. അദോനിയാ രാജാവായിരിക്കുന്നുവെന്നും രാജവു സ്നേഹിക്കുന്ന ബത്ഷേബായുടെയും മകൻ സോളമന്റെയും മറ്റു വിശ്വസ്ത സേവകരുടെയും ജീവൻ അപകടത്തിലായിരിക്കുന്നു എന്നും അവർ അറിയിച്ചു.

വാർത്തകേട്ട ദാവീദ് ക്രുദ്ധനായി. വാർദ്ധക്യത്തിന്റെ ആല സ്യവും ബലഹീനതയും മറന്നു. അതിവേഗം തീരുമാനമെടുത്തു; കല്പന പുറപ്പെടുവിച്ചു. അതിൻപ്രകാരം തന്റെ അംഗരക്ഷകസേനയായ കെറേത്യരുടെയും പെലേത്യരുടെയും സംരക്ഷണത്തിൽ, പുരോഹിതൻ സാദോക്കും പ്രവാചകൻ നാഥാനും ചേർന്ന്, ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ തൈലംകൊണ്ട്, സോളമനെ രാജാവായി അഭിഷേചിച്ചു. സോളമൻ ദാവീദു രാജാവിന്റെ കോവർകഴുതയുടെ പുറ ത്തെഴുന്നള്ളി; സിംഹാസനാരൂഢനായി. ജനം സന്തോഷിച്ചാർത്തു വിളിച്ചു. അതോടെ അദോനിയായുടെ ഗൂഢശ്രമം പൊളിഞ്ഞു; അനുയായികൾ ഭയന്നോടി.

മകൻ സോളമൻ രാജാവായതിനാൽ ദാവീദ് സന്തോഷിച്ചു; ദൈവത്തിനു നന്ദി പറഞ്ഞു. മരിക്കുന്നതിനുമുമ്പേ വ്യക്തമായ ഉപദേശങ്ങൾ മകനു നല്കി. കർത്താവിനോടു വിശ്വസ്തനായിരിക്കണം; തന്നെ ഏറെ ദ്രോഹിച്ച യൊവാബിനോടും ഒളിച്ചോടുന്ന തന്നെ ശപിച്ച ഷിമേയിയോടും പ്രതികാരം ചെയ്യണം; തന്നെ വളരെയധികം സഹായിച്ച ബർസില്ലായുടെ കുടുംബത്തോടു കരുണ കാട്ടണം (1 രാജാ 2,1-9).

പിതാവിന്റെ ഉപദേശം സോളമൻ അക്ഷരാർത്ഥത്തിൽ നിറവേറ്റി. തന്റെ കല്പന ലംഘിച്ചു എന്ന കുറ്റത്തിന്റെ പേരിൽ ഷിമേയിയെ വധിച്ചു. ഭയന്ന് ദേവാലയത്തിൽ, ബലിപീഠത്തിന്റെ വളർകോണിൽ പിടിച്ചുനിന്ന യൊവാബിനെ അവിടെത്തന്നെവച്ച് വാളിനിരയാക്കി. വാർദ്ധക്യത്തിൽ ദാവീദിന്റെ ഉപനാരിയായി വന്ന അബിഷാഗിനെ ഭാര്യയായി ചോദിച്ചത് ഉപജാപമായി വിധിച്ച്, അദോനിയായെ വധിച്ചു. അങ്ങനെ ശത്രുക്കളെ ഒന്നൊന്നായി ഉന്മൂലനം ചെയ്ത് സോളമൻ തന്റെ സിംഹാസനം ഉറപ്പിച്ചു, രക്തത്തിൽ.

ഭരണം കൈപ്പിടിയിൽ ഒതുക്കിയ സോളമന് ദൈവം പ്രത്യക്ഷ പ്പെട്ട് ഇഷ്ടമുള്ള വരം ചോദിക്കാൻ അവസരം നല്കി. "നന്മയും തിന്മയും തിരിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം" (1 രാജാ 3,9) ചോദിച്ചതിൽ ദൈവം സംപ്രീതനായി. "ശ്രവിക്കുന്ന ഒരു ഹൃദയം" എന്നർത്ഥമുള്ള ഹീബ്രു വാക്കാണ് "വിവകം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ചോദിച്ചതിലധികം ദൈവം നല്കി. "..........നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു. ജ്ഞാനവും വിവേകവും നിനക്കു ഞാൻ തരുന്നു. ഇക്കാര്യത്തിൽ നിനക്കു തുല്യനായി ആരും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല" (2 രാജാ 3,11-13). ജ്ഞാനത്തിനു പുറമെ സമ്പത്തും മഹത്വവും ദീർഘായുസ്സും വാഗ്ദാനം ചെയ്തു; ഒരു ഉപാധി മാത്രം: "നിന്റെ പിതാവായ

ദാവീദിനെപ്പോലെ എന്റെ കല്പനകളും നിയമങ്ങളും പാലിക്കുകയും എന്റെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യണം'' (1 രാജാ 3,14).

ദൈവം തന്റെ വാഗ്ദാനം പാലിച്ചു. സോളമൻ വലിയ ജ്ഞാനിയായി. ഭരണപാടവത്തിലും വിധി തീർപ്പുകളിലും സൈന്യസംവിധാനത്തിലും വ്യാപാര വ്യവസായങ്ങളിലും നിർമ്മാണപ്രവർത്തനങ്ങളിലും എല്ലാം ആ മഹാജ്ഞാനം പ്രതിഫലിച്ചു. ദേശത്ത് സമാധാനവും സമൃദ്ധിയും സംജാതമായി. അയൽ രാജ്യങ്ങളുമായി സൗഹൃദ ഉടമ്പടികളും വ്യാപാര കരാറുകളും ഉണ്ടാക്കി. സാമന്തരിൽനിന്നു പിരിച്ച കപ്പവും വ്യാപാരങ്ങളിൽ നിന്നു ലഭിച്ച ലാഭവും വലിയ സമ്പത്തായി ദേശത്തേക്കൊഴുകി (1 രാജാ 10,4-22). സൗഹൃദക്കരാറുകൾ ഒപ്പുവച്ചെങ്കിലും ഏതു പ്രതിസന്ധിയെയും നേരിടാൻ തക്ക സുശക്തമായ ഒരു സൈന്യത്തെ ഒരുക്കി നിർത്തി ''തന്റെ ആയിരത്തി നാനൂറു രഥങ്ങൾക്കും പന്തീരായിരം കുതിരകൾക്കും നഗരങ്ങളിലും രാജാവിനു സമീപം ജറുസലെമിലും താവളം നല്കി'' (1 രാജാ 10,26). കാലാൾപ്പടയുടെ കണക്ക് വി. ഗ്രന്ഥകാരനൻ നല്കിയിട്ടില്ല.

സോളമന്റെ ഏറ്റം വലിയ നേട്ടമായി ബൈബിൾ എടുത്തുകാട്ടുന്നത് ദേവാലയ നിർമ്മാണമാണ്. അതിന്റെ വിവരണത്തിനായി നാലധ്യായങ്ങൾ (1 രാജാ 5-8) മാറ്റിവച്ചിരിക്കുന്നു. ജറുസലെമിൽ കർത്താവിന് ഒരാലയം പണിയാൻ ദാവീദ് തീക്ഷ്ണമായി ആഗ്രഹിച്ചു. പക്ഷേ കർത്താവ് അനുവദിച്ചില്ല. ആ ആഗ്രഹം സോളമൻ പൂർത്തിയാക്കി. ഏറ്റം വിലപ്പെട്ട ദേവദാരുവും തനിത്തങ്കവും കൊണ്ടു പൊതിഞ്ഞ ആ ദേവാലയം ഒരു ലോകവിസ്മയമായി. അതിന്റെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട ആഘോഷം ഒരാഴ്ച നീണ്ടുനിന്നു. ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്ത് ഉടമ്പടിയുടെ പേടകം പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ ''ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു... കർത്താവിന്റെ തേജസ്സ് ആലയത്തിൽ നിറഞ്ഞുനിന്നു'' (1 രാജാ 8,10-11). കർത്താവ് തന്റെ വാസസ്ഥലമായി ഈ ആലയം സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ അടയാളമായി ഇതിനെ സോളമനും ജനവും വ്യാഖ്യാനിച്ചു. അതോടെ ജറുസലെം ദേവാലയം ഇസ്രായേലിന്റെ മുഴുവൻ ഏക ദേവാലയമായി; ദൈവം വസിക്കുന്ന സ്ഥലം. ദേവാലയ പ്രതിഷ്ഠയോടനുബന്ധിച്ച് ''ഇരുപത്തീരായിരം കാളകളെയും ഒരു ലക്ഷത്തിയിരുപതിനായിരം ആടുകളെയും ബലിയർപ്പിച്ചു'' (1 രാജാ 8,63). പ്രതിഷ്ഠയുടെ അവസാനം സോളമൻ നടത്തിയ പ്രാർത്ഥനയും ജനത്തിനു നല്കിയ ആശീർവ്വാദവും (1 രാജാ 8,22-61) അദ്ദേഹത്തിന്റെ വിശ്വാസത്തിനും ഭക്തിക്കും സാക്ഷ്യം വഹിക്കുന്നു.

ദേവാലയത്തിനു പുറമെ സോളമൻ തനിക്കും ഭാര്യമാർക്കുമായി കൊട്ടാരങ്ങൾ പണിതു. ദേവാലയനിർമ്മാണം ഏഴുവർഷം ദീർഘി ച്ചെങ്കിൽ പതിമൂന്നുവർഷം എടുത്തു കൊട്ടാരങ്ങൾ പൂർത്തിയാക്കാൻ. ഇതിനുപുറമെ ദേശത്തുടനീളം പട്ടണങ്ങളും കോട്ടകളും കാവൽ മാടങ്ങളും സ്ഥാപിച്ചു. എല്ലാം ഏറ്റം വിശിഷ്ടമായ വസ്തുക്കൾ കൊണ്ടാണ് പണിതത്. തലസ്ഥാനത്ത് സ്വർണ്ണം കുന്നുകൂടി. സോളമൻ രാജാവിന്റെ എല്ലാ പാത്രങ്ങളും സർണ്ണനിർമ്മിതമായിരുന്നു, ഇരിപ്പിട ങ്ങൾപോലും. വെള്ളി വിലപ്പെട്ടതേ ആയിരുന്നില്ല.

ജോഷ്വാ മുതൽ രാജാക്കന്മാരുടെ രണ്ടാം പുസ്തകംവരെയുള്ള ആറു ബൈബിൾ ഗ്രന്ഥങ്ങൾ (റൂത്ത് ഇതിൽ പെടുന്നില്ല; നിയമാ വർത്തനാത്മക ചരിത്രം (Deuteronomistic History) എന്നാണ് ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ അറിയപ്പെടുന്നത്. ബാബി ലോൺ പ്രവാസത്തിന്റെ വെളിച്ചത്തിൽ ഇസ്രായേൽ ചരിത്രത്തെ, നിയമാവർത്തനഗ്രന്ഥത്തിൽ പ്രത്യക്ഷമാകുന്ന വീക്ഷണമനുസരിച്ച്, അവലോകനം ചെയ്തുകൊണ്ടാണ് ഈ ഗ്രന്ഥകാരൻ എഴുതുന്നത്. അതിൽ സോളമന്റെ ചരിത്രത്തിനു പ്രത്യേക സ്ഥാനമുണ്ട്. കാരണം ഇസ്രായേൽ ജനം മഹത്വത്തിന്റെ ഉച്ചകോടിയിലേക്കുയർന്നത് ഈ കാലഘട്ടത്തിലാണ്. അതേസമയം നാശത്തിലേക്കു കൂപ്പുകുത്താൻ കാരണമായ വിസ്ഫോടനത്തിന്റെ ബീജം വിതയ്ക്കപ്പെട്ടതും ഈ കാലത്തുതന്നെ.

ഇതുവരെ നാം കണ്ടത് സോളമന്റെ ജ്ഞാനവും പ്രൗഢിയും മഹത്വവുമാണ്. എന്നാൽ ഇവയുടെ വിവരണങ്ങളിൽത്തന്നെ വിശുദ്ധ ഗ്രന്ഥകാരൻ ഒളിച്ചുവച്ചിരിക്കുന്ന ചില വസ്തുക്കൾ കാണാതെ പോകരുത്. സോളമന്റെ സമ്പത്തിനെക്കുറിച്ചുള്ള വിവരണത്തിൽ, നിയമാവർത്തന പുസ്തകത്തിൽ രാജഭരണത്തെക്കുറിച്ചു നല്കിയിരി ക്കുന്ന നിയമങ്ങളുടെ നഗ്നമായ ലംഘനം കാണാം. "രാജാവ് കുതിര കളുടെ എണ്ണം വർദ്ധിപ്പിക്കരുത്. അതിനായി ജനം ഈജിപ്തിലേക്കു മടങ്ങിപ്പോകാൻ ഇടയാകരുത്" (നിയമാ 17). എന്നാൽ സോളമന് പന്തീരായിരം കുതിരകൾ ഉണ്ടായിരുന്നു; ഈജിപ്തിൽ നിന്ന് കുതിര കളെ ഇറക്കുമതി ചെയ്ത്, മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയച്ച്, വലിയ ലാഭം ഉണ്ടാക്കിയിരുന്നു (1 രാജാ 10, 26-29). "രാജാവ് തനിക്കുവേണ്ടി പൊന്നും വെള്ളിയും അമിതമായി സമ്പാദിക്കരുത് (നിയ 17,17). പക്ഷേ സോളമന് അളവറ്റ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ശേഖരം ഉണ്ടായിരുന്നു" (1 രാജാ 10,14-22).

സമ്പത്തിനെ സംബന്ധിച്ച കാര്യത്തിൽ നിയമലംഘനമുണ്ടായി എന്ന കുറ്റാരോപണം വ്യക്തമാണ്. എന്നാൽ ആ സമ്പത്തു സ്വരുക്കൂട്ടിയ വിധം അതിലും കൂടുതൽ കുറ്റകരമാകുന്നു. തന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്വർണ്ണവും വിലകൂടിയ തടിയും ഇറക്കുമതി ചെയ്തത് ലെബനാനിൽ നിന്നായിരുന്നു. അതിനായി കയറ്റുമതി ചെയ്ത ഭക്ഷ്യോൽപ്പന്നങ്ങളുടെ കണക്ക് വി. ഗ്രന്ഥകാരൻ നല്കുന്നുണ്ട്. പ്രതിവർഷം ഇരുപതിനായിരം കോർ ഗോതമ്പും ഇരുപതിനായിരം കോർ ഒലിവെണ്ണയും (1 രാജാ 5,11) (ഒരു കോർ = 450 ലിറ്റർ) ഇതും പണവും തികയാതെ വന്നതു കൊണ്ടാവാം, ഗലീലി പ്രദേശത്ത് ഇരുപതു നഗരങ്ങൾ ടയിറിലെ രാജാവായ ഹീരാമിനു കൊടുത്തത്. ഹീരാം അതുകൊണ്ടും തൃപ്തനായില്ല (1 രാജാ 9,10–14). കടം വാങ്ങിയും ദേശം വിറ്റും സ്വത്തു സ്വരുക്കൂട്ടിയതിൽ എന്തോ അപാകതയുണ്ടെന്നു തോന്നും. എന്നാൽ ഇതു മാത്രമായിരുന്നില്ല അപാകത.

നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും വേണ്ടത്ര ആളെ കണ്ടെത്തിയത് അടിമവേലയിലൂടെ ആയിരുന്നു. ഇസ്രായേൽക്കാരെ അടിമകളാക്കിയില്ല (1 രാജാ 9,22) എന്നു പറയുമ്പോഴും നിർബന്ധിതസൈന്യസേവനവും ഇതരജോലികളും അടിച്ചേൽപിച്ചിരുന്നു എന്നു വ്യക്തം. ഇസ്രായേൽജനം തിന്നും കുടിച്ചും ഉല്ലാസഭരിതരായി കഴിഞ്ഞു (1 രാജാ 4,20) എന്ന അവലോകനം ഒരു പക്ഷേ സോളമന്റെ രാജഭരണത്തിന്റെ ആരംഭകാലാവസ്ഥയെക്കുറിച്ചാകാം. കാരണം ജനത്തിൽനിന്നു കനത്ത നികുതി ഈടാക്കിയാണ് സോളമൻ നിർമ്മാണ പ്രവർത്തനങ്ങൾക്കവശ്യമായ മൂലധനം കണ്ടെത്തിയതും പ്രൗഢി പ്രകടിപ്പിച്ചതും. "അങ്ങയുടെ പിതാവ് ഞങ്ങളുടെ മേൽ വച്ചത് ഭാരമേറിയ നുകമാണ്. ഞങ്ങളുടെ ജോലിയുടെ കാഠിന്യവവും അവൻ വച്ച നുകത്തിന്റെ ഭാരവും അങ്ങു ലഘൂകരിക്കണം. ഞങ്ങൾ അങ്ങയെ സേവിക്കാം" (1 രാജാ 12,4).

മറ്റൊന്നുകൂടെ ഈ യാചനയിൽ തെളിയുന്നുണ്ട് "ഞങ്ങൾ അങ്ങയെ സേവിക്കാം." ജനത്തിന്റെ മനോഭാവത്തിൽ എത്ര മാറ്റം വന്നു കഴിഞ്ഞിരിക്കുന്നു! ആരുടെയും അടിമകളാകാതെ "നിങ്ങൾ നിവർന്നു നടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ പൊട്ടിച്ചു" (ലേവ്യ 26,13) എന്നു പറഞ്ഞുകൊണ്ട് കർത്താവ് മോചിപ്പിച്ച്, സ്വന്തം ജനമാക്കിയ ഇസ്രായേൽക്കാർ ഇപ്പോൾ സ്വമനസാ രാജാവിനെ സേവിക്കുന്ന അടിമകളെപ്പോലെ ആയിക്കഴിഞ്ഞു. സോളമൻ പടുത്തുയർത്തിയ സാമ്രാജ്യത്തിൽ ദൃശ്യമായ സമ്പൽസമൃദ്ധിയുടെയും പ്രൗഢിയുടെയും പിന്നാമ്പുറങ്ങളിൽ ദാരിദ്ര്യത്തിലും അടിമത്തത്തിലും

ഉഴലുന്ന ഒരു വലിയ ജനസമൂഹമുണ്ടായിരുന്നു എന്ന് ഈ പരാമർശങ്ങൾ സൂചിപ്പിക്കുന്നു.

തങ്ങളുടെമേൽ അടിച്ചേല്പിച്ച ക്ലേശങ്ങളും ദുരിതങ്ങളും ജനഹൃദയങ്ങളിൽ അസ്വസ്ഥതയുടെയും പ്രതിഷേധത്തിന്റെയും വിദ്വേഷത്തിന്റെയും കനലുകളായി; പുകയുന്ന ഒരഗ്നി പർവ്വതംപോലെ ആയി സോളമന്റെ സാമ്രാജ്യം. ചില ചീറ്റലുകളും പൊട്ടിത്തെറികളും അങ്ങിങ്ങുണ്ടായി. ഏദോമ്യനായ ഹദാദും ഏലിയാദായുടെ മകൻ റസോണും അടിമത്തലവനായ ജെറൊബൊവാമും ഇപ്രകാരമുള്ള ചെറിയ വിസ്ഫോടനങ്ങളുടെ ഉദാഹരണങ്ങളാണ് (1 രാജാ 11,14–40). പ്രവാചകന്മാർതന്നെ ഈ പ്രതിഷേധാഗ്നിക്കു തിരികൊളുത്തി (1 രാജാ 11,26–39) എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

അമിതമായ ദ്രവ്യാഗ്രഹവും പ്രൗഢി പ്രകടിപ്പിക്കാനുള്ള ഉൽക്കടമായ അഭിനിവേശവും മാത്രമായിരുന്നില്ല സോളമന്റെ പരാജയത്തിനു കാരണം. അതിനേക്കാൾ ഏറെ ആപൽക്കരമായ ഒരു പ്രവണത അയാളുടെ ഉള്ളിൽ തലപൊക്കി – വിദേശ വനിതകളോടുള്ള പ്രേമം. അയൽ രാജ്യങ്ങളുമായി സോളമൻ ഒപ്പുവച്ച പല സൗഹൃദകരാറുകളും ഒരു വിവാഹബന്ധത്തിലാണ് ഉറപ്പിച്ചത്. ഫറവോയുടെ മകളെ വിവാഹം ചെയ്തത് ഇപ്രകാരമുള്ള ഉടമ്പടികൾക്ക് ഒരു ഉദാഹരണം മാത്രമാണ് (1 രാജാ 3,1–3). "രാജാവിന് അനേകം ഭാര്യമാരുണ്ടായിരിക്കരുത്" (നിയ 17,17a) എന്ന കല്പന തനിക്കു ബാധകമായി സോളമൻ കരുതിയില്ല. അയാൾക്ക് "രാജ്ഞീസ്ഥാനമുള്ള എഴുന്നൂറ് ഭാര്യമാരും മുന്നൂറ് ഉപനാരികളും ഉണ്ടായിരുന്നു" (1 രാജാ 11,3).

പിതാവായ ദാവീദിന് ഭാര്യമാർ ഏഴേ ഉണ്ടായിരുന്നുള്ളൂ; മകന് ആയിരമായി! ഏകഭാര്യാ–ഭർതൃവ്രതം നിർദ്ദേശിക്കുന്ന ബൈബിളിന്റെ കാഴ്ചപ്പാടിൽ എത്ര ഗർഹണീയമാണ് ഈ അവസ്ഥ എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. എന്നാൽ ബഹുഭാര്യാത്വത്തെക്കാൾ അപകടകാരി ആയത് ആ ഭാര്യമാർ അധികവും വിജാതീയ സ്ത്രീകൾ ആയിരുന്നു എന്നതത്രേ. അവർ അവന്റെ ഹൃദയം വ്യതിചലിപ്പിച്ചു (1 രാജാ 11,3). വാർദ്ധക്യമായപ്പോൾ അവർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്കു തിരിച്ചു എന്നു തുടർന്നു വിശദീകരിക്കുന്നു. എന്നാൽ ഈ വിശദീകരണം തന്നെ ഒരു പരിധിവരെ സോളമനെ ന്യായീകരിക്കാനുള്ള ഒരു ശ്രമമായി തോന്നാം. കാരണം വിദേശീയ ഭാര്യമാർ ആരാധിച്ചിരുന്ന ദേവന്മാർക്കെല്ലാം ക്ഷേത്രങ്ങൾ ജറുസലെമിലും പ്രാന്തപ്രദേശങ്ങളിലും സോളമൻ നിർമ്മിക്കുകയും അവിടെ അയാളും ആരാധനയർപ്പിക്കുകയും

ചെയ്തിരുന്നു (1 രാജാ 11,5–8). ഇതെല്ലാം വാർദ്ധക്യത്തിൽ മാത്രം ചെയ്തതാവില്ലല്ലോ.

ഇസ്രായേലിന്റെ ദൈവമായ കർത്താവിന് അതിമനോഹരമായ ആലയം പണിത് ബലികൾ അർപ്പിച്ച സോളമൻ കർത്താവിനോടൊപ്പം മറ്റു ദേവന്മാരെയും ആരാധിച്ചു. അങ്ങനെ ഏകദൈവമായ കർത്താവിനെ അനേകം ദേവന്മാരിൽ ഒരുവനാക്കി. ഇത് വിശ്വാസത്തകർച്ചയായിരുന്നു. അതുകൊണ്ടാണ് അവൻ അവിടുത്തോട് പരിപൂർണ്ണവിശ്വസ്തത പാലിച്ചില്ല.................. പിതാവായ ദാവീദിനെപ്പോലെ കർത്താവിനെ പൂർണ്ണമായി അനുഗമിച്ചില്ല (1 രാജാ 11,5–6) എന്ന് വിശുദ്ധ ഗ്രന്ഥകാരൻ കുറ്റം വിധിക്കുന്നത്. ഇതോടൊപ്പം കൂടുതൽ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുന്ന മറ്റൊന്നുകൂടി സംഭവിച്ചു.

ഇസ്രായേലിന്റെ ദൈവം സർവ്വവ്യാപിയാണ്. ആകാശത്തിലും ഭൂമിയിലും അവിടുത്തെ സാന്നിധ്യം നിറഞ്ഞു നില്ക്കുന്നു. അബ്രാഹത്തിന്റെ ദൈവം അബ്രാഹത്തിന്റെ കൂടെ യാത്രചെയ്തു; ചെന്നിടത്തെല്ലാം പ്രത്യക്ഷപ്പെട്ടു. പുറപ്പാടുനയിച്ച ദൈവം ജനങ്ങൾക്കുമുമ്പേ നടന്ന് വഴി നയിച്ചു. കൂടാരങ്ങളിൽ കഴിഞ്ഞപ്പോൾ ജനമധ്യത്തിലായിരുന്നു ദൈവത്തിന്റെ കൂടാരം. എന്നാൽ ദേവാലയം പണിത്, അന്ധകാരപൂർണ്ണമായ ശ്രീകോവിലിൽ പേടകം പ്രതിഷ്ഠിച്ചതോടെ ദൈവികസാന്നിധ്യം അവിടെ ഒതുങ്ങി എന്ന ധാരണ ജനമധ്യത്തിൽ പ്രചരിക്കാൻ കാരണമായി. ദൈവത്തെ കാണാൻ തീർത്ഥാടനം ആവശ്യമായി; വരുമ്പോൾ കാഴ്ചവസ്തുക്കൾ കൊണ്ടുവരണം എന്നായി. ചുരുക്കത്തിൽ സോളമന്റെ ദൈവം സോളമനെപ്പോലെ അരമനയിൽ വസിച്ച്, കിട്ടുന്ന കാഴ്ചകളുടെ വലുപ്പമനുസരിച്ച് ദാനങ്ങൾ വിതറുന്ന ഒരു രാജാവായി; ഒരുപക്ഷേ സോളമന്റെ തടവറയിൽ ബന്ധിതനായി എന്നു കരുതാൻ ഈ പ്രക്രിയ ഇടവരുത്തി.

അതോടെ ഇസ്രായേലിന്റെ മതാത്മകതയിൽത്തന്നെ കാതലായ വ്യതിയാനം സംഭവിച്ചു. കർത്താവിന്റെ നിയമം അനുസരിച്ചുള്ള ജീവിതമാണ് കർത്താവ് ആഗ്രഹിക്കുന്നത്; അതാണവിടുത്തെ പ്രസാദിപ്പിക്കുന്നത് എന്ന ഉടമ്പടിയുടെ കാഴ്ചപ്പാടിൽനിന്നു വ്യതിചലിച്ച്, ആചാരനുഷ്ഠാനങ്ങളും കാഴ്ചയർപ്പണങ്ങളുമാണ് പ്രധാനം എന്ന ചിന്ത പ്രബലപ്പെട്ടു. അതോടെ മതജീവിതവും നീതിനിർവ്വഹണവും തമ്മിലുള്ള ബന്ധം തന്നെ വിച്ഛേദിക്കപ്പെട്ടു. നാട്ടിൽ നടമാടുന്ന അക്രമവും അഴിമതിയും കർത്താവു കാണുന്നില്ല എന്നു കരുതാൻ കാരണമായി. അങ്ങനെ ഉടമ്പടിയുടെ ദൈവമായ കർത്താവ് ആവശ്യപ്പെടുന്ന ആരാധനയും വിജാതീയർ അർപ്പിച്ചിരുന്ന വിഗ്രഹാരാധനയും തമ്മിൽ

വ്യത്യാസമില്ലെന്നുവന്നു. കർത്താവിനെ ഒരു വിഗ്രഹമാക്കി, അഹറോൻ ചെയ്തതുപോലെ. കർത്താവുള്ള ആരാധനയും വിഗ്രഹാരാധനയായി.

രണ്ടുപ്രാവശ്യം പ്രത്യക്ഷനായി അനുഗ്രഹിക്കുകയും വിശ്വസ്തത പുലർത്താൻ കല്പിക്കുകയും ചെയ്ത കർത്താവായ ദൈവത്തിൽനിന്ന് സോളമൻ അകന്നു; അപ്പോൾ അയാൾ നിർമ്മിച്ച ആലയവും അർപ്പിച്ച കാഴ്ചകളും എല്ലാം വ്യർത്ഥമായി. ദാവീദിനെ പ്രതി കർത്താവ് സോളമനിൽനിന്നു രാജ്യം എടുത്തുമാറ്റിയില്ല. എന്നാൽ ബി.സി. 931 ൽ അയാളുടെ മരണത്തോടെ നീറിപ്പുകഞ്ഞു കൊണ്ടിരുന്ന അഗ്നി പർവ്വതം പൊട്ടിത്തെറിച്ചു. ജനരോഷത്തിന്റെ ലാവാ പ്രവാഹത്തിൽ സാമ്രാജ്യം തകർന്നു. ഇസ്രായേൽ രണ്ടായി പിളർന്നു. പത്തു ഗോത്രങ്ങൾ വിട്ടുമാറി, ഇസ്രായേൽ എന്ന പേരിൽ വടക്ക് ഒരു രാജ്യം സ്ഥാപിച്ചു; തെക്ക് ബഞ്ചമിൻ മാത്രം യൂദായോടു ചേർന്നുനിന്നു. ദാവീദിന്റെ കാലത്തു വിളക്കിച്ചേർത്ത ദേശീയഐക്യം എന്നേക്കുമായി തകർന്നു.

സോളമന്റെ ഇടർച്ചയുടെ രണ്ടു കാരണങ്ങളാണ് വി. ഗ്രന്ഥകാരൻ മുഖ്യമായി എടുത്തുകാട്ടുന്നത്. ദ്രവ്യാസക്തിയും കാമാസക്തിയും. രണ്ടിനും പരിധികളുണ്ടായിരുന്നില്ല. എത്ര കിട്ടിയാലും തൃപ്തിയാവാതെ, ഉപ്പുവെള്ളം കുടിക്കുന്നവന്റെ ദാഹംപോലെ, തൃഷ്ണ വർദ്ധിച്ചതേയുള്ളൂ. അവസാനം അത് സർവ്വനാശം വിതച്ചു. കടൽത്തീരം പോലെ വിശാലമായ അയാളുടെ ഹൃദയത്തിൽ (1 രാജാ 4,29) നിറഞ്ഞു നിന്നത് ദൈവസ്നേഹമായിരുന്നില്ല, മേൽപറഞ്ഞ ആസക്തികളാണ്. കർത്താവിൽനിന്നു ദാനമായി ലഭിച്ച അയാളുടെ ജ്ഞാനം സുഭാഷിതങ്ങളും ഗാനങ്ങളും രചിക്കുന്നതിലും കടങ്കഥകളുടെ പൊരുൾ തിരിക്കുന്നതിലും സസ്യശാസ്ത്രം, ജന്തുശാസ്ത്രം തുടങ്ങി എല്ലാ ഭൗതികശാസ്ത്രങ്ങളിലും അയാളെ അഗ്രഗണ്യനാക്കി. എന്നാൽ സത്യദൈവത്തെ അറിയുന്നതാണ് യഥാർത്ഥ ജ്ഞാനം എന്നതു മറന്നു. വലിയ ജ്ഞാനം അയാളെ വഴിതെറ്റിച്ചു. യഥാർത്ഥജ്ഞാനത്തിന്റെ ഉറവിടത്തിൽ നിന്നകറ്റി.

എന്തു പാഠമാണ്, ദൈവത്തിന്റെ കാഴ്ചപ്പാടിൽ പാളിപ്പോയ, ഈ മഹാന്റെ ജീവിതത്തിൽനിന്നു നമുക്കു ലഭിക്കുക? ആസക്തികൾ മനുഷ്യനെ വഴിതെറ്റിക്കും, നാശത്തിലേക്കു നയിക്കും എന്നതാണ് ഏറ്റം വ്യക്തമായ പാഠം. വിശുദ്ധ ഗ്രന്ഥകാരൻ അത് വിശദമായിത്തന്നെ പറഞ്ഞുതരുന്നുണ്ട്. എന്നാൽ അതു മാത്രമല്ല. ദൈവത്തെ അറിയാൻ സഹായിക്കാത്ത വിജ്ഞാനം വ്യർത്ഥമാണ്. മിഥ്യകളിൽ മിഥ്യ, സർവ്വതും മിഥ്യ (സഭാ 1,2) എന്ന് സഭാ പ്രസംഗകൻ സോളമന്റെ വാക്കുകളായി ഉരുവിടുന്നിടത്ത് ഇതു വ്യക്തമാകുന്നു. ദൈവത്തെ അറിയാതെ,

അവിടുത്തെ ഹിതം തേടാതെ അറിയുന്നതും സമ്പാദിക്കുന്നതും എല്ലാം വെറും പാഴ്‌വേല. ചീട്ടുകൊട്ടാരംപോലെ അവയെല്ലാം തകർന്നുവീഴും.

ദൈവസാന്നിധ്യം ദേവാലയത്തിൽ ഒതുങ്ങി നില്ക്കുന്നു എന്ന സങ്കല്പം തെറ്റാണ്. അതിനെതിരേയാണ് പ്രവാചകന്മാർ ശക്തമായി പ്രതികരിച്ചത്. കർത്താവരുളിച്ചെയ്യുന്നു: "ആകാശം എന്റെ സിംഹാസനം; ഭൂമി എന്റെ പാദപീഠം. എന്തു ഭവനമാണ് നിങ്ങൾ എനിക്കു നിർമ്മിക്കുക?" (ഏശ 66,1). കർത്താവിനു വസിക്കാൻവേണ്ടിയല്ല, ജനത്തിന് ദൈവസന്നിധിയിൽ സമ്മേളിച്ചു പ്രാർത്ഥിക്കാൻവേണ്ടിയാണ് ആലയം പണിയുന്നത്. അത് ആദ്യമേ പണിയേണ്ടത് മനുഷ്യഹൃദയങ്ങളിലാണ്; അഥവാ മനുഷ്യഹൃദയങ്ങൾ തന്നെയാണ് യഥാർത്ഥ ദേവാലയങ്ങൾ. ജീവിക്കുന്ന മനുഷ്യനിലെ ദൈവസാന്നിധ്യം മറന്ന് ദേവാലയത്തിൽ അന്വേഷിച്ചാൽ ദൈവത്തെ കണ്ടെത്താൻ കഴിയില്ല.

മനുഷ്യനിൽ ദൈവത്തെ കാണാതെ ആചാരനുഷ്ഠാനങ്ങൾ വഴിയുള്ള ആരാധനയിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരേ പ്രവാചകന്മാരിലൂടെ ദൈവം നല്കിയ ശക്തമായ താക്കീതുകൾ നമ്മുടെ ഉൾക്കണ്ണു തുറക്കാൻ പ്രേരകമാകണം (ഏശ 1,10–20; ആമോ 5,21–27, മിക്കാ 6,6–9). "പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരെ സഹായിക്കുക; ലോകത്തിന്റെ കളങ്കമേല്ക്കാതെ തന്നെത്തന്നേ കാത്തു സൂക്ഷിക്കുക" (യാക്കോ 1,27)എന്ന് വി. യാക്കോബ് ആരാധനയെയും ഭക്തിയെയും സംബന്ധിച്ച ഒരു നിർവ്വചനം തന്നെ നല്കിയിരിക്കുന്നു. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുന്നതാണ് യഥാർത്ഥ ഉപവാസം എന്നു പഠിപ്പിച്ച ഏശയ്യായുടെ (ഏശ 58,6–7)യും എളിയവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതാണ് ദൈവത്തിനു പ്രീതികരമായ മതാത്മകത എന്നു പഠിപ്പിച്ച യേശുവിന്റെയും (മത്താ 25,31–46) പ്രബോധനങ്ങളും ഇതുതന്നെയാണല്ലോ ഊന്നിപ്പറയുന്നത്.


മനുഷ്യനെ, അതും സമൂഹത്തിലെ ഏറ്റം പാവപ്പെട്ടവനെ, മറക്കാൻ ദേവാലയം കാരണമാകുന്നെങ്കിൽ ആ ആലയത്തിനു പിന്നെ നിലനിൽക്കാൻ അവകാശമില്ല എന്ന പ്രവാചകന്മാരുടെ പ്രബോധനം (ആമോ 9,1; മിക്കാ 3,12; ജറെ 7,1–15; 26,4–6) കൂടുതൽ ശക്തമായി യേശു ആവർത്തിച്ചു: "ഇവിടെ കല്ലിന്മേൽ കല്ലു ശേഷിക്കാതെ എല്ലാം തകർക്കപ്പെടും" (മത്താ 24,2). ദേവാലയത്തിന്റെ പ്രൗഢിയും ആഘോഷങ്ങളും ആർഭാടവും വർദ്ധിപ്പിക്കുന്നതുകൊണ്ട് ദൈവം പ്രസാദിക്കുകയില്ല, പ്രത്യേകിച്ചും അത് സമൂഹത്തിലെ ദരിദ്രരെ

അവഗണിച്ചും, നിർബന്ധപിരിവുകളിലൂടെ പേടിപ്പിച്ചും പീഡിപ്പിച്ചും ആകുമ്പോൾ.

ദൈവജ്ഞാനമാണ് യഥാർത്ഥ ജ്ഞാനം. എന്നാൽ ദൈവത്തിന്റെ വഴിയിൽ ജനത്തെ നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന മതനേതാക്കൾപോലും സ്നേഹം, കാരുണ്യം, ധ്യാനം, പ്രാർത്ഥന, പരിത്യാഗം, വചനപഠനം തുടങ്ങി ദൈവത്തെ അറിയാനുള്ള മാർഗ്ഗങ്ങളെക്കാൾ കാര്യക്ഷമമായ ബിസിനസ് മാനേജ്മെന്റിനും, സാമ്പത്തികലാഭവും സമൂഹത്തിൽ സ്ഥാനവും നല്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പിനും ഒക്കെ പ്രാധാന്യം നല്കുകയും തങ്ങളുടെ പിൻഗാമികളെ ഈ മുൻഗണനാക്രമത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുമ്പോൾ സോളമൻ വീണ അതേ ചതിക്കുഴിയിലേക്കാണോ തങ്ങളും വഴുതി നീങ്ങുന്നത് എന്ന് ആത്മശോധന ചെയ്യണം.

കയറൂരിവിട്ട ലൈംഗികാസക്തിയായിരുന്നു സോളമന്റെ പതനത്തിന്റെ ഒരു മുഖ്യകാരണം. ഇന്ന് സമൂഹത്തിന്റെ മനോഭാവത്തെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന മാധ്യമങ്ങളും വിനോദ-വിജ്ഞാന പരിപാടികളും കാമാസക്തിക്ക് ഇന്ധനം പകർന്ന്, കുടുംബത്തിന്റെ അടിത്തറ തകർത്ത്, സമൂഹത്തെ സർവ്വനാശത്തിലേക്കാണോ നയിക്കുന്നത് എന്നു ചിന്തിക്കണം. പല പുരാതന സംസ്കാരങ്ങളും തകർന്നടിയാൻ മുഖ്യകാരണം ഇപ്രകാരമുള്ള ആസക്തികൾക്കു നിയന്ത്രണം ഏർപ്പെടുത്താതിരുന്നതാണ്.

പരിഹാരം ഒന്നേയുള്ളൂ. അതു ദൈവം തന്നെ സോളമനു നല്കിയ ഉപദേശത്തിൽ വ്യക്തമാകുന്നുണ്ട്. ദൈവം നല്കിയിട്ടുള്ള "നിയമങ്ങളും കല്പനകളും പാലിക്കുക" (1 രാജാ 3,14). "ഹൃദയനൈർമ്മല്യത്തോടുകൂടെ എന്റെ മുമ്പിൽ വ്യാപരിക്കുക (1 രാജാ 9,4). അതു ചെയ്തില്ലെങ്കിൽ എനിക്കു വേണ്ടി ഞാൻ വിശുദ്ധീകരിച്ച ഈ ആലയം എന്റെ മുമ്പിൽനിന്നു ഞാൻ നീക്കിക്കളയും. ഇസ്രായേൽ സകല ജനതകളുടെയും ഇടയിൽ പരിഹാസപാത്രവും പഴമൊഴിയുമായി പരിണമിക്കും. ഈ ആലയം നാശക്കൂമ്പാരമായിത്തീരും" (1 രാജാ 9,7-8). സോളമൻ ദയനീയമായി പരാജയപ്പെട്ടു. നാമോ?




# മുന്നോടിക്കും കാലിടറുന്നോ?

## സ്നാപകയോഹന്നാൻ

*''എന്നിൽ ഇടർച്ചയുണ്ടാക്കാത്തവൻ ഭാഗ്യവാൻ''* (ലൂക്കാ 7,23)

കൊടുങ്കാറ്റുപോലെ അവൻ വന്നു, മരുഭൂമിയിൽനിന്ന്. ദീർഘ നാളത്തെ ഉപവാസംകൊണ്ട് വിറകുകൊള്ളിപോലെ വരണ്ടുണങ്ങിയ ശരീരം. തീക്ഷ്ണമായ ധ്യാനവും തീവ്രമായ പ്രാർത്ഥനയും വഴി പന്തംപോലെ ജ്വലിക്കുന്ന കണ്ണുകൾ. കോതിയൊതുക്കാതെ, ജഡപിടിച്ച മുടിയും താടിയും. ഒട്ടകരോമം കൊണ്ടുണ്ടാക്കിയ കുപ്പായം. തോൽവാർ കൊണ്ടുള്ള അരപ്പട്ട – സ്നാപകൻ. അതാണയാൾക്കു ജനം നല്കിയ നാമം. യോഹന്നാൻ എന്നാണ് ജനനത്തിനുമുമ്പേ ദൂതൻ വഴി ദൈവം വിളിച്ചപേര്. കർത്താവിന്റെ കാരുണ്യം, കൃപാകടാക്ഷം എന്നർത്ഥം. അനേകർക്ക് ആഹ്ലാദദായകൻ (ലൂക്കാ 1,14; മർക്കോ 1,6).

ജോർദ്ദാൻ നദി ചാവുകടലിൽ ചെന്നു ലയിക്കുന്നതിന്റെ ചുറ്റുപാടുമുള്ള മരുഭൂമിയിൽ അവന്റെ ശബ്ദം മുഴങ്ങി, സിംഹഗർജ്ജനം പോലെ. ആ ഗർജ്ജനം കേട്ട്, വഴിപിഴച്ച മതസംവിധാനങ്ങളുടെ ശക്തി ദുർഗ്ഗങ്ങൾ ഞെട്ടി. ആ ധർമ്മേത്തിൽ അടിയുറപ്പിച്ച രാജസിംഹാസനങ്ങൾ

ഇളകി. ആകാശത്തുനിന്നു ഇടിത്തീവീഴാൻ പോകുന്നു എന്നു കേട്ട ജനം ഭയന്നു വിറച്ചു. കാട്ടുതീ പടരുമ്പോൾ മാളങ്ങളിൽനിന്ന് പാഞ്ഞ് വെള്ളത്തിൽ ചാടാൻ ശ്രമിക്കുന്ന പാമ്പുകളെപ്പോലെ, ജനം മരുഭൂമിയിലേക്കൊഴുകി. അവന്റെ മുമ്പിൽ ജോർദ്ദാനിൽ മുങ്ങി.

തന്നേക്കാൾ വലിയവൻ തന്റെ പിന്നാലെ വരുന്നു, കോടാലിയും തീക്കൊള്ളിയുമായി, എന്നു അവൻ വിളിച്ചുപറഞ്ഞു. ഫലം തരാത്ത മരങ്ങളെല്ലാം വെട്ടി തീയിലെറിയും; വീശുമുറം കൊണ്ട് കളം വെടിപ്പാക്കും. പതിര് കെടാത്ത തീയിൽ ദഹിപ്പിക്കും. സകലരെയും തീയിൽ കുളിപ്പിക്കും, ആത്മാവിനാൽ നിറച്ച് അഗ്നിശുദ്ധി ചെയ്യും. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുക, നഗ്നനെ ഉടുപ്പിക്കുക, നാട്ടിൽ നീതി നടപ്പാക്കുക, അക്രമത്തിനറുതി വരുത്തുക. അങ്ങനെ രക്ഷകന്റെ വരവിന് ഒരുങ്ങുക. അവൻ പഠിപ്പിച്ചു. ഇതു ചെയ്തില്ലെങ്കിൽ സകലരെയും കർത്താവയയ്ക്കുന്ന സംഹാരാഗ്നി വിഴുങ്ങും.

മുങ്ങാൻവന്ന ജനക്കൂട്ടത്തിനിടയിൽനിന്നു നസ്രായനെ അവൻ തിരിച്ചറിഞ്ഞു. ഇവനാണ് അവൻ. എന്റെ പിന്നാലെ വരുന്നു എന്ന് ഞാൻ പറഞ്ഞവൻ. ഇവന്റെമേൽ ആത്മാവ് ഇറങ്ങിവരുന്നത് ഞാൻ കണ്ടു. ഇവനാണ് മണവാളൻ, സ്വർഗ്ഗത്തിൽനിന്നു വരുന്ന ദൈവപുത്രൻ. ഇവനുവേണ്ടിയാണ് നമ്മുടെ പൂർവ്വികർ ആകാംക്ഷയോടെ കാത്തിരുന്നത്. ഇനി എന്നെ അല്ല, ഇവനെയാണ് നിങ്ങൾ അനുഗമിക്കേണ്ടത്. ഇവൻ വളരണം, ഞാൻ കുറഞ്ഞ് ഇല്ലാതാകണം. സ്നാപകൻ വിനീതനായി, രക്ഷകനായ മിശിഹായ്ക്കു വഴിമാറി. സ്നാപക യോഹന്നാനെക്കുറിച്ചുള്ള വിവരണങ്ങൾ നാലു സുവിശേഷങ്ങളിലുമുണ്ട്. മത്താ 3,1–17; മർക്കോ 1,1–18; ലൂക്കാ 1,1–25.57–66; 3,1–20; യോഹ 1,19–34; 3,22–30 എന്നീ ഭാഗങ്ങളിൽ സ്നാപകന്റെ ജനനം, ജീവിതം, പ്രബോധനം എന്നിവ വിശദമായി പ്രതിപാദിച്ചിരിക്കുന്നു; മർക്കോ 6,14–29; മത്താ 14,1–12; ലൂക്കാ 9,7–9 എന്നീ ഭാഗങ്ങളിൽ രക്തസാക്ഷിത്വവും.

ഇത്രയെല്ലാം ശക്തമായ സാക്ഷ്യം നല്കിയിട്ടും എന്തേ പിന്നെ ഒരു സംശയം? ഹേറോദേസിന്റെമേൽ വ്യഭിചാരക്കുറ്റം ചുമത്തി; മാനസാന്തരപ്പെട്ട് സഹോദരഭാര്യയുമായുള്ള അവിഹിതബന്ധം ഉപേക്ഷിച്ചില്ലെങ്കിൽ ദൈവശിക്ഷയുണ്ടാകും എന്ന താക്കീതു നല്കി. ക്രുദ്ധനായ ഹെറോദേസ് അന്തിപ്പാസ് അയാളെ തന്റെ കൊട്ടാരത്തിലെ ഇരുൾക്കുഴിയായ നിലവറയിൽ അടച്ചു. തടവറയിൽ കിടക്കുമ്പോൾ നസ്രായന്റെ ചെയ്തികളെക്കുറിച്ചുള്ള വാർത്തകൾ ശിഷ്യന്മാർ വഴി അറിഞ്ഞു. അപ്പോഴാണ് സംശയം. ശിഷ്യന്മാരെത്തന്നെ യേശുവിന്റെ

യടുക്കലേക്കു പറഞ്ഞയച്ചു. ഒരു ചോദ്യവുമായി. ചോദ്യം ലളിതമാണ്. "വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ ഞങ്ങൾ വേറൊരുവനെ കാത്തിരിക്കണമോ?" (ലൂക്കാ 7,19). എന്താണ് ഇങ്ങനെ ഒരു സംശയ ത്തിന് കാരണം?

ബൈബിൾ വ്യാഖ്യാതാക്കൾ പല വിശദീകരണങ്ങൾ നല്കാറുണ്ട്. സംശയം സ്നാപകനല്ല, സ്നാപകശിഷ്യന്മാർക്കാണ് എന്നതത്രെ ഒരു വ്യാഖ്യാനം. ചരിത്രത്തിൽ അടിയുറപ്പിച്ച ഒരു വിശദീകരണമാണിത്. സ്നാപകന്റെ മരണത്തിനു ശേഷവും സ്നാപകശിഷ്യർ ഒരു സമൂഹ മായി തുടർന്നു. യേശുവിന്റെയും മരണം കഴിഞ്ഞപ്പോൾ ശിഷ്യന്മാരുടെ രണ്ടു സംഘങ്ങളായി. യേശുവിന്റെയും സ്നാപകന്റെയും. തങ്ങളുടെ ഗുരുവാണ് യഥാർത്ഥത്തിൽ ദൈവം അയച്ച രക്ഷകനായ മിശിഹാ എന്ന് ഇരുകൂട്ടരും വാദിച്ചു. ഈ തർക്കത്തിന്റെ തെളിവുകൾ സുവിശേഷ ങ്ങളിൽത്തന്നെ ഈ വ്യാഖ്യാതാക്കൾ കണ്ടെത്തി നിരത്തുന്നു.

മാമ്മോദീസായാണ് മുഖ്യവിഷയം. മാമ്മോദീസാ നല്കുന്നവൻ ഗുരു; സ്വീകരിക്കുന്നവൻ ശിഷ്യൻ. ആദ്യം വന്നത് ഗുരു; പിന്നാലെ വന്നത് ശിഷ്യൻ. യേശു ശിഷ്യനും യോഹന്നാൻ ഗുരുവും. അതുകൊണ്ടല്ലേ യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചത്? നാലു സുവിശേഷങ്ങളും യേശുവിന്റെ സ്നാനം വിവരിക്കുന്നതു പരിശോധി ച്ചാൽ ഈ വാദത്തിനുള്ള മറുപടി കാണാം. റോമിൽ വച്ചെഴുതിയ മർക്കോസിന്റെ സുവിശേഷത്തിൽ ഇങ്ങനെ ഒരു തർക്കവുമില്ല, സംശയ വുമില്ല. യേശു ജോർദ്ദാനിൽവന്നു, യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു. അത്രമാത്രം.

എന്നാൽ മത്തായി സ്നാനത്തിനുമുമ്പേ സ്നാപകനും യേശുവും തമ്മിൽ ഒരു സംഭാഷണം അവതരിപ്പിച്ചുകൊണ്ട് യഥാർത്ഥ ത്തിൽ യേശുവാണ് വലിയവൻ എന്നു സ്ഥാപിക്കുന്നു. "ഞാൻ നിന്നിൽ നിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ നീ എന്റെയടുത്തേക്കു വരുന്നുവോ എന്നു ചോദിച്ചുകൊണ്ട് അവനെ തടഞ്ഞു. എന്നാൽ യേശു പറഞ്ഞു. ഇപ്പോൾ ഇതു സമ്മതിക്കുക. അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക ഉചിതമാണ്. അവൻ സമ്മതിച്ചു" (മത്താ 3,14-16). യേശു സ്നാപകനിൽനിന്നു സ്നാനം സ്വീകരിച്ചത് ദൈവികപദ്ധതിയുടെ പൂർത്തീകരണമായിരുന്നു. യഥാർത്ഥത്തിൽ വലിയവൻ യേശുതന്നെ.

ലൂക്കായുടെ പ്രത്യേക അവതരണത്തിൽ യേശുവിന്റെ സ്നാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിനുമുമ്പുതന്നെ സ്നാപകനെ കാരാഗൃഹത്തിലാക്കുന്നു (ലൂക്കാ 3,20-22). അപ്പോൾ ആരാണ് സ്നാനം

നല്കിയതെന്നു വ്യക്തമല്ല. ഒരാളിനെക്കുറിച്ചു വിവരിക്കുമ്പോൾ പറയാനുള്ളതെല്ലാം ഒരുമിച്ചു പറയുക എന്നത് ലൂക്കായുടെ രചനയുടെ ഒരു പ്രത്യേകതയാണ്. ഈ അവ്യക്തതയ്ക്കു കാരണം. യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു എന്നത് നിഷേധിക്കുന്നില്ലെങ്കിലും ആ പ്രശ്നം ശ്രദ്ധാപൂർവ്വം ഒഴിവാക്കി. യോഹന്നാനാകട്ടെ യേശുവിന്റെ സ്നാനത്തെക്കുറിച്ചു പ്രതിപാദിക്കുന്നതുപോലുമില്ല. മറിച്ച് താനല്ല ഇസ്രായേൽ പ്രതീക്ഷിക്കുന്ന രക്ഷകൻ എന്നു സ്നാപകൻ മൂന്നുതവണ ആവർത്തിച്ചു പറയുന്നു. ഞാൻ ക്രിസ്തുവല്ല; ഏലിയാ അല്ല; പ്രവാചകനുമല്ല, വെറും ഒരു ശബ്ദം മാത്രം (യോഹ 1,19-24). തുടർന്ന് തന്റെ ശിഷ്യന്മാരെ യോഹന്നാൻ തന്നെ യേശുവിന്റെ പിന്നാലെ അയയ്ക്കുന്നു; വരാനിരുന്നവൻ യേശുവാണെന്ന് ആർക്കും ഒരു സംശയവുമില്ല.

ഇപ്രകാരം ഒരു പശ്ചാത്തലത്തിലാണ് സ്നാപകന്റെ ചോദ്യത്തെ വ്യാഖ്യാനിക്കേണ്ടത്. അതിനാൽ സ്നാപൻ ശിഷ്യന്മാരെ ചോദ്യവുമായി അയയ്ക്കുന്നതു തനിക്കു സംശയമുണ്ടായിട്ടല്ല, തന്റെ ശിഷ്യന്മാർക്ക് നേരിട്ടു ബോധ്യപ്പെടാൻവേണ്ടിയാണെന്ന് ഈ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അവർക്കു ബോധ്യപ്പെട്ടോ? ഇല്ലെന്നാണു സൂചന. അതുകൊണ്ടാണല്ലോ യേശു പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് തെളിവുകൾ നിരത്തിയതിനുശേഷം (ഏശ 29,18-19, 35,5-6, ലൂക്കാ 7,22) ശക്തമായ ഒരു താക്കീതുകൂടി നല്കുന്നത്. "എന്നിൽ ഇടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ" (ലൂക്കാ 7,23). ഇടർച്ച ആർക്ക്? ശിഷ്യന്മാർക്കോ അതോ സ്നാപകനോ? ആർക്കുമാകാം. എന്നാൽ സ്നാപകന് ഇടർച്ചയുണ്ടാകാൻ കാരണമുണ്ടോ?

പ്രത്യക്ഷത്തിൽ ഇല്ല എന്നേ ഉത്തരം പറയാൻ കഴിയൂ. യേശുവിന്റെ താക്കീത് സ്നാപകനെയല്ല, മറ്റുകേൾവിക്കാരെയാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന് ന്യായമായും കരുതാം. എന്നാൽ വരാനിരിക്കുന്നവനെക്കുറിച്ച് സ്നാപകൻ പറഞ്ഞതും ഇതുവരെയുള്ള യേശുവിന്റെ പ്രവർത്തനശൈലിയും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മറ്റൊരു ചിത്രം തെളിഞ്ഞുവരുന്നു.

ആസന്നമായിരിക്കുന്ന ശിക്ഷാവിധി ആയിരുന്നു സ്നാപക പ്രസംഗത്തിന്റെ മുഖ്യവിഷയം. കാറ്റു തീയും, കോടാലിയും വീശുമുറവുമെല്ലാം കർശനവും കഠിനവുമായ ശിക്ഷാവിധിയുടെ പ്രതീകങ്ങളാണ്. നെല്ലും പതിരും വേർതിരിച്ചു, പതിര് തീയിൽ ദഹിപ്പിക്കും; പഴം കായ്ക്കാത്ത മരങ്ങളെല്ലാം വെട്ടിക്കീറി ആഴികൂട്ടി കത്തിക്കും -

ഇതെല്ലാം വിധിയുടെ പ്രതീകങ്ങളാണെന്നതിൽ സംശയമില്ല. പിന്നാലെ വരുന്നവൻ തരാൻ പോകുന്ന പരിശുദ്ധാത്മസ്നാനം തന്നെ ജനത്തെ അഗ്നിശുദ്ധി ചെയ്യുന്നതാണ്. എല്ലായിടത്തും വിധിയുടെ അഗ്നി ആളിക്കത്തുന്നു, പ്രവാചകൻ ആമോസിന്റെ പ്രസംഗത്തിൽ എന്നതുപോലെ (ആമോ 1,3-2,5).

എന്നാൽ, ഇതിൽനിന്ന് എത്ര വ്യത്യസ്തമാണ് യേശുവിന്റെ പ്രബോധനവും പ്രവർത്തനവും! വിധിയുടെയല്ല, രക്ഷയുടെ ദിവസമാണ് ആസന്നമായിരിക്കുന്നത് എന്ന് യേശു പഠിപ്പിച്ചു. സ്നാപകശിഷ്യന്മാർക്കു നല്കുന്ന അടയാളത്തിൽ ഈ വൈരുദ്ധ്യം വ്യക്തമാകുന്നു. "നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുവിൻ. കുരുടന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (ലൂക്കാ 7,22). പിന്നാലെ വരുന്നവൻ ചെയ്യും എന്നു യോഹന്നാൻ പറഞ്ഞതിൽ ഒന്നുപോലും ഈ അടയാളങ്ങളിലില്ല. ആസന്നമായിരിക്കുന്ന വിധിയുടെ വാൾമുനയിൽ നിർത്തി മാനസാന്തരത്തിനു പ്രേരിപ്പിച്ച യോഹന്നാന്റേതിൽനിന്നും എത്ര വ്യത്യസ്തമാണ് യേശു പ്രസംഗിച്ച, കാരുണ്യത്തിലും സ്നേഹത്തിലും അവസാനമില്ലാത്ത ക്ഷമയിലും വിടരുന്ന ദൈവരാജ്യം!

തന്നിലൂടെ ഈ ഭൂമിയിലേക്കു കടന്നുവന്നിരിക്കുന്ന ദൈവഭരണത്തിന്റെ സാന്നിദ്ധ്യം അത്ഭുതങ്ങളിലൂടെ പ്രകടമാക്കി; പ്രസംഗങ്ങളിലൂടെ പ്രത്യേകിച്ചും ഉപമകളിലൂടെ, യേശു വിശദീകരിച്ചു. വിശക്കുന്നവന് ആഹാരം, രോഗിക്കു സൗഖ്യം, പാപിക്കു മോചനം, എല്ലാവർക്കും രക്ഷ. ഇതാണ് യേശുവിന്റെ പ്രവർത്തനങ്ങൾ നല്കുന്ന സന്ദേശം. ഇതിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. നെല്ലിനിടയിൽ വളരുന്ന കള പിഴുതുകളയാൻ അവൻ അനുവദിക്കുന്നില്ല (മത്താ 13,29); ഫലം തരാത്ത അത്തിവൃക്ഷം വെട്ടി തീയിലിടാൻ കല്പിക്കുന്ന യജമാനന്റെ മുമ്പിൽ മാധ്യസ്ഥ്യം യാചിച്ച് വിധി മാറ്റി വയ്ക്കാൻ പ്രേരിപ്പിക്കുന്ന ദാസനാണ് യേശു (ലൂക്കാ 13,6-9). അവന്റെ വലയിൽ എല്ലാതരം മത്സ്യങ്ങളുമുണ്ടാകും; അവന്റെ വയലിൽ എല്ലാതരം ചെടികളുമുണ്ടാകും. വിധിച്ചു നശിപ്പിക്കാനല്ല, സ്നേഹിച്ചു സ്വന്തമാക്കി രക്ഷിക്കാനാണ് താൻ വന്നിരിക്കുന്നത്. നീതിമാന്മാർക്കു സ്വർഗ്ഗഭാഗ്യം നല്കാനല്ല, കൂട്ടം വിട്ടലയുന്ന വഴിതെറ്റിയ പാപികളെ പിതൃഭവനത്തിലേക്കു തിരികെ കൊണ്ടുവരാനാണ് താൻ വന്നിരിക്കുന്നത് എന്ന് അസന്ദിഗ്ദ്ധമായി

യേശു പഠിപ്പിച്ചു. അവന്റെ രാജ്യത്തിൽ നീതിമാന്മാർ മാത്രമല്ല, ചുങ്കക്കാരും വേശ്യകളുമുണ്ട്, വിജാതീയരും പാപികളുമുണ്ട്.

ശിക്ഷാവിധിയെക്കുറിച്ച് യേശു പഠിപ്പിച്ചില്ല എന്ന് ഇതിനർത്ഥമില്ല. ദൈവത്തിന്റെ കരുണയെ നിരന്തരം നിഷേധിക്കുന്നവരുടെമേൽ മാത്രമാണതു നിപതിക്കുക. അതു ജീവിതാന്ത്യത്തിൽ മാത്രമേ ഉണ്ടാകൂ! ശരീരത്തിൽ ജീവനുള്ളിടത്തോളം കാലം മാനസാന്തരപ്പെട്ട് രക്ഷ പ്രാപിക്കാൻ കഴിയും എന്ന പ്രബോധനത്തിന്റെ ഏറ്റം വ്യക്തമായ തെളിവാണ് കുരിശിലെ കള്ളനു നല്കുന്ന വാഗ്ദാനം. "ഇന്ന് നീ എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43).

യേശുവും സ്നാപകനും രണ്ടു വ്യത്യസ്ത ശൈലികളും വീക്ഷണങ്ങളുമാണ് അവതരിപ്പിക്കുക. ആസന്നമായിരിക്കുന്ന വിധിയുടെ സാന്നിധ്യത്തിൽ ഉളവാകുന്ന ഭയത്തിൽ നിന്നാണ് സ്നാപകന്റെ തുടക്കം. യേശുവാകട്ടെ കടന്നുവന്നിരിക്കുന്ന ദൈവരാജ്യത്തിന്റെ സന്തോഷത്തിൽനിന്നും. വരാനിരിക്കുന്നവനെ വിധിയാളനായി സ്നാപകൻ അവതരിപ്പിച്ചപ്പോൾ മണവാളനായി യേശു ചിത്രീകരിക്കുന്നു. അതിനിശിതമായ സാമൂഹ്യ വിശകലനത്തോടെ വിധി പ്രസ്താവിക്കുന്ന ആമോസിന്റെ പ്രവാചകപാരമ്പര്യത്തിൽ സ്നാപകൻ നില്ക്കുമ്പോൾ അനന്തമായ കരുണയുടെയും ആഴം അളക്കാനാവാത്ത ആശ്വാസത്തിന്റെയും പ്രവാചകപാരമ്പര്യമാണ് യേശുവിൽ പ്രതിഫലിക്കുക. രണ്ടു പരസ്പര പൂരകങ്ങളായി വർത്തിക്കേണ്ടതാണ്; പരസ്പരവിരുദ്ധം ആകണം എന്നില്ല. എന്നാലും താൻ വിഭാവനം ചെയ്തതും വിളംബരം ചെയ്തതുമായ വീക്ഷണത്തിനു കടകവിരുദ്ധമായ പ്രവർത്തനങ്ങളും പ്രബോധനങ്ങളും യേശുവിൽനിന്നുവന്നപ്പോൾ തനിക്കു തെറ്റു പറ്റിയോ എന്നു ചിന്തിക്കാൻ സ്നാപകന് തക്കതായ കാരണം ഉണ്ടായിരുന്നു.

സ്നാപകന് ഇടർച്ച ഉണ്ടായെന്നോ, യേശു അയാളെ തള്ളിപ്പറഞ്ഞെന്നോ ഒന്നും ഇതിനർത്ഥമില്ല. അതേസമയം സ്നാപകനും ഒരു മാനസാന്തരം, ദൈവത്തിന്റെ സ്വഭാവത്തെയും പ്രവൃത്തികളെയും കുറിച്ചുള്ള വീക്ഷണത്തിൽ ഒരു വ്യതിയാനം ആവശ്യമുണ്ട് എന്ന് ഈ താക്കീതിലൂടെ അനുസ്മരിപ്പിക്കുന്നു. നട്ടെല്ലില്ലാതെ വളയുന്ന ഞാങ്ങണയോ ആഡംബരപ്രിയനായ അരമന വാസിയോ അല്ല, ഒരു യഥാർത്ഥ പ്രവാചകൻ, പോരാ, പ്രവാചകനെക്കാൾ വലിയവൻ എന്നാണ് യേശു അയാളെ വിശേഷിപ്പിച്ചത്. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ സ്നാപകനേ

ക്കാൾ വലിയവനായി ആരും ഇല്ല. എന്നാലും ദൈവരാജ്യത്തിലെ ഏറ്റം ചെറിയവൻ അവനേക്കാൾ വലിയവനാണ് (ലൂക്കാ 7,24-28).

മാനുഷികജനനവും പരിശുദ്ധാത്മാവിൽനിന്നുള്ള ജനനവും തമ്മിൽ നിലനിൽക്കുന്ന വ്യത്യാസമാണിത്; നിയമത്തിൽ അധിഷ്ഠിതമായ പഴയ ഉടമ്പടിയും കൃപയിൽ വേരൂന്നിയ പുതിയ ഉടമ്പടിയും തമ്മിലുള്ള വ്യത്യാസം (ലൂക്കാ 16,16). ഇതുതന്നെയാണ് മുന്നോടിയും പിന്നാലെ വരുന്നവനും തമ്മിലുള്ള വ്യത്യാസം. പാപമോചനത്തിനായി ജനത്തെ ഒരുക്കാൻ സ്നാപകൻ വന്നു.യേശുവാകട്ടെ പാപമോചനം നല്കാൻ. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന് ജനത്തെ തയ്യാറാക്കാൻ യോഹന്നാൻ വന്നു; യേശുവാകട്ടെ ആത്മാവിനെ നല്കാൻ. യോഹന്നാൻ തന്നെക്കുറിച്ചു തന്നെ നല്കിയ സാക്ഷ്യം സത്യമാണ്. പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറഴിച്ച്, പാദങ്ങൾ കഴുകി, ദാസ്യവേലചെയ്യാൻ പോലും ഞാൻ യോഗ്യനല്ല. അത്രകണ്ടു വ്യത്യസ്തമാണ് പിന്നാലെ വന്നവന്റെ വ്യക്തിത്വവും സന്ദേശവും.

യോഹന്നാന്റെ സന്ദേശം പാപബോധത്തിൽനിന്നും ശിക്ഷാഭീതിയിൽനിന്നും ഉയരുന്ന അനുതാപത്തിന് ഊന്നൽ നല്കിയപ്പോൾ സർവ്വതും ക്ഷമിക്കുന്ന ദൈവത്തിന്റെ അനന്തമായ സ്നേഹമായിരുന്നു യേശുവിന്റെ പ്രബോധനത്തിന്റെ കേന്ദ്രം. ചുങ്കക്കാരും പാപികളും അവന്റെയടുത്തു വന്നു സന്തോഷത്തോടെ വചനം ശ്രവിച്ചു, അവരുടെ ജീവിതത്തിൽ മാറ്റമുണ്ടായി; അവർ ആത്മനിർവൃതിയനുഭവിച്ചു. ഈ സ്വാതന്ത്ര്യവും സന്തോഷവും ഫരിസേയർക്കു മാത്രമല്ല, സ്നാപകനും മനസ്സിലാക്കാൻ പ്രയാസമുളവാക്കിയിരിക്കാം (ലൂക്കാ 15,1-2). "നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (ലൂക്കാ 16,16). യോഹന്നാൻ ഒരുക്കി, യേശു പൂർത്തിയാക്കി.

ഒരിക്കൽ ജീവിതവും വാക്കും വഴി മാത്രമല്ല, മരണത്തിലൂടെയും നടന്നു. യോഹന്നാന്റെ കാരാഗൃഹവാസവും ക്രൂരമായ മരണവും വിശദമായി വിവരിക്കുന്ന മർക്കോസ് (മർക്കോ 6,17-29) അതിനെ യേശുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഒരു മുന്നോടിയായി കാണുന്നു. അങ്ങനെ തന്റെ മരണത്തിലൂടെയും സ്നാപകൻ വരാനിരുന്നവനു മുന്നോടിയായി. പഴയ നിയമത്തിന്റെ ഏറ്റം ഉദാത്തമായ രത്നച്ചുരുക്കമാണ് യോഹന്നാൻ. യേശുവിലൂടെ ഉണ്ടായ പൂർത്തീകരണമാകട്ടെ ഏറെ വ്യത്യസ്തമായിരുന്നു. "പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ

5,21-48) എന്ന ആമുഖത്തോടെ യേശു നല്കുന്ന പ്രബോധനത്തിൽ ഈ വ്യത്യാസം പ്രകടമാകുന്നു. ''സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ'' (മത്താ 5,48). പിതാവിന്റെ പരിപൂർണ്ണതയെ അനുകരിക്കുന്നത് പരിധികളില്ലാത്ത കരുണയിലൂടെ ആയിരിക്കണം (ലൂക്കാ 6,36) എന്ന് യേശു പഠിപ്പിച്ചു.

ഇടർച്ച തോന്നുക എന്നാൽ നേരായ വഴിയിൽ നിന്നു തെന്നിമാറാൻ പ്രേരണയുണ്ടാകുക എന്നാണർത്ഥം. യേശുവിന്റെ മാർഗ്ഗം കരുണയുടെയും സ്നേഹത്തിന്റെയും അവാച്യമായ സന്തോഷത്തിന്റെയും മാർഗ്ഗമാണ്. അത് സ്വന്തം പ്രവൃത്തികൊണ്ട് ആരും നേടിയെടുക്കുന്നതല്ല, ദൈവം ദാനമായി നല്കുന്നതാണ്. ഈ പ്രബോധനത്തെ ഇടർച്ചയായി കാണുന്നവന് യേശു പ്രഘോഷിച്ച ദൈവരാജ്യാനുഭവം ഉണ്ടാവുക അസാധ്യം.


എന്തു പ്രായോഗികപാഠമാണ് സ്നാപകന്റെ ചിത്രീകരണത്തിലൂടെ സുവിശേഷങ്ങൾ കൈമാറി നില്ക്കുന്നത്? യേശുവിൽ പൂർത്തിയായ പുതിയ നിയമത്തിന്റെ പുതുമതന്നെയാണ് ഏറ്റം പ്രധാനപ്പെട്ട സന്ദേശം. നിയമാനുഷ്ഠാനത്തിന്റെ വെളിച്ചത്തിൽ ചെയ്തികളെ സസൂക്ഷ്മം വിലയിരുത്തി കർശനമായ വിധി പ്രസ്താവിക്കുന്ന കഠിനഹൃദയനായ ന്യായാധിപനല്ല ദൈവം. മറിച്ച്, വഴിതെറ്റിയതിനെ തേടിയിറങ്ങുന്ന നല്ല ഇടയനാണ്. പിതൃസ്വത്തു കളഞ്ഞു കുളിച്ച്, തളർന്ന ശരീരവും അതിലേറെ തകർന്ന മനസ്സുമായി, മടിച്ചു മടിച്ചു മടങ്ങിവരുന്ന ധൂർത്തപുത്രനെ വാരിപുണർന്ന്, കഴുകി തുടച്ച് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു നല്കി, പുത്രനായി വീണ്ടും സ്വീകരിക്കുന്ന സ്നേഹധനനായ പിതാവാണ്. സ്നാപകന്റ സന്ദേശത്തിലെ അനുതാപത്തിനുള്ള ആഹ്വാനവും സാമൂഹ്യനീതി നടപ്പിലാക്കാനുള്ള കർശനമായ നിർദ്ദേശവും സ്വീകരിച്ചുകൊണ്ടു തന്നെ, കാരുണ്യത്തിന് മുൻതൂക്കം നല്കണം.

ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ കർശനമായി പരിശോധിച്ച്, ജോലിക്കനുസൃതമായി നല്കുന്ന കൂലിയല്ല ദൈവരാജ്യം. അത് ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് - പന്ത്രണ്ടു മണിക്കൂറും ജോലി ചെയ്തവർക്കും പതിനൊന്നാം മണിക്കൂറിൽ മാത്രം ജോലി തുടങ്ങിയവർക്കും ഒരേ കൂലി നല്കുന്നതാണ് യേശു പഠിപ്പിച്ച ദൈവികനീതി (മത്താ 20,1-16); രക്ഷയെന്നത് പ്രവൃത്തിയുടെ ഫലമല്ല, ദൈവത്തിന്റെ കൃപാദാനമാണ് എന്ന് വിശുദ്ധ പൗലോസ് പഠിപ്പിക്കുന്നതുപോലെ (എഫേ 2,8-9; റോമാ 3,21-31).

കുറ്റബോധവും നിരാശയും വിഷാദവുമല്ല, സകല കുറ്റങ്ങളും പാപങ്ങളും യേശുവിന്റെ ആത്മത്യാഗത്തിലൂടെ സൗജന്യമായി ക്ഷമിക്കപ്പെടുന്നതിലുള്ള അവാച്യമായ സന്തോഷമാണ്, ആനന്ദനിർവൃതിയാണ് യേശുവിന്റെ സന്ദേശത്തിന്റെ കാതൽ. ''ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്'' (യോഹ 15,11). ഈ പ്രബോധനത്തിന്റെ അടിസ്ഥാനത്തിലാണ് വി. പൗലോസ് ഉദ്ഘോഷിക്കുന്നത്: ''നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു സന്തോഷിക്കുവിൻ'' (ഫിലി 4,4).

യേശു കൊണ്ടുവന്നത് സന്തോഷം നല്കുന്ന ദൈവരാജ്യാനുഭവമായ പുതുവീഞ്ഞാണ്. അത് നിയമാനുഷ്ഠാനത്തിന്റെ ചട്ടക്കൂടായ പഴയ തോല്ക്കുടത്തിൽ സൂക്ഷിക്കാനാവില്ല. ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും തുറക്കുന്ന സ്നേഹത്തിന്റെ പുതിയ തോല്ക്കുടം ആവശ്യമാണ് (മർക്കോ 2,22). അനുയായികളുടെമേൽ താങ്ങാനാവാത്ത വലിയ ചുമടായി നിയമത്തെ അടിച്ചേല്പിക്കുന്ന ഫരിസേയ വ്യാഖ്യാനല്ല (മത്താ 23,4), സന്തോഷത്തോടെ ദൈവഹിതം തേടുന്ന മക്കളുടെ സ്വാതന്ത്ര്യമാണ് യേശു നല്കുന്നത്. യേശു നല്കിയ സ്വാതന്ത്ര്യത്തിന്റെ നിയമത്തെ വ്യാഖ്യാനിച്ച്, വീണ്ടും താങ്ങാനാവാത്ത ഭാരമാക്കി, ജനത്തെ ദൈവത്തിൽനിന്നും സഭയിൽനിന്നും അകറ്റാതിരിക്കാൻ ശ്രദ്ധിക്കണം.

സന്തോഷമാണ് സുവിശേഷത്തിന്റെ അടിസ്ഥാനചൈതന്യം എന്നു മനസ്സിലാക്കണം. വഴിതെറ്റുന്നവരെ കുറ്റം വിധിച്ച്, പടിയടച്ചു പുറത്താക്കുകയല്ല, കരുണാർദ്രമായ വാത്സല്യത്തോടെ സ്വീകരിച്ച്, മുറിവുകൾ വച്ചുകെട്ടിയും കഴുകി ശുദ്ധീകരിച്ചും ദൈവമക്കളുടെ സ്ഥാനത്ത് വീണ്ടും പ്രതിഷ്ഠിക്കുകയാണ് ക്രിസ്തുശിഷ്യർ ചെയ്യേണ്ടത്, മാതാപിതാക്കളും മതാധികാരികളും ഒരുപോലെ, ''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം പോയി പഠിക്കുവിൻ'' (മത്താ 9,13; 12,7).



# ഗുരുവിനെ തള്ളിപ്പറഞ്ഞ ശിഷ്യൻ

## പത്രോസ്

*"അവൻ പുറത്തുപോയി മനം നൊന്തു കരഞ്ഞു"*

(ലൂക്കാ 22,62)

പാറ എന്നാണ് ഗുരു അയാളെ വിളിച്ചത്. അത് ഗുരുവിന്റെ സ്വപ്നവും ശിഷ്യനുള്ള ദൗത്യവുമായിരുന്നു. സഹോദരൻ അന്ത്രയോസിന്റെ സാക്ഷ്യമാണ് ശിമയോനെ ഗുരുവിന്റെയടുത്തേക്കു നയിച്ചത് (യോഹ 1,40–41). കണ്ട മാത്രയിൽത്തന്നെ ഇരുവർക്കും പരസ്പരം ഇഷ്ടമായി. ഗുരു വിളിച്ചു, ശിമയോൻ പിന്നാലെ പോയി. വലിയൊരു യാത്രയുടെ, സൗഹൃദത്തിന്റെ, ദിവ്യമായൊരു ദൗത്യത്തിന്റെ തുടക്കമായിരുന്നു അത്. പിന്നെ എത്രയെത്ര അനുഭവങ്ങൾ. ഗുരുവിനെ ദൈവപുത്രനായി ഏറ്റുപറഞ്ഞ ആദ്യശിഷ്യൻ. ഗുരു അവനെ വാനോളം പുകഴ്ത്തി. അവനാകുന്ന പാറമേൽ തന്റെ പള്ളി പണിയും എന്നു വാഗ്ദാനം ചെയ്തു. എന്നാൽ സാത്താനേ എന്നു വിളിച്ചു ശാസിക്കാനും മടിച്ചില്ല.

പാറയാകേണ്ടവൻ മെഴുകുപോലെ ഉരുകുകയും മണൽപോലെ തെന്നിമാറുകയും ചെയ്തപ്പോൾ മുന്നറിയിപ്പുകളും താക്കീതുകളും

നല്കി. എന്നിട്ടും അയാൾ വീണു, ഒന്നല്ല പലതവണ. എന്നാൽ വീണിടത്തു തന്നെ കിടന്നില്ല. ഗുരുനീട്ടിയ കയ്യിൽപിടിച്ച് എഴുന്നേറ്റു, വീണ്ടും വീണ്ടും. അവസാനം സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമാനഗരിയിൽ, വത്തിക്കാൻകുന്നിൽ, തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ചതോടെയാണ് ആ ശിഷ്യത്വം പൂർണ്ണമായത്. പുതിയ നിയമത്തിൽ യേശു കഴിഞ്ഞാൽ ഏറ്റവും അധികം പ്രത്യക്ഷപ്പെടുന്നത് അയാളുടെ പേരാണ് - 163 തവണ. ശിമയോൻ പത്രോസ് നടന്നതും വീണതുമായ ശിഷ്യത്വത്തിന്റെ വഴികളിൽനിന്നും സുപ്രധാനമായ ചില പാഠങ്ങൾ നമുക്കു പഠിക്കാനുണ്ട്.

പത്രോസിന്റെ വിളിയെക്കുറിച്ച് നാലു സുവിശേഷങ്ങൾ മൂന്നുവിധത്തിലുള്ള വിവരണങ്ങളാണ് നല്കിയിരിക്കുന്നത്. ആദ്യം എഴുതപ്പെട്ടതായി വ്യാഖ്യാതാക്കൾ കരുതുന്ന മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യഗണത്തിലേക്ക് ആദ്യമേ വിളിക്കപ്പെടുന്നത് ശിമയോനാണ്. യേശു ആദ്യമായി കാണുമ്പോൾ അയാളും സഹോദരൻ അന്ത്രയോസും കടലിൽ വല എറിയുകയായിരുന്നു. യേശു വിളിച്ചു, വലയും വള്ളവും ഉപേക്ഷിച്ച് ഇരുവരും അനുഗമിച്ചു (മർക്കോ 1,16-17). ഇതേ വിവരണംതന്നെ മത്തായിയും നല്കിയിരിക്കുന്നു (മത്താ 4,18-20). അത്ഭുതകരമായ മീൻപിടുത്തം കണ്ട് യേശുവിന്റെ ദിവ്യത്വം അറിഞ്ഞതിനുശേഷമാണ്, ലൂക്കായുടെ വിവരണത്തിൽ ശിമയോൻ ശിഷ്യനാകുന്നത് (ലൂക്കാ 5,1-11). ആഴമേറിയ ഒരു ദൈവാനുഭവം ശിഷ്യത്വത്തിന്റെ തുടക്കത്തിൽത്തന്നെ അയാൾക്കു ലഭിച്ചു. വിളിയുടെ ലക്ഷ്യം മൂന്നു സുവിശേഷത്തിലും ഒന്നുതന്നെ. ദൈവരാജ്യത്തിലേക്ക് മനുഷ്യരെ ആകർഷിക്കുക, മനുഷ്യരെ പിടിക്കുന്നവരാകുക. യോഹന്നാൻ തനതായ ഒരു കാഴ്ചപ്പാട് ഈ വിളിയിലും വച്ചു പുലർത്തുന്നുണ്ട്. സഹോദരൻ അന്ത്രയോസിന്റെ ക്ഷണം അനുസരിച്ച് തന്റെയടുത്തേക്കു വന്ന ശിമയോനെയാണ് യേശു വിളിച്ചതും പുതിയ പേരു നല്കിയതും (യോഹ 1,40-42).

ഇനി അങ്ങോട്ട് യേശുവിന്റെ പിന്നാലെയുള്ള യാത്രയിൽ അയാൾ എപ്പോഴും മുന്നിലാണ്. ഏകദേശം രണ്ടുവർഷത്തിലേറെ യേശുവിന്റെ പ്രവർത്തനമണ്ഡലം ഗലീലി ആയിരുന്നു. അക്കാലമത്രയും അയാളുടെ വീടായിരുന്നു യേശുവിന്റെയും ശിഷ്യസംഘത്തിന്റെയും സ്ഥിരതാവളം എന്നാണ് സുവിശേഷങ്ങളിലെ വിവരണങ്ങളിൽ നിന്നു മനസ്സിലാകുക. പുരാവസ്തു ഗവേഷകർ കണ്ടെടുത്ത അടിത്തറ പത്രോസിന്റെ വീടിന്റേതായിരുന്നു എന്നു വിശ്വസിക്കാമെങ്കിൽ

സാമാന്യം വലിയൊരു വീടായിരുന്നു അത്. ഗലീലി തടാകതീരത്ത്, കഫർണാം പട്ടണത്തിൽ, സിനഗോഗിന്റെ തൊട്ടടുത്തായി തീർത്ഥാടകർക്ക് അതു കാണാൻ കഴിയും. സിനഗോഗിലെ പ്രബോധനവും അത്ഭുതവും കഴിഞ്ഞയുടനെ ആ വീട്ടിലേക്കാണ് യേശു വന്നത്. പനി ബാധിച്ചു കിടപ്പിലായ പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയതാണ് സമാന്തരസുവിശേഷകർ അവതരിപ്പിക്കുന്ന രണ്ടാമത്തെ അത്ഭുതം (മർക്കോ 1,29-34). അതു പത്രോസിനുവേണ്ടിത്തന്നെ ചെയ്തതായി പരിഗണിക്കാവുന്നതാണ്.

സമാന്തരസുവിശേഷങ്ങൾ ശിഷ്യന്മാരുടെ പട്ടിക അവതരിപ്പിക്കുമ്പോൾ പത്രോസാണ് എപ്പോഴും ഒന്നാമൻ (മർക്കോ 3,15). അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അയ്യായിരങ്ങളെ തൃപ്തിയാക്കിയതിനുശേഷം സന്ധ്യയോടെ യേശു ശിഷ്യന്മാരെ വഞ്ചിയിൽ മറുകരയ്ക്കയച്ചു. ശക്തമായ കാറ്റിനെതിരേ തണ്ടുവലിച്ചു കുഴഞ്ഞ ശിഷ്യന്മാർ രാത്രിയുടെ നാലാം യാമത്തിൽ, ഏതാണ്ട് വെളുപ്പാൻ കാലത്ത് മൂന്നുമണിയോടെ, തങ്ങളുടെ നേരെ നടന്നുവരുന്ന രൂപം കണ്ട് ഭൂതമാണെന്നു കരുതി ഭയന്നു നിലവിളിച്ചു. "ഞാനാണ്, ഭയപ്പെടേണ്ടാ", എന്നു പറഞ്ഞപ്പോൾ പത്രോസിനൊരു മോഹം. "കർത്താവേ, അങ്ങാണെങ്കിൽ ഞാൻ ജലത്തിനു മീതെകൂടി അങ്ങയുടെ അടുത്തേക്കു വരാൻ കല്പിക്കുക. വരൂ, അവൻ പറഞ്ഞു. പത്രോസ് വഞ്ചിയിൽനിന്നിറങ്ങി വെള്ളത്തിനുമുകളിലൂടെ യേശുവിന്റെ അടുത്തേക്കു ചെന്നു. എന്നാൽ കാറ്റ് ആഞ്ഞടിക്കുന്നതു കണ്ട് അവൻ ഭയന്നു. ജലത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയപ്പോൾ അവൻ നിലവിളിച്ചു പറഞ്ഞു: കർത്താവേ രക്ഷിക്കണേ!" (മത്താ 14,27-30).

പത്രോസ് എപ്പോഴും അങ്ങനെ ആയിരുന്നു. എല്ലായിടത്തും മുൻപന്തിയിൽ. ചോദിക്കാനും പറയാനുമെല്ലാം മുൻപിൽ. ഗലീലിയിലെ പ്രവർത്തനങ്ങൾ ഏതാണ്ട് സമാപിക്കാറായപ്പോൾ യേശു തന്നെക്കുറിച്ച് ഒരു വിലയിരുത്തൽ ആവശ്യപ്പെട്ടു. പൊതുജനാഭിപ്രായം പലവിധമായിരുന്നു. എന്നാൽ ശിഷ്യന്മാരുടെ അഭിപ്രായം എന്തെന്ന ചോദ്യത്തിനു പത്രോസാണ് മറുപടി പറഞ്ഞത്. മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നതാണ് ഏറ്റം ഹ്രസ്വമായ മറുപടി. "നീ ക്രിസ്തുവാണ് (മർക്കോ 8,29). ലൂക്കാ അല്പംകൂടി വിശദീകരിച്ചു: "നീ ദൈവത്തിന്റെ ക്രിസ്തുവാണ്" (ലൂക്കാ 9,20). മത്തായിയാണ് ഏറ്റവും പൂർണ്ണമായ ഉത്തരം രേഖപ്പെടുത്തിയിരിക്കുന്നത്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ 16,16). ഉത്ഥാനാനന്തരസഭയുടെ വിശ്വാസമാണ് ഇവിടെ നാം പത്രോസിൽനിന്നു കേൾക്കുന്നത്.

ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗത്തെക്കുറിച്ചു യേശു പഠിപ്പിച്ചതു കേട്ടപ്പോൾ പത്രോസാണ് ചോദിക്കുന്നത്, ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക? (മത്താ 19,28). ദേവാലയനികുതി പിരിക്കുന്നവരുടെ ചോദ്യത്തിന് ഉത്തരം പറയുന്നതും പത്രോസ്തന്നെ (മത്താ 17,25). പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനുശേഷം ആസന്നമായിരിക്കുന്ന, അനിവാര്യമായ തന്റെ പീഡാനുഭവത്തെയും മരണത്തെയും ഉയിർപ്പിനെയുംകുറിച്ച് പറഞ്ഞ ഗുരുവിനെ ജറുസലെം യാത്രയിൽ നിന്നുതന്നെ പിൻതിരിപ്പിക്കാൻ ശ്രമിച്ചതും മറ്റാരുമല്ല (മത്താ 16,22).

അവസാനം, മരണത്തിന്റെ തലേരാത്രിയിൽ, ശിഷ്യന്മാർ നേരിടാൻ പോകുന്ന പ്രലോഭനങ്ങളെയും അവർക്കു സംഭവിക്കാൻ പോകുന്ന വീഴ്ചയെയുംകുറിച്ച്, വികാരസാന്ദ്രമായ മുന്നറിയിപ്പു കേട്ടപ്പോൾ പത്രോസിന്റെ ഹൃദയം വിങ്ങി. "എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല" (മർക്കോ 14,29). "നിന്റെകൂടെ കാരാഗൃഹത്തിലേക്കു പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്" (ലൂക്കാ 22,33). "നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും" (യോഹ 13,37). പലവിധത്തിൽ സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്ന പത്രോസിന്റെ പ്രഖ്യാപനത്തിന് അർത്ഥം ഒന്നേയുള്ളൂ. ഗുരുവിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ഗുരുവിനെ വിട്ട് ഒരു ജീവിതം തനിക്കുവേണ്ടാ. അത്ര തീവ്രമായിരുന്നു പത്രോസിന്റെ ഗുരുഭക്തി; അത്ര തീക്ഷ്ണമായിരുന്നു ഗുരുവിനോടുള്ള സ്നേഹം. എന്നിട്ടും അയാൾക്കതു സംഭവിച്ചു. ഗുരുവിനെ അറിയില്ല എന്നു തള്ളിപ്പറഞ്ഞു, ഒന്നല്ല മൂന്നുതവണ.

ഗുരുനാഥൻ അയാളെ പ്രത്യേകം സ്നേഹിച്ചു; പന്തിരുവരുടെ തലവനാക്കി. പിതാവാണ് അയാളിലൂടെ സംസാരിച്ചത് എന്നംഗീകരിച്ചു. താൻ സ്ഥാപിക്കാൻ പോകുന്ന സഭയുടെ അടിത്തറയായി, ഇളകാത്ത പാറയായി അയാളെ ഉറപ്പിക്കും എന്നു വാഗ്ദാനം ചെയ്തു. പൈശാചിക ശക്തികളിൽനിന്നു സംരക്ഷിക്കും എന്നുറപ്പു നല്കി (മത്താ 16,17-20). ഭാഗ്യവാൻ എന്നാണ് ഗുരു അയാളെ വിളിച്ചത്. മാനുഷികചിന്ത അയാളെ അന്ധനാക്കാൻ തുടങ്ങിയപ്പോൾ "സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്താ 16,23) എന്നു ശാസിക്കാൻ ഗുരു മടിച്ചില്ല. എന്നാൽ ആ ശാസനയുടെ അർത്ഥം ശിഷ്യനു മുഴുവനായും മനസ്സിലായില്ല. ഗുരുവിന്റെ വാക്കുകേട്ട് കൊടുങ്കാറ്റിൽ ഇളകി മറിയുന്ന കടലിലേക്ക് തോണിയിൽ നിന്നിറങ്ങി വെള്ളത്തിനുമീതെ നിഷ്പ്രയാസം

നടന്നയാൾ പെട്ടെന്ന് വെള്ളത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയത് തന്റെ വിശ്വാസക്കുറവുകൊണ്ടാണെന്നു ഗുരു പറഞ്ഞത് (മത്താ 15,31) അയാൾ ഒന്നുകിൽ ഗൗനിച്ചില്ല, അല്ലെങ്കിൽ മറന്നു. വിശ്വാസത്തിൽ ഇനിയും ഏറെ ശക്തിപ്പെടാനുണ്ട്. രൂപാന്തരീകരണത്തിന്റെ മലമുകളിൽ നിമിഷ നേരത്തേക്കു മിന്നിമറഞ്ഞ ഗുരുവിന്റെ മഹത്വം കണ്ട പത്രോസ് ഉദ്ഘോഷിച്ചു. ഇവിടെ ആയിരിക്കുന്നത് നല്ലതാണ്. മഹത്വത്തിൽ പ്രത്യക്ഷപ്പെട്ട മോശയും ഏലിയായും വരാൻപോകുന്ന പീഡാസഹനത്തെക്കുറിച്ചാണ് ഗുരുവിനോടു സംസാരിച്ചത് എന്ന് അയാൾ ഗ്രഹിച്ചില്ല (ലൂക്കാ 9,28-33).

യേശുവിന്റെ പീഡാസഹനവും മരണവും ശിഷ്യർക്കു സ്വീകരിക്കാൻ എന്നല്ല, മനസ്സിലാക്കാൻപോലും കഴിയാത്ത വലിയൊരാഘാതമായിരുന്നു. അവർ ജാഗ്രത പാലിക്കണം; പ്രാർത്ഥനയിലൂടെ ശക്തിയാർജ്ജിക്കണം. എന്നാൽ മറ്റെല്ലാവരും ഉപേക്ഷിച്ചാലും താൻ ഗുരുവിനെ ഉപേക്ഷിക്കുകയില്ല എന്ന പ്രഖ്യാപനത്തിൽ അമിതമായ ആത്മവിശ്വാസവും അതോടൊപ്പം മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവനാണുതാൻ എന്ന അഹങ്കാരവും പ്രതിധ്വനിക്കുന്നുണ്ട്. ‘‘നിന്റെ വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തണം’’ (ലൂക്കാ 22,32) എന്ന ഗുരുവചനവും അയാളിൽ മാറ്റമുണ്ടാക്കിയില്ല; തന്റെ കഴിവിനെയും അവസ്ഥയെയും കുറിച്ചുള്ള യാഥാർത്ഥ്യബോധത്തിലേക്ക് അയാളെ ഉണർത്തിയില്ല.

ഉടുപ്പുവിറ്റ് വാൾ വാങ്ങാൻ പറഞ്ഞപ്പോൾ അതിന്റെ ആന്തരാർത്ഥം എന്തെന്ന് അയാൾക്കു മനസ്സിലായില്ല. അതുകൊണ്ടാണല്ലോ തങ്ങളുടെ കൈവശം രണ്ടുവാൾ ഉണ്ടെന്നു മറുപടി പറഞ്ഞത് (ലൂക്കാ 22,36-38). ശത്രുവിന്റെ കഴുത്തറുക്കാനുള്ള ഇരിമ്പുവാളല്ല, പ്രാർത്ഥനയിലൂടെയും വിശ്വാസത്തിലൂടെയും സ്വയം സംരക്ഷിക്കാനും പ്രലോഭനങ്ങളെ ചെറുക്കാനും ആവശ്യമായ ശക്തി സംഭരിക്കാനാണ് ഗുരു ഉപദേശിച്ചത് എന്ന് അയാൾക്കു മനസ്സിലായില്ല. ഗത്സെമിനിയിൽവച്ച് രക്തം വിയർത്തു. പ്രാർത്ഥിക്കുമ്പോൾ കൂട്ടിനിരുന്നു പ്രാർത്ഥിക്കാൻ ഗുരു പ്രത്യേകം തിരഞ്ഞെടുത്ത മൂവരിൽ മുമ്പൻ പത്രോസ് തന്നെയായിരുന്നു (മത്താ 26,37). പരീക്ഷയിൽ പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നു പല തവണ പറഞ്ഞെങ്കിലും ഉണർന്നിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. രൂപാന്തരീകരണത്തിന്റെ മലയിൽ സംഭവിച്ചതുതന്നെ ഇവിടെയും സംഭവിച്ചു, അയാൾ ഉറങ്ങി.

ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ കഴിയാതെപോയ പത്രോസ്

പടയാളികൾ യേശുവിനെ പിടിച്ചുകെട്ടാൻ തുടങ്ങിയപ്പോൾ ഉണർന്നു പ്രവർത്തിച്ചു. വാളൂരി വെട്ടി, ഒരാളുടെ ചെവി വിഛേദിച്ചു. അതു വലിയ വിനയായി. പിന്നീട്, പ്രധാനപുരോഹിതന്റെ അങ്കണത്തിൽവച്ച് ചോദ്യം ചെയ്യപ്പെട്ടപ്പോൾ ഭയക്കാൻ ഇതു കൂടുതൽ കാരണമായിട്ടുണ്ടാവും. പ്രാർത്ഥിക്കുന്നതിനുപകരം വാളെടുത്ത് ഗുരുവിനെ രക്ഷിക്കാൻ കഴിയില്ലെന്ന് ഉടനെ അയാൾ അറിഞ്ഞു. ഗുരുവിന്റെ ശകാരവും കിട്ടി. വാൾ ഉറയിലിടുക, വാൾ എടുക്കുന്നവൻ വാളാൽ നശിക്കും (മത്താ 26, 51-52; യോഹ 18,10). പടയാളികൾ പിടിച്ചുകൊണ്ടുപോയ ഗുരുവിന്റെ പിന്നാലെ, ആരും കാണാതെ അല്പം അകലെയായി പത്രോസ് അനുഗമിച്ചു. പ്രധാനപുരോഹിതന്റെ വീട്ടിൽ യേശുവിനെ വിചാരണ ചെയ്യുമ്പോൾ പത്രോസ് വേലക്കാരുടെ കൂടെ, അങ്കണത്തിൽ തീ കായുകയായിരുന്നു. അവിടെവച്ചാണ് വിചാരണ ചെയ്യപ്പെടുന്ന ആ മനുഷ്യനെ താൻ അറിയില്ല എന്ന് പത്രോസ് മൂന്നുതവണ തള്ളിപ്പറഞ്ഞത് (മത്താ 26,69-75). ഭയമായിരുന്നു കാരണം. ജീവൻ നഷ്ടപ്പെടും എന്ന ഭയം.

മൂന്നാംതവണ നിഷേധിച്ചുകഴിഞ്ഞപ്പോൾ "കർത്താവ് പത്രോസിന്റെ നേരെ തിരിഞ്ഞ് അവനെ നോക്കി" (ലൂക്കാ 22,61). ആ നോട്ടം ഓർമ്മകളെ തൊട്ടുണർത്തി. യേശുവിന്റെ മുന്നറിയിപ്പും തന്റെ വീരവാദവും എല്ലാം അയാൾ അനുസ്മരിച്ചു. എത്ര ഹീനമായി താൻ അധഃപതിച്ചു എന്നയാൾ തിരിച്ചറിഞ്ഞു. തന്റെ ജീവൻ ഗുരുവിനുവേണ്ടി ഉപേക്ഷിക്കും എന്നു പറഞ്ഞത് വെറും വീൺവാക്കായിരുന്നു എന്നയാൾ ഗ്രഹിച്ചു. അത് അയാളെ തകർത്തു. പശ്ചാത്താപവിവശനായ പത്രോസ് "പുറത്തുപോയി മനം നൊന്തു കരഞ്ഞു" (ലൂക്കാ 22,62). എന്നിട്ടും തീർന്നില്ല പരാജയത്തിന്റെ നാൾവഴി.

ക്രൂശിതനായ ഗുരു ഉയിർത്തെഴുന്നേറ്റു, ഞാൻ കണ്ടു എന്ന മഗ്ദലേനായുടെ സന്ദേശം, അയാൾക്കും വിശ്വസിക്കാനായില്ല (ലൂക്കാ 24,10-11; മർക്കോ 16,9-11). തെളിവിനായി ചെന്നപ്പോൾ ശൂന്യമായ കല്ലറയും ഗുരുശരീരം പൊതിഞ്ഞിരുന്ന ശീലകളും കണ്ടെങ്കിലും പൊരുൾ തിരിഞ്ഞില്ല (യോഹ 20,1-7). അവസാനം ഗുരുതന്നെ നേരിൽ പ്രത്യക്ഷപ്പെട്ട് ഉണങ്ങാത്ത മുറിപ്പാടുകൾ കാട്ടി വിശ്വാസത്തിനു തെളിവു നല്കി. പരിശുദ്ധാത്മാവിനെ നല്കി; പാപം മോചിക്കാൻ അധികാരവും കൊടുത്തു. ഇതെല്ലാമായിട്ടും വീണ്ടും കാലിടറി.

യോഹന്നാൻ സുവിശേഷത്തിന്റെ അവസാനത്തെ അധ്യായത്തിൽ പത്രോസിന്റെ പരാജയത്തിന്റെയും തിരിച്ചുവരവിന്റെയും

ഹൃദയഹാരിയായ ഒരു തൂലികാചിത്രം വരച്ചുവച്ചിട്ടുണ്ട്. പത്രോസിനെ സുവിശേഷങ്ങളിൽ അവസാനമായി നാം കണ്ടുമുട്ടുന്നത് കഫർണാമിലെ സ്വന്തം വീട്ടിലാണ്. പന്ത്രണ്ടുപേരിൽ മറ്റ് ആറുപേരോടു കൂടെയാണയാൾ. "ശിമയോൻ പത്രോസ് പറഞ്ഞു. ഞാൻ മീൻപിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു ഞങ്ങളും നിന്നോടുകൂടെ വരുന്നു" (യോഹ 21,1-3). മീൻപിടിച്ചു നടന്ന തന്നെ അവിടെനിന്നു വിളിച്ച്, മനുഷ്യരെ പിടിക്കാൻ ഗുരു നിയോഗിച്ചതാണെന്നകാര്യം അയാൾ മറന്നു. ഉപേക്ഷിച്ച വള്ളവും വലയും വീണ്ടും എടുത്തു. തനിച്ചല്ല; അയാളുടെ തീരുമാനം കൂട്ടുകാരെയും സ്വാധീനിച്ചു. അങ്ങനെ പന്ത്രണ്ടിൽ ഏഴുപേർ പഴയ തൊഴിലിലേക്കു തിരിച്ചുപോയി. ബാക്കി അഞ്ചുപേർക്ക് എന്തു സംഭവിച്ചു? ഒരാൾ ആത്മഹത്യ ചെയ്തു. മറ്റു നാലുപേരോ? ഒരു കാര്യം വ്യക്തം. തന്റെ സഭയുടെ അടിസ്ഥാനമായി യേശു തിരഞ്ഞെടുത്ത പന്ത്രണ്ടുപേരുടെ സംഘം പൊളിഞ്ഞു; സംഘത്തലവൻ തന്നെ മുഖ്യ ഉത്തരവാദി.

പ്രതീക്ഷകളെല്ലാം അസ്തമിച്ചു; വാഗ്ദാനങ്ങളെല്ലാം മറന്നു. രാത്രിമുഴുവൻ കടൽ അരിച്ചുപെറുക്കിയിട്ടും ഒരു ചെറുമത്സ്യംപോലും കിട്ടിയില്ല. പരാജയം പൂർത്തിയായി. ശിഷ്യത്വം അവസാനിപ്പിച്ച് പഴയ തൊഴിലിലേക്കു തിരിച്ചുവന്ന് അവിടെയും പരാജയപ്പെട്ടു. പരാജയത്തിന്റെ ഈ തീരത്തേക്കാണ് ഉത്ഥിതനായ ഗുരുവരൻ ആഴമളക്കാനാവാത്ത ക്ഷമയും കാരുണ്യവും വാത്സല്യവുമായി കടന്നുവരുന്നത്.

"കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ" എന്നു വെളുപ്പാൻകാലത്തു കരയിൽനിന്നു വിളിച്ചു ചോദിച്ചയാൾ അപരിചിതനായിരുന്നു. ഇല്ലായെന്നു മറുപടി പറഞ്ഞപ്പോൾ നിർദ്ദേശം, വള്ളത്തിന്റെ വലത്തുവശത്ത് വലയിടുക. അവർ വലയിട്ടു. വല നിറഞ്ഞു. എന്നിട്ടും പത്രോസിനു കരയിൽ നില്ക്കുന്നത് തന്റെ ഗുരുവാണെന്നു മനസ്സിലായില്ല. യേശു സ്നേഹിച്ചിരുന്ന ശിഷ്യനാണ് ആദ്യമേ ഗുരുവിനെ തിരിച്ചറിഞ്ഞത്. സ്നേഹത്തിലൂടെ മാത്രമേ ഗുരുവിനെ അറിയാൻ കഴിയൂ എന്ന സന്ദേശമാകുമോ യോഹന്നാൻ ഈ വിശേഷണത്തിലൂടെ നല്കുക?

"അതു കർത്താവാണെന്നു കേട്ടപ്പോൾ, താൻ നഗ്നനായിരുന്നതുകൊണ്ട് പുറങ്കുപ്പായം എടുത്തു ധരിച്ച് കടലിലേക്കു ചാടി" (യോഹ 21,7). ഗുരുവിന്റെയടുക്കൽ എത്രയും വേഗം എത്താൻ വേണ്ടിയാണ് കടലിൽ ചാടി നീന്തിയത് എന്നു വ്യക്തം. എന്നാൽ അത്രതന്നെ വ്യക്തമല്ലാത്ത മറ്റൊന്നുണ്ട്. എന്താണ് കർത്താവാണെന്ന അറിവും

നഗ്നതാബോധവും തമ്മിലുള്ള ബന്ധം? അരക്കച്ച മാത്രം ഉടുത്തു ജോലിചെയ്യുന്ന ഒരാളുടെ ശാരീരിക നഗ്നതയേക്കാൾ ആഴമേറിയ എന്തോ ഒന്ന് ഈ വിശേഷണത്തിലുണ്ട്. ആദിപാപത്തിലൂടെ കൃപയുടെ ഉടയാട അഴിഞ്ഞ് സ്വന്തം നഗ്നതകണ്ട് ലജ്ജിച്ച ആദിമാതാപിതാക്കളുടെ നഗ്നതയുമായി ഇതിനു ബന്ധമുണ്ടോ? അപ്പോൾ പുറങ്കുപ്പായം വാരിച്ചുറ്റിയാൽ മറയുന്നതല്ല ഈ നഗ്നത. അതിനാലാണ് തുടർന്നുള്ള സംഭാഷണം.

നിറച്ച് ഊട്ടിയതിനുശേഷമാണ് പത്രോസ് ഏറ്റം ഭയപ്പെട്ടിരുന്ന ആ ചോദ്യം വന്നത് (1 യോഹ 21, 15-19). എന്നാൽ താൻ പ്രതീക്ഷിച്ച തിൽനിന്ന് എത്ര വ്യത്യസ്തമായിരുന്നു ഗുരുവിന്റെ ചോദ്യം! വിശ്വാസ രാഹിത്യത്തെക്കുറിച്ച് ഒരു പരാമർശംപോലുമില്ല. തള്ളിപ്പറഞ്ഞതിൽ പരിഭവമോ ശാസനയോ ഇല്ല. ഗുരുവിന് ഒന്നുമാത്രം അറിഞ്ഞാൽ മതി. നീ എന്നെ സ്നേഹിക്കുന്നുണ്ടോ? "ഇവരേക്കാൾ അധികമായി" എന്ന താരതമ്യം എല്ലാവരും ഇടറിയാലും താൻ ഇടറുകയില്ല എന്ന പത്രോസിന്റെ പ്രഖ്യാപനത്തെ അനുസ്മരിപ്പിക്കുന്നതാവാം. ഒന്നുകൂടിയുണ്ട്. ഇത്തവണ പഴയ പേരാണു വിളിക്കുക. യോഹന്നാന്റെ പുത്രനായ ശിമയോനേ! (യോഹ 2,17) അങ്ങനെയാണ് ആദ്യം കണ്ടപ്പോൾ യേശു അയാളെ വിളിച്ചത് (യോഹ 1,42). എല്ലാം വീണ്ടും തുടങ്ങാം എന്ന ഒരു സൂചനയല്ലേ ഇതിലൂടെ നല്കുക?

കഴിഞ്ഞതെല്ലാം മറക്കാം, നിന്റെ അവിശ്വസ്തതയുടെ മുറിവുണക്കാം. വീണ്ടും ആരംഭത്തിൽ തുടങ്ങാം. ഒരു പുതിയ ചരിത്രം. ഒന്നുമാത്രമേ അതിനാവശ്യമുള്ളൂ, സ്നേഹം. ഒട്ടും സങ്കോചം കൂടാതെ ശിഷ്യൻ മറുപടി പറഞ്ഞു. ഉവ്വ്, കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ. യേശു അവനോടു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക. പക്ഷേ അതുകൊണ്ടവസാനിച്ചില്ല. യേശു വീണ്ടും ചോദ്യം ആവർത്തിച്ചു. ഒന്നല്ല, രണ്ടുതവണ കൂടെ.....അങ്ങനെ പൂർണ്ണതയെ സൂചിപ്പിക്കുന്ന മൂന്നുതവണ ചോദ്യം. മൂന്നുതവണയും ഒരേ അഭിസംബോധനാരൂപം - "യോഹന്നാന്റെ പുത്രനായ ശിമയോനേ!"

പത്രോസ് എന്നു ഗുരു നല്കിയ പേര് ഒരിക്കൽപോലും ഉപയോഗിച്ചില്ല. പാറയുടെ ഉറപ്പു നഷ്ടപ്പെട്ടുപോയി എന്നാകുമോ ധ്വനി? മെഴുകുപോലെ ഉരുകിയവനെ വീണ്ടും പാറപോലെ ഉറപ്പിക്കാനാകുമോ ഈ ചോദ്യം? മൂന്നാംതവണയും ഒരേ ചോദ്യം ആവർത്തിച്ചപ്പോൾ ശിഷ്യൻ തകർന്നു. താൻ മൂന്നുതവണ തള്ളിപ്പറഞ്ഞത് വ്യക്തമായി

ഓർത്തു. അനുതാപത്താൽ ഉരുകിയ ഹൃദയത്തിൽനിന്ന് ഒരു നിലവിളി ഉയർന്നു. "കർത്താവേ നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നീ അറിയുന്നു" (യോഹ 21,17).

എല്ലാം അറിയുന്നവന്റെ മുമ്പിൽ അവൻ സ്വയം അടിയറവച്ചു. തന്റെ ഇടർച്ചയുടെ വഴികൾ മുഴുവൻ ഒന്നൊന്നായി അയാളുടെ മനസ്സിൽ തെളിഞ്ഞു. എത്ര ഹീനമാണ് തന്റെ അവിശ്വസ്തത, എത്ര ഭീകരമാണ് തന്റെ പരാജയം എന്നയാൾ അറിഞ്ഞു. പുറങ്കുപ്പായം വാരിച്ചുറ്റിയിട്ടും പൂർണ്ണനഗ്നനായി ഗുരുവിന്റെ മുമ്പിൽ നില്ക്കുന്നതുപോലെ അയാൾക്കു തോന്നി. എല്ലാം കാണുന്നവൻ, എല്ലാം അറിയുന്നവൻ. അവന്റെ കരുണ യിൽ മാത്രമാണ് തനിക്കാശ്രയം എന്ന് അയാൾ ഗ്രഹിച്ചു. ചെയ്തുപോയ തെറ്റുകൾ ഒന്നും എണ്ണിയെണ്ണി മാപ്പിരന്നില്ല. ഒന്നുമാത്രം. എല്ലാം കാണുന്നവൻ, തന്റെ അവിശ്വസ്തതകൾക്കും പരാജയങ്ങൾക്കും അപ്പുറം ഗുരുവിനോടു തനിക്കുള്ള സ്നേഹം, അത് എത്രതന്നെ ശുഷ്കവും ബലഹീനവുമാകട്ടെ, അതും ഗുരു കാണുന്നുണ്ടല്ലോ. ഇതിന പ്പുറം ഒന്നും തനിക്കു സാധ്യമല്ല. എന്തു ശിക്ഷയും ഏറ്റെടുക്കാം. ഒന്നു മാത്രമരുത്, തിരുസന്നിധിയിൽനിന്ന് തള്ളിക്കളയരുത്.

തള്ളിക്കളയാനല്ല ദൈവപുത്രൻ മനുഷ്യനായി കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റത്. ഏഴല്ല, ഏഴെഴുപതു പ്രാവശ്യം ക്ഷമിക്കണം എന്നു പഠിപ്പിച്ചവൻ (മത്താ 18,21-22) തന്നോടു ക്ഷമിക്കാതിരിക്കില്ല എന്നു പത്രോസ് ഉറച്ചുവിശ്വസിച്ചു. ഇനി തന്റെ ആശ്രയം സ്വന്തം ശക്തിയിലും ആത്മധൈര്യത്തിലുമല്ല, തന്റെ സ്നേഹത്തിന്റെ ബലത്തിൽ പോലുമല്ല, എല്ലാം അറിയുന്ന, എല്ലാം ക്ഷമിക്കുന്ന കർത്താവിന്റെ കരുണയിൽമാത്രം.

അതുതന്നെ സംഭവിച്ചു. മൂന്നുതവണ സ്നേഹം ഏറ്റുപറഞ്ഞ് ഹൃദയത്തിലെ അവിശ്വസ്തയുടെ കറ കഴുകിക്കളയാൻ അനുവദിച്ചവൻ പത്രോസിനെ തന്റെ അജഗണത്തിന്റെ മുഴുവൻ ചുമതല ഏല്പിച്ചു. ഗുരുവിനെപ്പോലെ കുരിശിൽമരിച്ച് തന്റെ സ്നേഹവും വിശ്വസ്തതയും അവസാനമായി പ്രഖ്യാപിക്കാൻ അവസരം കൊടുക്കും എന്ന വാഗ്ദാ നവും നല്കി. "പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നീ ആഗ്രഹിക്കാത്തിടത്തേക്ക് നിന്നെ കൊണ്ടുപോകുകയും ചെയ്യും........ഏതുവിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വ പ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്" (യോഹ 21,19) ഗുരു ഇത് പറഞ്ഞത്. പത്രോസിന്റെ ഹൃദയം ശാന്തമായി. നഷ്ടപ്പെട്ട സ്നേഹം തിരിച്ചുകിട്ടിയതിലുള്ള സന്തോഷം, തന്റെ കഠിനമായ പാപത്തിനു മാപ്പുകിട്ടിയതിലുള്ള ആത്മനിർവൃതി.

അപ്പസ്തോലപ്രവർത്തനങ്ങളിൽ ആദ്യത്തെ പന്ത്രണ്ടധ്യായം ഏതാണ്ടു മുഴുവനായിത്തന്നെ പത്രോസിന്റെ പ്രവർത്തനങ്ങളാണു വിവരിക്കുന്നത്. എത്ര വ്യത്യസ്തമാണ് അവിടെ പ്രത്യക്ഷപ്പെടുന്ന പത്രോസ്. തികച്ചും ഒരുപുതിയ മനുഷ്യൻ. ഗുരുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യസമൂഹത്തിന്റെ നേതൃത്വം അയാൾ ഏറ്റെടുത്തു. അപ്പസ്തോലസ്ഥാനം നഷ്ടപ്പെടുത്തിയ യൂദാസിനു പകരം പുതിയൊരാളെ തിരഞ്ഞെടുക്കുന്നതിൽ പത്രോസാണ് മുൻകൈ എടുത്തത്. പരിശുദ്ധാത്മാവു വന്നു ശക്തി പകർന്നപ്പോൾ സധൈര്യം ഗുരുവിനെ പ്രഘോഷിക്കുന്നത് പത്രോസ്തന്നെ.

ഇനി അങ്ങോട്ട് സഭയെ മുൻപന്തിയിൽ നിന്നു നയിക്കുന്നു, തല്ലുകൊള്ളാനും തടവറയിൽ കിടക്കാനും. വിചാരണ ചെയ്യുന്ന അധികാരികളുടെ മുമ്പിൽ നിർഭയം സാക്ഷ്യം വഹിക്കാൻ അയാൾക്കു കഴിഞ്ഞു. സുനിശ്ചിതമായ മരണം പ്രതീക്ഷിച്ച് തടവറയിൽ, കനത്ത ചങ്ങലകളാൽ ബന്ധിതനായി, രണ്ടു പടയാളികളുടെ നടുവിൽ കിടന്നിട്ടും സുഖമായി ഉറങ്ങാൻ അയാൾക്കു യാതൊരു പ്രയാസവുമില്ല. കാരണം തന്നെ സ്നേഹിച്ചു തിരഞ്ഞെടുത്ത ഗുരു എപ്പോഴും തന്നോടുകൂടെയുണ്ട് എന്ന് പത്രോസ് ഉറച്ചു വിശ്വസിച്ചു.

വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് രംഗപ്രവേശം ചെയ്തതോടെ സഭയിൽ സംജാതമായ സംഘർഷങ്ങൾക്ക്, പ്രത്യേകിച്ചും വിജാതീയരുടെ മാനസാന്തരവും യഹൂദനിയമങ്ങളുടെ പ്രസക്തിയും സംബന്ധിച്ചുളവായ സംശയങ്ങളിൽ പരിശുദ്ധാത്മാവിന്റെ സന്ദേശം തിരിച്ചറിഞ്ഞ്, സഭയെ നേരായ പാതയിൽ നയിക്കാൻ മുൻകൈ എടുത്തത് ആ വലിയ മുക്കുവനാണ് (അപ്പ 15,1-29). ഇതോടെ പത്രോസിനെക്കുറിച്ച് പുതിയ നിയമം നല്കുന്ന ചരിത്രം അവസാനിക്കുന്നു. പത്രോസിന്റെ പേരിലുള്ള രണ്ടു ലേഖനങ്ങളിൽ കാണുന്ന വിവരണങ്ങൾ കാര്യമായ പുതിയ അറിവുകളൊന്നും നല്കുന്നില്ല.

എന്തു പാഠമാണ് പത്രോസിന്റെ പരാജയങ്ങളിൽ നിന്നും നമുക്കു പഠിക്കാൻ കഴിയുക? അമിതമായ, ഒരുപക്ഷേ, അഹങ്കാരം വരെ എത്തിനില്ക്കുന്ന, ആത്മവിശ്വാസമായിരുന്നു പത്രോസിന്റെ പരാജയങ്ങൾക്ക് ഒരു കാരണം. തന്നെ പാറയാക്കുന്നത് കർത്താവാണ്, അവിടുന്നു താങ്ങി നിർത്തിയില്ലെങ്കിൽ താൻ വീണുപോകും എന്ന് അനേകം വീഴ്ചകൾക്കുശേഷമാണ് അയാൾ പഠിച്ചത്. ആത്മവിശ്വാസം വേണം, എന്നാൽ അതു ദൈവകൃപയിലുള്ള വിശ്വാസത്തിൽനിന്നു വരുന്നതായിരിക്കണം.

പലപ്പോഴായി കിട്ടിയ താക്കീതുകളും ഉപദേശങ്ങളും സ്വീകരിക്കുന്നതിൽ പത്രോസ് പരാജയപ്പെട്ടു, ഗുരുവിനെപ്പോലും ഉപദേശിച്ച് മനസ്സ് മാറ്റാം എന്ന് അയാൾ കരുതി – അത് ഗുരുവിനോടുള്ള സ്നേഹം മൂലമായിരുന്നു; ഗുരുവിന് അപകടമൊന്നും വരരുത് എന്ന ആഗ്രഹം കാരണം. വെള്ളത്തിൽ താണിട്ടും, സാത്താനേ എന്ന വിളി കേട്ടിട്ടും, സാത്താൻ നിന്നെ പാറ്റിക്കൊഴിക്കാൻ ശ്രമിക്കുന്നു എന്ന താക്കീതു കിട്ടിയിട്ടും അയാൾക്കു മനസ്സിലായില്ല; സ്വീകരിച്ചതുമില്ല. പലരൂപത്തിലും ഭാവത്തിലും സാഹചര്യങ്ങളിലും ദൈവം നല്കുന്ന താക്കീതുകൾ സ്വീകരിച്ച് സ്വയം തിരുത്തിയില്ലെങ്കിൽ വലിയ കുഴിയിൽ വീഴാൻ സാധ്യതയുണ്ട്.

പ്രാർത്ഥനയുടെ അഭാവമാണ് പരാജയത്തിന് ഒരു പ്രധാന കാരണം. ഗുരു രക്തംവിയർത്തു പ്രാർത്ഥിക്കുകയും ഒറ്റുകാരൻ പടയാളികളുമായി വരുകയും ചെയ്യുമ്പോൾ പത്രോസ് ഉറക്കമായിരുന്നു. ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ ഗുരു ആവർത്തിച്ചു നല്കിയ നിർദ്ദേശം കാര്യമായി എടുത്തില്ല, അഥവാ എടുക്കാൻ കഴിഞ്ഞില്ല "വ്യസനം നിമിത്തം അവർ തളർന്നുറങ്ങുന്നതുകണ്ടു" (ലൂക്കാ 22,45) എന്ന് ലൂക്കാ ചെറിയൊരു ന്യായീകരണം നല്കുന്നുണ്ടെങ്കിലും പ്രാർത്ഥനയുടെ അഭാവം വലിയ വീഴ്ചകൾക്കു കാരണമാകും. തീക്ഷ്ണമതികളായ പല ക്രിസ്തുശിഷ്യരുടെയും വീഴ്ചയുടെ വേരുകൾ തേടിപോയാൽ ചെന്നെത്തുന്നത് ഇവിടെ ആയിരിക്കും.

ബലപ്രയോഗവും കൊലപാതകവും ഒന്നിനും പരിഹാരമാകുന്നില്ല. പ്രാർത്ഥിക്കാൻ മറന്ന ശിഷ്യൻ പ്രതിസന്ധിയിൽ വാളെടുത്തു. അതുകൊണ്ട് ഗുരുവിനെയോ തന്നെത്തന്നെയോ രക്ഷിക്കാൻ കഴിഞ്ഞില്ല. തന്നെയുമല്ല, അതു കൂടുതൽ പ്രശ്നങ്ങൾക്കു കാരണമാകുകയും ചെയ്തു. ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ ആണ് ക്രിസ്തു ശിഷ്യന്റെ കയ്യിൽ ഉണ്ടായിരിക്കേണ്ടത് (എഫേ 6,13-17).

വീഴ്ചയ്ക്കുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. പ്രധാനപുരോഹിതന്റെ ഭവനാങ്കണത്തിൽ വേലക്കാരുമൊത്ത് തീ കായാനിരുന്നതാണ് ഗുരുവിനെ തള്ളിപ്പറയാൻ കാരണമായത്. പാപകരമായ സാഹരചര്യങ്ങൾ തിരിച്ചറിഞ്ഞ് ഒഴിവാക്കണം; അത് സ്ഥലമോ, വ്യക്തികളോ, തൊഴിലോ, വിനോദങ്ങളോ തഴക്കങ്ങളോ എന്തുമാകട്ടെ, ആവശ്യമില്ലാതെ അപകടങ്ങളിൽ പോയി വീഴരുത്. കർത്താവു തിരിഞ്ഞു നോക്കിയപ്പോഴാണ് പത്രോസിനു പാപബോധമുണ്ടായതും സ്ഥലം വിടാൻ തോന്നിയതും. ഇപ്രകാരമുള്ള തീകായൽ ഒഴിവാക്കണം.

പത്രോസിന്റെ ജീവിതത്തിൽനിന്നു കിട്ടുന്ന ഏറ്റം വലിയ പാഠം ദൈവസ്നേഹത്തിന്റേതും അനുതാപത്തിന്റേതുമാണ്. പത്രോസ് വീണിടത്തുതന്നെ കിടന്നില്ല. വീണ്ടും വീണ്ടും അനുതപിച്ച് ഗുരുവിന്റെ കരം പിടിച്ചെണീറ്റു. ഒരിക്കൽ പോലും അയാൾ നിരാശപ്പെട്ടില്ല. താൻ എത്ര വലിയ തെറ്റിൽ അകപ്പെട്ടാലും തന്റെ ഗുരുതന്നെ ഒരിക്കലും കൈവിടുകയില്ല എന്ന് ഉറച്ചുവിശ്വസിച്ചു. യേശുവിന്റെ സ്നേഹത്തെപ്പറ്റിയുള്ള ആഴമേറിയ ഈ അവബോധം യേശുവിനോടുള്ള സ്നേഹത്തിന്റെ ഉറവിടമായി.ആ സ്നേഹം എത്രതന്നെ ശുഷ്കവും ബലഹീനവുമാണെങ്കിലും, തനിക്കാവും വിധം പത്രോസ് ഗുരുവിനെ സ്നേഹിച്ചു. അതുതന്നെയാണ് പത്രോസിന്റെ മഹത്വം. ഈ സ്നേഹത്തിൻമേലാണ് യേശു തന്റെ സഭ സ്ഥാപിച്ചിരിക്കുന്നത്.

തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെയാണ് യേശു തന്റെ അപ്പസ്തോല സമൂഹത്തിന്റെ തലവനും സഭയുടെ അടിത്തറയുമായി നിശ്ചയിച്ചത്. ബലഹീനരായ മനുഷ്യരിലൂടെയാണ് ദൈവം ഇന്നും എന്നും പ്രവർത്തിക്കുന്നത്. ഇത് ആത്മീയനേതൃത്വത്തിലും ഭൗതിക-രാഷ്ട്രീയ നേതൃത്വത്തിലും എല്ലാം ശ്രദ്ധേയമത്രേ. കുറ്റവും കുറവും ഇല്ലാത്തവരായി ആരുമില്ല. അതിനാൽ മേലധികാരികളിൽ കുറവുകൾ കാണുമ്പോൾ ആശ്ചര്യപ്പെടുകയോ, വിമർശനശരങ്ങളാൽ അവരെ തളർത്തുകയോ അല്ല, അനുഭാവത്തോടെ അവരെ മനസ്സിലാക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, സാഹചര്യങ്ങൾ ലഭിക്കുകയാണെങ്കിൽ സൗമ്യമായി തിരുത്താനുമാണ് ശ്രമിക്കേണ്ടത്.

എത്ര വലിയ തെറ്റിൽ വീണാലും, എത്ര നീചമായി കർത്താവിനെ വഞ്ചിച്ചാലും അവിടുന്ന് എന്നെ കൈവിടുകയില്ല; അനുതപിച്ചു തിരിച്ചുവരാൻ അവസരം നല്കും എന്ന പാഠമാണ് ഏറ്റം പ്രധാനം. യേശുവിൽ വിശ്വസിക്കുന്നവർക്ക് നിരാശയുണ്ടാവരുത്. എത്ര ആഴമേറിയ കുഴിയിൽനിന്നും പിടിച്ചുകയറ്റാൻ കർത്താവിനു കഴിയും. അതാണ് കുരിശിന്റെ സന്ദേശം. അതുതന്നെയാണ് പത്രോസിന്റെ പരാജയങ്ങളിലൂടെ ബൈബിൾ നല്കുന്ന ഏറ്റം പ്രധാന പാഠം. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 15,7).




# ഗുരുവിനു വിലയിട്ട ശിഷ്യൻ

## യൂദാസ്

*"വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ട് അവൻ പോയി കെട്ടിത്തൂങ്ങിച്ചത്തു"* (മത്താ 27,5).

ഒരുപക്ഷേ, ബൈബിൾ അവതരിപ്പിക്കുന്നതിൽ ഏറ്റം ദുർഭഗനായ ദുരന്തകഥാപാത്രമാണ് ഒറ്റുകാരൻ എന്നു സുവിശേഷങ്ങൾ വിശേഷിപ്പിക്കുന്ന യൂദാസ്. കാരുണ്യത്തിന്റെ ആൾരൂപമായ യേശു ക്രിസ്തു തന്നെ "ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു" എന്നു വിലപിക്കാൻമാത്രം ദുർഭഗനാണയാൾ. കള്ളനും ദ്രവ്യാഗ്രഹിയും പിശാചും ആയിട്ടാണ് യൂദാസിനെ യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. നാലു സുവിശേഷങ്ങളും അയാളെ ഒറ്റുകാരൻ എന്നു വിളിക്കുന്നു. ഗുരുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുകയും അതിനു പാരിതോഷികമായി മുപ്പതു വെള്ളിനാണയങ്ങൾ സ്വീകരിക്കുകയും ചെയ്തു എന്നതാണ് യൂദാസിന്റെ മേൽ ആരോപിക്കപ്പെടുന്ന കുറ്റം. ചെയ്ത കുറ്റത്തിനുള്ള ശിക്ഷയെന്നവണ്ണം അയാൾ തൂങ്ങിച്ചത്തു. തൂങ്ങിയ കയർ പൊട്ടിയാവാം "തലകുത്തിവീണു, ഉദരം പിളർന്ന് കുടലെല്ലാം പുറത്തുചാടി." (മത്താ 1,18) എന്ന ബീഭത്സമായ ഒരു തൂലികാചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. സംശയമില്ല. ഒരു ദുരന്തകഥാപാത്ര

മാണ് യൂദാസ്. എന്നാൽ എന്താണ് അയാളെ ഈ ദുരന്തത്തിലേക്കു നയിച്ചത്? എന്തിനാണ് ബൈബിൾ അയാളുടെ കഥ ഇത്ര വിശദമായി അവതരിപ്പിക്കുന്നത്? എന്തു രക്ഷാകരസന്ദേശമാണ് ഈ ദുരന്തകഥയിലൂടെ നല്കാൻ ശ്രമിക്കുന്നത്?

അപ്പസ്തോലന്മാരിൽ പത്രോസ് കഴിഞ്ഞാൽ ഏറ്റം കൂടുതൽ പരാമർശിക്കപ്പെടുന്ന വ്യക്തിയാണ് യൂദാസ്. നാലു സുവിശേഷങ്ങളിലുംകൂടെ ഇരുപതുതവണയും അപ്പസ്തോലപ്രവർത്തനങ്ങളിൽ രണ്ടു തവണയും യൂദാസ് പരാമർശവിഷയമാകുന്നു. പന്ത്രണ്ടപ്പസ്തോലന്മാരുടെ പേരുവിവരപ്പട്ടികകളിൽ എപ്പോഴും ആദ്യം പ്രത്യക്ഷപ്പെടുന്നതു പത്രോസിന്റെ പേരാണ്; അവസാനത്തേത് യൂദാസിന്റെയും.

സ്തുതി എന്നർത്ഥമുള്ള യഹൂദാ എന്ന ഹീബ്രുവാക്കിൽനിന്നാണ് യൂദാ എന്ന പേരിന്റെ ഉത്ഭവം. എന്നാൽ ആരുടെയും സ്തുതിക്കനുയോജ്യമായിരുന്നില്ല ആ പേരിൽ അറിയപ്പെടുന്ന അപ്പസ്തോലന്റെ ജീവിതവും പ്രവർത്തനങ്ങളും. യൂദാ എന്ന പേരോട് മറ്റു പല വിശേഷണങ്ങളും ചേർത്ത് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നുണ്ട്. "യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് സ്കറിയോത്ത" എന്നാണ് സമാന്തരസുവിശേഷങ്ങളിലെ അപ്പസ്തോലന്മാരുടെ പട്ടികയിൽ അയാൾ അറിയപ്പെടുന്നത് (മത്താ 10,4; മർക്കോ 3,19). ഒറ്റുകാരനായിത്തീർന്ന യൂദാസ് സ്കറിയോത്ത എന്ന് ലൂക്കാ 6,18 ൽ വിശേഷിപ്പിക്കുന്നു.

സ്കറിയോത്ത എന്ന വിശേഷണം എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമുണ്ട്. യോഹ 6,71 ൽ "ശിമയോൻ സ്കറിയോത്തയുടെ മകൻ യൂദാസ്" എന്നാണു കാണുന്നത്. ഈ വാക്യം തന്നെ പല പുരാതന കയ്യെഴുത്തുപ്രതികളിലും "കെറിയോത്തിൽ നിന്നുള്ള ശിമയോന്റെ മകൻ" എന്നു കാണുന്നു. അപ്പോൾ കെറിയോത്ത് എന്ന പട്ടണത്തിൽനിന്നുള്ളവനാണ് യൂദാസ് എന്ന വ്യാഖ്യാനം സാധ്യമാകുന്നു. ഹെബ്രോണിൽനിന്ന് ഏകദേശം 20 കിലോമീറ്റർ തെക്ക് കെറിയോത്ത് ഹെബ്രോൺ എന്ന ഒരു ഗ്രാമമുണ്ട്. അതായിരുന്നു യൂദാസിന്റെ ജന്മസ്ഥലം എന്നു കരുതുന്നവരുണ്ട്.

എന്നാൽ സ്കറിയോത്ത ജന്മസ്ഥലത്തെയല്ല, ഒരു സ്വഭാവസവിശേഷതയെ സൂചിപ്പിക്കുന്ന വിശേഷണമാണ് എന്നു കരുതാൻ ന്യായമുണ്ട്. "സിക്കാരിയോസ്" എന്ന ഗ്രീക്കുവാക്കിൽ നിന്നുത്ഭവിച്ചതാണ് "ഇസ്ക്കാരിയോത്ത" എന്ന അരമായ വാക്ക് എന്നു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. "കഠാരിധാരി" എന്നാണ് വാക്കിനർത്ഥം. ഇത് തീവ്രവാദികളായ സെലട്ടുകൾക്ക് നല്കിയിരുന്ന ഒരു വിശേഷണമായി

രുന്നു. പന്ത്രണ്ടപ്പസ്തോലന്മാരിൽ ഒരാളെ "തീവ്രവാദിയായ ശിമയോൻ" എന്നു വിശേഷിപ്പിച്ചിരിക്കുന്നതിനോട് (ലൂക്കാ 6,15) ചേർത്തു വായിക്കുമ്പോൾ യൂദാസ് സ്കറിയോത്തായും ഒരു തീവ്രവാദിസംഘടനയുടെ അംഗമായിരുന്നു എന്ന് അനുമാനിക്കാൻ ന്യായമുണ്ട്. ഉടുപ്പു വിറ്റ് വാൾ വാങ്ങാൻ യേശു ആവശ്യപ്പെട്ടപ്പോൾ "കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട്" (ലൂക്കാ 2,38) എന്ന ശിഷ്യന്മാരുടെ മറുപടി ഈ സാധ്യതയുടെ തെളിവായി എടുത്തുകാട്ടാവുന്നതാണ്. മറ്റു പതിനൊന്നുപേരും ഗലീലിയിൽനിന്നുള്ളവരായിരുന്നു. അപ്പോൾ ഒരാൾമാത്രം യൂദായുടെ തെക്കുഭാഗത്തുനിന്നു വന്നവനാണ് എന്നു കരുതുന്നതിനേക്കാൾ യുക്തിസഹം ഈ അനുമാനമാണ്. യൂദായുടെ പിന്നീടുള്ള പ്രവർത്തനത്തിലേക്ക് ഈ നിഗമനം വെളിച്ചം വീശും.

ബെഥനിയായിലെ തൈലാഭിഷേകവുമായി ബന്ധപ്പെട്ടാണ് യൂദാസ് സമാന്തരസുവിശേഷങ്ങളിൽ പരാമർശവിഷയമാകുന്നത്. കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശുവിന്റെ തലയിൽ ഒരു സ്ത്രീ സുഗന്ധതൈലം പൂശിയെന്ന് മത്താ 26,7; മർക്കോ 14,3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി അനാവശ്യമായ ഒരു ധൂർത്തായികണ്ട്, ശിഷ്യന്മാർ കോപത്തോടെ പ്രതിഷേധിച്ചു. ചിലർ തൈലത്തിന്റെ വില 300 ദേനാറയെന്നു കണക്കാക്കി, അതു ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ എന്ന് അവളെ കുറ്റപ്പെടുത്തിയതായി മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ചിലർ ആരെന്നു പറയുന്നില്ല. എന്നാൽ അത് യൂദാസ് സ്കറിയോത്താ ആയിരുന്നു എന്നു യോഹന്നാൻ എടുത്തു പറയുന്നു. തന്നെയുമല്ല, അയാൾ അതു പറഞ്ഞത് "ദരിദ്രരോടു പരിഗണന ഉണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കയ്യിലായിരുന്നതുകൊണ്ടുമാണ്" (യോഹ 12,6).

ഈ സംഭവത്തിനു തൊട്ടുപിന്നാലെയാണ് യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതിനുവേണ്ടി പുരോഹിതപ്രമുഖന്മാരുമായി ആലോചിക്കുന്നത് (മത്താ 26,14-16; മർക്കോ 14,10-11). പണം കൊടുക്കാം എന്ന് അവർ പറഞ്ഞു എന്നു മാത്രമേ മർക്കോസ് രേഖപ്പെടുത്തുന്നുള്ളൂ. മുപ്പതു വെള്ളിനാണയം എന്നു മത്തായി എടുത്തു പറയുന്നു. തൈലാഭിഷേകവും ഒറ്റിക്കൊടുക്കാനുള്ള തീരുമാനവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി സുവിശേഷകർ പറയുന്നില്ല. എന്നാലും അങ്ങനെ ഒരു സൂചന കാണാനാവും; പ്രത്യേകിച്ചും യൂദാസിന്റെ ദ്രവ്യാസക്തിയെയും

ധൂർത്തിനെതിരായ അമർഷത്തെയും കുറിച്ച് യോഹന്നാൻ നല്കുന്ന വിവരണംകൂടി പരിഗണിക്കുമ്പോൾ.

എന്നാലും മുപ്പതു വെള്ളിനാണയത്തിനുവേണ്ടിമാത്രമാണോ യൂദാസ് ഇങ്ങനെ ഒരു തീരുമാനത്തിലെത്തിയത് എന്നു ന്യായമായും സംശയിക്കണം. യേശു മരണത്തിനു വിധിക്കപ്പെട്ടതറിഞ്ഞപ്പോൾ നാണയങ്ങൾ തിരിച്ചേല്പിക്കുന്നതിലൂടെ ഈ സംശയം വർദ്ധിക്കുന്നു. അപ്പോൾ യൂദാസിന്റെ ഒറ്റിക്കൊടുക്കലിനു പിന്നിൽ മറ്റെന്തോ കാരണം ഉണ്ടായിരുന്നു എന്നു തോന്നാം. ഇവിടെ ലൂക്കാ സുവിശേഷകൻ നല്കുന്ന വിശദീകരണം ശ്രദ്ധേയമാകുന്നു.

''പന്ത്രണ്ടു പേരിൽ ഒരുവനും സ്കറിയോത്ത എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു'' (ലൂക്കാ 22,3). ഇതിനു തൊട്ടുപിന്നാലെയാണ് യൂദാസ് പുരോഹിതപ്രമുഖന്മാരുമായി സംഭാഷണം നടത്തുന്നതും യേശുവിനെ ഒറ്റിക്കൊടുക്കാൻ തീരുമാനിക്കുന്നതും. ലൂക്കായുടെ അവതരണത്തിൽ ഈ സംഭവത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. പരസ്യജീവിതത്തിന്റെ തുടക്കത്തിൽ യേശുവിനെതിരേ പ്രലോഭനങ്ങളുമായി വന്ന സാത്താൻ അവസാനത്തെ പ്രലോഭനത്തിനുശേഷം യേശുവിനെ വിട്ടുപോയത് ജറുസലെമിൽ വച്ചായിരുന്നു. ''നിശ്ചിത സമയംവരെ അവനെ വിട്ടുപോയി'' (ലൂക്കാ 4,13) എന്ന അർത്ഥഗർഭമായ ഉപസംഹാരം വലിയൊരു മുന്നറിയിപ്പായിരുന്നു. പീഡാനുഭവത്തിന്റെ തുടക്കത്തിൽ സാത്താൻ വീണ്ടും ശക്തമായി രംഗത്തു വരുന്നു. മരുഭൂമിയിലെ പ്രലോഭനങ്ങളിലൂടെ സാധിക്കാതെപോയത് ഇപ്പോൾ ഒരു അപ്പസ്തോലനിലൂടെ നേടിയെടുക്കാനാണ് സാത്താൻ ശ്രമിക്കുന്നത്. ''സാത്താൻ പ്രവേശിച്ചു'' എന്നു സുവിശേഷകന്മാർ പറയുന്ന ഏക വ്യക്തിയാണ് യൂദാസ്. സമാനമായ ഒരു പരാമർശം യോഹന്നാനും നടത്തുന്നുണ്ട് (യോഹ 13,24).

അന്ത്യഅത്താഴത്തിന്റെ അവസരത്തിലാണ് യൂദാസ് വീണ്ടും പരാമർശവിഷയമാകുന്നത്. പന്ത്രണ്ടുപേരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കും എന്ന് അത്താഴത്തിന്റെ അവസരത്തിൽ യേശു പറഞ്ഞതായി നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 26,21-25; മർക്കോ 14,18-20; ലൂക്കാ 22,21-23; യോഹ 13,21-30). അത് യൂദാസ് ആണെന്ന് മത്തായിയും യോഹന്നാനും വ്യത്യസ്ത രീതികളിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മറ്റു ശിഷ്യന്മാർക്കു മനസ്സിലാകുന്ന രീതിയിലാ

യിരുന്നില്ല ഈ വെളിപ്പെടുത്തൽ. യൂദാസിനു താൻ ചെയ്യാൻ പോകുന്ന കൃത്യത്തെക്കുറിച്ചു വീണ്ടുവിചാരത്തിന് ഒരവസരം നല്കുന്നതുപോലെയാണ് യേശുവിന്റെ വചനം രേഖപ്പെടുത്തിയിരിക്കുന്നത്.

അപ്പം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ യൂദാസിൽ പ്രവേശിച്ചു എന്ന് യോഹന്നാൻ എടുത്തുപറയുന്നു (യോഹ 13,27). ‘‘നീ ചെയ്യാനുള്ളതു വേഗം ചെയ്യുക’’ എന്ന യേശുവിന്റെ ആഹ്വാനം മറ്റു ശിഷ്യർ തെറ്റിധരിച്ചു. എന്നാൽ യൂദാസോ? പുരോഹിതപ്രമുഖന്മാരുമായി താൻ ഉണ്ടാക്കിയിരിക്കുന്ന തീരുമാനം നടപ്പിലാക്കാൻ വൈകേണ്ടാ എന്നു യേശു തന്നെ പ്രോത്സാഹിപ്പിക്കുന്നതായി യൂദാസ് മനസിലാക്കിയിരിക്കുമോ? ഇതൊരാഹ്വാനമോ, കല്പനയോ അതോ മുന്നറിയിപ്പും താക്കീതുമോ? എന്തായാലും യൂദാസ് അപ്പോൾത്തന്നെ പുറത്തുപോയി. അതു രാത്രിയായിരുന്നു. ലോകത്തിന്റെ പ്രകാശമായ ഗുരുവിൽനിന്ന് അന്ധകാരത്തിലേക്കാണ് താൻ നീങ്ങുന്നത് എന്ന യൂദാസ് മനസ്സിലാക്കിയോ? താൻ അന്ധകാരശക്തിയായ സാത്താന്റെ കൈകളിലേക്കാണ് നീങ്ങുന്നതെന്ന് യൂദാസ് അറിഞ്ഞിരുന്നോ? സുവിശേഷകൻ പറയുന്നില്ല.

ഗദ്സെമനിയിലെ പ്രാർത്ഥനാവേളയിലാണ് യൂദാസ് വീണ്ടും പ്രത്യക്ഷപ്പെടുന്നത്. അത് യേശുവിനെ ബന്ധിക്കാൻ തയ്യാറെടുത്ത ഒരു സംഘത്തെ നയിച്ചുകൊണ്ടായിരുന്നു. ഈ സംഭവം നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 26,47-50; മർക്കോ 14,43-45; ലൂക്കാ 22,47-48; യോഹ 18,2-3). പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ് എന്നു സമാന്തരസുവിശേഷകർ മൂന്നുപേരും എടുത്തു പറയുന്നു. യേശുവിനെ തിരിച്ചറിയാൻ അടയാളമായി താൻ ചുംബിക്കും എന്ന് യൂദാസ് പടയാളികളോടു പറഞ്ഞിരുന്നതായി മത്തായിയും മർക്കോസും രേഖപ്പെടുത്തിയിട്ടുണ്ട്. യൂദാസ് യേശുവിനെ ചുംബിച്ചു എന്നും ഈ രണ്ടു സുവിശേഷകർ എടുത്തുപറയുന്നു. ലൂക്കായാകട്ടെ, യൂദാസ് ചുംബിക്കാനായി മുന്നോട്ടു വന്നപ്പോൾ ‘‘യൂദാസേ, ചുംബനം കൊണ്ടോ നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്’’ എന്ന യേശുവചനമാണ് രേഖപ്പെടുത്തുന്നത്. യോഹന്നാനിൽ ഇതൊന്നുമില്ല. പടയാളികളെയും സേവകരെയും കൂട്ടിക്കൊണ്ട് യേശുവിന്റെ അടുക്കൽ വന്നു എന്നു മാത്രം പറയുന്നു. ഇതോടെ മൂന്നു സുവിശേഷങ്ങളിലുള്ള യൂദാസിനെ സംബന്ധിച്ച വിവരണങ്ങൾ അവസാനിക്കുന്നു.

മത്തായിയാണ് യൂദാസിന്റെ അന്ത്യത്തെ നാടകീയമായി അവതരിപ്പിക്കുന്നത് (മത്താ 27,3-10). യേശു ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ യൂദാസ് പശ്ചാത്തപിച്ചു. താൻ ചെയ്തത് തെറ്റായിരുന്നു

എന്ന് ഏറ്റുപറഞ്ഞു. തനിക്കു പാരിതോഷികമായി ലഭിച്ച നാണയങ്ങൾ തിരിച്ചേല്പിക്കാൻ ശ്രമിച്ചു. നിസംഗരായ നേതാക്കന്മാർ സ്വീകരിക്കാഞ്ഞതുകൊണ്ടാകാം, നാണയങ്ങൾ ദേവാലയത്തിൽ വലിച്ചെറിഞ്ഞിട്ട് പോയി കെട്ടിഞാന്നു ചത്തു. യൂദാസിന്റെ മരണത്തെ ഏതാണ്ട് ഇതേ രീതിയിൽ അപ്പസ്തോലപ്രവർത്തനങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 1,17-25).

ഈ സംഭവപരമ്പരകളിലൂടെ യൂദാസിനെക്കുറിച്ച് എന്തു സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്? "യൂദാസ് താൻ അർഹിച്ചിരുന്നിടത്തേക്കു പോകാൻവേണ്ടി ഉപേക്ഷിച്ച അപ്പസ്തോലസ്ഥാനവും ശുശ്രൂഷാപദവിയും" (അപ്പ 1,25) അർഹിക്കുന്ന മറ്റൊരാൾക്കു കൈമാറാൻ ദൈവത്തിന്റെ നിർദ്ദേശത്തിനായി പ്രാർത്ഥിക്കുമ്പോൾ യൂദാസിനെ തികച്ചും പരാജിതനും അഭിശപ്തനുമായ ഒരു വ്യക്തിയായി അവതരിപ്പിക്കുന്നു എന്നു തോന്നും. എന്നാലും യൂദാസ് കടന്നുപോന്ന വഴികളും വീഴ്ചയുടെ കാരണങ്ങളും അല്പംകൂടെ അടുത്തുകാണാൻ ശ്രമിക്കേണ്ടതുണ്ട്.

"ഒറ്റിക്കൊടുക്കുക, ഒറ്റുകാരൻ" എന്നൊക്കെ വിവർത്തനം ചെയ്യുന്നത് "പാരാദിദോനോയ്" എന്ന ഗ്രീക്കുവാക്കാണ്. "ഏല്പിച്ചുകൊടുക്കുക" എന്നാണ് വാക്കിനർത്ഥം. 122 തവണ ഈ വാക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതിൽ 57 തവണ യേശുവുമായി ബന്ധപ്പെട്ടുത്തിയാണ് ഉപയോഗിക്കുന്നത്. 44 തവണ യൂദാസുമായി ബന്ധപ്പെടുത്തി ഈ വാക്കു ഉപയോഗിക്കുന്നുണ്ട്. ഒറ്റിക്കൊടുക്കുക എന്നു വിവർത്തനം ചെയ്തെങ്കിലും "ഏല്പിച്ചുകൊടുക്കുക" എന്നാണ് അർത്ഥം.

ഈ വാക്കിന് അതിൽത്തന്നെ വഞ്ചനയുടെ സൂചനയുണ്ടാകണമെന്നില്ല. പ്രധാനപുരോഹിതന്മാരും നേതാക്കളുംകൂടി യേശുവിനെ പിലാത്തോസിന് ഏല്പിച്ചുകൊടുത്തു (മർക്കോ 15,1). പീലാത്തോസ് യേശുവിനെ അവരുടെ ഇഷ്ടത്തിന് വിട്ടുകൊടുത്തു (യോഹ 19,16) എന്നൊക്കെ പറയുമ്പോൾ അത് ഒറ്റിക്കൊടുക്കലായി വ്യാഖ്യാനിക്കാനാവില്ല. വി. പൗലോസിന്റെ ലേഖനങ്ങളിൽ യൂദാസിനെക്കുറിച്ചു പരാമർശിക്കുന്നില്ല. എന്നാൽ യേശു മരണത്തിന് ഏല്പിച്ചുകൊടുക്കപ്പെട്ടതായി പ്രതിപാദിക്കുന്നുണ്ട് (റോമാ 4,25). പിതാവുതന്നെ പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുത്തു (റോമാ 8,32) എന്നും യേശു നമുക്കുവേണ്ടി സ്വയം ഏല്പിച്ചുകൊടുത്തു (ഗലാ 2,20) എന്നും പറയുമ്പോൾ പാരാദിദോനായ് എന്ന പദത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാകുന്നു. അതുകൊണ്ടാവണം കൂദാശവചനത്തിൽ "താൻ ഒറ്റിക്കൊടുക്കപ്പെട്ട

രാത്രിയിൽ'' എന്നതിനുപകരം ''ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ'' എന്നു തിരുത്തിയിരിക്കുന്നത്. ഇവിടെ ഒരു വഞ്ചനയുടെയും ഗൂഢാലോചനയുടെയും പ്രകടനം എന്നതിനേക്കാൾ ദൈവത്തിന്റെ നിഗൂഢപദ്ധതിയുടെ പൂർത്തീകരണം എന്ന ധ്വനിയുണ്ടാകുന്നു. യൂദാസിന്റെ ഉത്തരവാദിത്വത്തെ ലഘൂകരിക്കുന്നില്ലെങ്കിലും അതിലൂടെ ദൈവികപദ്ധതിയാണു നിറവേറിയത് എന്ന ഒരു സൂചന ഈ പദപ്രയോഗത്തിൽ നിന്നു ലഭിക്കുന്നു.

യൂദാസിന് അപ്പസ്തോലന്മാരുടെ പട്ടികയിൽ അവസാനത്തെ സ്ഥാനമാണ് നല്കിയിരിക്കുന്നതെങ്കിലും യേശു നല്കിയ സ്ഥാനം അതായിരുന്നില്ല എന്ന് അനുമാനിക്കാൻ മതിയായ കാരണങ്ങളുണ്ട്. യേശു ഏറ്റം കൂടുതൽ വിശ്വാസത്തിൽ എടുത്തതും ഉത്തരവാദിത്വങ്ങൾ ഏല്പിച്ചതിനെയും യൂദാസിനെ ആയിരുന്നു. അപ്പസ്തോലസംഘത്തിന്റെ പൊതുവായ പണസഞ്ചി യൂദാസ് സ്വയം ഏറ്റെടുത്തതായിരിക്കാൻ വഴിയില്ല. യേശുവിന്റെയും ശിഷ്യസമൂഹത്തിന്റെയും മൂന്നുവർഷത്തെ ജീവിതത്തിനിടയിൽ ആവശ്യമായിരുന്ന സാമ്പത്തികകാര്യങ്ങളുടെ ഉത്തരവാദിത്വം യൂദാസിനായിരുന്നു. ഭക്ഷണം, താമസസൗകര്യങ്ങൾ മുതലായവയൊക്കെ കണ്ടെത്തുന്നതും ഫൈനാൻസ് ഓഫീസറായ യൂദാസിന്റെ ഉത്തരവാദിത്വത്തിൽ പെടും. ജറുസലെമിലെ യഹൂദനേതൃത്വവുമായി ബന്ധപ്പെടാൻ കഴയുന്നത്ര സമൂഹത്തിൽ സ്ഥാനവും യൂദാസിനുണ്ടായിരുന്നു.

അന്ത്യത്താഴവേളയിലെ ഇരിപ്പിടങ്ങളെക്കുറിച്ച് നമുക്കു ലഭിക്കുന്ന സൂചനയും യേശു യൂദാസിനു നല്കിയ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു. യേശുവിന്റെ വക്ഷസിലേക്കു ചാരിക്കിടക്കുന്ന യോഹന്നാൻ ഗുരുവിന്റെ ഇടത്തുവശത്തായിരുന്നു എന്ന് അനുമാനിക്കാൻ ന്യായമുണ്ട്. പത്രോസ് ഗുരുവിൽനിന്ന് അല്പം അകലെയായിരുന്നു. അതുകൊണ്ടാണല്ലോ ഗുരുവിനോടു ചോദിക്കാൻ യോഹന്നാനെ ആംഗ്യം കാണിക്കേണ്ടിവന്നത് (യോഹ 13,24). യേശു അപ്പകഷ്ണം മുക്കിക്കൊടുത്തതും, യേശുവിനോടൊപ്പം അപ്പപ്പാത്രത്തിൽ കൈ ഇട്ടതും യൂദാസ് ആയിരുന്നു. അതിനാൽ യേശുവിന്റെ വലതുഭാഗത്തായിരുന്നു യൂദാസിന്റെ സ്ഥാനം എന്നനുമാനിക്കാം. വിരുന്നുശാലയിലെ ഇരിപ്പിടസജ്ജീകരണത്തിന്റെ നിയമമനുസരിച്ച് ഗൃഹനാഥൻ കഴിഞ്ഞാൽ ഏറ്റം പ്രധാനപ്പെട്ട സ്ഥാനമാണ് ഗൃഹനാഥന്റെ വലതുഭാഗത്തുള്ള ഇരിപ്പിടം.

യേശു യൂദാസിനെ വലിയ ഉത്തരവാദിത്വം ഏല്പിക്കുകയും പ്രധാനസ്ഥാനം നല്കുകയും മാത്രമല്ല, പലതവണ താക്കീതുകളും മുന്ന

റിയിപ്പുകളും നല്കുകയും ചെയ്തിരുന്നു. അവസാന അത്താഴത്തിന്റെ സമയത്ത് ഒരാൾ തന്നെ ഒറ്റിക്കൊടുക്കും എന്നു പറയുന്നതിലൂടെ യൂദാസിന് വീണ്ടുവിചാരത്തിനുള്ള അവസരം നല്കി. എന്നാലും എടുത്ത തീരുമാനത്തിൽ യൂദാസ് ഉറച്ചുനിന്നു. എന്താണ് ഇതിന് അയാളെ പ്രേരിപ്പിച്ചത്? യേശുവിനെ ശത്രുകരങ്ങളിൽ ഏല്പിച്ച് മരണത്തിനുവിട്ടുകൊടുക്കുകയായിരുന്നോ യൂദാസിന്റെ ലക്ഷ്യം? ആയിരുന്നില്ല എന്നാണ് അയാളുടെ അവസാനത്തെ പ്രവൃത്തികൾ സൂചിപ്പിക്കുന്നത് – എങ്കിൽ പിന്നെ എന്തിനുവേണ്ടിയാണിതു ചെയ്തത്? എന്തായിരുന്നു ഇതിനു പിന്നിലെ പ്രേരകശക്തി?

ലോകപ്രസിദ്ധസംവിധാകനായ ഫ്രാങ്കോ സെഫിരെല്ലി നസ്രത്തിലെ യേശു എന്ന സിനിമായിൽ ഈ ചോദ്യത്തിന് ഒരുത്തരം നല്കാൻ ശ്രമിക്കുന്നുണ്ട്. ചില സഭാപിതാക്കന്മാർ നല്കിയ ഉത്തരമാണിത്. ഒരുപക്ഷേ ചരിത്രവസ്തുതകളോടു കൂടുതൽ നിരക്കുന്നതാണ് ഈ വിശദീകരണം എന്നു തോന്നുന്നു. ഇതിൻപ്രകാരം യൂദാസ് സ്കറിയോത്ത തീവ്രവാദിസംഘടനയിലെ ഒരാളായിരുന്നു; തീവ്രവാദിയായ ശിമയോന്റെ കൂട്ടുകാരൻ. അവർ ഒരുമിച്ചാണ് യേശുവിന്റെ ശിഷ്യഗണത്തിലേക്കു വന്നത്. ഗുരുവുമായുള്ള സഹവാസത്തിലൂടെ ശിമയോന്റെ ആശയങ്ങളിൽ മാറ്റമുണ്ടായി. എന്നാൽ യൂദാസ് ഗുരുവിനെ തന്റെ പദ്ധതികൾക്കനുസരിച്ച് മാറ്റാൻ കഴിയും എന്ന പ്രതീക്ഷിച്ചു.

യേശുവിന്റെ അത്ഭുതസിദ്ധികളിലും ജനക്കൂട്ടത്തെ ആകർഷിക്കാനുള്ള കഴിവിലും യൂദാസിന് ബോധ്യമുണ്ടായിരുന്നു. ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം അയച്ച മിശിഹായാണ് യേശു എന്ന് അയാൾ ഉറച്ചു വിശ്വസിച്ചു. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ സംതൃപ്തരാക്കിയ അത്ഭുതത്തിനു തൊട്ടുപിന്നാലെ സംഭവിച്ചത് യേശുവിനെ രാജാവാക്കാനുള്ള ഒരു ശ്രമമാണ് (യോഹ 6,14–15). യേശുവിന്റെ ശിഷ്യന്മാർപോലും ഈ ശ്രമത്തിൽ പങ്കാളികൾ ആയതിനാലാവും കൊടുങ്കാറ്റു പതിയിരുന്ന ഗലീലിക്കടലിലേക്ക് സന്ധ്യ ആയപ്പോൾ ഗുരുനാഥൻ അവരെ ഇറക്കിവിട്ടതും ഒറ്റയ്ക്ക് മലമുകളിലേക്കു പിൻമാറിയതും.

പിറ്റേദിവസം കഫർണാമിൽ വച്ചു നടന്ന സംഭാഷണത്തിന്റെ അവസാനം വലിയൊരു സംഘർഷമുണ്ടായി. ശിഷ്യന്മാരിൽ പലരും ഗുരുവിനെ വിട്ടുപോയി. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ എന്ന ഗുരുവിന്റെ ചോദ്യത്തിന് പത്രോസ് ഒരു വിശ്വാസപ്രഖ്യാപനത്തിലൂടെ ഉത്തരം പറഞ്ഞു (യോഹ 6,60–69). ഇതിനു തൊട്ടുപിന്നാലെയാണ് യൂദാസിനെക്കുറിച്ചുള്ള ആദ്യത്തെ നിഷേധാത്മകമായ പരാമർശം ഉണ്ടാകു

ന്നത്. ‘‘നിങ്ങൾ പന്ത്രണ്ടുപേരെയല്ലേ ഞാൻ തിരഞ്ഞെടുത്തത്? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്. അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ പന്ത്രണ്ടുപേരിൽ ഒരുവനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത്’’ (യോഹ 6,70–71). യേശുവിനെ രാജാവാക്കാനുള്ള ജനങ്ങളുടെ ശ്രമത്തിൽ യൂദാസും നിർണ്ണായകമായ പങ്കുവഹിച്ചിരിക്കാം. എന്നാൽ വിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണത്തിനു തൊട്ടുപിന്നാലെ യൂദാസിനെ പിശാചായി ചിത്രീകരിച്ചിരിക്കുന്നത് വലിയ ഒരു സൂചനയാണ്. പത്രോസ് യേശുവിനെ ജീവന്റെ വചനം സ്വന്തമായുള്ള കർത്താവായി ഏറ്റുപറഞ്ഞു. എന്നാൽ അപ്രകാരം ഒരു വിശ്വാസം യൂദാസിനുണ്ടായിരുന്നില്ല എന്ന് അനുമാനിക്കാം. ഇവിടെയാണ് യൂദാസിന്റെ യഥാർത്ഥ ലക്ഷ്യവും സ്വഭാവവും വ്യക്തമാകുന്നത്.

യേശു തന്റെ ശരീരരക്തങ്ങൾ നിത്യജീവനുവേണ്ട ആഹാരമായി നല്കും എന്ന പ്രഖ്യാപനമാണ് അനേകം മനുഷ്യർക്കു കഠിനവചനമായി തോന്നിയതും, ഗുരുവിനെ വിട്ടുപോകാൻ അവരെ പ്രേരിപ്പിച്ചതും (യോഹ 6,60–66). യൂദാസ് വിട്ടുപോയില്ല; തന്റെ പദ്ധതികളുടെ സാക്ഷാത്കാരത്തിനായി യേശുവിന്റെ കൂടെനിന്നു. അത്ഭുതപ്രവർത്തനങ്ങളിൽ ആകൃഷ്ടനായെങ്കിലും ഗുരുവിന്റെ പ്രബോധനങ്ങൾ ഹൃദയത്തിൽ സ്വീകരിക്കാൻ അയാൾക്കു കഴിഞ്ഞില്ല.

ദാവീദിന്റെ രാജ്യം തിരിച്ചുപിടിക്കുന്ന ഒരു രാജാവായി, ദാവീദിന്റെ പുത്രനായിട്ടാണ് അയാൾ യേശുവിനെ കണ്ടത്. ഇതു യൂദാസിന്റെ മാത്രം സ്വപ്നമായിരുന്നില്ല. പലശിഷ്യന്മാരും വച്ചുപുലർത്തിയ പ്രതീക്ഷകളും വ്യത്യസ്തമായിരുന്നില്ല. ഇടതും വലതുമുള്ള സ്ഥാനത്തെക്കുറിച്ച് സെബദീപുത്രന്മാർ ചോദിക്കുമ്പോൾ പ്രകടമാക്കുന്നതും ഇതേ സ്വപ്നം തന്നെയാണ് (മർക്കോ 10,37). പത്രോസിന്റെ വിശ്വാസപ്രഖ്യാപനം പരസ്യമാക്കരുത് എന്നു യേശു നിർദ്ദേശിക്കാൻ കാരണവും (മർക്കോ 8,30) മറ്റൊന്നല്ല. യേശുവിന്റെ മരണംവരെ ശിഷ്യന്മാർ ഇപ്രകാരം ഒരു സ്വപ്നം കാത്തുസൂക്ഷിച്ചിരുന്നു എന്ന് എമ്മാവൂസ് ശിഷ്യന്മാരുടെ സംഭാഷണവും വ്യക്തമാക്കുന്നു (ലൂക്കാ 24,21).

ഒരുപക്ഷേ, മറ്റെല്ലാ ശിഷ്യന്മാരെയുംകാൾ കൂടുതൽ യൂദാസ് യേശുവിനെ മിശിഹാ ആയി വിശ്വസിക്കുകയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. ജറുസലെമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തിൽ ഏറ്റം അധികം സന്തോഷിച്ചതും യൂദാസ് ആയിരുന്നിരിക്കാം. എന്നാൽ തുടർന്നുള്ള

യേശുവിന്റെ പ്രവർത്തനങ്ങൾ യൂദാസിന്റെ പ്രതീക്ഷകൾക്കും താൽപര്യങ്ങൾക്കും യോജിക്കുന്നതായിരുന്നില്ല. അതിനാൽ യേശുതന്നെയാണ് യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ എന്നു തെളിയിക്കുക ആവശ്യമായി യൂദാസ് കരുതി. സാൻഹെദ്രിൻസംഘം തന്നെ യേശുവിനെ മിശിഹായായി അംഗീകരിച്ചാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും. അതിനാൽ സാൻഹെദ്രിൻസംഘത്തിന്റെ ഔദ്യോഗികസമ്മേളനത്തിനു മുമ്പിൽ യേശുവിനെ നിർത്തി തെളിവുകൾ അവതരിപ്പിക്കാനും സംഘത്തെ ബോധ്യപ്പെടുത്താനും വേണ്ടിയാവാം യൂദാസ് ശ്രമിച്ചത്.

ഇപ്രകാരമൊരു സമ്മേളനത്തിന് ഗുരുനാഥൻ തയ്യാറാവുകയില്ല എന്നു കരുതാൻ യൂദാസിനു മതിയായ കാരണങ്ങളുണ്ടായിരുന്നു; പ്രത്യേകിച്ചും ദേവാലയശുദ്ധീകരണവും തുടർന്ന് യഹൂദനേതാക്കളുമായുണ്ടായ ഏറ്റുമുട്ടലുകളും സമാധാനപരമായ ഒരു സംഭാഷണത്തിനുള്ള എല്ലാ പഴുതും അടച്ചുകഴിഞ്ഞിരുന്നു. അതിനാൽ യേശുവിനെ ബലമായിത്തന്നെ സാൻഹെദ്രിൻസംഘത്തിനുമുമ്പിൽ കൊണ്ടുവരുന്നത് അത്യാവശ്യമായി യൂദാസ് കരുതിയിട്ടുണ്ടാവാം. അതിനുള്ള മാർഗ്ഗങ്ങളാണ് നേതാക്കന്മാരുമായി യൂദാസ് ആലോചിച്ചതും കണ്ടെത്തിയതും.

യേശുവിനെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കാൻ യഹൂദനേതാക്കൾക്കോ റോമൻ അധികാരികൾക്കോ കഴിയും എന്നു യൂദാസ് കരുതിയിട്ടുണ്ടാവില്ല. അറസ്റ്റുചെയ്യാൻ വന്ന പടയാളികൾ വെറും കയ്യോടെ മടങ്ങിയതും (യോഹ 7,32.45-46) യേശുവിനെ പിടിക്കാനും കല്ലെറിയാനും ശ്രമിച്ച നേതാക്കന്മാർ പലതവണ പരാജയപ്പെട്ടതും (യോഹ 7,30; 8,50; 10,31-39; മത്താ 21,45-46; ലൂക്കാ 19,47-48) യൂദാസ് നേരിൽ കണ്ടറിഞ്ഞതാണ്. അതിനാൽ യേശുവിന് എന്തെങ്കിലും ദ്രോഹം സംഭവിച്ചേക്കാം എന്ന ഭയംകൂടാതെതന്നെ നേതാക്കന്മാരുടെ കൈകളിൽ ഏല്പിച്ചുകൊടുക്കാൻ യൂദാസിനു കഴിഞ്ഞു.

ഇതുകൊണ്ടുതന്നെയല്ലേ സാൻഹദ്രിൻസംഘം യേശുവിനെ വിചാരണചെയ്ത് വധശിക്ഷ വിധിച്ചപ്പോൾ യൂദാസ് നിരാശനായത്? പ്രതീക്ഷിച്ചതിനു വിരുദ്ധമാണ് സംഭവിച്ചത്. ഗദ്സെമെൻ മുതൽ യേശുവിന്റെ പ്രവർത്തനങ്ങൾ യൂദാസിന്റെ പദ്ധതികളനുസരിച്ചല്ല നീങ്ങിയത്. പീഡനവും പരിഹാസവും ഒന്നും ആ പദ്ധതിയിലുണ്ടായിരുന്നില്ല. എന്നാൽ യേശു തികച്ചും നിസ്സഹായനായി പ്രത്യക്ഷപ്പെട്ടു. എവിടെ പോയി താൻ കണ്ട മിശിഹായുടെ അത്ഭുതസിദ്ധികളും മഹാശക്തിയും? എന്തേ മാലാഖമാരുടെ വ്യൂഹങ്ങൾ അവനു സംരക്ഷണവലയം

തീർത്തില്ല? എന്തേ ദാവീദിന്റെ പുത്രനായ മിശിഹാരാജാവ് വെറും ഒരു സാധാരണ കുറ്റവാളിയെപ്പോലെ വലിച്ചിഴയ്ക്കപ്പെടുന്നു? യൂദാസിന് ഒന്നും മനസ്സിലായില്ല.

താൻ പ്രതീക്ഷിച്ച അഭിമുഖസംഭാഷണവും മിശിഹായെന്ന ഔദ്യോഗികപ്രഖ്യാപനവും ഒന്നും യാഥാർത്ഥ്യമാവുന്നില്ല എന്നു കണ്ട പ്പോൾ ചവുട്ടിനിന്ന മണ്ണ് കാൽക്കീഴിൽനിന്നു തെന്നിമാറുന്നതായി യൂദാ സിനു തോന്നി. താൻ വലിയൊരു വഞ്ചനയ്ക്ക് ഇരയായിരിക്കുന്നു എന്ന അവബോധം അതിന്റെ സർവ്വഭീകരതയോടുംകൂടെ അവന്റെ അന്തരാ ത്മാവിലേക്ക് ആഴ്ന്നിറങ്ങി. താൻ മിശിഹായാണെന്ന സത്യം തെളിയി ക്കാൻ യേശുവിനൊരവസരം നല്കുകയല്ല, ദൈവദൂഷണക്കുറ്റം ആരോ പിച്ച് വധശിക്ഷ പ്രഖ്യാപിക്കുകയാണ് സാൻഹെദ്രിൻസംഘത്തിന്റെ ലക്ഷ്യമെന്ന് വൈകിയാണ് അയാൾക്കു മനസ്സിലായത്. ഇതാണ് ഒരു വഞ്ചന എന്നാൽ ഇതിനേക്കാൾ വലിയൊരു വഞ്ചനയ്ക്കും അയാൾ ഇരയായി എന്നു കരുതാൻ ന്യായമുണ്ട്.

അനേകം അത്ഭുതങ്ങൾ കണ്ടപ്പോൾ യേശു തന്നെയാണ് ദൈവം അയയ്ക്കുന്ന മിശിഹാ എന്ന് യൂദാസ് ആത്മാർത്ഥമായി വിശ്വ സിച്ചു. ആ വിശ്വാസമാണ് ഇപ്പോൾ നിഷ്ക്കരുണം നിഷേധിക്കപ്പെടു ന്നത്. നസ്രത്തിൽനിന്നു വന്ന തച്ചന്റെ മകൻ വാസ്തവത്തിൽ വെറും ഒരു സാധാരണമനുഷ്യൻ മാത്രമായിരുന്നു എന്ന അവബോധമാണ് വധ ശിക്ഷ ഏറ്റുവാങ്ങി പരാജിതനും പരിഹാസിതനുമായി നില്ക്കുന്ന തന്റെ ഗുരുനാഥനെ കണ്ടപ്പോൾ യൂദാസിന്റെ ഉള്ളിൽ നിറഞ്ഞത്. താൻ ചെയ്തത് വലിയൊരപരാധമായിപ്പോയി. തന്നെ ഇത്രമാത്രം സ്നേഹി ക്കുകയും പരിഗണിക്കുകയും ആദരിക്കുകയും ചെയ്ത ഗുരുവിനെ താൻ ഒറ്റിക്കൊടുക്കുകയായിരുന്നു എന്ന ബോധ്യം അയാളുടെ മനഃസാക്ഷിയെ പിച്ചിച്ചീന്തി, ബോധമണ്ഡലത്തെ കുറ്റബോധവും നിരാശയുംകൊണ്ടു നിറച്ചു.

അവൻ മനസ്തപിച്ചു എന്ന് സുവിശേഷകൻ എടുത്തുപറയു ന്നുണ്ട്. "നിഷ്ക്കളങ്കരക്തം ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരി ക്കുന്നു" (മത്താ 27,4) എന്ന് അത്യഗാധമായ ദുഃഖത്തോടെ അയാൾ പാപം ഏറ്റുപറഞ്ഞു. ചെയ്ത കുറ്റത്തിനു പരിഹാരമായി, കിട്ടിയ തുക തിരിച്ചേല്പിച്ചു; താൻ ചെയ്ത മാരകമായ തെറ്റിന് സ്വന്തം മരണംകൊ ണ്ടുതന്നെ പരിഹാരവും അനുഷ്ഠിച്ചു. എന്നിട്ടും യൂദാസ് ദൈവശാപ മേറ്റവരുടെ പ്രതീകവും പ്രതിനിധിയുമായി നിലനില്ക്കാൻ കാരണ മെന്ത്? എവിടെയാണ് യൂദാസിനു പിഴച്ചത്?

യേശുവിനെ വിശ്വസിക്കുകയും അവന്റെ വഴികളും പദ്ധതികളും തേടുകയും ചെയ്യുന്നതിനുപകരം അവനിലൂടെ സ്വന്തം പദ്ധതികൾ പൂർത്തിയാക്കാൻ ശ്രമിച്ചു എന്നതാണ് പരാജയത്തിന്റെ ആദ്യകാരണം എന്നു തോന്നുന്നു. യേശു നല്കിയ പ്രത്യേകപരിഗണനയും അംഗീകാരവും തന്റെ പദ്ധതികൾക്കുള്ള അംഗീകാരമായി അയാൾ തെറ്റി ധരിച്ചു. മാനസാന്തരത്തിനായി യേശു നല്കിയ അവസരങ്ങളും ആഹ്വാനങ്ങളും തന്റെ പദ്ധതികൾക്കുള്ള പ്രോത്സാഹനമായി അയാൾ വിലയിരുത്തി. നിങ്ങളിൽ ഒരുവൻ പിശാചാണ് എന്ന ഗുരുമൊഴി തന്നെക്കുറിച്ചായിരിക്കാം എന്ന് അയാൾ കരുതിയില്ല. "സാത്താനെ എന്റെ മുമ്പിൽനിന്നു പോകൂ" (മത്താ 16,21) എന്ന ഗുരുവചനം കേട്ട പത്രോസിനു മാനസാന്തരമുണ്ടായി. എന്നാൽ യൂദാസിന് തന്റെ പദ്ധതികളെ ഉപേക്ഷിക്കാൻ ഗുരുവചനം പര്യാപ്തമായില്ല. വിശ്വാസം വഴി സംജാതമാകേണ്ട യഥാർത്ഥ മനഃപരിവർത്തനം യൂദാസിനുണ്ടായില്ല. യൂദാസ് യേശുവിൽ വിശ്വസിച്ചു; ആത്മ ബലിയിലൂടെ ലോകത്തിനു രക്ഷ നല്കാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രനായിട്ടല്ല, വിദേശമേൽക്കോയ്മയിൽനിന്നു മോചിപ്പിച്ച് ഇസ്രായേൽജനതയെ ഏറ്റം വലിയ സാമ്രാജ്യശക്തിയാക്കി ഉയർത്തുന്ന ദാവീദിന്റെ പുത്രൻ മിശിഹാ ആയി.

യൂദാസിന്റെ പരാജയം മുഖ്യമായും വിശ്വാസത്തിന്റെ മണ്ഡലത്തിലാണു സംഭവിച്ചത്. ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി പ്രകടമാകുക എന്ന് അയാൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദാവീദിന്റെ സാമ്രാജ്യം സ്വപ്നം കണ്ടവന് സഹനദാസന്റെ ചിത്രം മനസിലാക്കാനായില്ല. മിശിഹായെക്കുറിച്ചുള്ള അയാളുടെ കാഴ്ചപ്പാടിൽ സഹനത്തിനും മരണത്തിനും സ്ഥാനമുണ്ടായിരുന്നില്ല. അതിനാൽത്തന്നെ പരാജിതനായി നിന്ന യേശുവിൽ മിശിഹായെ കാണാൻ അയാൾക്കു കഴിഞ്ഞില്ല. വധശിക്ഷ വിധിക്കപ്പെട്ട ഒരു നിഷ്കളങ്കൻ ആയി മാത്രമേ യേശുവിനെ കാണാൻ അയാൾക്കു കഴിഞ്ഞുള്ളൂ.

ഭീകരമായൊരു തെറ്റിദ്ധാരണയുടെ ഇര മാത്രമായിരുന്നോ യൂദാസ്? വെറും മുപ്പതു വെള്ളിനാണയത്തിനു വേണ്ടി ഗുരുവിനെ ഒറ്റിക്കൊടുത്ത വഞ്ചകനോ ഗുരുഘാതകനോ ആയി കണ്ടതുകൊണ്ട് യൂദാസിന്റെ യഥാർത്ഥ രൂപം വ്യക്തമാവുകയില്ല. അയാൾ ചെയ്ത പ്രവൃത്തികളുടെ ഉത്തരവാദിത്വം ബൈബിൾ ഒരു വിധത്തിലും കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. അതേസമയം ഏതൊരു വ്യക്തിക്കും, പ്രത്യേകിച്ചും യേശുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യർക്ക്, സംഭവിക്കാവുന്ന ഭീകരമായ ദുരന്തത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് ബൈബി

ളിൽ യൂദാസ്. ലഭിച്ച അവസരങ്ങളെല്ലാം പാഴാക്കി; ഏല്പിക്കപ്പെട്ട ദൗത്യങ്ങൾ ദുരുപയോഗിച്ചു; ദൗത്യങ്ങളിൽ ദയനീയമായി പരാജയപ്പെട്ടു. അവസാനം കുറ്റബോധം വേട്ടയാടിയപ്പോൾ വിമോചകനായ യേശുവിന്റെ പാദാന്തികത്തിൽ അഭയം തേടുന്നതിനുപകരം ആത്മഹത്യയിലൂടെ ജീവിതം അവസാനിപ്പിച്ചു. ശത്രുക്കൾക്ക് ഏല്പിച്ചുകൊടുക്കാൻ അടയാളമായ ചുംബനം നല്കാൻ അടുത്തുവന്നവനെ സ്നേഹിതാ എന്ന് അഭിസംബോധന ചെയ്ത ഗുരനാഥൻ തനിക്കു മാപ്പുതരും എന്ന് കരുതാൻ അയാൾക്കു കഴിഞ്ഞില്ല. തള്ളിപ്പറഞ്ഞ പത്രോസ് കണ്ണീരൊഴുക്കി; മാപ്പു സ്വീകരിക്കാൻ തയ്യാറായി. എന്നാൽ യൂദാസിന് അതു സാധിച്ചില്ല.

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെയും സ്വന്തം ബുദ്ധിയുടെ തോന്നലുകളെയും പിശാചിന്റെ പ്രലോഭനങ്ങളെയും വേർതിരിച്ചറിയാൻ യൂദാസിനു കഴിഞ്ഞില്ല എന്നതാണ് അയാൾക്കു സംഭവിച്ച ദുരന്തങ്ങളുടെ മുഖ്യകാരണം. താൻ ചെയ്യുന്നതെല്ലാം ശരിയാണ് എന്ന തോന്നൽ അയാളെ ഭീകരമായ നാശഗർത്തത്തിലെത്തിച്ചു – അയാൾക്കുമുമ്പേ കടന്നുപോയ സാംസണും സാവൂളും മറ്റനേകരും പോലെ പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു വഴിപ്പെടാതെ പിശാചിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. ഗുരുനാഥന്റെ താക്കീതുകൾ മറ്റാർക്കോ വേണ്ടിയുള്ളതായി കരുതി തിരസ്ക്കരിച്ചു. അവസാനം തന്റെ പദ്ധതികൾ പാളിയെന്നു മനസിലായപ്പോൾ കരകയറാൻ കഴിയാത്ത നിരാശയുടെ ഇരുൾക്കുഴിയിൽ നിപതിച്ചു.

ഒരിക്കലും അനുകരിക്കാൻ പാടില്ലാത്ത ഒരു ദുർമ്മാതൃകയാണ് യൂദാസ്. എപ്രകാരം ദൈവത്തിൽനിന്നകന്ന് നാശത്തിൽ നിപതിക്കാം എന്ന് അയാളുടെ ജീവിതം പഠിപ്പിക്കുന്നു. എന്നാൽ യൂദാസിനെ ശപിച്ച് നരകത്തിൽ തള്ളാനാവുമോ? “ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു” എന്ന് യൂദാസിനെക്കുറിച്ചു വിലപിച്ച യേശുതന്നെയാണ് കുരിശിൽ കിടന്നു പ്രാർത്ഥിച്ചത്: “പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല” (ലൂക്കാ 23,34). ഈ പ്രാർത്ഥനയിൽ തന്റെ പ്രിയശിഷ്യനായ യൂദാസും ഉൾപ്പെട്ടില്ല എന്നു പറയാനാവുമോ? യൂദാസിന്റെമേൽ വിധിപ്രസ്താവിക്കാനല്ല, അയാളുടെ ജീവിതം നല്കുന്ന പാഠത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട്, ആത്മാർത്ഥമായ ആത്മശോധനയ്ക്കും ജീവിതപരിവർത്തനത്തിനും ക്ഷണിക്കാനാണ് ബൈബിൾ യൂദാസിന്റെ ചിത്രം ഇത്ര വിശദമായി അവതരിപ്പിക്കുന്നത്. തെറ്റ് ഏറ്റുപറയേണ്ടത് കുറ്റകൃത്യത്തിൽ പങ്കാളിയായ കയ്യാഫാസിന്റെ അടുക്കലല്ല, രക്ഷകനും പാപമോചകനുമായ യേശുവിന്റെ അടുക്കലാണ്.

യൂദാസിന്റെ കഥയിൽ ഉത്തരം കിട്ടാത്ത ഒരു കടങ്കഥയായി അവശേഷിക്കുന്നു ദൈവികപദ്ധതിയും മനുഷ്യന്റെ ഉത്തരവാദിത്വവും തമ്മിലുള്ള ബന്ധം. ദൈവപുത്രനായ യേശുവിന്റെ കുരിശിലെ ബലിയിലൂടെയാണ് ലോകരക്ഷ സാധ്യമായത്. ആ ബലിയിലേക്കു നയിച്ചതാണ് യൂദാസിന്റെ പ്രവൃത്തി. യേശുവിനെ യഹൂദനേതാക്കന്മാർക്ക് ഏല്പിച്ചുകൊടുത്തതോടെയാണ് കുരിശിലെ ബലി ആരംഭിച്ചത്. ഇതു ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു എന്ന് പ്രവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പത്രോസ് സ്ഥാപിക്കുന്നുണ്ട് (അപ്പ, 1,16-20). അതിനാൽ ദൈവികപദ്ധതി പൂർത്തിയാക്കുന്നതിൽ ഏറ്റം കൂടുതൽ പങ്കുവഹിച്ച യൂദാസിനെ വഞ്ചകനും ഗുരുഘാതകനുമായിട്ടല്ല, ഏറ്റം വലിയ വിശുദ്ധനായി കരുതണം എന്നു വാദിക്കുന്നവരുണ്ട്. ഇപ്രകാരമൊരു ചിന്താഗതി രണ്ടാം നൂറ്റാണ്ടുമുതൽ നിലവിലിരുന്നതായി യൂദാസിന്റെ സുവിശേഷം എന്ന അപ്രാമാണികഗ്രന്ഥത്തിൽനിന്നു കാണാം.

എ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ പകുതിയോടെ പ്രചാരത്തിൽ വന്ന ഒരു ഗ്നോസ്റ്റിക് കൃതിയാണ് "യൂദാസിന്റെ സുവിശേഷം". യേശുവും യൂദാസും തമ്മിലുള്ള സംഭാഷണങ്ങളുടെ 16 അധ്യായങ്ങളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അനശ്വരമായ ആത്മാവിനെ അടച്ചിട്ടിരിക്കുന്ന ശരീരമാകുന്ന തടവറയിൽനിന്നുതന്നെ മോചിപ്പിക്കണം എന്ന യേശുവിന്റെ അഭ്യർത്ഥന അനുസരിച്ചാണ് യൂദാസ് കരുക്കൾ നീക്കിയതും യേശുവിനെ മരണത്തിന് ഏല്പിച്ചുകൊടുത്തതും എന്ന് ഈ ഗ്രന്ഥം അവകാശപ്പെടുന്നു. മനുഷ്യന്റെ യഥാർത്ഥസ്വഭാവത്തെ, അതായത് ശരീരമാകുന്ന തടവറയിൽ അടച്ചിട്ടിരിക്കുന്ന ഒരു ദൈവികസ്ഫുലിംഗമാണ് മനുഷ്യൻ എന്ന സത്യത്തെ, ശിഷ്യരുടെ ഇടയിൽ യൂദാസിനുമാത്രമേ അറിയുമായിരുന്നുള്ളൂ. യേശുവിൽനിന്നു യൂദാസിനു നേരിട്ടു ലഭിച്ച പ്രത്യേക അറിവാണിത്. അതനുസരിച്ചാണ് യൂദാസ് പ്രവർത്തിച്ചത്. അതിനാൽ യൂദാസിനെ വഞ്ചകനും ഒറ്റുകാരനുമായി ചിത്രീകരിക്കുന്നതു ശരിയല്ല. യഥാർത്ഥത്തിൽ രക്ഷാചരിത്രത്തിലെ ഏറ്റം വലിയ ഹീറോ ആണ് യൂദാസ് എന്ന് ഈ സുവിശേഷം അവകാശപ്പെടുന്നു.

യൂദാസിനെ ഹീറോയും വിശുദ്ധനുമായി കാണുന്നതിന് ന്യായീകരണമില്ലെങ്കിലും ദൈവികപദ്ധതിയിൽ അയാൾക്കും സ്ഥാനമുണ്ട് എന്നതു നിഷേധിക്കാനാവില്ല, സാത്താനും സർപ്പത്തിനും കായേനും എല്ലാം സ്ഥാനമുള്ളതുപോലെ. എന്നാൽ തന്നെ സംബന്ധിച്ച ദൈവികപദ്ധതി ബോധപൂർവ്വം പൂർത്തിയാക്കാൻ വേണ്ടിയാണ് യൂദാസ് യേശുവിനെ പണം വാങ്ങി ഏല്പിച്ചുകൊടുത്തത് എന്നു പറയാനും തക്ക

തായ ന്യായമൊന്നുമില്ല. യേശുവുമായുള്ള എല്ലാ ഇടപെടലുകളിലും യൂദാസിന് തന്റേതായ കാരണങ്ങളും ലക്ഷ്യങ്ങളും ഉണ്ടായിരുന്നു.

തികച്ചും സ്വതന്ത്രമായി എടുത്തു നടപ്പിലാക്കിയ ആ തീരുമാനങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വവും യൂദാസിനുണ്ട്. എന്നാൽ യൂദാസിന് മനസ്സിലാക്കാൻ എന്നല്ല, ഊഹിക്കാൻപോലും കഴിയാതിരുന്ന ഒരു പദ്ധതിയുടെ പൂർത്തീകരണം അയാളിലൂടെ നടക്കുകയായിരുന്നു എന്നതും സത്യം. ഇവിടെ നമ്മൾ യുക്തിയുടെയും മാനുഷികബുദ്ധിയുടെയും അതിരുകളിൽ എത്തുന്നു. ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടാനാവും? ദൈവികപദ്ധതി അനുസരിച്ചാണ് യൂദാസ് യേശുവിനെ ഏല്പിച്ചുകൊടുത്തതെങ്കിൽ അയാളെ കുറ്റം വിധിക്കാനാവുമോ എന്ന ചോദ്യത്തിന് ഉത്തരം നല്കുക എളുപ്പമല്ല. നമ്മുടെ പരിമിതമായ അറിവിന്റെ പരിധിക്കുള്ളിൽനിന്നു ഇത്രയുമേ പറയാൻകഴിയൂ; യൂദാസിനു ലഭ്യമായിരുന്ന അറിവും അയാൾക്കുണ്ടായിരുന്ന ലക്ഷ്യബോധവും അനുസരിച്ച് അയാൾ ചെയ്ത പ്രവൃത്തിയുടെ പൂർണ്ണമായ ഉത്തരവാദിത്വം യൂദാസിനുണ്ട്. ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുക എന്നതായിരുന്നില്ല, തന്റെ പദ്ധതികൾക്ക് യേശുവിനെ വിധേയനാക്കുക, അഥവാ ഉപയോഗിക്കുക എന്നതായിരുന്നു ആ ലക്ഷ്യം. അത് സ്വാർത്ഥതാൽപര്യത്താൽ പ്രേരിതമായിരുന്നു. ഗുരുനാഥനുമായുള്ള സന്തതസഹവാസവും ഗുരുനാഥന്റെ പ്രബോധനങ്ങളും പലതവണ ആവർത്തിച്ച താക്കീതുകളും സ്വീകരിക്കാതെ യൂദാസ് എടുത്ത തീരുമാനത്തിന് അയാൾതന്നെ ഉത്തരവാദി. എന്നാൽ അതേസമയം ആ പ്രവൃത്തിയിലൂടെ ദൈവികപദ്ധതിപൂർത്തിയാവുകയായിരുന്നു എന്നത് രക്ഷണീയസത്യം.

ഇത് യൂദാസിനെയും അയാളുടെ പ്രവൃത്തിയെയും മാത്രം ബാധിക്കുന്ന ഒരറിവല്ല. ഏതു മനുഷ്യന്റെയും ഏതു പ്രവൃത്തിയിലും ഈ സത്യം യാഥാർത്ഥ്യമാകുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവികപദ്ധതിയും തമ്മിൽ നിലനില്ക്കുന്ന ബന്ധം ദൈവത്തിന്റെ തന്നെ നിഗൂഢതയിൽ ഊന്നിനില്ക്കുന്നു. അതിനാലാവാം യേശു പറഞ്ഞത്: ‘‘വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല’’ (മത്താ 7,1)



# 16

# കൂട്ടായ്മക്കെതിരേ വഞ്ചന

## അനനിയാസും സഫീറായും

*''നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല, ദൈവത്തോടാണ്''*

(അപ്പ 5,1-11).

ബൈബിൾ അവതരിപ്പിക്കുന്ന പരാജിതരുടെ പട്ടികയിൽനിന്ന് അവസാനമായി അപഗ്രഥിക്കാൻ ശ്രമിക്കുന്നത് അപ്പസ്തോലപ്രവർത്ത നങ്ങളിൽ ലൂക്കാ വിവരിക്കുന്ന അനനിയാസ് - സഫീറാ ദമ്പതികളുടെ കഥയാണ്. എത്ര താല്പര്യത്തോടെയാണ് അവർ ക്രൈസ്തവ കൂട്ടായ്മ യിലേക്കു വന്നത്! സ്വന്തം പറമ്പുവിറ്റ് കിട്ടിയ തുക കൂട്ടായ്മയ്ക്കുവേണ്ടി അപ്പസ്തോലന്മാരെ ഏല്പിച്ചവരാണവർ. എന്നിട്ടും എത്ര ഭീകരമായി രുന്നു അവരുടെ അന്ത്യം! മൂന്നു മണിക്കൂറിനുള്ളിൽ ഭാര്യയും ഭർത്താവും കർത്താവിന്റെ ശിക്ഷാവിധിയേറ്റ് മരിച്ചുവീണു. സമൂഹം അവരെ സംസ്ക്കരിച്ചു. എന്താണ് ഇത്ര ഭീകരമായ ഒരു ശിക്ഷാവിധി അവരുടെ മേൽ പതിക്കാൻ കാരണം? എന്താണവർ ചെയ്ത മാരകപാപം? എന്തു പാഠമാണ് ദൈവം ഈ സംഭവത്തിലൂടെ നമുക്ക് നല്കുന്നത്? അപ്പ 5,1-11 ൽ അവരുടെ ചരിത്രം സംക്ഷിപ്തമായി അവതരിപ്പിച്ചിരിക്കുന്നു.

''കർത്താവിന്റെ കൃപ'' എന്നോ ''കർത്താവ് കൃപാലു ആണ്'' എന്നോ അനനിയാസ് എന്ന പേരു വിവർത്തനം ചെയ്യാം. കൃപ എന്നർത്ഥ

മുള്ള ''ഹനാൻ'' എന്ന വാക്കും ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട പേരായ ''യാഹ്‌വേ'' യും കൂടിച്ചേർന്നതാണ് അനനിയാസ് എന്ന പേര്. സഫീറാ എന്ന പേരിനു ''സുന്ദരി'' എന്നർത്ഥം. ജറുസലെം നഗരത്തിലെ ആദിമക്രൈസ്തവ കൂട്ടായ്മയിലെ അംഗങ്ങളാണവർ. മറ്റുപലരും ചെയ്തതുപോലെ (അപ്പ 4,34-37) അവരും തങ്ങളുടെ പറമ്പുവിറ്റ് കിട്ടിയ തുക അപ്പസ്തോലന്മാരെ ഏല്പിച്ചു, എന്നാൽ മുഴുവനുമല്ല. വിറ്റുകിട്ടിയ തുകയുടെ ഒരു ഭാഗം ഭാവി സുരക്ഷയ്ക്കുവേണ്ടിയുള്ള ഒരു കരുതൽ ധനമായി മാറ്റിവച്ചു. അതാണവർക്കു വിനയായത്.

അപ്പസ്തോലന്മാരുടെ തലവനായ പത്രോസ് അനനിയാസിനെ ചോദ്യം ചെയ്തു. താൻ പറഞ്ഞ തുകയ്ക്ക് തന്നെയാണ് പറമ്പുവിറ്റതെന്ന് അയാൾ ആവർത്തിച്ചു. അതു നുണയാണെന്നും നുണ പറഞ്ഞതു മനുഷ്യനോടല്ല ദൈവത്തോടാണെന്നും പത്രോസ് വിധി പ്രഖ്യാപിച്ചു. അതുകേട്ട അനനിയാസ് തൽക്ഷണം മരിച്ചുവീണു. ഏകദേശം മൂന്നു മണിക്കൂർ കഴിഞ്ഞ് കൂട്ടായ്മയിലേക്കു വന്ന സഫീറായോട് പത്രോസ് ചോദ്യം ആവർത്തിച്ചു. അവളും അനനിയാസിന്റെ ഉത്തരം തന്നെ പറഞ്ഞു. അവൾക്കും ഭർത്താവിന്റെ ശിക്ഷതന്നെ ലഭിച്ചു. അങ്ങനെ സ്ഥലം വില്പനയിലും നുണയിലും ശിക്ഷയിലും മരണത്തിലും സംസ്ക്കാരത്തിലും അവർ ഒന്നിച്ചു.

ഒരു ചെറിയ നുണ പറഞ്ഞതിന് വധശിക്ഷ വിധിക്കുന്നത്, അതും മാനസാന്തരത്തിന് ഒരവസരം പോലും നല്കാതെ, നീതിയാണോ എന്ന ചോദ്യം ഉന്നയിക്കുന്നവരുണ്ട്. അതിനാൽത്തന്നെ ഇതൊരു ചരിത്ര സംഭവമല്ല, ഭാവിതലമുറയ്ക്കു താക്കീതു നല്കാനായി മെനഞ്ഞെടുത്ത ഒരു കഥയാണെന്നു കരുതുന്നവരുമുണ്ട്. ചോദ്യം ചെയ്തു വിധി പ്രസ്താവിച്ച പത്രോസിന്റെ ഭാവവും ശബ്ദവും വിധിയുടെ കാഠിന്യവും കേട്ടു ഭയന്ന്, പെട്ടെന്നുണ്ടായ ഹൃദയാഘാതമാണ് രണ്ടുപേരുടെയും മരണത്തിനു കാരണം എന്ന മനഃശാസ്ത്രപരമായ ഒരു വ്യാഖ്യാനം നല്കുന്നവരുമുണ്ട്. എന്നാൽ വെറും ഒരു കെട്ടുകഥയോ, ഉപമയോ, ഹൃദയാഘാതമോ ആയിട്ടല്ല, ചരിത്രകാരനായ ലൂക്കാ എഴുതുന്നത്. അതിനാൽത്തന്നെ സംഭവത്തിന്റെ സാഹചര്യവും വിവരണത്തിന്റെ വിവിധ വശങ്ങളും സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

ആദിമക്രൈസ്തവസമൂഹത്തിന്റെ ചിത്രം വരയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് അനനിയാസ് - സഫീറാ ദമ്പതികളുടെ അനുഭവ ത്തെക്കുറിച്ച് ലൂക്കാ പരാമർശിക്കുന്നത്. ആ സമൂഹം ഒരു കൂട്ടായ്മ യായിരുന്നു. ''അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ,

അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു'' (അപ്പ 2,42). വിശ്വാസത്തിലും ആരാധനയിലും പ്രാർത്ഥനയിലും മാത്രമല്ല, അവർ തങ്ങൾക്കുണ്ടായിരുന്ന സമ്പത്തിലും കൂട്ടായ്മ നടപ്പിലാക്കി. ''വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹ മാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ്, ആവ ശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു'' (അപ്പ 2,44-45).

ഇതാണ് ക്രൈസ്തവകൂട്ടായ്മയുടെ പ്രത്യേകത. ആർക്കും ദാരിദ്ര്യദുഃഖം ഉണ്ടാകരുത്. ഇത് എന്റേതാണ്, നിനക്കിവിടെ പ്രവേശ നമില്ല എന്നു പറഞ്ഞ് മതിൽകെട്ടി മാറ്റിവയ്ക്കാൻ പാടില്ല. വിശ്വാസികൾ എല്ലാവർക്കും സ്വാഗതം ഉണ്ടാകണം. ഇപ്രകാരം ഒരു സമൂഹമാണ് യേശു വിഭാവനം ചെയ്തത്. അതാണ് ജറുസലേമിലെ ആദിമസഭയിൽ സംഭവിച്ചത് എന്ന് ലൂക്കാ എടുത്തുപറയുന്നു. വസ്തുവകകൾ മുഴുവ നായി വിറ്റവരും ഉണ്ടായിരുന്നു. എന്നാൽ അതു നിർബന്ധമായിരുന്നില്ല. സമ്പത്തു മുഴുവൻ പൊതുവായി കാണുന്ന മനോഭാവത്തിനാണ് ഊന്നൽ നല്കുന്നത്. സൈപ്രസ് സ്വദേശിയായ ബാർണബാസ് എന്നറി യപ്പെട്ടിരുന്ന ജോസഫ് വിറ്റുപങ്കുവയ്ക്കുന്നതിന്റെ മാതൃകയാണ് (അപ്പ 4,36-37). എന്നാൽ അയാൾ തന്റെ വീടുൾപ്പെടെ എല്ലാം വിറ്റു എന്ന് ലൂക്കാ പറയുന്നില്ല. സത്യസന്ധമായ പങ്കുവയ്ക്കലാണ് പ്രധാനം. ഇവി ടെയാണ് അനനിയാസിന്റെയും സഫീറായുടെയും ചെയ്തി വിമർശ നവിഷയമാകുന്നതും വിധിക്കപ്പെടുന്നതും.

വിറ്റുകിട്ടിയതിന്റെ ഒരു ഭാഗം മാറ്റിവച്ചത് അതിൽത്തന്നെ ഒരു തെറ്റോ കുറ്റമോ ആയി വിവരണത്തിൽ പരിഗണിക്കുന്നില്ല. എന്നാൽ കിട്ടിയ തുക മുഴുവനും നല്കുന്നു എന്ന ഭാവേന, ഒരു ഭാഗം മാത്രം നല്കിയതിനെതിരേയാണ് വിമർശനവും വിധിയും. നുണ പറഞ്ഞു എന്നതാണ് പത്രോസ് എടുത്തുകാട്ടുന്ന തെറ്റ്. അതിനുണ്ടായ പ്രേരണ യിലേക്കു അപ്പസ്തോലൻ ശ്രദ്ധ ക്ഷണിക്കുന്നു. സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചു അഥവാ അനനിയാസ് സാത്താന്റെ പ്രേര ണയ്ക്കു വഴങ്ങി. സത്യം മറച്ചുവച്ച് വിശുദ്ധൻ ചമയുന്നത് വഞ്ചനയാണ്. തന്റെ മുഴുവൻ ആസ്തികളും അപ്പസ്തോലന്മാരെ ഏല്പിക്കുന്നു എന്ന ധാരണ സമൂഹത്തിൽ സൃഷ്ടിക്കുന്നതായിരുന്നു അയാളുടെ പ്രവർത്തനം. അതിലൂടെ എന്തു നേട്ടമാണ് കൈവരിക്കാൻ ശ്രമിച്ചത് എന്നു നിശ്ചയിമില്ല. ഈ കൂട്ടായ്മ നിലനില്ക്കുമോ അതോ പരാജ യപ്പെടുമോ? പരാജയപ്പെട്ടാൽ എല്ലാം നല്കിയ തങ്ങൾ വിഡ്ഢി

കളാകില്ലേ? അതുകൊണ്ട് അല്പം സ്വന്തമായി മാറ്റിവയ്ക്കുന്നതാണ് മെച്ചം എന്ന് അവർ കരുതിയിട്ടുണ്ടാവാം. അപ്പോൾ വിശ്വാസരാഹിത്യവും കർത്താവിൽ ആശ്രമില്ലായ്മയുമാകും ഇവിടെ കുറ്റകരമായിത്തീരുന്നത്. അതേസമയം മറ്റൊരു സാധ്യതയും ഉണ്ട്. ഒരുപക്ഷേ, സമൂഹത്തിന്റെ വലിയ അദരവും സമൂഹത്തിൽ പ്രത്യേക സ്ഥാനവും അവർ പ്രതീക്ഷിച്ചിരിക്കാം. ഇത് നുണയാണ്, വഞ്ചനയാണ്. വഞ്ചിക്കാൻ ശ്രമിക്കുന്നത് മനുഷ്യനെയല്ല, ദൈവത്തെത്തന്നെയാണെന്നു പത്രോസ് ബോധ്യപ്പെടുത്തുന്നു.

ശിക്ഷ ഉടനെ ഉണ്ടായി. അയാൾ തൽക്ഷണം മരിച്ചുവീണു. മാരകമായ പാപമാണയാൾ ചെയ്തത് എന്ന് ഏവർക്കും ബോധ്യമായി. ഇവിടെ ശിക്ഷ പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതും പത്രോസല്ല, ദൈവംതന്നെയാണ്. ജോഷ്വായുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആഖാന്റെ പാപവും അതിനുണ്ടായ ശിക്ഷയുമായി ഈ സംഭവത്തിനു സമാനതയുണ്ട് (ജോഷ്വാ 7). ആയി പട്ടണത്തിൽനിന്നു കൊള്ളയടിച്ച് ദൈവത്തിനു ബലിയർപ്പിക്കാനായി മാറ്റിവച്ചവയിൽനിന്ന് ചില വസ്തുക്കൾ ആഖാൻ സ്വന്തമായി എടുത്തതാണ് അയാളുടെ കുറ്റം. ജനം അയാളെ കുടുംബസമേതം കല്ലെറിഞ്ഞുകൊന്നു. കുറ്റത്തിനു സമാനതയുണ്ടെങ്കിലും ശിക്ഷ നടപ്പാക്കുന്നതിൽ വ്യത്യാസമുണ്ട്. അവിടെ ജനമാണ് ശിക്ഷിക്കുന്നത്; ഇവിടെ ദൈവം നേരിട്ടും.

ചാവുകടൽ തീരത്തുള്ള ഒരു ഗ്രാമമായ ഖുമ്റാനിൽ വസിച്ചിരുന്ന എസ്സേൻ സന്ന്യാസികൾക്ക് ഇതിനു സമാനമായ ഒരു നിയമം ഉണ്ടായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ ആരെങ്കിലും സമൂഹത്തോട് മനഃപൂർവ്വം നുണ പറയുന്നതായി കണ്ടെത്തിയാൽ, സമൂഹത്തിനാവശ്യമായ വിശുദ്ധി ഇല്ലാത്തവനായി അയാളെ പരിഗണിക്കണം. നാലുനേരമുള്ള ആഹാരത്തിൽ നിന്ന് ഒരു നേരത്തെ ആഹാരം നല്കാതെ അയാളെ ശിക്ഷിക്കണം (1 QS 6,24-25). കുറ്റം സമാനമെങ്കിലും ഇവിടെ ശിക്ഷ വളരെ ലഘുവാണ്. അനനിയാസിന്റെ കുറ്റം കൂടുതൽ ഗൗരവമായി പരിഗണിക്കുന്നു.

പരിശുദ്ധാത്മാവിനെ വഞ്ചിക്കാൻ ശ്രമിച്ചു, ദൈവത്തോടു നുണ പറഞ്ഞു (അപ്പ 5,3-4) എന്നതാണ് ആരോപണത്തിന്റെ കേന്ദ്രം. ഇതുതന്നെയാണ് കുറ്റത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നത്. സാത്താന്റെ സ്വാധീനത്തിൽപെട്ട് ദൈവത്തിനെതിരേ തിരിയുന്നതായി ഈ പ്രവർത്തനത്തെ വ്യാഖ്യാനിക്കുന്നു. സാമ്പത്തിക കാര്യങ്ങളിൽ അവിശ്വസ്തത, നുണ, കപടഭക്തി എന്നിങ്ങനെ മൂന്നു കാര്യങ്ങളാണ്, അനനിയാ

സിനെതിരേയുള്ള ആരോപണത്തിൽനിന്നു പ്രായോഗികതലത്തിലേക്കു വരുമ്പോൾ ശ്രദ്ധേയമാകുന്നത്. സ്വന്തമായിരുന്നത് സമൂഹത്തിനായി നല്കി കഴിയുമ്പോൾ അതു ദൈവത്തിന്റേതാകുന്നു; എല്ലാവർക്കും കൂടെ അവകാശപ്പെട്ട പൊതുസ്വത്ത്. അതിൽനിന്ന് എന്തെങ്കിലും എടുത്തുമാറ്റുന്നത് മോഷണത്തിനു തുല്യമാണ്. ആദിമക്രൈസ്തവ സഭയുടെ മുഖമുദ്രയായിരുന്നു സാമ്പത്തിക കാര്യങ്ങളിലുള്ള കൂട്ടായ്മയും സുതാര്യതയും. അതിനു കോട്ടം തട്ടുന്ന ഏതു പ്രവൃത്തിയും സഭയുടെ വിശ്വാസ്യതയെ ഹനിക്കും; സഭയുടെ നിലനില്പുതന്നെ അപകടത്തിലാക്കും. ഇതായിരിക്കും ഇത്ര കർശനമായ ഒരു ശിക്ഷാ നടപടിക്കു കാരണം.

സത്യസന്ധത ക്രൈസ്തവന്റെ അടയാളമായിരിക്കണം. കള്ളം പറയരുത് എന്നതു കർത്താവു നല്കിയ പത്തു പ്രമാണങ്ങളിൽ ഒന്നാണ്. സത്യംതന്നെ ആയ ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാകുന്നു നുണ പറയുന്നത്. ഇതും ക്രിസ്തീയ സമൂഹത്തിന്റെ വിശ്വാസ്യതയ്ക്കു കോട്ടം തട്ടാൻ കാരണമാകുന്നു. കപടഭക്തിയാണ് ദൈവം ഏറ്റം വെറുക്കുന്ന ഒരുപാപം. യേശു യഹൂദ മതനേതാക്കൾക്കെതിരേ ഉന്നയിച്ച ഏറ്റം വലിയ ആരോപണങ്ങളിൽ ഒന്നായിരുന്നു കാപട്യം. മത്താ 23,13-36ൽ കപടഭക്തരായ ഫരിസേയരേ നിങ്ങൾക്കു ദുരിതം എന്ന് ഏഴു തവണ ആവർത്തിക്കുന്നതിലൂടെ എത്ര ഗൗരവത്തോടെയാണ് കാപട്യത്തെ പരിഗണിക്കുന്നതും വെറുക്കുന്നതും എന്നു വ്യക്തമാകുന്നു. ഉള്ളിൽ തിന്മവച്ച് പുറമേ നന്മ നടിക്കുന്നതാണ് കപടഭക്തി. അത് വ്യക്തികളെയും സമൂഹത്തെയും വിശ്വസിക്കാൻ കൊള്ളാത്തവരാക്കുന്നു.

പരിപൂർണ്ണ സത്യസന്ധത, സാമ്പത്തികകാര്യങ്ങളിൽ സുതാര്യത, കർത്താവിലുള്ള പൂർണ്ണമായ ആശ്രയം ഇതൊക്കെയാണ് അനനിയാസിന്റെയും സഫീറായുടെയും അനുഭവത്തിലൂടെ വിശ്വാസികളുടെ ഹൃദയത്തിൽ പതിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്ന മൂല്യങ്ങൾ. സഹോദരങ്ങളോടും സഭയോടും ചെയ്യുന്ന വഞ്ചന ആത്യന്തികമായി ദൈവത്തിനെതിരേ ചെയ്യുന്ന പാപമായിത്തീരുന്നു. പൊതുവായി നല്കാൻ കടപ്പെട്ടത് സ്വന്തമായി വച്ചുസൂക്ഷിക്കുന്നത് കുറ്റകരമാണ്. ജീവിതത്തിനു സുരക്ഷിതത്വം കണ്ടെത്തേണ്ടത് സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തിലല്ല, ദൈവപരിപാലനയിലാണ്. ഈ പരിപാലനയിലുള്ള വിശ്വാസവും ആശ്രയവും കുറയുന്നതിന് ആനുപാതികമായി സമ്പാദിക്കാനുള്ള ശ്രമവും വർദ്ധിക്കും.

ആദിമക്രൈസ്തവ കൂട്ടായ്മയെ ഒരു മാതൃകാ സമൂഹമായി അതരിപ്പിക്കുമ്പോഴും ആ കൂട്ടായ്മയ്ക്കുള്ളിൽ സംഭവിച്ച വീഴ്ചകളെ വി.

ഗ്രന്ഥകാരൻ മറച്ചുവയ്ക്കുന്നില്ല. സമ്പത്തിന്റെ വിനിയോഗത്തിലാണ് ഈ വീഴ്ചകൾ ആദ്യമായും അധികമായും പ്രത്യക്ഷപ്പെട്ടത്. പ്രതിദിനമുള്ള സഹായവിതരണത്തിൽ വന്ന അപാകത കൂട്ടായ്മയെ നിഷേധാത്മകമായി ബാധിക്കാൻ തുടങ്ങിയപ്പോഴാണ് ഡീക്കന്മാരെ നിയമിച്ചുകൊണ്ട് പ്രശ്ന പരിഹാരത്തിനു ശ്രമിച്ചത് (അപ്പ 6,1–7). സാമ്പത്തികതലത്തിൽ സംഭവിച്ച അവിശ്വസ്തതകൾക്കും ഉച്ചനീചത്വങ്ങൾക്കും എതിരേ വി. പൗലോസ് ശക്തമായ താക്കീതു നല്കുന്നുണ്ട് (1 കോറി 11,17–22).

ഈ സംഭവം കേട്ടവരിലെല്ലാം ഭയം ഉളവായി എന്ന് രണ്ടുതവണ രേഖപ്പെടുത്തുന്നതിലൂടെ (അപ്പ 5,5–11) ഈ വിവരണത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. സാമ്പത്തിക കാര്യങ്ങളിലൂള്ള അവിശ്വസ്തതയും നുണയും കാപട്യവും മാരകമായ പാപമാണ്; അത് ജീവഹാനിക്കുതന്നെ കാരണമാകും എന്ന പാഠത്തിന് ഇന്നത്തെ പ്രസക്തിയെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലല്ലോ. പൊതു സമൂഹത്തിൽ നിലനില്ക്കുന്ന സാമ്പത്തികവഞ്ചനകളും പൊതുമുതൽ സ്വന്തമാക്കലും സ്വന്തം പ്രൗഢി പ്രകടിപ്പിക്കാനായി പൊതുമുതൽ ധൂർത്തടിക്കുന്നതും എല്ലാം സഭാസമൂഹത്തിലേക്കു കടന്നുവന്നാൽ അത് വിശ്വാസ്യത നശിപ്പിക്കും; സഭയെ പൊതു സമൂഹത്തിനു മുമ്പിൽ അപഹാസ്യയും ഫലശൂന്യയും ആക്കും എന്നതിന് ഉദാഹരണങ്ങൾതേടി അകലെയൊന്നും അലയേണ്ടതില്ല.

ലാളിത്യത്തിലേക്കും കർത്താവിന്റെ പരിപാലനയിൽ അടിയുറച്ച വിശ്വാത്തിലേക്കും പങ്കുവയ്ക്കുന്ന സ്നേഹത്തിലേക്കും തിരിച്ചു വരുമ്പോൾ സഭയും സഭാംഗങ്ങളും ലോകത്തിന്റെ പ്രകാശമായി പ്രശോഭിക്കും; മലയിൽ പണിത പട്ടണംപോലെ ഏവർക്കും ദൃശ്യമായ അടയാളമാകും. ആത്യന്തികമായി അതാണ് പ്രത്യക്ഷത്തിൽ വളരെ ക്രൂരം എന്നു തോന്നാവുന്ന ഈ ശിക്ഷാവിധിയുടെ ലക്ഷ്യം. ഇതുതന്നെയാണ് അനനിയാസ് – സഫീറാ ദമ്പതികളുടെ പരാജയത്തിൽ നിന്നു ലഭിക്കുന്ന ഏറ്റം വലിയ പാഠം. ഇപ്രകാരം ഒരു പാഠം ഫ്രാൻസിസ് മാർപ്പാപ്പ ജനത്തെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ദൈവപരിപാലനയുടെ പ്രത്യക്ഷ അടയാളമായി കാണാൻ കഴിയും.

◆